വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി

# നിറവോടെ നാലാം വർഷത്തിലേക്ക്

അഭൂതപൂർവമായ നേട്ടങ്ങളുടെ റെക്കോഡുമായാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്ന് വർഷം പിന്നിടുന്നത്. ക്ഷേമപദ്ധതികളുടെ കാര്യത്തിലും ഉത്പാദനവർദ്ധനവിലും സാമ്പത്തിക വികസനത്തിലും വൻപിച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. സമഗ്രപുരോഗതിയിലേക്ക് നീങ്ങുകയാണ് കേരളം.

ഭരണം

അഭൂതപൂർവമായ നേട്ടങ്ങളുടെ റെക്കോർഡുമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്നു വർഷം പിന്നിടുന്നത്. ബി.പി.എൽ, എ.പി.എൽ കാർഡുടമകൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പാവപ്പെട്ട കാൽക്കോടിയിലേറെ കുടുംബങ്ങൾക്ക് കിലോക്ക് രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ടാണ് നാലാം വർഷത്തേക്ക് കടക്കുന്നത്.

പാവങ്ങൾക്ക് റേഷനരി രണ്ട് രൂപ നിരക്കിൽ നൽകുന്നത് ഒറ്റപ്പെട്ട ഒരു നടപടിയല്ല. കഴിഞ്ഞ മൂന്നു വർഷവും മൂന്നു രൂപ നിരക്കിൽ അരി വിതരണം ചെയ്യാൻ കഴിഞ്ഞതിന്റെ തുടർച്ചയാണിത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ പരിധിയില്ലാതെ സബ്സിഡി നൽകിക്കൊണ്ട് രാജ്യത്തിനാകെ മാതൃകയായ വിപണി ഇടപെടൽ നടത്തി പൊതുവിതരണസമ്പ്രദായം കുറ്റമറ്റതാക്കിയതിന്റെ തുടർച്ചയുമാണത്.

ഉത്പന്നങ്ങളുടെ വിലക്കുറവ്, കടക്കെണി എന്നിവ കാരണം രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ കർഷക ആത്മഹത്യ തുടരുകയാണിപ്പോഴും. മൂന്നു വർഷം മുമ്പ് അത്തരമൊരു ഭീതിദാവസ്ഥയിലായിരുന്നു കേരളവും.

കർഷക ആത്മഹത്യാപ്രവണത പൂർണമായി അവസാനിപ്പിച്ചുവെന്നു മാത്രമല്ല, കാർഷികമേഖലയിൽ നവോൻമേഷവും ആവേശവും സൃഷ്ടിക്കാനും കഴിഞ്ഞു. ഈ കാലയളവിൽ നെല്ലിന്റെ സംഭരണവില ഏഴിൽ നിന്ന് 11 രൂപയായി വർധിപ്പിച്ചും വിള ഇൻഷുറൻസ് ഏർപ്പെടുത്തിയും പലിശരഹിത വായ്പ ലഭ്യമാക്കിയും കർഷകപെൻഷൻ പദ്ധതി നടപ്പാക്കിയും കാർഷികരംഗത്ത് പുത്തനുണർവ് സൃഷ്ടിച്ചു. അതിന്റെ തുടർച്ചയായി നെല്ല്, പാൽ, മുട്ട, പഴം, പച്ചക്കറി, പയറുവർഗങ്ങൾ എന്നിവയുടെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ 1300-ൽപ്പരം കോടി രൂപയുടെ സമഗ്രപദ്ധതി ആവിഷ്കരിച്ചു. ആയിരക്കണക്കിന് ഹെക്ടർ സ്ഥലങ്ങളിൽ പുതുതായി കൃഷി ഇറക്കുകയും വിളവെടുക്കുകയും ചെയ്തു. പാലുത്പാദനത്തിൽ പ്രതിദിനം നാലുലക്ഷത്തോളം ലിറ്ററിന്റെ വർധനയുണ്ടാക്കാൻ കഴിഞ്ഞു. മത്സ്യത്തൊഴിലാളികൾക്കായി കടാശ്വാസനിയമം കൊണ്ടുവന്നു.

ആവശ്യത്തിന് ഡോക്ടർമാരെയും മറ്റു സ്റ്റാഫിനെയും നിയമിച്ചും അവശ്യമരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയും പ്രതിരോധ നടപടികൾ ശക്തമാക്കിയും ആരോഗ്യരംഗത്ത് മുന്നേറ്റമുണ്ടാക്കി.

വ്യാവസായികോത്പാദനം വർധിപ്പിക്കുന്നതിനും ശക്തമായ നടപടികളെടുക്കാൻ കഴിഞ്ഞു. യു.ഡി.എഫ് ഭരണകാലത്ത് അടച്ചുപൂട്ടപ്പെട്ടിരുന്ന ഫാക്ടറികളെല്ലാം പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കി. കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് നിരവധി സംയുക്തസംരംഭങ്ങൾ ആരംഭിച്ചു. പാലക്കാട് കോച്ച് ഫോക്ടറി നേടിയെടുക്കുകയും അതിന്റെ നിർമാണത്തിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയുമാണ്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതാ വികസനം പൂർത്തീകരിച്ച് ക്ഷീഷൻ ചെയ്യുകയും കോവളത്ത് നിന്ന് നീലേശ്വരത്തേക്ക് ജലപാത വികസിപ്പിക്കൽ പ്രവൃത്തി ത്വരിതപ്പെടുത്തു

കയും ചെയ്തു. കണ്ണൂർ വിമാനത്താവളത്തിന് അനുമതി നേടുകയും ആവശ്യമായ സ്ഥലം അക്വയർ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. നിർമാണം ഈ വർഷം തുടങ്ങും. വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ നിർമാണ പ്രവൃത്തിയും ഈ വർഷം തന്നെ തുടങ്ങാനാവും. വല്ലാർപാടം പദ്ധതിയും എൽ.എൻ.ജി ടെർമിനലും നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്ത യത്നങ്ങൾ ഫലപ്രാപ്തിയിലേക്ക് നീങ്ങുന്നു.

ഏറ്റവും അധികം വികസന സാധ്യതയുള്ള ടൂറിസം-ഐ.ടി മേഖലകൾക്ക് പ്രധാന പരിഗണന നൽകാൻ കഴിഞ്ഞു. ടൂറിസം രംഗത്ത് പ്രധാന ഡെസ്റ്റിനേഷനായി കേരളം മാറി. 25 ശതമാനത്തിന്റെ വളർച്ചയുണ്ടാക്കി. ഐ.ടി. മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലവസരം വർധിച്ചു. പത്ത് പുതിയ ഐ.ടി. പാർക്കുകൾ നിർമിക്കുന്നതിന് തുടക്കമായി. ഐ.ടി സംരംഭങ്ങൾക്കുള്ള അടിസ്ഥാന സൗകര്യം മൂന്നു കൊല്ലം കൊണ്ട് അഞ്ച് മടങ്ങായി വർധിച്ചു. ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി 53 പുതിയ കമ്പനികൾ വന്നു. ഐ.ടി.യിൽ ഇനി കേരളത്തിന്റെ കാലമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുകയാണ്.

ക്ഷേമപദ്ധതികളുടെ കാര്യത്തിൽ വീണ്ടും രാജ്യത്തിനാകെ മാതൃകയാകാൻ കഴിഞ്ഞു. പത്തു ലക്ഷത്തോളം വരുന്ന അസംഘടിത തൊഴിലാളികൾക്ക് ജോലി സ്ഥിരതയും പെൻഷനും ചികിത്സാ സഹായവുമെല്ലാം ഉറപ്പാക്കുന്ന ക്ഷേമനിധി നിയമം പ്രാബല്യത്തിലാക്കി. മുപ്പതു ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് സഹായകമായ പ്രവാസി ക്ഷേമനിധി ആരംഭിക്കാൻ കഴിഞ്ഞു. രണ്ടു ലക്ഷം വരുന്ന ചെറുകിട തോട്ടം തൊഴിലാളികൾക്ക് പെൻഷനും ക്ഷേമനിധിയും ഉറപ്പാക്കി. ക്ഷേമപെൻഷനുകൾ നൂറും നൂറ്റിയിരുപതും രൂപയായിരുന്നത് 250 രൂപയായി വർധിപ്പിച്ച് കുടിശ്ശിക മുഴുവൻ കൊടുത്തു തീർത്തു. വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട്, വീട് വയ്ക്കാൻ സ്ഥലമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ആദ്യം സ്ഥലവും പിന്നെ വീടും അങ്ങനെ അടുത്ത രണ്ട് വർഷംകൊണ്ട് യാഥാർഥ്യമാക്കാനാണ് സർക്കാരിന്റെ ശ്രമം. വിവിധ രംഗങ്ങളിൽ കഴിഞ്ഞ മൂന്നു വർഷത്തെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ വിലയിരുത്തിയാൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റം വ്യക്തമാകും.



### ഒറ്റനോട്ടത്തിൽ

- ബി.പി.എൽ. കാർഡുടമകൾ, മത്സ്യത്തൊഴിലാളികൾ എന്നുവരുൾപ്പെടെ 26 ലക്ഷത്തോളം കാർഡുടമകൾക്ക് രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും.
- കർഷക ആത്മഹത്യ ഇല്ലാതാക്കി.
- കർഷക പെൻഷൻ പദ്ധതി, പലിശരഹിത വായ്പ, നെല്ലിന് സംഭരണവില 11 രൂപ.
- നെല്ലുത്പാദനം ആറരലക്ഷം ടണ്ണിൽ നിന്നും പത്ത് ലക്ഷം ടണ്ണായി വർധിപ്പിക്കാനും പഴം, പച്ചക്കറി, പാൽ, മുട്ട, പയറുവർഗങ്ങൾ എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും 1313 കോടി രൂപ ചെലവിൽ ഭക്ഷ്യസുരക്ഷാ കർമ പദ്ധതി.
- ഐ.ടി രംഗത്ത് വൻമുന്നേറ്റം. തിരുവനന്തപുരത്ത് ടെക്നോപാർക്കിന്റെ വികസനം, പുതുതായി ടെക്നോസിറ്റി, കോഴിക്കോട് സൈബർ പാർക്ക്, കുണ്ടറ, ചേർത്തല, അമ്പലപ്പുഴ, കൊരട്ടി (തൃശൂർ), എരമം (കണ്ണൂർ), ചീമേനി (കാസർകോട്) എന്നിവിടങ്ങളിൽ പുതിയ ഐ.ടി പാർക്ക് ആരംഭിക്കാൻ നടപടി. സ്മാർട്സിറ്റി പദ്ധതി തുടങ്ങാൻ നടപടി. ടെക്നോപാർക്കിലും ഇൻഫോ പാർക്കിലുമായി പുതുതായി അമ്പത്തിമൂന്ന് കമ്പനികൾ വന്നു. അടുത്ത മൂന്ന് വർഷത്തിനകം ഐ.ടി. മേഖലയിൽ രണ്ട് ലക്ഷം തൊഴിലവസരം. ഐ.ടി. അടിസ്ഥാന സൗകര്യം മൂന്നുവർഷം കൊണ്ട് അഞ്ച് മടങ്ങായി.
- ടൂറിസം മേഖലയിൽ പുരോഗതി. ടൂറിസ്റ്റുകളുടെ എണ്ണത്തിലും ടൂറിസത്തിൽ നിന്നുള്ള വരുമാനത്തിലും 25 ശതമാനത്തിന്റെ വർധന.
- പൂട്ടിക്കിടന്ന വ്യവസായ ശാലകൾ തുറന്നു. പൂട്ടിയ തോട്ടങ്ങൾ തുറന്നു. ലാഭത്തിലുള്ള പൊതുമേഖലാ വ്യവസായങ്ങളുടെ എണ്ണം 12-ൽ നിന്ന് 30-ൽ എത്തിച്ചു. കേന്ദ്ര പൊതുമേഖലയുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ.
- പാലക്കാട് കോച്ച് ഫാക്ടറി അനുവദിപ്പിച്ചു. ഫാക്ടറി സ്ഥാപിക്കാൻ ആയിരം ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്കിൽ ഏറ്റെടുക്കുന്നു.
- വല്ലാർപാടം പദ്ധതിയുടെ തടസ്സങ്ങൾ നീക്കി. ആവശ്യമായ ഭൂമി, മാതൃകാപരമായ പുനരധിവാസ പദ്ധതി നടപ്പാക്കി അക്വയർ ചെയ്തു നൽകി. എൽ.എൻ.ജി ടെർമിനൽ പദ്ധതിയുടെ തടസ്സങ്ങൾ നീക്കി. വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി.



നെൽ കർഷക സംഗമം തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു.

- കണ്ണൂർ വിമാനത്താവളത്തിന് അനുമതി നേടി. ഭൂമി അക്വിസിഷൻ പുരോഗമിക്കുന്നു. നിർമാണപ്രവൃത്തി ഈ വർഷം തുടങ്ങും.
- കൊല്ലം-കോട്ടപ്പുറം ദേശീയ പാത പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. കോവളത്ത് നിന്ന് നീലേശ്വരം വരെ ജലപാത സുഗമമാക്കാൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.
- ദേശീയപാതകൾ നാലുവരിയാക്കുന്നതിനുള്ള നടപടികൾക്ക് അംഗീകാരം. മലയോര ഹൈവേ നിർമാണത്തിന് ഈ വർഷം തുടക്കം. ഓരോ മണ്ഡലത്തിലും രണ്ട് കോടി രൂപയുടെ മരാമത്ത് പ്രവൃത്തികൾ അടങ്ങുന്ന വിഷൻ 2010 പദ്ധതി. റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമാണം സമയബന്ധിതമായി തീർക്കാൻ 200 കോടി രൂപയുടെ പദ്ധതി.
- മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറട്ടോറിയം. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ നിയമം. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ. ട്രോളിങ് നിരോധനകാലത്ത് സൗജന്യ റേഷൻ. സമ്പൂർണ ഭവനപദ്ധതി.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ ആരോഗ്യ സുരക്ഷാ പദ്ധതി. രണ്ട് ജില്ലകളിൽ നടപ്പാക്കാൻ ആവിഷ്കരിച്ച കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണിത്. ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുകയാണ് സംസ്ഥാന സർക്കാർ. പ്രതിവർഷം മുപ്പതിനായിരം രൂപയുടെ ചികിത്സാസഹായം. പ്രീമിയം സർക്കാർ അടയ്ക്കുന്നു.
- ക്ഷേമപെൻഷനുകൾ 100-120 രൂപയായിരുന്നത് 250 രൂപയാക്കി. ഒരു ക്ഷേമനിധിയിലും അംഗങ്ങളല്ലാത്ത പാവപ്പെട്ടവർക്ക് 100 രൂപ അലവൻസ്. ക്ഷേമപെൻഷനുകൾ കുടിശ്ശിക തീർത്ത് നൽകി.
- പത്തു ലക്ഷത്തിൽപ്പരം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷനും ചികിത്സാ സഹായവുമെല്ലാമടങ്ങിയ സമഗ്ര ക്ഷേമനിധി. രണ്ടു ലക്ഷം വരുന്ന ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി. കൃഷിക്കാർക്കും ക്ഷീരകർഷകർക്കും പെൻഷൻ.
- മുപ്പത് ലക്ഷത്തിൽപ്പരം വരുന്ന പ്രവാസി മലയാളികൾക്കായി വിപുലമായ ക്ഷേമപദ്ധതി. എല്ലാ ജില്ലയിലും കളക്ടറേറ്റിൽ നോർക്കാ സെൽ. പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ്. തിരിച്ചുവരുന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതി.
- സ്പേസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ റിസർച്ച്, കേന്ദ്ര സർവകലാശാല എന്നിവ നേടിയെടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തു. 13 പുതിയ ഐ.ടി.ഐ.കൾ, സഹകരണ അക്കാദമിയുടെയും ഐ.എച്ച്.ആർ.ഡി.യുടെയും കീഴിൽ പുതുതായി നിരവധി ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ. തൊഴിൽ പരിശീലനത്തിനായി ഫിനിഷിങ്ങ് സ്കൂളുകൾ.
- പുതിയ മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഷോറൂമുകൾ, കൺസ്യൂമർഫെഡ് സ്റ്റോറുകൾ, അരിക്കടകൾ- പൊതുവിതരണ സമ്പ്രദായം വിപുലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തു. അരിക്കടകളിൽ 14 രൂപക്ക് പുഴുക്കലരിയും 13.50-ന് പച്ചരിയും. പരിധിയില്ലാതെ സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തി.
- ക്രമസമാധാനനിലയിൽ രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിന്. ജനമൈത്രി പൊലീസ് സംവിധാനം നടപ്പാക്കി മാതൃക സൃഷ്ടിച്ചു.
- വെള്ളാനയായിരുന്ന കെ.എസ്.ആർ.ടി.സിയെ അഴിമതിയിൽ നിന്നും ധൂർത്തിൽ നിന്നും മോചിപ്പിച്ചു. ആയിരം പുതിയ ബസ്സുകൾ നിരത്തിലിറക്കി. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കി. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുകൾ നവീകരിക്കാൻ ബൃഹത്തായ പദ്ധതി.
- ധർമാശുപത്രികൾ കാര്യക്ഷമമാക്കി. ആവശ്യാനുസരണം ഡോക്ടർമാരെയും നഴ്സുമാരെയും നിയമിച്ചു. മരുന്നുകൾ സൗജന്യമായി ലഭ്യമാക്കി. കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നിലവാരമുയർത്തി. ജനകീയ ആരോ



ഐ. ടി. മിഷൻ വെബ് സൈറ്റ് മലയാളം പതിപ്പ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു.

ഗ്യനയം നടപ്പാക്കുന്നു. പുതുതായി രണ്ട് നഴ്സിങ്ങ് കോളേജുകൾ തുടങ്ങി.

- ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടു. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചു. മലബാറിലെ ക്ഷേത്രജീവനക്കാരുടെ വേതനം ഗണ്യമായി വർധിപ്പിച്ചു. ശബരിമല തീർത്ഥാടകർക്ക് മികവുറ്റ സൗകര്യങ്ങൾ ഏർപ്പെടുത്തി.
- കുടിവെള്ള വിതരണപദ്ധതികൾ ത്വരിതപ്പെടുത്തി. ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമാണപ്രവൃത്തി പൂർത്തീകരണത്തിലേക്ക്. മുടങ്ങിക്കിടന്ന നാൽപ്പതിൽപ്പരം പദ്ധതികൾ നബാർഡിന്റെ സഹായത്തോടെ പുനരാരംഭിച്ചു. ജലനിധി പദ്ധതിയിൽപ്പെടുത്തി 110 പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതി.
- സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കേരളത്തിലെ മുസ്ലീം ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് പാലോളി കമ്മിറ്റി ശുപാർശ ചെയ്ത കാര്യങ്ങൾ നടപ്പാക്കി. ന്യൂനപക്ഷ ക്ഷേമത്തിനായി സെക്രട്ടേറിയറ്റിൽ സെൽ തുടങ്ങി. ന്യൂനപക്ഷ ക്ഷേമത്തിന് പ്രക്യേക വകുപ്പ് തുടങ്ങാൻ തീരുമാനിച്ചു. മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് മത്സരപരീക്ഷാ പരിശീലനത്തിന് പ്രത്യേക സംവിധാനം.
- തിരുവനന്തപുരം വിമാനത്താവളത്തിൽ പുതിയ അന്താരാഷ്ട്ര ടെർമിനൽ എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ്.
- നികുതി പിരിവിൽ 66 ശതമാനം വർദ്ധന. നികുതി ചോർച്ച തടഞ്ഞു. അഴിമതി രഹിത വാളയാർ പദ്ധതി മാതൃക സൃഷ്ടിച്ചു. ജീവനക്കാർക്ക് ഡി.എ. യഥാവസരം നൽകി റെക്കോർഡ് സൃഷ്ടിച്ചു.
- പ്രകൃതി-പരിസ്ഥിതി സംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ. മാലിന്യമുക്ത കേരളം പദ്ധതി നടപ്പാക്കി. നദി സംരക്ഷണ പദ്ധതി നടപ്പാക്കുന്നു. സൈലന്റ് വാലി ബഫർ സോൺ പ്രഖ്യാപിച്ചു. മൂന്നാറിൽ നീലക്കുറിഞ്ഞി സാങ്ചറി.
- കടുത്ത വരൾച്ചയും കേന്ദ്രം വൈദ്യുതി വിഹിതം വെട്ടിക്കുറച്ചതും കാരണം കടുത്ത വൈദ്യുതി ക്ഷാമമുണ്ടായി. എന്നിട്ടും പതിമൂന്ന് ലക്ഷം പുതിയ കണക്ഷൻ നൽകി. കാറ്റാടി വൈദ്യുതി നിലയം കമ്മീഷൻ ചെയ്തു. നേരിയമംഗലം പദ്ധതി കമ്മീഷൻ ചെയ്തു. പുതിയ 500 മെഗാവാട്ട് പദ്ധതിയുടെ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ. നടന്നുവരികയാണ്.
- ഇ.എസ്.ഐ. പദ്ധതിയിൽ ഒന്നര ലക്ഷത്തിൽപ്പരം തൊഴിലാളികൾക്ക് പുതുതായി അംഗത്വം. കൊല്ലത്ത് ഇ.എസ്.ഐ മെഡിക്കൽ കോളേജ്..
- പട്ടികജാതി-പട്ടികവർഗ ക്ഷേമപദ്ധതികളിൽ അഭൂതപൂർവമായ മുന്നേറ്റം. എസ്.സി.-എസ്.ടി വികസന ഫണ്ട് ഏതാണ്ട് പൂർണമായും വിനിയോഗിച്ച് അക്കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം. ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ഗണ്യമായി വർധിപ്പിച്ചു. ഹോസ്റ്റലുകൾ നവീകരിച്ചു. പട്ടികവർഗ വിദ്യാർഥികൾക്ക് എം.ബി.ബി.എസ്. പ്രവേശനം ഉറപ്പാക്കാൻ ചട്ടം കൊണ്ടുവന്നു. പട്ടികവർഗക്കാർക്ക് എല്ലാ തലത്തിലും സൗജന്യ ചികിത്സ. ആദിവാസി ഭൂവിതരണ പദ്ധതി പ്രകാരം ഏഴായിരത്തോളം കുടുംബത്തിന് ഒരേക്കർ വീതം ഭൂമി നൽകി. ആദിവാസി വനാവകാശ നിയമം നടപ്പാക്കി. എസ്.സി-എസ്.ടി വിഭാഗത്തിൽ മുപ്പതിനായിരത്തോളം കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ധനസഹായം നൽകി.
- സർക്കാർ ഭൂമിയിലെ കയ്യേറ്റമൊഴിപ്പിക്കുന്നതിൽ വലിയ മുന്നേറ്റം. മൂന്നാറിൽ പന്തീരായിരത്തിൽപ്പരം ഏക്കർ ഉൾപ്പെടെ സംസ്ഥാനത്താകെ പതിനായിരത്തോളം ഏക്കർ ഭൂമി കയ്യേറ്റക്കാരിൽ നിന്നും വീണ്ടെടുത്തു. വീണ്ടെടുത്ത ഭൂമി കഴിയാവുന്നത്ര ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി തുടങ്ങി.
- കയർ മേഖലയിൽ ആധുനികവത്കരണത്തിന് തുടക്കം കുറിച്ചു. തൊഴിലാളികളുടെ വേതനവും പെൻഷൻ ആനുകൂല്യങ്ങളും ഗണ്യമായി വർധിപ്പിച്ചു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ രക്ഷിക്കാൻ ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കി.
- തുറമുഖ നവീകരണത്തിൽ വൻമുന്നേറ്റം. കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖ വികസന നടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരത്തും മഞ്ചേശ്വരത്തും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നു.
- സ്പോർട്സ് ക്വാട്ടാ നിയമനം 20ൽ നിന്ന് 50 ആക്കി വർധിപ്പിച്ചു. പൊലീസിൽ സ്പോർട്സ് ക്വാട്ടാ നിയമനം പുനരാരംഭിച്ചു.
- കൊച്ചിയിൽ മെട്രോ റെയിൽ പദ്ധതിയും കൊച്ചി, തിരുവനന്തപുരം,




**രണ്ട് രൂപയ്ക്ക് അരി വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവഹിക്കുന്നു.**

കോഴിക്കോട് കേന്ദ്രീകരിച്ച് സബർബൻ ട്രെയിൻ സർവീസും ആരംഭിക്കാൻ ത്വരിതഗതിയിൽ നടപടികൾ.

- ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതിക്ക് തുടക്കം കുറിച്ചു. മുഴുവൻ ഭവനരഹിത കുടുംബങ്ങൾക്കും വീട് വയ്ക്കാൻ ഭൂമിയും ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീടും ലഭ്യമാക്കാൻ പദ്ധതി തുടങ്ങി. അയ്യായിരം കോടി രൂപയുടെ ബൃഹത്തായ പദ്ധതിയാണ് ഇതിനായി നടപ്പാക്കുന്നത്. മൂന്നുവർഷം കൊണ്ട് സമ്പൂർണ പാർപ്പിട സംസ്ഥാനമായി കേരളം മാറും. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഭൂവിതരണ മേളയിലൂടെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ഭൂമി നൽകി. മൂന്നാറിൽ വീണ്ടെടുത്ത ഭൂമിയിൽ 1662 ഏക്കർ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് തുടക്കം കുറിച്ചു.

പുതിയ മാവേലി സ്റ്റോറുകൾ സപ്ലൈകോ ഷോറൂമുകൾ കൺസ്യൂമർ ഫെഡ് ഷോറൂമുകൾ തുടങ്ങിയവയിലൂടെ പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തി. അരിക്കടകളിൽ 14 രൂപയ്ക്ക് പുഴുക്കലരിയും 13.50-ന് പച്ചരിയും. പരിധിയില്ലാതെ സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തി.

**കോടിയേരി ബാലകൃഷ്ണൻ**
ആഭ്യന്തരം - വിജിലൻസ് - ടൂറിസം മന്ത്രി

# ജനാഭിലാഷങ്ങൾക്കൊപ്പം നവോൻമേഷത്തോടെ

സംസ്ഥാനത്തെ പൊലീസ് സംവിധാനത്തിന്റെ മുഖച്ഛായ മാറ്റിയ ഭരണപരിഷ്കാരങ്ങളാണ് കഴിഞ്ഞ മൂന്ന് കൊല്ലത്തിനുള്ളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊണ്ടത്. ജനമൈത്രി സുരക്ഷാ പദ്ധതി, 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ് ലൈൻ എന്നിവ ദേശീയതലത്തിൽ ശ്രദ്ധനേടിക്കഴിഞ്ഞു.

ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പുരോഗമനപരമായ കുതിപ്പിന് വഴിവയ്ക്കും വിധം കേരളത്തിലുടനീളം സമാധാനപൂർണമായ ഒരു സാമൂഹികാന്തരീക്ഷം നിലനിർത്താൻ കഴിഞ്ഞു എന്ന ചാരിതാർഥ്യമാണ് ഈ നാലാം മന്ത്രിസഭയുടെ വാർഷികവേളയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുള്ളത്. വികസനപ്രവർത്തനങ്ങളിൽ കാലവിളംബമില്ലാതെ ഗതിവേഗം കണ്ടെത്തിയ സർക്കാർ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയങ്ങൾക്കനുസൃതമായി ജനാഭിലാഷത്തിനൊപ്പം ഉയർന്നു പ്രവർത്തിച്ചു.

### ജനമൈത്രി സുരക്ഷാ പദ്ധതി

സംസ്ഥാനത്തെ പൊലീസ് സംവിധാനത്തിൽ മൗലികമായ മാറ്റങ്ങൾക്ക് തുടക്കമിടാൻ കഴിഞ്ഞു എന്നത് കേവലം അവകാശവാദമല്ല. ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട ചില പരിഷ്കാരങ്ങളാണ് പൊലീസ് സംവിധാനത്തിൽ കഴിഞ്ഞ മൂന്നു വർഷം നടപ്പാക്കിയത്. ഭരണകൂടത്തിന്റെ മർദനോപകരണമായി കരുതപ്പെടുന്ന പൊലീസിനെ ജനങ്ങളുമായി അടുപ്പിക്കാൻ പ്രായോഗികമായി എങ്ങനെ സാധിക്കുമെന്ന ചോദ്യത്തിന് സാർഥകമായ മറുപടിയാണ് കേരള പൊലീസിന്റെ ജനമൈത്രി സുരക്ഷാ പദ്ധതി. ജനകീയ സഹകരണത്തോടെ സുരക്ഷ ഉറപ്പാക്കുന്ന കമ്യൂണിറ്റി പൊലീസിങ് രീതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടേത്. കഴിഞ്ഞ വർഷം ഈ പദ്ധതി നടപ്പാക്കിയ 20 പൊലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പാലനത്തിൽ മാതൃകാപരമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞു. കോഴിക്കോട് ജില്ലയിലെ ചെങ്ങമനാട്ട് ഒരു മോഷണക്കേസുപോലുമുണ്ടാകാത്ത വിധം ജനപങ്കാളിത്തത്തോടെയുള്ള പട്രോളിങ്ങും മറ്റുമടങ്ങിയ ജനമൈത്രി കർമപദ്ധതി സമ്പൂർണ വിജയമായി. വരും വർഷവും 20 സ്റ്റേഷനുകളിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കും.

### ഇന്ത്യാ റിസർവ് ബറ്റാലിയൻ

കേരളത്തിൽ ഇന്നുവരെ നിലവിലില്ലാതിരുന്ന ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് 2009 ലാണ്. ഈ പുതിയ ബറ്റാലിയൻ യാഥാർഥ്യമാകുന്നതോടെ അധികമായി 1000 പൊലീസുകാരുടെ സേവനം സംസ്ഥാനത്തിന് ലഭ്യമാകും. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മൂവായിരത്തിലധികം പൊലീസുദ്യോഗസ്ഥരെ പുതിയതായി നിയമിച്ചിട്ടുണ്ട്.

### തീവ്രവാദ പ്രവർത്തനങ്ങൾക്ക് തടയിട്ടു

ഇതര സംസ്ഥാനങ്ങളിൽ തീവ്രവാദി ആക്രമണങ്ങളും സ്ഫോടനങ്ങളും പതിവാകുമ്പോഴും കേരളത്തിൽ ഒരു തീവ്രവാദി ആക്രമണങ്ങളുമുണ്ടായിട്ടില്ലെങ്കിലും ഇടതുമുന്നണി സർക്കാർ അതീവ ജാഗ്രതാ നടപടികൾ കൈക്കൊള്ളുകയായിരുന്നു. തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരായി നടന്ന പ്രവർത്തനങ്ങളാണ് ഇതിൽ മുഖ്യം. കാശ്മീരിൽ കൊല്ലപ്പെട്ട തീവ്രവാദികളിൽ ചിലരിൽ നിന്ന് കേരളത്തിലെ ഒരു വ്യാജമേൽവിലാസമുള്ള തിരിച്ചറിയൽ കാർഡ് ലഭിച്ചു എന്ന തീർത്തും ദുർബലമായ ഒരു വിവരത്തിൽ നിന്നാണ് കേരളാ പൊലീസ് തീവ്രവാദ അന്വേഷണം തുടങ്ങിയത്. ഇതിനായി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേരള പൊലീസ് നടത്തിയ അന്വേഷണത്തിൽ സംസ്ഥാനത്ത് ഇതുവരെ നടന്ന തീവ്രവാദ പ്രവർത്തനങ്ങളുടെ തായ്‌വേര് കണ്ടെത്താൻ കഴിഞ്ഞു. അപകടകരമായി വളർന്നേക്കാവുന്ന വിധ്വംസക പ്രവർത്തനങ്ങൾക്ക് തടയിടാൻ ഇതുമൂലം സാധിച്ചു. ഈ അന്വേഷണ സംഘം ഇപ്പോഴും സജീവമായി പ്രവർത്തിച്ചു വരുന്നു.



**സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥരുമായി ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ വീഡിയോകോൺഫറൻസ് നടത്തുന്നു.**

## കോസ്റ്റൽ പോലീസ് സ്റ്റേഷൻ

അറുന്നൂറ് കിലോമീറ്ററോളം കടൽത്തീരമുള്ള കേരളത്തിൽ കടൽ വഴി തീവ്രവാദികൾ കടന്നുവരാനുള്ള സാധ്യതകളെ നേരിടാൻ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി. കേന്ദ്ര സഹായത്തോടെ ആദ്യ കോസ്റ്റൽ പൊലീസ് സ്റ്റേഷൻ നീണ്ടകരയിൽ പ്രവർത്തനമാരംഭിച്ചു. എട്ടു കോസ്റ്റൽ പൊലീസ് സ്റ്റേഷനുകൾ കൂടി ആരംഭിക്കും. തീര സുരക്ഷ ലക്ഷ്യം വച്ചാണ് കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ചത്. മത്സ്യത്തൊഴിലാളികളുടെയും അവർക്കു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് കടലോര ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നത്.

ആത്മീയ വ്യാപാരികൾക്കും വ്യാജസ്വാമികൾക്കുമെതിരെ നടന്ന റെയ്ഡുകൾ സമസ്ത വിഭാഗം ജനങ്ങളുടെയും പ്രശംസ ഏറ്റുവാങ്ങി. ആത്മീയതയുടെ മറവിൽ അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒട്ടേറെപ്പേരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ഇവർക്കെതിരായ അന്വേഷണം ഫലപ്രദമായി നടത്തി ശിക്ഷ വാങ്ങിക്കൊടുക്കാനും കഴിഞ്ഞു.

ക്രമസമാധാന പാലനത്തിൽ ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനം നമുക്കുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിലും കേരളം ഒന്നാമതാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഏറെയും ട്രാഫിക് അപകടങ്ങൾ സംബന്ധിച്ചുള്ളവയാണ്. ട്രാഫിക് അപകടങ്ങൾ കുറയ്ക്കേണ്ടുന്നതിന്റെ അനിവാര്യതയിലേയ്ക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്. ഇതിനായി കാര്യക്ഷമമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി ട്രാഫിക് ചുമതലകൾക്കായി ഒരു ഐ.ജി. യെ പ്രത്യേകമായി നിയമിച്ചു.

## ഹൈവേ ജാഗ്രതാ സമിതി

റഡാറുകൾ, ക്യാമറകൾ, ആൽമോമീറ്ററുകൾ തുടങ്ങിയ നൂതന സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ട്രാഫിക് നിയമ ലംഘന പരിശോധന വ്യാപകമാക്കിയിട്ടുണ്ട്. റോഡപകടങ്ങൾ അധികമായി നടക്കുന്ന ഹൈവേകളിൽ ഇത് കുറയ്ക്കുന്നതിന് സമൂഹത്തിന്റെ സഹകരണം കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഹൈവേ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചു. സംസ്ഥാനത്തെ 42 ഹൈവേ പട്രോൾ ഗ്രൂപ്പുകൾക്കും പുതിയ വാഹനങ്ങളും ആധുനിക ഉപകരണങ്ങളും നൽകി. സ്കൂൾ വിദ്യാർഥികൾക്കിടയിൽ ട്രാഫിക് ബോധവത്കരണം നടത്തുന്നതിന് വിവിധ പിരിപാടികൾ നടപ്പാക്കി. ഇതിന്റെയെല്ലാം ഫലമായി വാഹനാപകടങ്ങൾ ഒരു പരിധി വരെ കുറച്ചുകൊണ്ടുവരാൻ സാധിച്ചു. 2006-ൽ 41,647 വാഹനാപകടങ്ങളുണ്ടായ സ്ഥാനത്ത് 2008-ൽ 37,263 വാഹനാപകടങ്ങൾ മാത്രമാണുണ്ടായത്.

## വനിതാ ഹെൽപ്പ് ലൈൻ

സ്ത്രീകളുടെ സുരക്ഷയ്ക്കായി മുഴുവൻ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തി. പ്രത്യേക പരിശീലനം ലഭിച്ച വനിതാ പൊലീസിന്റെ സേവനം ഇവിടെ വിനിയോഗിക്കുന്നു.

പൊലീസുദ്യോഗസ്ഥരുടെ ക്ഷേമത്തിന് ഈ സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചു. 15 വർഷം സർവീസ് പൂർത്തിയാക്കിയ കോൺസ്റ്റബിൾമാർക്ക് ഹെഡ് കോൺസ്റ്റബിൾമാരായും 23 വർഷം സർവീസുള്ള ഹെഡ്കോൺസ്റ്റബിൾമാർക്ക് എ.എസ്.ഐമാരായും ഗ്രേഡ് പ്രൊമോഷൻ, എട്ടു മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം, ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് സൗകര്യം മെച്ചപ്പെടുത്തൽ എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

പൊലീസ് സേനയെ ആധുനികവത്കരിക്കുന്നതിലും ദേശീയമായി മുന്നിട്ടു നിൽക്കുന്ന സംസ്ഥാനം കേരളം തന്നെ.



സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിൽ നാം വളരെ വിദഗ്ധരാണെന്ന് പേരെടുത്തിരിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പൊലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഒരു സൈബർ ഫോറൻസിക് ഡിവിഷൻ ആരംഭിച്ചു. എല്ലാ പൊലീസ് സ്റ്റേഷനുകളും പൊലീസ് ഓഫീസുകളും കംപ്യൂട്ടർവത്കരിച്ചു. എല്ലാ പൊലീസ് സ്റ്റേഷനുകൾക്കും പുതിയ വാഹനങ്ങൾ നൽകി.

സാമൂഹ്യ വിരുദ്ധരെ അമർച്ച ചെയ്യുന്നതിനായി സമഗ്രമായ നിയമം കൊണ്ടുവരാൻ കഴിഞ്ഞു. പതിറ്റാണ്ടുകൾ പഴക്കമുള്ള പൊലീസ് നിയമത്തിനുപകരം പുതിയ നിയമം കൊണ്ടുവരാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

### ടൂറിസം

ആഗോള സാമ്പത്തിക മാന്ദ്യം ഉയർത്തുന്ന വെല്ലുവിളികളെ നേരിടുകയാണ് കേരളത്തിന്റെ വിനോദസഞ്ചാര മേഖല. ഉല്ലാസയാത്രകളിൽ നിന്ന് പിൻമാറാൻ അമേരിക്കൻ-യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങൾ തീരുമാനിച്ചിട്ടും കേരളത്തിലെ ടൂറിസം മേഖല തകർന്നുപോയില്ലെന്നു മാത്രമല്ല, ആഗോള കമ്പോളത്തിലെ നമ്മുടെ അവസരോചിതമായ ഇടപെടലിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക മാന്ദ്യ ഘട്ടത്തിലും വളർച്ച കൈവരിക്കാനും കഴിഞ്ഞു. 2008-ൽ ആറുലക്ഷത്തോളം വിദേശ സഞ്ചാരികൾ കേരളത്തിലെത്തി. മുൻ വർഷത്തേക്കാൾ 16.11 ശതമാനം വർധനവ്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 14.28 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2008-ൽ ടൂറിസത്തിൽ നിന്നും ലഭിച്ച വരുമാനം മുൻ വർഷത്തേക്കാൾ 14.84 ശതമാനം ഉയർന്ന് 13130 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.


### ഉത്തരവാദിത്ത ടൂറിസം പദ്ധതി വിജയത്തിലേക്ക്

ഉത്തരവാദിത്ത ടൂറിസം കർമപദ്ധതി വിജയം കണ്ടു. കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി ആരംഭിച്ചു. ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്കു കൂടി ലഭ്യമാക്കാൻ ഇതുമൂലം സാധിച്ചു. ദേശീയ നിലവാരമുള്ള ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രവർത്തനമാരംഭിച്ചു. കൊച്ചിയിലെ മറീന പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങി. 2009 നവംബറിൽ ഇതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിക്കും. തിരുവനന്തപുരത്ത് പാർക്ക് വ്യൂ യിൽ ഒരു പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ കഴിഞ്ഞു.

കാസർഗോഡ് റാണിപുരം, കണ്ണൂരിലെ പൈതൽമല, മുഴുപ്പിലങ്ങാട് ബീച്ച്, വടകര സാന്റ് ബാങ്ക്സ്, പാതിരാമണൽ ബയോ പാർക്ക്, ആക്കുളം കൺവെൻഷൻ സെന്റർ, മലമ്പുഴ, മംഗലം, പീച്ചി, വാഴാനി, നെയ്യാർ ഡാമുകളോട് ചേർന്നുള്ള പാർക്കുകൾ തുടങ്ങി ഒട്ടനവധി പദ്ധതികൾ ഈ സർക്കാരിന്റെ ആത്മാർഥമായ സമീപനത്തിന് സാക്ഷ്യങ്ങളാണ്. രണ്ടു ദശാബ്ദമായി മുടങ്ങിക്കിടന്ന സരോവരം ബയോപാർക്ക് പദ്ധതിയും ബേക്കൽ പദ്ധതിയും ചുവപ്പുനാടക്കുരുക്കിൽ നിന്ന് രക്ഷപ്പെട്ട് നിർമാണ ഘട്ടത്തിലായത് ഇടതുമുന്നണി സർക്കാരിന്റെ നടപടികൾ മൂലമാണ്. ബേക്കലിൽ 17 കോടി രൂപ ചെലവിൽ ജലസേചന പദ്ധതി പൂർത്തിയാക്കി. ചരിത്രത്തിലാദ്യമായി കെ.റ്റി.ഡി.സിയ്ക്ക് വരുമാനം 60 കോടി കവിയുകയും കോർപ്പറേഷൻ ലാഭത്തിലാകുകയും ചെയ്തു.

### ഫയർ ആന്റ് റെസ്ക്യൂ അക്കാദമി

അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എട്ട് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു. പിറവം, സുൽത്താൻബത്തേരി, കൊല്ലം തുടങ്ങിയ ഫയർ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമിച്ചു. തൃശ്ശൂരിൽ ആറ് കോടിയിലധികം രൂപ ചെലവഴിച്ച് ഫയർ ആന്റ് റെസ്ക്യൂ അക്കാദമി സ്ഥാപിച്ചു. അഗ്നിശമന സേനാ വിഭാഗത്തെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങളും വാഹനങ്ങളും വാങ്ങി.



നിർദ്ദിഷ്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വെബ് സൈറ്റ് ടൂറിസം മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

അഴിമതിക്കെതിരായ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വകുപ്പിനെ ബാഹ്യ ഇടപെടലുകളിൽ നിന്ന് മോചിപ്പിച്ച് കോട്ടയം ആസ്ഥാനമാക്കി ഒരു പ്രത്യേക കോടതി ആരംഭിച്ചു. വിജിലൻസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, സി.ബി.ഐ അക്കാദമി, സി-ഡാക്ക് എന്നിവ മുഖാന്തിരം അന്വേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. വിജിലൻസ് ഉദ്യോഗസ്ഥർക്ക് ആറ് ശതമാനം അധിക ശമ്പളം നൽകി.

### ജയിൽ വകുപ്പ്

കേരളത്തിന്റെ ജയിലുകളിൽ പ്രത്യേകിച്ച് സെൻട്രൽ ജയിലുകളിൽ പലപ്പോഴും അച്ചടക്ക രാഹിത്യവും സംഘർഷങ്ങളും ഉണ്ടാകാനുള്ള പ്രധാന കാരണം ശിക്ഷാതടവുകാർക്കൊപ്പം റിമാന്റ്/വിചാരണ തടവുകാരെ പാർപ്പിക്കുന്നതുകൊണ്ടാണ്. സെൻട്രൽ ജയിലുകളിലെല്ലാം തടവുകാരുടെ ബാഹുല്യമുണ്ട്. ഇടതുമുന്നണി സർക്കാർ പ്രഥമ പരിഗണന നൽകി പരിഹരിക്കാൻ ശ്രമിച്ച പ്രശ്നമാണിത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനുള്ള ഒട്ടനവധി നടപടികൾ കൈക്കൊണ്ടു. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഏഴ് പുതിയ ജയിലുകൾ തുറന്ന് ജീവനക്കാരെ നിയമിച്ച് പ്രവർത്തനക്ഷമമാക്കി. ചീമേനി തുറന്ന ജയിൽ, ഹോസ്ദുർഗ് സബ്ജയിൽ, ചിറ്റൂർ സബ്ജയിൽ, കണ്ണൂർ വനിതാ ജയിൽ, കണ്ണൂർ സ്പെഷ്യൽ സബ്ജയിൽ, കോഴിക്കോട് സ്പെഷ്യൽ സബ്ജയിൽ, വിയ്യൂർ സബ്ജയിൽ എന്നിവയാണ് ഈ സർക്കാർ ആരംഭിച്ച പുതിയ ജയിലുകൾ. ഈ ഏഴ് ജയിലുകളിലുമായി 313 പുരുഷതടവുകാരെയും 96 സ്ത്രീ തടവുകാരെയും പാർപ്പിക്കാം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പല പുതിയ ജയിലുകളുടെയും നിർമാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ സർക്കാർ ജയിലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 19.65 കോടി രൂപ ചെലവഴിച്ചു വരുന്നു.

2009 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഓരോ ജില്ലാ ജയിലും തിരുവനന്തപുരത്ത് ഒരു സ്പെഷ്യൽ സബ്ജയിലും എറണാകുളം കാക്കനാട് ഒരു വനിതാ ജയിലും ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ അഞ്ചു ജയിലുകളിലും കൂടെ 1000 തടവുകാരെ പാർപ്പിക്കാനുള്ള അടിസ്ഥാന സൗകര്യമുണ്ട്. ഈ ജയിലുകളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ സെൻട്രൽ ജയിലുകളിലെ തട




**ഉത്തരവാദിത്ത ടൂറിസം- രണ്ടാമത് അന്താരാഷ്ട്ര കോൺഫറൻസ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

വുകാരുടെ ബാഹുല്യം നല്ലൊരു പരിധി വരെ ഇല്ലാതാക്കാൻ സാധിക്കും. കൂടാതെ സെൻട്രൽ ജയിലുകളിൽ നിന്നും വിചാരണ തടവുകാരെ പൂർണമായും ഒഴിവാക്കാനും കഴിയും.

ജയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാനും സർക്കാർ നടപടി കൈക്കൊണ്ടു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയിൽ വകുപ്പിൽ 731 വാർഡർമാരും 244 ഹെഡ്‌വാർഡർമാരും 133 ഓഫീസർമാരുമാണ് ഉണ്ടായിരുന്നത്. വകുപ്പിന്റെ കാര്യക്ഷമതാ വർധനവ് ലക്ഷ്യമിട്ടുകൊണ്ട് ഇത് യഥാക്രമം 869 വാർഡർമാർ, 292 ഹെഡ്‌വാർഡർമാർ, 161 ഓഫീസർമാർ എന്നിങ്ങനെ വർധിപ്പിച്ചു.

തടവുകാരും മനുഷ്യരാണെന്നും അവർക്കും മനുഷ്യാവകാശങ്ങളുണ്ടെന്നും അംഗീകരിക്കുമ്പോൾ തന്നെ ജയിൽ നിയമങ്ങൾ അനുസരിക്കുകയും അച്ചടക്കം പാലിക്കുകയും ചെയ്യുമെന്നതാണ് സർക്കാർ നിലപാട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഏകദേശം നാല് കോടി രൂപ ചെലവിൽ സർവെയ്‌ലൻസ് സംവിധാനം സ്ഥാപിക്കും. ജൂൺ 30 നോടകം ഈ സംവിധാനം പ്രവർത്തനസജ്ജമാകും. കണ്ണൂരിലും സർവെയ്‌ലൻസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

തടവുകാരുടെ ക്ഷേമത്തിന് സർക്കാർ വളരെയധികം മുൻഗണനയാണ് നൽകി വരുന്നത്. തടവുകാർക്ക് അവരുടെ കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിന് മൂന്ന് സെൻട്രൽ ജയിലിലും തുറന്ന ജയിലുകളിലും വനിതാ ജയിലിലും കോയിൻ ബോക്സ് ടെലിഫോൺ സംവിധാനം ഏർപ്പെടുത്തി. തടവുകാരുടെ വേതനം ഗണ്യമായി വർധിപ്പിച്ചു. അതുമൂലം തടവുകാർക്ക് കൂടുതൽ തുക അവരുടെ കുടുംബത്തിനെത്തിക്കുന്നതിനുള്ള അവസരം ലഭിച്ചു. കുറ്റവാളികളായി തടവുമുറികളിലെത്തുന്നവർ മനപരിവർത്തനം നടത്തി ഉത്തമ പൗരൻമാരായി പുറത്തു പോകേണ്ടതുണ്ട്. കുറ്റവാളികളെ കൊടും കുറ്റവാളികളായി പുറത്തു വിടുന്ന സംവിധാനമായി ജയിലുകൾ മാറരുത്. ഈ വീക്ഷണമാണ് ജയിൽ പരിഷ്കരണത്തിൽ സർക്കാർ വച്ചു പുലർത്തുന്നത്.

തടവുകാരുടെ പുനരധിവാസത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ജയിലുകളിലെ കാർഷിക പ്രവർത്തനങ്ങൾ പരിഷ്കരിച്ചു. കൃഷി വകുപ്പുമായി സഹകരിച്ച് ജയിൽ വകുപ്പ് നടത്തിയ 'ഒറ്റ ഞാർ നെൽക്കൃഷി' വമ്പിച്ച വിജയമായിരുന്നു. കൂടാതെ, കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലായിരുന്നിട്ടു കൂടി പ്രത്യേക പരിചരണം നൽകി കാബേജ്, ക്യാരറ്റ്, ബീറ്റ്റൂട്ട് എന്നിവയും വിജയപ്രദമായി കൃഷി ചെയ്തു വരുന്നു. പരമ്പരാഗതമായ കൃഷി രീതികൾ അവലംബിക്കുമ്പോൾ തന്നെ ആധുനിക കൃഷി രീതികളിൽ തടവുകാർക്ക് പരിശീലനം ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതായത് 2006-2007-ൽ ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം എന്നീ രണ്ടു പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയത് യഥാക്രമം ഏകദേശം 300 ലക്ഷം രൂപയും 12 ലക്ഷം രൂപയുമായിരുന്നു. അത് ഗണ്യമായി വർധിപ്പിച്ച് 2009-2010 വർഷത്തിലേയ്ക്ക് യഥാക്രമം 615 ലക്ഷം രൂപയും 65 ലക്ഷം രൂപയും ആക്കിയിട്ടുണ്ട്. ശിക്ഷാ പ്രതികളുടെയും വിചാരണത്തടവുകാരുടെയും വിശദ വിവരങ്ങൾ ഇന്റർനെറ്റ് സംവിധാനത്തിലൂടെ കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. തടവുകാർക്ക് അക്ഷയ പദ്ധതിയിലൂടെ 'ഇ- വിദ്യാ കംപ്യൂട്ടർ' പരിശീലനം നൽകി വരുന്നു. കൂടാതെ തത്പരരും യോഗ്യരുമായ തടവുകാർക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിവിധ കോഴ്സുകളിലും പരിശീലനം നൽകി വരുന്നു. മറ്റ് സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പരിപാടികളിലൂടെ തടവുകാർക്ക് പഠനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ജയിലുകളിലുണ്ട്. എല്ലാ സെൻട്രൽ ജയിലുകളിലും തടവുകാർക്ക് കംപ്യൂട്ടർ പഠിക്കുന്നതിന് ഏഴ് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അടങ്ങുന്ന കംപ്യൂട്ടർ ലാബ് സ്ഥാപിച്ചു വരുന്നു. ലാബ് സ്ഥാപിച്ചുകഴിഞ്ഞാൽ അധ്യാപകരുടെ സഹായമില്ലാതെ തന്നെ തടവുകാർക്ക് സ്വയം പരിശീലനം നേടാൻ കഴിയും.

ജയിലുകളിലെ തടവുകാരുടെ ബാഹുല്യം ഒരു പരിധിവരെ കുറയ്ക്കുന്നതിനും ജയിലുകളിലെ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും സൽസ്വഭാവികളായ 14 വർഷം ശിക്ഷാ കാലയളവ് പൂർത്തിയാക്കിയ തടവുകാരെ ഉപാധികളോടെ വിട്ടയയ്ക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. അതു പ്രകാരം 2008 ഏപ്രിൽ മാസം കേരളത്തിലെ വിവിധ ജയിലുകളിൽ നിന്ന് 104 തടവുകാരെ വിട്ടയയ്ക്കുകയുണ്ടായി. നിയമസഭാ തെരഞ്ഞെടുപ്പു കാലത്തു നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിച്ചുകൊണ്ടും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തു കൊണ്ടുമുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തുന്നത്. ജനാഭിലാഷത്തിന് അനുസൃതമായ ഈ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമായി തുടരും.■



ചരിത്രത്തിലാദ്യമായി കെ.റ്റി.ഡി.സിയുടെ വരുമാനം 60 കോടി കവിയുകയും കോർപ്പറേഷൻ ലാഭത്തിലാവുകയും ചെയ്തു 2008 -ൽ ടൂറിസത്തിൽ നിന്നും ലഭിച്ച വരുമാനം മുൻ വർഷത്തേക്കാൾ 14.84 ശതമാനം ഉയർന്ന് 13130 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

**സി. ദിവാകരൻ**
ഭക്ഷ്യ-പൊതുവിതരണവും
മൃഗസംരക്ഷണവും **മന്ത്രി**

# മികവിലൂടെ മുന്നോട്ട്

**ഭക്ഷ്യ - പൊതുവിതരണ മേഖല ഏത് സർക്കാരിന്റെയും ഭാഗധേയം നിർണയിക്കുന്നതിൽ വൻ സ്വാധീനമാണ് ചെലുത്തുന്നത്. സാധാരണക്കാരിൽ സാധരണക്കാർക്ക് രണ്ടു രൂപയ്ക്ക് അരി നൽകാനുള്ള തീരമാനം ജനഹൃദയങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് മായാത്ത സ്ഥാനമാണ് നേടിക്കൊടുത്തത്.**

ഇന്ത്യൻ ജനാധിപത്യത്തിനു തന്നെ എക്കാലവും അഭിമാനിക്കാൻ കഴിയുന്ന ചരിത്ര സംഭാവനയാണ് ഇടതുപക്ഷ സർക്കാർ മൂന്നാം വർഷം പൂർത്തിയാക്കുന്ന ആഘോഷവേളയിലെ പ്രഖ്യാപനം. സാധാരണക്കാർക്കും പാവങ്ങൾക്കും രണ്ടു രൂപ നിരക്കിൽ അരി നൽകുമെന്ന തീരുമാനം ഹർഷാതിരേകത്തോടെയാണ് കേരളം സ്വീകരിച്ചത്. മൂന്നാണ്ട് പിന്നിടുന്ന ഇടതുപക്ഷ സർക്കാരിന്റെ വികസന മുന്നേറ്റത്തിന് എന്തുകൊണ്ടും മാറ്റ് വർധിപ്പിക്കുന്ന സുവർണ മുഹൂർത്തം കൂടിയായിരുന്നു മേയ് 22-ലെ അരി വിതരണ ഉദ്ഘാടനം.

ഇടതുപക്ഷ ജനകീയ സർക്കാർ 2006 മേയ് 18-നാണ് അധികാരം ഏറ്റത്. അന്നുമുതൽ കടുത്ത പ്രതിസന്ധികളുടെയും അസഹിഷ്ണുത നിറഞ്ഞ എതിർപ്പുകളുടെയും നടുവിലായിരുന്നു സർക്കാർ. കേരളം ഭരിച്ച് മുച്ചൂടും മുടിച്ച യു.ഡി.എഫ് ഗവൺമെന്റിനെതിരെയുള്ള ജനതയുടെ വിധിയെഴുത്തിൽ നിന്നാണ് ഞങ്ങൾ ഭരണം ആരംഭിച്ചത്. അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് പൊറുതി മുട്ടിയ യു.ഡി.എഫ് ഭരണ നാളുകൾക്ക് കനത്ത തിരിച്ചടി എന്നോണം പാവങ്ങളുടെയും പരമ്പരാഗത-കർഷകത്തൊഴിലാളികളുടെയും സാധാരണക്കാരുടെയും ക്ഷേമത്തിലൂന്നിയുള്ള വികസന നയങ്ങളാണ് തുടക്കത്തിൽ തന്നെ സ്വീകരിച്ചത്. വിദ്യാഭ്യാസ കച്ചവടക്കാരുടെയും ചൂഷകമുതലാളിമാരുടെയും കുഴലൂത്തുകാർക്ക് ഇതൊരു കനത്ത മറുപടിയായി. തൊഴിലാളി പോരാട്ടങ്ങളെ നിർദയം അടിച്ചമർത്തുകയും ആദിവാസികൾക്കു നേരെ നിറയൊഴിക്കുകയും പരമ്പരാഗത വ്യവസായങ്ങളെ തകർക്കുകയും ചെയ്ത ദുസഹമായ യു.ഡി.എഫ് ഭരണം സമസ്ത മേഖലകളിലും യാതനകളും അതൃപ്തിയുമാണ് സൃഷ്ടിച്ചത്.

പാപ്പരായ ഖജനാവിൽ നിന്നുമാണ് ഈ സർക്കാർ പ്രവർത്തനം ആരംഭിച്ചതെന്ന് ഏവർക്കും അറിയാം. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഉഴലുമ്പോഴും 1600 ഓളം വരുന്ന കർഷകരുടെ കടുത്ത ബാധ്യത എഴുതിത്തള്ളിയ ധീരമായ നടപടിയായിരുന്നു ആദ്യം തന്നെ സ്വീകരിച്ചത്. ആത്മഹത്യ ചെയ്ത കർഷകകുടുംബങ്ങളുടെ കണ്ണീരൊപ്പാൻ അര ലക്ഷം രൂപ വീതം ധനസഹായം നൽകി. ഒറ്റ കർഷകരും ആത്മഹത്യ ചെയ്തില്ലെന്ന് കേന്ദ്രത്തെ തെറ്റിദ്ധരിപ്പിച്ച ഭരണക്കാർക്ക് ഒരു ഷോക്ക് ട്രീറ്റ്മെന്റ് തന്നെയായിരുന്നു ഇത്. തിരിഞ്ഞു നോക്കുമ്പോൾ കേരളം കർഷക ലക്ഷങ്ങളുടെ ക്ഷേമസംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു.

അഴിമതിക്കേസിൽ മന്ത്രിമാർ തന്നെ പ്രതികളായി വരുന്ന കാഴ്ചയായിരുന്നു യു.ഡി.എഫിന്റെ ഭരണകാലത്ത് കണ്ടത്. ഭക്ഷ്യസാധന വിതരണത്തിലും സംഭരണത്തിലും കേരളം കണ്ട ഏറ്റവും വലിയ യു.ഡി.എഫ് അഴിമതി കൈയ്യോടെ പിടികൂടി സി.ബി.ഐയെ ഏൽപ്പിച്ചു. ഭരണ സംവിധാനത്തിന്റെ സുതാര്യത നിലനിർത്തുകയായിരുന്നു ഇടതു സർക്കാർ ചെയ്തത്.

തകർന്നടിഞ്ഞ കാർഷിക മേഖല പുനരുജ്ജീവിപ്പിക്കാനുള്ള തീവ്രമായ ശ്രമങ്ങൾക്കായിരുന്നു പിന്നീട് തുടക്കമിട്ടത്. അടിസ്ഥാന ഭക്ഷ്യ വസ്തുക്കളായ അരിയുടെയും പാലിന്റെയും



മുട്ടയുടെയും മാംസത്തിന്റെയുമൊക്കെ വർധന ലക്ഷ്യമിട്ട് വകുപ്പുതല ഏകോപനത്തോടെ ഭക്ഷ്യ സുരക്ഷ പദ്ധതി ആരംഭിച്ചു. പൂട്ടിക്കിടന്ന 29 വൻകിട വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതുൾപ്പെടെ വ്യവസായ മേഖലയിൽ വലിയ കുതിപ്പുണ്ടാക്കാൻ കഴിഞ്ഞു. ഐ.ടി രംഗത്തും വലിയ കുതിപ്പിന് തുടക്കമിട്ടു. വിദ്യാഭ്യാസരംഗത്ത് സാമൂഹിക നീതിയും ഗുണമേൻമയും വർധിപ്പിക്കാൻ നടപടികളായി.

കേരളം കൊതിച്ചു കാത്തിരുന്ന ഭരണത്തിന് മൂന്നു വയസ്സ് തികയുന്ന ഈ വേളയിൽ ഭക്ഷ്യ പൊതുവിതരണ രംഗത്തും മൃഗസംരക്ഷണ രംഗത്തും സർക്കാരിന്റെ മറ്റ് നേട്ടങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാം. അധ്വാനിക്കുന്നവരോടും പാവപ്പെട്ടവരോടുമുള്ള പ്രതിബദ്ധത തെളിയിച്ചുകൊണ്ട് വികസന വീഥിയിൽ നേട്ടങ്ങളുടെ തേരോട്ടവുമായി മുന്നേറുന്ന ഗവൺമെന്റിന് ഇത്തവണ അഭിമാനിക്കാൻ ഏറെയുണ്ട്. സാധാരണ ജനങ്ങൾക്ക് പ്രത്യേകിച്ച് കൃഷിക്കാർക്കും തൊഴിലാളികൾക്കും ഈ സർക്കാർ നൽകിയ ആനുകൂല്യങ്ങൾ സർവ്വകാല റെക്കോഡാണ്.



ഓണാഘോഷത്തോടനുബന്ധിച്ച് കനകക്കുന്ന് സൂര്യകാന്തിയിൽ നടന്ന ഭക്ഷ്യമേള മന്ത്രി സി. ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു.



മുണ്ട് മുറുക്കിയുടുത്ത് ജീവിക്കാൻ വിധിക്കപ്പെട്ട പട്ടിണിപ്പാവങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകുവാനുള്ള നിറഞ്ഞ മനസ്സാണ് ഈ സർക്കാരിന് ജനഹൃദയങ്ങളിൽ മായാത്ത സ്ഥാനം നേടാൻ അവസരം നൽകിയത്. അതാകട്ടെ വീമ്പുപറച്ചിലുകളില്ലാതെ ചരിത്രത്തിൽ ഇടം നേടിയ ബജറ്റ് പ്രഖ്യാപനത്തിലൂടെ സാധ്യമാക്കുവാനും കഴിഞ്ഞു. 50 രൂപ മുടക്കിയാൽ കാൽ ക്വിന്റൽ അരി വീട്ടിലെത്തിക്കുമെന്ന പ്രഖ്യാപനം ഒരു നേരത്തെ അടുപ്പ് പുകയുവാൻ വകയില്ലാത്ത പാവങ്ങൾക്കാണ് രക്ഷയായത്. 117 കോടി രൂപ ഇതിനായി വകയിരുത്തി. 25.8 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നു. തെരഞ്ഞെടുപ്പ് വിളംബരത്തിന്റെ ഭാഗമായി മൂന്നു രൂപയ്ക്ക് അരി പ്രഖ്യാപനം കടലാസിൽ ഒതുങ്ങിയപ്പോൾ മൂന്നാം വാർഷിക ദിനമായ മേയ് 18-ന് എല്ലാ ജില്ലകളിലും രണ്ടു രൂപയ്ക്ക് അരി കേരള സർക്കാർ നൽകുകയാണ്. എന്നാൽ ഓണക്കാലത്ത് റേഷൻ വിഹിതം വെട്ടിക്കുറച്ച് പാവപ്പെട്ടവന്റെ വയറ്റത്തടിക്കാൻ ശ്രമിച്ച കേന്ദ്രത്തിന്റെ അപരിഷ്കൃതമായ സമീപനം ഇപ്പോഴും തുടരുമ്പോഴാണ് ഇതെന്നോർക്കണം.

അന്നമാണ് ഏതുസർക്കാരിന്റെയും ഭാഗധേയം നിയന്ത്രിക്കുന്നത്. അന്നത്തിന്റെ സംഭരണത്തിനും അതിന്റെ നീതിപൂർവമായ വിതരണത്തിനും ഈ സർക്കാർ നടത്തിയ ശ്രമങ്ങൾക്ക് കലവറയില്ലാത്ത പിന്തുണയാണ് ജനങ്ങൾ നൽകിയത്. അരിക്ഷാമത്തിൽ നിന്നും ഇടത്തരക്കാരെയും പാവങ്ങളെയും രക്ഷിക്കുവാൻ ഈ സർക്കാർ ന്യായവില അരിക്കടകൾ സംസ്ഥാനമാകെയാരംഭിച്ചു. വിലയിലെ വേലിയേറ്റങ്ങൾ പിടിച്ചു നിർത്തി 13.50 രൂപയ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്കലരിയും നിർബാധം നൽകാൻ കഴിഞ്ഞു. അരിവിഹിതം വെട്ടിക്കുറച്ചുകൊണ്ട് കേരളത്തെ പീഡിപ്പിച്ച കേന്ദ്രത്തിന്റെ വെല്ലുവിളി ജനപിന്തുണയോടെ കേരളം വിജയകരമായി നേരിട്ടു. ഓണം, ക്രിസ്തുമസ്, ബക്രീദ് ബസാറുകൾ സംഘടിപ്പിച്ചുകൊണ്ട് സർക്കാർ അരിക്കടകൾ തുറന്ന് വിലക്കയറ്റം പിടിച്ചു നിറുത്തി. ഓണത്തിന് 20 ലക്ഷം കിറ്റുകളാണ് കഴിഞ്ഞ തവണ സർക്കാർ വിതരണം ചെയ്തത്. 17 കോടി രൂപ ഇതിനായി ചെലവായി. സപ്ലൈകോ ഉപഭോക്താക്കളുടെ എണ്ണം 80 ലക്ഷമായി വർധിച്ചു. വിറ്റ സാധനങ്ങളുടെ ഗുണനിലവാരത്തിൽ ഉപഭോക്താവിന് പരാതിയുണ്ടെങ്കിൽ അവ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. തിരഞ്ഞെടുത്ത സൂപ്പർ മാർക്കറ്റുകൾ വഴി പച്ചക്കറി, പഴങ്ങൾ, ബേക്കറി ഉത്പന്നങ്ങൾ എന്നിവയുടെ വിൽപ്പന ആരംഭിച്ചു. ഒരുകുടക്കീഴിൽ എല്ലാ സാധനങ്ങളും ലഭ്യമാകുന്ന പീപ്പിൾ ബസാറുകൾ പ്രവർത്തനമാരംഭിച്ചു.

ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു സംഗതി ചെറുപയർ, ഉഴുന്ന് (തൊലികളഞ്ഞത്), ഉഴുന്ന് (പിളർന്നത്), വൻകടല, തുവരപ്പരിപ്പ്, പീസ് പരിപ്പ്, വൻപയർ, വറ്റൽ മുളക്, മല്ലി, കടുക്, ജീരകം, ഉലുവ തുടങ്ങിയ 12 നിത്യോപയോഗ സാധനങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷമായി വില മാറ്റമില്ലാതെ തുടരുന്നുവെന്നുള്ളതാണ്. പൊതുകമ്പോളത്തിലെ ചൂഷകർക്കെതിരെ കനത്ത ജാഗ്രതയും നടപടികളുമായി മുന്നേറുമ്പോഴും സപ്ലൈകോയിലെ രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന ഔട്ട്‌ലെറ്റുകളിലെ വില

ഏറ്റവും സ്വീകാര്യമായതാണ്. ഫലമോ യു.ഡി.എഫ് ഭരണകാലത്ത് വിജനമായി കിടന്ന ലാഭം, ശബരി, സപ്ലൈകോ മാവേലി മാർക്കറ്റുകളിൽ ജനത്തിരക്കേറി. 250 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ഇത്തരത്തിൽ ഗവൺമെന്റ് നൽകിയത്. ഈ സർക്കാർ അധികാരമേറ്റപ്പോൾ 710 കോടി രൂപ മാത്രം വിറ്റുവരവ് ഉണ്ടായിരുന്ന സപ്ലൈകോ ഇന്ന് 1854 കോടി രൂപയിലധികം വിറ്റുവരവ് നേടുന്ന അഭിമാനസ്ഥാപനമായി ഉയർന്നുകഴിഞ്ഞു.

കമ്പനി സാധനങ്ങളുടെ വിൽപ്പനയിലൂടെ മിതമായ ലാഭം, ധൂർത്തുകൾ തടഞ്ഞുകൊണ്ടുള്ള ചെലവ് ചുരുക്കൽ, ദുർഭരണത്തിന്റെ ദൂഷിത വലയത്തിൽ അകപ്പെട്ട അഴിമതി അവസാനിപ്പിക്കൽ, ഇ-ടെണ്ടർ പോലുള്ള അഴിമതിവിരുദ്ധ വ്യാപാരങ്ങളുടെ ഇടപെടൽ എന്നിവ മൂലമാണ് ഇത് സാധ്യമായത്.

1966-ൽ ആരംഭിച്ച സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം താറുമാറാക്കാൻ അങ്ങേയറ്റം പരിശ്രമിച്ച കേന്ദ്രഗവൺമെന്റ് കേരളത്തിലെ പൊതുവിതരണ സമ്പ്രദായം അട്ടിമറിക്കാൻ അനുദിനം ശ്രമിക്കുമ്പോഴും 14000-ത്തോളം വരുന്ന റേഷൻ കടകളിലേക്ക് സാധാരണക്കാരെ ആകർഷിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി കരുതുന്നു. BPL, APL, AAY എന്നിങ്ങനെ പട്ടികതിരിച്ച് കേരളത്തിലെ 70 ലക്ഷം കുടുംബങ്ങൾക്ക് കുടുംബനാഥന്റെ ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്ത റേഷൻകാർഡുകൾ സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്തു വരുന്നു. റേഷൻ സമ്പ്രദായത്തിന് നവജീവൻ നൽകാനും അഴിമതി വിമുക്തമാക്കാനും കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർഥ്യമുണ്ട്. എന്നാൽ ഭക്ഷ്യധാന്യ വെട്ടിക്കുറവുൾപ്പെടെ കേന്ദ്ര അവഗണന മൂലം പൊറുതിമുട്ടിനിന്ന കേരളത്തിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദം ചെലുത്താനുള്ള ശ്രമങ്ങളെ ഇന്നത്തെ പ്രതിപക്ഷം പുച്ഛിച്ച് തള്ളുകയാണ് ചെയ്തത്. കേരളാ മുഖ്യമന്ത്രിയുടെയും ഭക്ഷ്യമന്ത്രിയുടെയും നേതൃത്വത്തിൽ അരിക്കുവേണ്ടി ദില്ലിയിൽ നടത്തിയ സമരങ്ങളെ പരിഹസിച്ചുതള്ളിയവർ കേരളത്തിന്റെ ക്ഷേമത്തിനായി ചെറുവിരൽ അനക്കിയില്ല. ജനങ്ങളുടെ ആശ്വാസകേന്ദ്രമായ പൊതു വിതരണ സംവിധാനം തകിടം മറിയുന്നതുകണ്ട് കുറ്റകരമായ മൗനം പാലിക്കുകയും ചെയ്തു.

ഇതെല്ലാം കേരള ജനത കണ്ടതാണ്. ജനക്ഷേമ സർക്കാരിനെതിരെയുള്ള എല്ലാ കുപ്രചരണങ്ങളെയും ജനങ്ങൾ പുച്ഛിച്ചു തള്ളി. തുടർന്ന് സമരകോലാഹലങ്ങളും ഹർത്താലുമൊക്കെയായി വികസ പ്രവർത്തനങ്ങൾക്ക് തടയിടാനായിരുന്നു അടുത്ത ശ്രമം. കൊടുങ്കാറ്റിന്റെ ഇച്ഛാശക്തിയോടെ അതിനെയെല്ലാം അതിജീവിച്ച് നാലാം വയസിലേക്ക് കടക്കുകയാണ് സർക്കാർ.



സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനം സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി സി.ദിവാകരൻ നിർവ്വഹിക്കുന്നു.

**സപ്ലൈകോ ഉപഭോക്താക്കളുടെ എണ്ണം 80 ലക്ഷമായി ഉയർന്നു. വിറ്റ സാധനത്തിന്റെ ഗുണനിലവാരത്തിൽ ഉപഭോക്താവിന് പരാതിയുണ്ടെങ്കിൽ അവ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി**

### മൃഗസംരക്ഷണം; ക്ഷീരവികസനം

മൃഗസംരക്ഷണ ക്ഷീരവികസനരംഗത്ത് ഈ കാലയളവിൽ അഭൂതപൂർവമായ നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞത്. പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നടത്തിയ തീവ്രശ്രമങ്ങൾ ഫലം കണ്ടു തുടങ്ങി. പശുഗ്രാമം, ക്ഷീരധാര, ജീവരേഖ, ഗോരക്ഷ, ഗോസുരക്ഷ തുടങ്ങിയ ഭാവനാപൂർണമായ പദ്ധതികളിലൂടെ കടം വാങ്ങിക്കുന്ന പാൽ 11 ലക്ഷം ലിറ്ററിൽ നിന്നും പ്രതിദിനം 9 ലക്ഷം ലിറ്ററാക്കി കുറയ്ക്കാൻ കഴിഞ്ഞു. പൗൾട്രി വില്ലേജ്, ഗ്രാമങ്ങളിലെ കോഴികൾ തുടങ്ങിയ മുട്ടയുത്പാദന പദ്ധതികളിലൂടെ 40 ലക്ഷത്തിൽ നിന്നും പ്രതിദിന മുട്ട ഉത്പാദനം 86 ലക്ഷത്തിലേക്ക് ഉയർന്നു. പൂർണമായും മറുനാടൻ ലോബിയുടെ പിടിയിലമർന്ന കോഴിയിറച്ചിയെ അതിൽ നിന്നും മോചിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ദിവസം 85 ടൺ കോഴിയിറച്ചി ഇപ്പോൾ സർക്കാർ ഉത്പാദിപ്പിക്കുന്നു. ക്ഷീരകർഷകർക്ക് അംഗീകാരത്തിന്റെ അനർഘനിമിഷങ്ങൾ സമ്മാനിച്ചത് ഈ ഗവൺമെന്റാണ്. ക്ഷീരകർഷകർക്ക് ക്ഷേമനിധിയും സഹകരണസംഘം ജീവനക്കാർക്ക് ഏകീകൃത സേവനവേതന വ്യവസ്ഥകളും നടപ്പിൽ വരുത്തി.

കേരളത്തെ രാജ്യാന്തര പ്രശസ്തിയിലേക്ക് ഉയർത്തിയ നിരവധി സ്ഥാപനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞത് മൂന്നു വർഷത്തെ ഭരണത്തിലെ തിളങ്ങുന്ന അധ്യായങ്ങളാണ്. സമുദ്രോത്പന്ന കയറ്റുമതിയുടെ അന്താരാഷ്ട്ര ലബോറട്ടറി മരടിലും അന്താരാഷ്ട്ര ഭക്ഷ്യഗവേഷണ കേന്ദ്രം കോന്നിയിലും സ്വർണത്തിന്റെ BIS ഹാൾമാർക്കിങ് റഫറൽ കേന്ദ്രം കാക്കനാട്ടും ആരംഭിച്ചതോടൊപ്പം കാളക്കുട്ടികളിൽ നിന്നും ഹൃദയവാൽവ് ഉണ്ടാക്കി പൊതുജനാരോഗ്യ രംഗത്തുകൂടി ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

ഇത് ജനകീയ സർക്കാരാണ്. പാവങ്ങളുടെ കണ്ണീരൊപ്പാനും അധ്വാനിക്കുന്നവരുടെയും സാധാരണക്കാരുടെയും ക്ഷേമത്തിനുവേണ്ടി അക്ഷീണം പരിശ്രമിക്കാനും ഈ ഭരണത്തിന് ഇച്ഛാശക്തിയുണ്ട്. ഇതെല്ലാം നേടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത് ബഹുജനങ്ങളുടെ വർധിച്ച പിന്തുണകൊണ്ടുമാത്രമാണ്. നേരോടെയും ദിശാബോധമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് കുതിക്കാൻ ഞങ്ങൾക്ക് ഇന്ധനമാകുന്നതും ഈ പിന്തുണ തന്നെയാണ്.

സർക്കാരിന്റെ പിറന്നാൾ സമ്മാനമായ രണ്ട് രൂപയ്ക്ക് ഒരു കിലോ അരി എന്ന പദ്ധതി കേരളം ആഹ്ലാദത്തോടെ ഏറ്റുവാങ്ങുമെന്ന് സർക്കാർ വിശ്വസിക്കുന്നു. വരും നാളുകൾ കൂടുതൽ പ്രകാശം പരത്തുന്ന ഒരു കേരളമായി മാറ്റി എടുക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളുമായി സഹകരിക്കാൻ എല്ലാവരോടും വിനയപൂർവം അഭ്യർഥിക്കുന്നു.■

**എൻ.കെ. പ്രേമചന്ദ്രൻ**
ജലവിഭവ മന്ത്രി

# ശുദ്ധജല സമൃദ്ധിക്ക് കൂട്ടായി പ്രവർത്തിക്കാം

പ്രകൃതിയുടെ അമൂല്യ വരദാനമായ ജലം ഇന്നത്തെ തലമുറയ്ക്കും ഭാവി തലമുറയ്ക്കും വേണ്ടി സംരക്ഷിക്കുന്ന നയങ്ങൾ നടപ്പാക്കാനാണ് ഇടതുമുന്നണിസർക്കാർ തുടക്കം മുതലേ ശ്രമിച്ചിരുന്നത്. മുടങ്ങിക്കിടന്ന ശുദ്ധജല വിതരണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ കാര്യക്ഷമമാക്കുന്നതിനൊപ്പം കുടിവെള്ള ദുരുപയോഗം തടയുന്നതിന് നിയമം രൂപീകരിച്ചു. നദികളുടെയും തടാകങ്ങളുടെയും സംരക്ഷണത്തിന് റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ചതും ഈ സർക്കാരാണ്.

കേരളത്തിലെ ജലവിഭവ മേഖലയുടെ ആസൂത്രണവും മാനേജ്മെന്റും സംരക്ഷണവും വ്യക്തമായ ഒരു നയത്തിന്റെ അടിസ്ഥാനത്തിലാകണം എന്ന അടിസ്ഥാനപരമായ വീക്ഷണമാണ് സംസ്ഥാന സർക്കാരിന്റെ ജലനയം. എല്ലാവർക്കും കുടിവെള്ളം എന്ന കേന്ദ്രീകൃത ലക്ഷ്യത്തിനാണ് നയം പ്രാധാന്യം നൽകിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമൂഹ്യവും പാരിസ്ഥിതികവും ഭൗതികവുമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് കുടിവെള്ളം, കൃഷി, വൈദ്യുതി, വ്യവസായം എന്നിങ്ങനെ മുൻഗണനാ ക്രമത്തിലാണ് ജലവിനിയോഗം ക്രമപ്പെടുത്തിയിട്ടുള്ളത്. ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം ഭാവിതലമുറയ്ക്കു കൂടി പ്രയോജനപ്പെടുത്തുന്ന വിധം ജലം എന്ന പ്രകൃതി വിഭവത്തെ സംരക്ഷിക്കുക എന്നതിനും നയത്തിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.



സംസ്ഥാനത്തെ ജലവിനിയോഗം ക്രമപ്പെടുത്തുന്നതോടൊപ്പം തന്നെ അയൽ സംസ്ഥാനങ്ങളുമായുള്ള ജലം പങ്കിടലിനും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കുന്ന വിധം അന്തർസംസ്ഥാന നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള വ്യക്തമായ സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാർ സ്വീകരിച്ച ആത്മാർഥവും നിരന്തരവുമായ നടപടികൾ കൊണ്ട് ചരിത്രത്തിൽ ആദ്യമായി മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന് ആശ്വാസകരമായ ഒരു ഉത്തരവ് സുപ്രീം കോടതിയിൽ നിന്നും ലഭിച്ചു. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടത്തിയ പാരിസ്ഥിതിക, സെസ്മിക്, ഫ്ളഡ് റൂറ്റിങ് പഠനങ്ങൾ വഴി കേരളത്തിന് അനുകൂലമായ ഒട്ടേറെ വസ്തുതകൾ കണ്ടെത്താൻ കഴിഞ്ഞു. കേന്ദ്ര ജല കമ്മീഷൻ കോടതി മുമ്പാകെ മുൻ കേസിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനഘടകങ്ങളുടെ സാധ്യതപോലും ചോദ്യം ചെയ്യപ്പെടുന്ന കേരളത്തിന്റെ പഠന റിപ്പോർട്ടുകൾ കേസിന്റെ നടത്തിപ്പിലെ വഴിത്തിരിവാണ്.

കാലാവധി കഴിഞ്ഞിട്ടും അവലോകനത്തിന് വിധേയമാകാത്ത പറമ്പിക്കുളം ആളിയാർ നദീജല കരാർ അവലോകനം ചെയ്യുന്നതിൽ ബഹുദൂരം മുമ്പോട്ടു പോകുവാൻ ഈ സർക്കാരിനു കഴിഞ്ഞു എന്നത് സന്തോഷകരമാണ്.

## ശുദ്ധജലവിതരണം

2011-ഓടെ എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള ജല അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം അനിവാര്യമാണ്. അതിലേയ്ക്കുള്ള ചുവടുവയ്പാണ് 2008-ലെ കേരള ജലവിതരണവും അഴുക്കുചാലും (ഭേദഗതി) നിയമം. കുടിവെള്ള മോഷണം തടയുന്നതിനും ദുരുപയോഗം നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന പ്ലംബർമാരെ ശിക്ഷിക്കുന്നതിനും ഭേദഗതി നിയമത്തിൽ വ്യവസ്ഥയുണ്ട്.

കോടികൾ മുടക്കിയിട്ടും ഒരു തുള്ളി വെള്ളം പോലും നൽകാൻ കഴിയാതെ മുടങ്ങി കിടന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് 870 കോടി രൂപ മുതൽ മുടക്കി നിർമാണം പൂർത്തിയാക്കുന്ന പദ്ധതിയാണ് നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന സ്പാൻ. 20 ലക്ഷം ആളുകൾക്ക് പുതിയതായി കുടിവെള്ളം നൽകുന്ന ഈ പദ്ധതിയുടെ നടപടികൾ പൂർത്തീകരിച്ചത് യുദ്ധകാലാടിസ്ഥാനത്തിലായിരുന്നു. കേരള ജല അതോറിറ്റിയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇത്രയേറെ വേഗതയിൽ ബൃഹത്തായ ഒരു പദ്ധതി സാക്ഷാത്കരിക്കുന്നത്. പാറശ്ശാല മുതൽ കാസർഗോഗ് വരെയുള്ള 37 ജല വിതരണ പദ്ധതികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

41 ലക്ഷം പേർക്ക് കൂടുതലായി കുടിവെള്ളം എത്തിക്കുന്ന 2600 കോടി രൂപ മുതൽ മുടക്കുള്ള ജപ്പാൻ കുടിവെള്ളപദ്ധതിയുടെ നിർമാണപ്രവർത്തനം 2007 മാർച്ച് മാസം 27 ന് ആരംഭിച്ചു. പ്രവർത്തനങ്ങൾ അതിവേഗതയിൽ പുരോഗമിക്കുകയാണ്. വരും വർഷങ്ങളിൽ ഈ സർക്കാർ പദ്ധതിയുടെ കമ്മീഷനിങ് നിർവഹിക്കും.

കൊച്ചിയിലെ കുടിവെള്ള ക്ഷാമത്തിന് വലിയതോതിൽ പരിഹാരമായ ഹഡ്കോ പദ്ധതി നിർമാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. 45 വൻകിട കുടിവെള്ള വിതരണ പദ്ധതികളും 200 ചെറുകിട കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചതിലൂടെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 10 ലക്ഷം ആളുകൾക്ക് കൂടുതലായി കുടിവെള്ളം എത്തിക്കുവാൻ കഴിഞ്ഞു. ഇതിന് പുറമെയാണ് ഗ്രാമീണ സ്കൂളുകൾക്കായി 773 പദ്ധതികളും 2997 വർഷ യൂണിറ്റുകളും പൂർത്തീകരിച്ചത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വെള്ളക്കരം അടയ്ക്കുവാൻ നിവൃത്തിയില്ലാത്തതു കൊണ്ട് പലപ്പോഴും ശുദ്ധമായ കുടിവെള്ളം എന്ന അവകാശം നിഷേധിക്കപ്പെട്ടിരുന്നു. ദരിദ്ര ജനവിഭാഗങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം എത്തിക്കുക എന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി പ്രതിമാസം 10000 ലിറ്റർ കുടിവെള്ളം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു നടപ്പാക്കി.

കുടിവെള്ള വിതരണ രംഗത്ത് പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ജലനിധി പദ്ധതിയിലൂടെ 5 ബൃഹത് ജലവിതരണ പദ്ധതികളും 150 ചെറുകിട കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചു. ഇതിലൂടെ 4.37 ലക്ഷം പേർക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിഞ്ഞു. ഒറ്റപ്പെട്ട

> ജല അതോറിറ്റിയെ ജലമേഖലയിലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി വാസ്കോൺ എന്ന പേരിൽ കൺസൾട്ടൻസി ആരംഭിച്ചു.



നീണ്ടകര തുറമുഖ വികസനസാധ്യതകൾ നേരിട്ടറിയാനെത്തിയ മന്ത്രിമാരായ എം.വിജയകുമാർ,എൻ.കെ.പ്രേമചന്ദ്രൻ എന്നിവർ ബോട്ടിൽ

കഴിയുന്ന ആദിവാസികൾക്കും ഗ്രാമവാസികൾക്കുമാണ് ഇതിന്റെ പ്രയോജനം എന്നതാണ് പദ്ധതിയുടെ സവിശേഷത.

കേരള വാട്ടർ അതോറിറ്റിയുടെ സുതാര്യവും കാര്യക്ഷമവുമായ ഒരു ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുക എന്ന ദീർഘവീക്ഷണത്തോടെ സർക്കാർ ആരംഭിച്ച സ്ഥാപന ശാക്തീകരണ നടപടികൾ ജീവനക്കാരുടെ പൂർണമായ സഹകരണത്തോടെ മുന്നേറുകയാണ്. ഇതിന്റെ ഭാഗമായി ഇ-ടെൻഡറിങ്, ഏഴുദിവസത്തിനുള്ളിൽ വാട്ടർ കണക്ഷൻ, കംപ്യൂട്ടറൈസേഷൻ, ബ്ലൂബ്രിഗേഡ് തുടങ്ങിയ പുതിയ സംവിധാനങ്ങൾ നടപ്പിലാക്കി.

ജല അതോറിറ്റി ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള ജലമേഖലയിലെ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി

അതോടൊപ്പം പാരസ്ഥിതികമായ യാതൊരു വ്യത്യാസവും വരാതെ പദ്ധതി നടപ്പാക്കൽ ഇതാണ് മിർപ്പയിൽ അനുവർത്തിക്കുന്ന നയം. സമയബന്ധിതമായ പൂർത്തീകരണത്തിനും ഇടത്തരം ചെറുകിട പദ്ധതികളാണ് നല്ലത് എന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണ് മിർപ്പ ആവിഷ്ക്കരിച്ചിട്ടുള്ളത്. മിർപ്പയിലൂടെ മലബാറിന്റെ കൃഷി വർധിപ്പിക്കുവാനും കാർഷികോത്പാദനത്തിൽ പുതിയ അധ്യായം കുറിക്കുവാനും കഴിയും.

കേരളത്തിലെ ജലസേചന പദ്ധതികളിൽ വളരെയേറെ പ്രയോജനപ്രദമായവയാണ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിനായി



പമ്പാ ആക്ഷൻ പ്ലാൻ ഒന്നാംഘട്ടം ഉദ്ഘാടനം മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ നിർവഹിക്കുന്നു.



തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലെ കടൽഭിത്തി നിർമ്മാണം മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ വിലയിരുത്തുന്നു.

"വാസ്കോൺ" എന്ന പേരിൽ കൺസൾട്ടൻസി ആരംഭിച്ചു. സംസ്ഥാനത്തിനകത്തും പുറത്തും കൺസൾട്ടൻസി വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്ന വിധത്തിൽ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

## ജലസേചനം

ജലസേചന വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമാകുന്നുണ്ട്. പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതവും സുതാര്യവും കാര്യക്ഷമവുമാക്കാൻ കഴിഞ്ഞ 3 വർഷത്തെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 13.06 കിലോമീറ്റർ ദൂരം പുതിയതായി കടൽഭിത്തി നിർമിക്കുവാനും കേടുവന്ന കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ കൃത്യതയോടെ നടത്തുവാനും കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യയായ 'ഗ്യാബിയോൺ' കടൽഭിത്തി നിർമാണത്തിൽ സ്വീകരിച്ചു. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമിച്ച കടൽഭിത്തി വളരെ പ്രയോജനകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

മലബാർ മേഖലയിലെ ജലസേചനത്തിന് സമഗ്ര പദ്ധതി, അതാണ് മലബാർ ഇറിഗേഷൻ പാക്കേജ് അഥവാ MIRPA. കുറഞ്ഞ ചെലവിൽ കൂടുതൽ ജലസേചനം

സർക്കാർ സമഗ്ര പുനർജീവന പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കി വരുന്നു.

കേരളത്തിലെ നദികളുടെയും തടാകങ്ങളുടെയും സംരക്ഷണത്തിന് ശക്തമായ നിയമനിർമാണം എന്നത് സർക്കാരിന്റെ നയമാണ്. പ്രാഥമിക ചുവടുവയ്പ് എന്ന നിലയിൽ പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുക എന്ന ലക്ഷ്യം കൂടി കണക്കിലെടുത്ത് പമ്പാ റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## ഗുണനിലവാരപരിശോധന

കുടിവെള്ളം എത്തിക്കുക എന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ഗുണമേൻമയുള്ളതാണോ എന്നത് പരിശോധിച്ചുറപ്പു വരുത്തുക എന്ന ദൗത്യം കൂടി ഈ സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ഗ്രാമീണ ജനത ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കിണർ വെള്ളത്തെയാണ്. കിണർ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാരനിർദേശം നൽകുന്നതിനുമായി 'സുജല' പദ്ധതി നടപ്പാക്കി.

വരുന്ന രണ്ടു വർഷക്കാലം ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ചെയ്തു തീർക്കേണ്ട ചുമതലകൾ ഏറെയാണ്. തുടങ്ങിവച്ച പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുക എന്നതിനാണ് പ്രാധാന്യം. കൂടാതെ ജലവിഭവ സംരക്ഷണം എന്നതിനാണ് പ്രഥമസ്ഥാനം. അതോടൊപ്പം തന്നെ ജലവിഭവ മേഖലയുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള നൂതന പരിപാടികളും.

## കൂട്ടായ്മയോടെ മുന്നോട്ട്

എന്നാൽ സർക്കാരിന്റെ മാത്രം പ്രവർത്തനം കൊണ്ട് സംരക്ഷണം പൂർണമായി ഉറപ്പു വരുത്തുന്നതിനും ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനും കഴിയില്ല. ജനകീയ പങ്കാളിത്തവും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സമൂഹത്തിലെ സമസ്ത വിഭാഗങ്ങളുടെയും സഹകരണവും അനിവാര്യമാണ്. ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയ കൂട്ടായ്മയുടെ ഒരുമിച്ചുള്ള പ്രവർത്തനമാവണം. കഴിഞ്ഞ മൂന്നു വർഷക്കാലം സർക്കാർ ഈ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കെല്ലാം തന്നെ ജനപ്രതിനിധികളുടെയും വിവിധ സംഘടനകളുടെയും ഇതര സ്ഥാപനങ്ങളുടെയും പൂർണമായ സഹകരണം ഉറപ്പാക്കുവാൻ ശ്രമിച്ചിരുന്നു. അതിൽ വിജയിച്ചതുകൊണ്ട് തന്നെ പ്രവർത്തനം സുതാര്യമാക്കുവാനും ലക്ഷ്യത്തിലെത്തുവാനും സഹായകരമായി. ഭാവിയിലുള്ള പ്രവർത്തനങ്ങളും അതിന്റെ പൂർണ അർഥത്തിൽ ലക്ഷ്യത്തിലെത്തിച്ചേരണമെങ്കിൽ നാം ഓരോരുത്തരും നമ്മുടെ ഭാഗം ചുമതല നിറവേറ്റാൻ തയ്യാറാക്കണം. ഓരോതുള്ളി വെള്ളവും നമുക്കും ഭാവി തലമുറയ്ക്കും ലഭിക്കുന്ന വിശിഷ്ടമായ സമ്പത്തായി കണ്ട് അത് സംഭവിക്കാനും സംരക്ഷിക്കാനും മലിനപ്പെടാതെ സൂക്ഷിക്കാനും നമ്മുടേതായ കടമ നിർവഹിക്കണം. ശുദ്ധവും സമൃദ്ധവുമായ ജലസ്രോതസ്സുണ്ടെങ്കിൽ മാത്രമേ ശുദ്ധമായ കുടിവെള്ളം ലഭിക്കൂ. ശുദ്ധവും സമൃദ്ധവുമായ ജല സമ്പത്തിനും സംരക്ഷണത്തിനുമായി കൂട്ടായി പ്രവർത്തിക്കാനുള്ളതാവണം വരുന്ന നാളുകൾ.■

മോൻസ് ജോസഫ്
പൊതുമരാമത്ത് മന്ത്രി

# അടിസ്ഥാന സൗകര്യ വികസനത്തിൽ കുതിച്ചുചാട്ടം

**സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഗതിവേഗമുണ്ടാക്കാൻ സമഗ്രറോഡു വികസന നയത്തിന് പൊതുമരാമത്ത് വകുപ്പ് രൂപം നൽകി കഴിഞ്ഞു. കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും നടപ്പാക്കുന്ന വിഷൻ 2010 പദ്ധതിക്കു തുടക്കമായിട്ടുണ്ട്.**

പൊതുമരാമത്ത്

കേരളത്തിന്റെ നാളിതുവരെയുള്ള വികസന ചരിത്രത്തിൽ ഏറ്റവും കൂടുതൽ നിർമാണ പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്ന കാലഘട്ടമായി ഈ പ്രവർത്തന വർഷം മാറുകയാണ്. സംസ്ഥാനബജറ്റിലൂടെ പ്രഖ്യാപിച്ച 5000 കോടി രൂപയുടെ മൂലധന നിക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ പരമാവധി വികസന പദ്ധതികൾക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കാനുള്ള തീവ്രയത്നപരിപാടികളാണ് പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്.ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നാലാം വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനരംഗത്ത് ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റം നടത്താൻ സർക്കാർ ആത്മാർഥമായ പരിശ്രമമാണ് നടത്തിവരുന്നത്.

### കാലതാമസം കുറയുന്നു

നിർമാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമുമ്പായി ഭരണ നടപടികളിൽ വരുന്ന കാലതാമസവും ചുവപ്പുനാടകളിലൂടെ സംഭവിക്കുന്ന തടസ്സപ്പെടുത്തലുകളും പരമാവധി ഒഴിവാക്കാൻ ധനകാര്യ-പൊതുമരാമത്ത് വകുപ്പുകൾ കൂട്ടായി തീരുമാനിച്ചു. ഈ കാഴ്ചപ്പാടോടെ തുടക്കം കുറിച്ച പൊതുമരാമത്ത് വകുപ്പിന്റെ സമഗ്ര നവീകരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കപ്പെടുകയാണ്. കഴിഞ്ഞ 35 വർഷക്കാലമായി തുടർന്നുവരുന്ന പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരണം യാഥാർഥ്യമാവുകയാണ്. ഇതോടൊപ്പം റേറ്റ് റിവിഷൻ നടപ്പാക്കാൻ സ്വീകരിച്ച നടപടികളും പൂർത്തീകരിക്കപ്പെടുകയാണ്. പൊതുമരാമത്ത് വകുപ്പിൽ ആദ്യമായി ക്വാളിറ്റി മാന്വൽ തയ്യാറാക്കിയിരിക്കുകയാണ്. എല്ലാ വർഷവും റേറ്റ് റിവിഷൻ എന്നുള്ളത് കൃത്യതയോടെ നടപ്പാക്കാൻ കഴിഞ്ഞു.



### അഴിമതിക്കെതിരെ

അഴിമതി അവസാനിപ്പിക്കുന്നതിൽ നിർണായകമാവുന്ന വിധത്തിൽ ടെണ്ടർ സിസ്റ്റം സമഗ്രമായി അഴിച്ചുപണിയാൻ കൈക്കൊണ്ട നടപടികൾ വിവിധ ഘട്ടങ്ങൾക്കു ശേഷം പൂർത്തീകരിക്കപ്പെടുകയാണ്. കരാറിന് ഇ-ടെണ്ടർ സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ ആദ്യമായി നടപ്പാക്കുന്നു. ഇതിനു മുന്നോടിയായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കും എൻജിനീയർമാർക്കും പ്രാഥമിക പരിശീലനം ഇതിനോടകം പൂർത്തിയാക്കി. കംപ്യൂട്ടർ ട്രെയിനിങ് പ്രോഗ്രാമുകൾ ഇതോടൊപ്പം തുടർച്ചയായി നടത്തുന്നതിന് നടപടി സ്വീകരിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ അടിയന്തിര പരിഗണന നൽകേണ്ട പ്രശ്ന

ങ്ങൾ പ്രത്യേകമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

### റോഡുവികസന നയം

മെച്ചപ്പെട്ട നിലവാരത്തിൽ റോഡുകൾ പൂർത്തീകരിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സംസ്ഥാന ചരിത്രത്തിലാദ്യമായി റോഡുവികസന നയത്തിന് രൂപം നൽകി. പ്രധാനപ്പെട്ട ദേശീയപാതകൾ നാലുവരിപ്പാതയാക്കാനും അന്തർസംസ്ഥാന പ്രാധാന്യമുള്ളതും വിവിധ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ പ്രധാനപ്പെട്ട റോഡുകളുടെ വികസനം മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാനും തീരുമാനിച്ചു. റോഡുവികസന നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു റോഡ് നെറ്റ്‌വർക്കിന് രൂപം നൽകാൻ നടപടി സ്വീകരിച്ചു. ദേശീയപാത 47, 17 എന്നീ റോഡുകൾ കാസർകോടു മുതൽ തിരുവനന്തപുരം വരെയും വാളയാർ മുതൽ കൊച്ചി വരെയും നാലുവരി പാതയാക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ചർച്ച ചെയ്ത് സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പുവച്ചതിനെ തുടർന്ന് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനും സ്ഥലമെടുപ്പ് പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

### കെഎസ്.ടി.പി

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി മെച്ചപ്പെട്ട നിലവാരത്തിൽ വിവിധ റോഡുകളുടെ വികസനത്തിന് 1367 കോടി രൂപയുടെ കെ.എസ്.ടി.പി രണ്ടാംഘട്ടം നടപ്പാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയ്ക്കകത്ത്നിന്നോ പുറത്തുനിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ധനസമാഹരണം നടത്താനുള്ള തുടർ പ്രവർത്തനങ്ങളും നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി 324 കി.മീറ്റർ ദൂരത്തിൽ കെ.എസ്.ടി.പി. റോഡു നിർമാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കും. കെ.എസ്.ടി.പിയുടെ ഒന്നാം ഘട്ടത്തിൽ മുടങ്ങിക്കിടന്നിരുന്ന റോഡു നിർമാണപ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുള്ളത് 2010 ജൂൺ മാസത്തിനുമുമ്പായി പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടെ നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.



വി.ജെ.ടി - എൽ.എം.എസ് റോഡ് ടുവേയാക്കുന്ന ചടങ്ങ് പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.

പ്രധാനപ്പെട്ട ദേശീയപാതകൾ നാലുവരിപ്പാതയാക്കാനും അന്തർസംസ്ഥാന പ്രാധാന്യമുള്ളതും വിവിധ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ പ്രധാനപ്പെട്ട റോഡുകളുടെ വികസനം മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാനും തീരുമാനിച്ചു. റോഡുവികസന നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു റോഡ് നെറ്റ്‌വർക്കിന് രൂപം നൽകാൻ നടപടി സ്വീകരിച്ചു.

### വിഷൻ 2010

കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി സംസ്ഥാനത്തിന്റെ പൊതുതാത്പര്യം കണക്കിലെടുത്തുകൊണ്ട് വികസന പ്രവർത്തനങ്ങൾ മുന്നോട്ടുനയിക്കുക എന്ന കാഴ്ചപ്പാടോടെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന രണ്ടു കോടി രൂപയിൽ കുറയാത്ത വികസന പദ്ധതികൾ നടപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ച 300 കോടി രൂപയുടെ 'വിഷൻ 2010' പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 2009 പുതുവത്സരത്തിൽ തുടക്കം കുറിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ എല്ലാ മണ്ഡലങ്ങളിലുമായി 2000 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തീരദേശ ഹൈവേയുടെയും ഹിൽ ഹൈവേയുടെയും നിർമാണ പ്രവർത്തനം ഈ വർഷം ആരംഭിക്കാൻ നടപടി സ്വീകരിച്ചു. ഗതാഗതത്തിരക്കേറിയ 15 കേന്ദ്രങ്ങളിൽ പുതിയ ബൈപ്പാസ് റോഡുനിർമാണപദ്ധതിക്ക് അംഗീകാരം നൽകി. പ്രധാനപ്പെട്ട ഈ പ്രവൃത്തികളുടെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ഈ വർഷം 145 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി.

### വികേന്ദ്രീകരണം

വർഷങ്ങളായി സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്ന ഓരോ ജില്ലകളിലെയും പൊതുപ്രാധാന്യമുള്ള റോഡുകൾ എം.ഡി.ആർ. ആയി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് രാജ് ആക്ടിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് വിട്ടുകൊടുത്ത ഒ.ഡി.ആർ. റോഡുകൾ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാക്കിക്കൊണ്ടും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുന്നോടിയായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. പ്രധാന ഗ്രാമീണ റോഡുകളുടെ ചുമതല സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കാനും റോഡു വികസന പ്രവർത്തനം നടപ്പാക്കാനും ഇതിലൂടെ സാധ്യമാവുകയാണ്. വിവിധ റോഡുകളുടെ നവീകരണത്തോടൊപ്പം കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ പ്രധാന കേന്ദ്രങ്ങളിൽ ഫുട്പാത്തുകൾ നിർമിക്കാനും പ്രത്യേക പദ്ധതിക്ക് രൂപം നൽകി.

### പാലങ്ങൾ

മുടങ്ങിക്കിടക്കുന്ന വിവിധ മേൽപ്പാലങ്ങളുടെ നിർമാണം പുനഃരാരംഭിക്കുന്നതിനും പുതിയ റെയിൽവേ മേൽപ്പാലങ്ങൾ നിർമിക്കുന്നതിനുമായി 200 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. വിവിധ സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിട നിർമാണത്തിനുനേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും നിർമാണ പ്രവർത്തനം പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചു.

### മലബാർ പായ്ക്കേജ്

വികസന രംഗത്ത് കാലങ്ങളായി നിലനിൽക്കുന്ന പിന്നാക്കാവസ്ഥ പരിഹരി

ക്കാൻ സംസ്ഥാന ബജറ്റിലൂടെ പ്രഖ്യാപിച്ച 1500 കോടി രൂപയുടെ മലബാർ പാക്കേജ് യാഥാർഥ്യമാക്കാൻ സമയബന്ധിതമായ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് നേതൃത്വം നൽകി വരുന്നു. 274 കോടി രൂപയുടെ 98 പാലങ്ങൾ, 151 കോടി രൂപയുടെ 108 കെട്ടിടങ്ങൾ, 344 കോടി രൂപയുടെ 245 റോഡുകൾ എന്നിവ മലബാർ പാക്കേജിന്റെ ഭാഗമായി നടപ്പാക്കുന്നു. ഇതുകൂടാതെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ, ഐ.ടി. പാർക്കുകൾ, പ്രധാനപ്പെട്ട വ്യവസായ കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമാണത്തിന് പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിച്ചു. ശബരിമല റോഡുകളുടെ ദീർഘകാല മെയിന്റനൻസ് കരാറിനുനടപടി സ്വീകരിച്ചു. പ്രമുഖ തീർഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ശിവഗിരി, മലയാറ്റൂർ തുടങ്ങിയ പ്രശസ്ത തീർഥാടന കേന്ദ്രങ്ങളിലേയ്ക്ക് റോഡുകളുടെയും പാലങ്ങളുടെയും നിർമാണത്തിന് സത്വര നടപടി കൈക്കൊണ്ടു.

## കുടിശ്ശിക ഇല്ലാതാക്കാൻ

നിർമാണ പ്രവർത്തനങ്ങളുടെ കാലതാമസവും സ്തംഭനാവസ്ഥയും പരിഹരിക്കുന്നതിന് കരാറുകാരുടെ കുടിശ്ശിക പൂർണമായും കൊടുത്തുതീർക്കാൻ സർക്കാർ ആത്മാർഥമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ നിലനിന്നിരുന്ന 750 കോടി രൂപയുടെ കുടിശ്ശിക ഉൾപ്പെടെ നാളിതുവരെയുള്ള കരാറുകാരുടെ കുടിശ്ശിക റോഡ്സ് ആന്റ് ബ്രിഡ്ജസ്, കെട്ടിട വിഭാഗങ്ങളിലായി 3265 കോടി രൂപ കൊടുത്തുതീർക്കാൻ കഴിഞ്ഞതും എൽ.ഡി.എഫ് സർക്കാരിന്റെ നേട്ടമായി. സംസ്ഥാന ചരിത്രത്തിൽ ആദ്യമായിട്ടാണ് കരാറുകാരുടെ കുടിശ്ശിക പൂർണമായും കൊടുത്തു തീർക്കുന്നത്.

നിർമാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുക്കാൻ കഴിയാത്ത വിധത്തിൽ നിലനിന്നിരുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ സർക്കാരിനു കഴിഞ്ഞത് ഏറ്റവും അഭിമാനകരമാണ്. ധനകാര്യ-പൊതുമരാമത്ത് വകുപ്പുകളുടെ പരസ്പര സഹകരണത്തോടെ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പുത്തൻ പദ്ധതികൾ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഉജ്വലമുന്നേറ്റത്തിനുള്ള സാഹചര്യം ഉറപ്പു വരുത്തുകയാണ്.

നിലവിലുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കി മാറ്റുന്നതിനും മുടങ്ങിക്കിടന്നിരുന്ന റോഡുകളുടെയും പാലങ്ങളുടെയും സർക്കാർ കെട്ടിടങ്ങളുടെയും നിർമാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നാളിതുവരെ സർക്കാർ നടത്തിയ ആത്മാർഥമായ പരിശ്രമം വിജയിച്ചു.

സംസ്ഥാനത്തിനു ഗുണകരമാവുന്ന പുത്തൻ പദ്ധതികൾ നിശ്ചയദാർഢ്യത്തോടെ ഏറ്റെടുത്ത് പൂർത്തിയാക്കുക എന്നതാണ് ഇനി നിർവഹിക്കേണ്ട സുപ്രധാന ദൗത്യം. ഇതിനുകഴിയത്തക്ക വിധത്തിൽ എൽ.ഡി.എഫ്. സർക്കാർ കാര്യക്ഷമതയോടെ ആവിഷ്കരിക്കുന്ന പദ്ധതികൾ ദിശാബോധത്തോടെ നടപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് തുടർന്നും നേതൃത്വം നൽകും.■

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നാലാം വർഷത്തിലേക്ക്

പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ മന്ത്രി

# കേരളം

തദ്ദേശസ്വയംഭരണം / ഗ്രാമവികസനം

അധികാര വികേന്ദ്രീകരണത്തെ സുസ്ഥിരമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണവകുപ്പിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണ നേട്ടങ്ങളിൽ പ്രധാനം. ഗ്രാമവികസന വകുപ്പിനെ തദ്ദേശഭരണവകുപ്പുമായി സംയോജിപ്പിച്ചതും ഡി.ആർ.ഡി.എകൾ ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യലഘൂകരണ യൂണിറ്റുകളായി മാറ്റിയതും ഈ ലക്ഷ്യം വച്ചുകൊണ്ടാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു എൻജിനീയറിങ് വിങ് യാഥാർഥ്യമായക്കഴിഞ്ഞു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ജനസൗഹൃദമായ ഫ്രണ്ട് ഓഫീസ് സംവിധാനം സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. നടപ്പുവർഷം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാർഷിക ഉത്പാദനം വർധിപ്പിക്കുന്നതിനാണ് പദ്ധതി പ്രവർത്തനങ്ങളിൽ പ്രഥമ പരിഗണന. ഈ വർഷം 45150 ഏക്കറിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിന് പഞ്ചായത്തുകൾ നേതൃത്വം നൽകിയിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതിയുടെ സഹായത്തോടെ 16450 ഏക്കർ തരിശ് കൃഷിയോഗ്യമാക്കിയിട്ടുണ്ട്. പച്ചക്കറിക്കൃഷിയിലും ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്.

ഭവന രഹിത കുടുംബങ്ങളില്ലാത്ത കേരളം ലക്ഷ്യമിട്ടുകൊണ്ടുള്ള ഇ.എം.എസ്. ഭവന പദ്ധതി, കേരളത്തെ മാലിന്യമുക്തമാക്കാനുള്ള മാലിന്യമുക്ത കേരളം പദ്ധതി എന്നിവയിലും കാര്യമായ പുരോഗതി നേടിയിട്ടുണ്ട്. ഗ്രാമവികസനത്തിനും നഗര വികസനത്തിനുമുള്ള കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിലും നടപ്പാക്കുന്നതിലും സർവകാല റെക്കാഡാണ് ഈ മൂന്ന് വർഷങ്ങൾ.

ജീവനക്കാരുടെ സ്ഥലംമാറ്റം ചിട്ടയായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാക്കാൻ കഴിഞ്ഞു. കെട്ടിട നിർമാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കുകയും നഗരാസൂത്രണ മാസ്റ്റർ പ്ലാനുകൾ കാലോചിതമായി പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രവർത്തനക്ഷമമല്ലാതിരുന്ന വികസന അതോറിറ്റികൾ നിർത്തലാക്കി. പട്ടികവിഭാഗങ്ങൾക്കുള്ള പദ്ധതികൾ പ്രത്യേക ശ്രദ്ധയോടെ പരിഗണിക്കാൻ തുടങ്ങി. അഗതികൾ



# സമ്പൂർണ്ണ നിർമ്മൽ പദവിയിലേക്ക്

കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് തദ്ദേശ ഭരണരംഗത്ത് രാജ്യത്തിനാകെ തന്നെ മാതൃകയാകുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞു. തൊഴിലുറപ്പുപദ്ധതി നടത്തിപ്പ്, ഭവന രഹിത കുടുംബങ്ങളില്ലാത്ത കേരളം ലക്ഷ്യമിട്ടുകൊണ്ടുള്ള ഇ.എം.എസ്. ഭവന പദ്ധതി, മാലിന്യമുക്ത കേരളം പദ്ധതി എന്നിവ അതിലെ നാഴികക്കല്ലുകളാണ്. ഗ്രാമവികസനത്തിനും നഗര വികസനത്തിനുമുള്ള കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിലും നടപ്പാക്കുന്നതിലും സർവകാല റെക്കോഡാണ് ഈ മൂന്ന് വർഷങ്ങൾ. ഇപ്പോൾ രാജ്യത്തെ തന്നെ ആദ്യത്തെ നിർമൽ സംസ്ഥാനമെന്ന പദവിയിലേക്ക് എത്തികൊണ്ടിരിക്കയാണ് കേരളം.




ക്കുള്ള ആശ്രയ പദ്ധതിക്കും ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കും വേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്കും സവിശേഷ പരിഗണന നൽകി.

**മാലിന്യമുക്തകേരളം**

മാലിന്യ നിർമാർജനത്തിനുള്ള പദ്ധതികൾ നടപ്പാക്കാനും പരിസരശുചിത്വം ഉറപ്പാക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. 172 പഞ്ചായത്തുകളൊഴികെയുള്ള പഞ്ചായത്തുകൾ എല്ലാം കേന്ദ്ര സർക്കാരിന്റെ നിർമൽ ഗ്രാമ പുരസ്കാരം നേടി. ഇവയെക്കൂടി ഇക്കൊല്ലം തന്നെ നിർമൽ പുരസ്ക്കാരത്തിന് അർഹരാക്കി സംസ്ഥാനത്തെ ആദ്യത്തെ നിർമൽ സംസ്ഥാനമാക്കാനുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്.

നഗരങ്ങളിലും നഗരവത്കൃത പഞ്ചായത്തുകളിലും ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ നല്ല പുരോഗതിയുണ്ട്. സാനിറ്റേഷൻ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചത് ഈ രംഗത്തെ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ സഹായിച്ചിട്ടുണ്ട്.

തൊഴിലുറപ്പുപദ്ധതി രാജ്യത്തിനാകെ മാതൃകയായരീതിയിലാണ് സംസ്ഥാനത്ത് നടപ്പാക്കിയത്. പാലക്കാട് ജില്ലയ്ക്ക് അഖിലേന്ത്യാ തലത്തിൽ അംഗീകാരം നേടാനും കഴിഞ്ഞു.

പ്രാദേശിക തലത്തിൽ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുള്ള നല്ല മാതൃകകൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. വനമേഖലയുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഗ്രാമീണ റോഡുകളുടെ നിർമിതിയിലും വലിയ മുന്നേറ്റമുണ്ടാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

**പദ്ധതിപ്രവർത്തനം കാര്യക്ഷമമാക്കുന്നു**

പൂർണമായും സുതാര്യവും



**തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള ധനസഹായം സെക്രട്ടറി എസ്.എം.വിജയാനന്ദിന് മന്ത്രി പാലൊളി മുഹമ്മദ് കുട്ടി കൈമാറുന്നു.**

## സാനിറ്റേഷൻ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചത് ശുചീകരണ രംഗത്തെ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ സഹായിച്ചിട്ടുണ്ട്.

സമയബന്ധിതവും കാര്യക്ഷമവുമായ രീതിയിൽ പദ്ധതി നിർവഹണം നടത്തുന്നതിനാവശ്യമായ പിന്തുണാസംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, ദുർബല ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ ഉറപ്പാക്കുക എന്നിവയാണ് പദ്ധതി പ്രവർത്തനത്തിൽ മുൻഗണന നൽകി വരുന്ന വിഷയങ്ങൾ.

ഗ്രാമസഭകൾ, കർമസമിതികൾ, ഉപദേശസമിതികൾ എന്നീ ജനകീയ സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനും സോഷ്യൽ ഓഡിറ്റിങ്ങ് വഴി പദ്ധതി പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഡോ. എം.എ.ഉമ്മൻ കമ്മിറ്റി നൽകിയിട്ടുള്ള നിർദേശങ്ങളിൽ പ്രസക്തമായവ നടപ്പാക്കിക്കൊണ്ട് ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ എടുത്തു വരികയാണ്.

പദ്ധതി പ്രവർത്തനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളും കംപ്യൂട്ടർവത്കരിക്കാനുള്ള പരിപാടികൾ ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷനാണ് ഇവയ്ക്ക് നേതൃത്വം നല്കുന്നത്. ഇപ്പോൾ തന്നെ ധാരാളം പഞ്ചായത്തുകൾഫ്രണ്ട്ഓഫീസുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. വരുന്ന വർഷം കൊണ്ട് എല്ലാ പഞ്ചായത്തുകളിലും ഇത് ഉറപ്പാക്കും.

മരാമത്ത് പണികളുടെ എസ്റ്റിമേറ്റു തയ്യാറാക്കലടക്കമുള്ള കാര്യങ്ങൾ കംപ്യൂട്ടർവത്കരിക്കാനും സുതാര്യമാക്കാനുമാണുദ്ദേശിക്കുന്നത്. തങ്ങളുടെ പ്രദേശത്തു നടക്കുന്ന മരാമത്ത് പണികൾ ഭംഗിയായി നടക്കുന്നു എന്നുറപ്പാക്കാൻ പ്രാദേശിക ജനസമൂഹം കൂടി പ്രവർത്തിച്ചാലേ അവ പൂർണമായും അഴിമതിരഹിതമാകൂ.

മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ജീവനക്കാരുടെ കുറവ് അനുഭവിക്കുന്നുണ്ട്. അതിന് പരിഹാരമായാണ് പുനർവിന്യാസം നടപ്പിലാക്കിയത്. ഉദ്യോഗസ്ഥ പുനർവിന്യാസം വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കോടതി കേസുകൾ കൂടി തീർച്ചയായാലേ പൂർണമാകൂ. ജീവനക്കാരുടെ ഇരട്ടനിയന്ത്രണം ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇക്കാര്യം വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് വ്യക്തത ഉണ്ടാക്കിയതിനുശേഷമേ സാധ്യമാകൂ. ഇതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

### ന്യൂനപക്ഷ ക്ഷേമം

ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹ്യ പദവിയും ജീവിത സാഹചര്യങ്ങളും ഉയർത്തുന്നതിന് മുഖ്യ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. ഈ നയത്തിന്റെ ഭാഗമായാണ് ജസ്റ്റിസ്. രജീന്ദർ സച്ചാർ കമ്മീഷൻ കേന്ദ്രത്തിന് നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് നടപ്പാക്കുന്നതിന് ഞാൻ ചെയർമാനായ കമ്മിറ്റി നിർദേശങ്ങൾ സമർപ്പിച്ചത്. പ്രസ്തുത നിർദേശങ്ങൾ സർക്കാർ അംഗീകരിക്കുകയും നിർവഹണ നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കേരളമാണ് ഇക്കാര്യത്തിൽ മുന്നോട്ടു വന്ന ആദ്യ സംസ്ഥാനം. ഇതിന്റെ ഭാഗമായി നടപ്പ് വർഷം മുസ്ലീം പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ്, മത്സരപ്പരീക്ഷകൾക്ക് സന്നദ്ധരാക്കുന്ന പരിശീലനങ്ങൾ, മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി-പെൻഷൻ എന്നിവ നടപ്പിലാക്കുന്നു. പത്ത് കോടി രൂപ ഈ ഇനത്തിൽ ഈ വർഷം ചെലവഴിക്കുന്നു. ന്യൂനപക്ഷ ക്ഷേമ കാര്യങ്ങൾക്കായി പ്രത്യേക വകുപ്പു രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ■

സംസ്ഥാനത്തെ
മുഴുവൻ തൊഴിലാളിക
ളേയും ഏതെങ്കിലും
ക്ഷേമപദ്ധതിയിൽ
അംഗമാക്കുന്നതിനുള്ള
നടപടികളാണ്
ഇടതുപക്ഷജനാധിപത്യ
മുന്നണി സർക്കാർ
സ്വീകരിച്ചു വരുന്നത്.
തൊഴിൽ അന്വേഷ
കർക്ക് മികച്ച പരിശീ
ലനം നൽകാനായി
17 ഐ.ടി.ഐ.കളെ
മികവിന്റെ
കേന്ദ്രങ്ങളായി
ഉയർത്തി.

**പി.കെ. ഗുരുദാസൻ**
തൊഴിൽ-എക്സൈസ് മന്ത്രി

# നേട്ടങ്ങളുമായി മുന്നോട്ട്

എൽഡി.എഫ്. സർക്കാർ അധികാരമേറ്റിട്ട് മൂന്ന് വർഷം പിന്നിടുകയാണ്. പ്രവർത്തനനിരതമായ കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് തൊഴിൽ എക്സൈസ് വകുപ്പുകളിൽ അഭിമാനിക്കാൻ വക നൽകുന്ന കുറേ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യം എനിക്കുണ്ട്. തൊഴിൽ മേഖലയിൽ കടുത്ത അസംതൃപ്തിയും അരാജകത്വവും നിലനിന്നിരുന്ന ഒരു സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരമേറ്റത്. വിവിധ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പണിയെടുക്കുന്നവർക്ക് അർഹമായ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന ബോധം വളർത്തിയെടുക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

ഉത്പാദനക്ഷമത മെച്ചപ്പെടുത്താനും ഉത്പാദനം വർധിപ്പിക്കാനും ഉത്പന്നങ്ങളുടെ ഗുണമേൻമ വർധിപ്പിക്കുന്നതിനും വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ നല്ലൊരളവുവരെ വിജയത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങളും സമൂഹത്തിലെ അടിത്തട്ടിൽ കഴയുന്നവരെ ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ, കശുവണ്ടി, തോട്ടം, കള്ള് ചെത്ത്, വ്യവസായം, ടെക്സ്റ്റയിൽ, മോട്ടോർ ട്രാൻസ്പോർട്ട്, കുട്ടനാട് കാർഷിക മേഖല എന്നീ മേഖലകളിലെ വ്യവസായബന്ധ സമിതി പുനഃസംഘടിപ്പിച്ചു പ്രവർത്തനം നടത്തിവരുന്നു. മറ്റു മേഖലകളിലും ഐ.ആർ.സി. രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ, കടകളും വാണിജ്യസ്ഥാപനങ്ങളും, കൈത്തറി, കള്ള് ചെത്ത്, ഖാദി വ്യവസായം, ഫാർമസ്യൂട്ടിക്കൽസ് & സെയിൽസ് എംപ്ലോയീസ് എന്നീ മേഖലകളിൽ മിനിമം വേജസ് പുനർനിർണയം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ മിനിമം വേതനം നടപ്പിലാക്കാതിരുന്ന ചില മേഖലകളിൽക്കൂടി അവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രൈവറ്റ് മോട്ടോർ തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കി നിശ്ചയിച്ചു.

തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ കാര്യക്ഷമമാക്കാനുള്ള ശക്തമായ ചില നടപടികൾ എടുത്തതിന്റെ ഗുണഫലങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. തൊഴിലാളി സംഘടനകളുടെ ദീർഘകാലാവശ്യമായ ട്രേഡ് യൂണിയൻ അംഗീകാരത്തിനുള്ള ബില്ലിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ കഴിഞ്ഞു. അടുത്ത നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത ബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അന്തർ സംസ്ഥാന കുടിയേറ്റ നിയമമനുസരിച്ച് അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളും മിനിമം വേജസ്സിൽ കുറയാത്ത വേതനവും ഉറപ്പാക്കുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. സംസ്ഥാനത്ത് ബാലവേല തടയാനുള്ള എല്ലാ ഊർജിത നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.



തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ODEPC) പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഏജൻസിക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 1106 ഉദ്യോഗാർഥികളെ

വിദേശത്തയച്ചു തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞു. ഇതൊരു സർവകാല റെക്കാഡാണ്. കൂടാതെ ഒരു ഡസനിലധികം വിദേശരാജ്യങ്ങളിലായി കൂടുതൽ തൊഴിലാളികളെ അയക്കുന്നതിനുള്ള പരിശ്രമം നടന്നുവരികയാണ്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (KILE)ന്റെ നേതൃത്വത്തിൽ നിരവധി സെമിനാറുകളും പരിശീലന പരിപാടികളും നടത്തി.

നിലനിൽക്കുന്ന തൊഴിൽ തർക്കങ്ങൾ കഴിവതും വേഗം പരിഹരിക്കുന്നതിനായി കേരളത്തിലെ ലേബർ കോടതികൾക്കും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾക്കും വേണ്ട പശ്ചാത്തല സൗകര്യം നൽകി.

വർക്ക്മെൻ കോമ്പൻസേഷൻ കോടതികൾ വഴി തൊഴിലാളികൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുകകൾ കഴിവതും വേഗം കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു.

**രാജ്യത്തെ ഏറ്റവും വലിയ സാമൂഹിക സുരക്ഷാ പദ്ധതിയായ ഇ.എസ്.ഐ പദ്ധതിയുടെ നടത്തിപ്പിന് കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണഭോക്താക്കളുടെ എണ്ണം 3,95,618 -ൽ നിന്നും 5,58,920 ആയി വർധിപ്പിച്ചു.**

കേന്ദ്ര തൊഴിൽ മന്ത്രാലയം ആവിഷ്കരിച്ച രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) നമ്മുടെ സംസ്ഥാനത്ത് ബി.പി.എൽ-എ.പി.എൽ ഭേദമന്യേ എല്ലാവർക്കും ബാധകമാകത്തക്കവിധം സമഗ്രമായ ഒരു പദ്ധതിയാക്കി ഉയർത്തി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് നാമകരണം ചെയ്തു. കേന്ദ്ര പ്ലാനിങ് കമ്മീഷന്റെ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമയത്തിന്റെ 75% കേന്ദ്ര ഗവൺമെന്റും 25% സംസ്ഥാന ഗവൺമെന്റും നൽകുകയും കേന്ദ്ര മാനദണ്ഡത്തിന് പുറത്തുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് മുഴുവൻ പ്രീമിയം തുകയും സംസ്ഥാന ഗവൺമെന്റ് തന്നെ നൽകുകയും ചെയ്യുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാത്ത മത്സ്യത്തൊഴിലാളി, എസ്.സി/എസ്.ടി ആശ്രയ കുടുംബങ്ങൾക്കുകൂടി ബി.പി.എൽ കുടുംബങ്ങളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ബി.പി.എൽ കുടുംബങ്ങൾ 30 രൂപ വീതവും എ.പി.എൽ. കുടുംബങ്ങൾ മുഴുവൻ പ്രീമിയം തുകയും സ്വന്തം നിലയിലും അടയ്ക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾ 28 ലക്ഷമാണ്. ഇതിൽ 8.5 ലക്ഷം കുടുംബങ്ങൾ ഇതിനകം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം നേടിക്കഴിഞ്ഞു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടികയിൽ ചില ക്രമക്കേടുകൾ ഉണ്ടെങ്കിലും ഈ പദ്ധതി തുടരാൻ തന്നെ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ബി.പി.എൽ-എ.പി.എൽ. സർവേ പൂർത്തിയാക്കിയതിനുശേഷം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അപാകതകൾ പരിഹരിച്ച് കൂടുതൽ സമഗ്രമായി പുനഃസംഘടിപ്പിക്കുന്നതാണ്. ഇൻഷ്വറൻസ് കമ്പനിയുമായി കരാറുണ്ടാക്കിയ സ്ഥിതിക്ക് ഈ പദ്ധതി നിർത്തിവയ്ക്കാനാവില്ല. നമ്മുടെ സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ വളർച്ചയ്ക്ക് ഏറെ പ്രോത്സാഹജനകമായ ഈ പദ്ധതി സാമ്പത്തികമായി പിന്നണിയിൽ കഴിയുന്ന മുഴുവൻ ജനങ്ങൾക്കും ആശ്വാസകരമായിരിക്കും.



വിദേശത്ത് ജോലിക്ക് പോകുന്ന നഴ്സുമാർക്കുള്ള യാത്രാരേഖകളുടെ വിതരണം തൊഴിൽമന്ത്രി പി.കെ.ഗുരുദാസൻ നിർവ്വഹിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആം ആദ്മി ബീമാ യോജന നമ്മുടെ സംസ്ഥാനത്ത് കൂടുതൽ വിപുലപ്പെടുത്തി 6.55 ലക്ഷം കുടുംബങ്ങൾക്ക് ബാധകമാക്കി. ഭൂരഹിത കുടുംബങ്ങൾക്ക് വേണ്ടിയുള്ള ഈ പദ്ധതി പ്രകാരം കുടുംബാംഗങ്ങൾക്ക് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്കുപുറമേ ഒൻപത് മുതൽ 12-ാം സ്റ്റാൻഡേർഡ് വരെയുള്ള രണ്ട് കുട്ടികൾക്ക് മാസം തോറും 100 രൂപ വീതം സ്കോളർഷിപ്പ് നൽകും. ഈ രണ്ട് പദ്ധതിയുടെയും മേൽനോട്ടം തൊഴിൽ വകുപ്പിനാണ്.

കേരളത്തിലെ മുഴുവൻ തൊഴിലാളികളെയും ഏതെങ്കിലും ക്ഷേമനിധി പദ്ധതിയിൽ അംഗമാക്കുന്നതിന് ലക്ഷ്യം വച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായാണ് ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി നിയമം നടപ്പിലാക്കിയത്. ഇതുമൂലം പത്തുലക്ഷത്തോളം പേർക്ക് ഗുണം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. 1,93,028 പേരെ ഒരുവർഷം കൊണ്ട് ഈ ക്ഷേമനിധിയിൽ അംഗമാക്കാൻ കഴിഞ്ഞു. അഞ്ച് ഹെക്ടറിൽ താഴെയുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്ന ചെറുകിട തോട്ടം തൊഴിലാളികൾക്കു വേണ്ടിയും ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. രണ്ടുലക്ഷത്തിലധികം ചെറുകിട തോട്ടം തൊഴിലാളികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. ആഭരണത്തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബിൽ നിയമസഭ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. എത്രയും വേഗം തന്നെ അത് നിയമമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. പ്രവാസി കേരളീയർക്കുവേണ്ടിയുള്ള ഒരു ക്ഷേമനിധി നിയമം കഴിഞ്ഞ നിയമസഭാ സമ്മേളനം പാസ്സാക്കി. ട്രേഡ് യൂണിയൻ റെക്കഗ്നീഷ്യൻ ബില്ലിന് കേന്ദ്രഗവൺമന്റിന്റെ അംഗീകാരം ലഭ്യമാക്കി.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 17 വൻകിട തോട്ടങ്ങൾ ഉൾപ്പെടെ 22 തേയിലത്തോട്ടങ്ങൾ അടഞ്ഞുകിടക്കുകയായിരുന്നു. അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിൽ അഞ്ച് എണ്ണം ഒഴികെയുള്ളവ തുറന്നു.

കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിക്കായി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.സി.ഡി.സിയിലെയും കാപ്പക്സിലെയും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും ഗ്രാറ്റുവിറ്റി കുടിശ്ശികയും നൽകി. മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന കോർപ്പറേഷൻ, കാപ്പെക്സ് ഫാക്ടറികൾ നവീകരിക്കാൻ നടപടികൾ സ്വീകരിച്ചു.

കശുമാവ് കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി 'കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടി

വേഷൻ' (KSACC) എന്ന ഏജൻസിക്കു രൂപം നൽകി. കഴിഞ്ഞ വർഷം മുതൽ കശുമാവ് കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കശുമാവ് കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിലേയ്ക്ക് 58 കോടി രൂപ കേന്ദ്ര ഹോർട്ടി കൾച്ചറൽ മിഷൻ അനുവദിച്ചു. ഇതിൽ 28 കോടി രൂപ ഈ വർഷത്തേയ്ക്ക് അനുവദിക്കുകയും പ്രാരംഭമായി അഞ്ച് കോടി രൂപ നൽകുകയും ചെയ്തു. സംസ്ഥാന ബജറ്റിൽ ഈ വർഷം മൂന്ന് കോടി രൂപ വകയിരുത്തി.

രാജ്യത്തെ ഏറ്റവും വലിയ സാമൂഹിക സുരക്ഷാ പദ്ധതിയായ ഇ.എസ്.ഐ പദ്ധതിയുടെ നടത്തിപ്പിന് കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ നിവേദനങ്ങളുടെ ഫലമായി കേന്ദ്ര സർക്കാരും ഇ.എസ്.ഐ കോർപ്പറേഷനും കേരളത്തിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണഭോക്താക്കളുടെ എണ്ണം 3,95,618–ൽ നിന്നും 5,58,920 ആയി വർധിപ്പിച്ചു. ഐ.പി.കളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചു. ഇ.എസ്.ഐ അംഗങ്ങളുടെ ആശ്രിതർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് ഏർപ്പെടുത്തിയിരുന്ന ഒരു ലക്ഷം രൂപ എന്ന പരിധി എടുത്തുകളഞ്ഞു. ഇ.എസ്.ഐ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു മെഡിക്കൽ കോളേജ് സംസ്ഥാനത്ത് സ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പാരിപ്പള്ളിയിൽ ഒരു മെഡിക്കൽ കോളേജും എഴുകോണിൽ ഒരു ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ അംഗങ്ങളുടെ കുട്ടികൾക്ക് മെഡിക്കൽ കോളേജിൽ പ്രവേശനത്തിന് സംവരണം നൽകുന്നതടക്കം ഗവൺമെന്റ് മെഡിക്കൽ കോളേജിനു തുല്യമായ അഡ്മിഷൻ മാനദണ്ഡങ്ങൾ ഇവിടെ നടപ്പിലാക്കും. മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമമാകുന്നതോടെ ഇ.എസ്.ഐ ആശുപത്രികളിൽ അനുഭവപ്പെടുന്ന ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കാൻ കഴിയും. അതിവിദഗ്ധ ചികിത്സയ്ക്കായി 57 ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇത്തരം ആശുപത്രികളിൽ പണം മുടക്കില്ലാതെ ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത വിദഗ്ധ ചികിത്സയ്ക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

രാജ്യത്തിനകത്തും പുറത്തും വലിയ തോതിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് വിദഗ്ധ തൊഴിൽ പരിശീലനം ആവശ്യമുണ്ട്. നമ്മുടെ തൊഴിൽ അന്വേഷകരിൽ മഹാഭൂരിപക്ഷവും വിദഗ്ധ പരിശീലനം ലഭിച്ചവരല്ല. അതുകൊണ്ട് വിദഗ്ധ തൊഴിൽ പരിശീലനം രാജ്യത്തും സംസ്ഥാനത്തും പ്രധാനപ്പെട്ട ആവശ്യമായി ഉയർന്നുവന്നിരിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ആധുനി കട്രേഡുകളുള്ള ഐ.ടി.ഐകളുടെ എണ്ണം പരമാവധി വർധിപ്പിക്കാനും നിലവിലുള്ള ഐ.ടി.ഐകളെ ഒന്നാംകിടയാക്കാനും കേന്ദ്രസഹായത്തോടെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആയി ഉയർത്താനും ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായപരിശീലന വകുപ്പിൻ കീഴിൽ 34 ഐ.ടി.ഐകൾ മാത്രമാണുണ്ടായിരുന്നത്. കഴിഞ്ഞ വർഷം 13 ഐ.ടി.ഐകൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞു. ഈ വർഷം 10 ഐ.ടി.ഐകൾ കൂടി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനകം 17 ഐ.ടി.ഐകൾ സെന്റേഴ്സ് ഓഫ് എക്സലൻസ് ആയി ഉയർത്തി. 21 ഐ.ടി.ഐകൾ ഫസ്റ്റ് ഗ്രേഡ് ആയി ഉയർത്തി. തൃശൂർ, കോഴിക്കോട്, കൊല്ലം, കോട്ടയം. തിരുവനന്തപുരം ജില്ലകളിൽ വ്യവസായ പരിശീലനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർഥികൾക്ക് ജോബ് ഫെയർ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ പരമ്പരാഗത കരകൗശല മേഖലയെ നവ ഊർജം നൽകി പുരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ കൊല്ലം കേന്ദ്രമാക്കി സ്ഥാപിച്ചു.

വർധിച്ചുവരുന്ന രാസാപകടങ്ങൾ നിയന്ത്രണ വിധേയമാക്കാൻ വ്യവസായകേന്ദ്രമായ എറണാകുളം കേന്ദ്രമാക്കി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൻ കീഴിൽ അന്തർദേശീയ നിലവാരമുള്ള ഒരു കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ (CHEMREC) സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകി.

ബോയ്ലറുകളുടെയും സ്റ്റീം പൈപ്പുകളുടെയും വെൽഡിങ്ങിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള യോഗ്യതാ പരീക്ഷയിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ഒരു കോടി രൂപ വകയിരുത്തി. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിങ് & റിസർച്ച് എന്ന സ്ഥാപനം ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പും കൊച്ചി ഫാക്ടും യും ചേർന്ന് സംയുക്തസംരംഭമായി ആരംഭിച്ചു.

## എക്സൈസ് വകുപ്പ്

പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ കള്ളുവ്യവസായത്തെ സംരക്ഷിക്കുന്നതോടൊപ്പം ജനപങ്കാളിത്തത്തോട സംസ്ഥാനത്തെ വ്യാജമദ്യ വിമുക്തമാക്കാനുള്ള യത്നത്തിലാണ് എക്സൈസ് വകുപ്പിൽ സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. അന്തർസംസ്ഥാന ബന്ധങ്ങളുള്ള മദ്യമാഫിയകളെ നിയന്ത്രിക്കുന്നതിൽ ഒരു പരിധിവരെ സർക്കാർ വിജയിച്ചു. അതിന്റെ ഫലമായി വ്യാജമദ്യത്തിന്റെ ഉത്പാദനം, വിതരണം, സ്പിരിറ്റ്കടത്ത് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും എക്സൈസ് വരുമാനത്തിൽ വലിയ വർധനവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വകുപ്പിന്റെ കരുത്തും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ പുതിയ 11 റേഞ്ചുകൾ ആരംഭിക്കുകയും ജീവനക്കാരുടെ അംഗബലം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഭരണ സംവിധാനം പുനഃസംഘടിപ്പിച്ച് ഡെപ്യൂട്ടി കമ്മീഷണർമാരുടെ നിയന്ത്രണത്തിലാക്കുകയും എൻഫോഴ്സ്മെന്റിനു മാത്രമായി അസിസ്റ്റന്റ് കമ്മീഷണറെ നിയോഗിക്കുകയും ചെയ്തു. സേനയിലെ മുഴുവൻ അംഗങ്ങൾക്കും എക്സൈസ് അക്കാഡമിയിൽ പരിശീലനം നൽകുന്നുണ്ട്. 107 വർഷം പഴക്കമുള്ള അബ്കാരി ആക്ടിലും ബന്ധപ്പെട്ട നിയമങ്ങളിലും കാലാനുസൃതമായ പരിഷ്ക്കരണം വരുത്തി വകുപ്പിനെ കൂടുതൽ ഊർജസ്വലമാക്കുന്നതിനും ജനകീയ കമ്മിറ്റികളുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വ്യാജമദ്യ വിമുക്തമാക്കി മദ്യവർജനം എന്ന സാമൂഹ്യലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമുള്ള യത്നത്തിലാണ് വകുപ്പ് ഏർപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ തൊഴിലും എക്സൈസും വകുപ്പുകൾ അഭിമാനപൂർവമായ നേട്ടങ്ങളുമായി മുന്നോട്ടു പോവുകയാണെന്ന് അസന്നിഗ്ദ്ധമായി പറയുവാൻ കഴിയും.■



**മന്ത്രിസഭയുടെ മൂന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി രണ്ടുരൂപ നിരക്കിൽ അരിവിതരണം നടത്തുന്നതിന്റെ ജില്ലാതല ഉദ്ഘാടനം കൊല്ലത്ത് മന്ത്രി പി.കെ.ഗുരുദാസൻ നിർവ്വഹിക്കുന്നു.**

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ
നാലാം വർഷത്തിലേക്ക്


**എം.എ. ബേബി**
വിദ്യാഭ്യാസ-സാംസ്കാരിക മന്ത്രി


# ഗുണമേൻമയേറുന്ന വിദ്യാഭ്യാസം

## സാംസ്കാരികമേഖലയിൽ ജനകീയ നയങ്ങൾ

ഗുണമേൻമയുള്ള വിദ്യാഭ്യാസം സാർവത്രികമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ വിദ്യാഭ്യാസമേഖലയിൽ ഓരോ ചുവടും വച്ചത്. ഇത്തവണത്തെ എസ്.എസ്.എൽ.സി ഹയർ സെക്കൻഡറി പരീക്ഷാ ഫലങ്ങൾ ഈ ഉദ്യമത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ വിഫലമല്ല എന്ന് തെളിയിക്കുന്നു.

വിദ്യാഭ്യാസം / സാംസ്കാരികം

ഈ വർഷത്തെ എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി പരീക്ഷാ ഫലങ്ങൾ പുറത്തുവന്ന സമയത്താണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മൂന്നു വർഷം വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ നടത്തിയ പ്രവർത്തനം സംബന്ധിച്ച ഈ കുറിപ്പ് എഴുതുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ തന്നെ ഈ വർഷവും മികവാർന്ന വിജയം കുട്ടികൾ നേടിയിട്ടുണ്ട്. ചിട്ടയായ പ്രവർത്തനത്തിലൂടെ റെക്കോഡ് സമയത്തിനുള്ളിൽ നടപടികൾ പൂർത്തിയാക്കി പരീക്ഷാഫലം മുൻവർഷത്തേതിലും നേരത്തേ പ്രഖ്യാപിക്കുവാൻ ഇത്തവണ കഴിഞ്ഞു. പഠനവും പരീക്ഷാ നടത്തിപ്പുമൊക്കെ കൂടുതൽ ചിട്ടയായും കാര്യക്ഷമമായും നടക്കുന്നതും കുട്ടികൾക്ക് കൂടുതൽ മികവാർന്ന വിജയമുണ്ടാകുന്നതുമെല്ലാം ഒരു പൊതു സമീപനത്തിന്റെയും അവ നടപ്പിലാക്കാനുള്ള ആത്മാർഥമായ നടപടികളുടെയും ഫലമാണ്. കാര്യങ്ങൾ വസ്തുനിഷ്ഠമായി, സസൂക്ഷ്മം വിലയിരുത്തുന്ന എല്ലാവർക്കും ഇത് ബോധ്യമാകും.

സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഈ സർക്കാർ അധികാരമേൽക്കുമ്പോൾ തന്നെ വ്യക്തമായ നയം രൂപീകരിച്ചിരുന്നു. തുല്യതയുടെയും സാമൂഹിക നീതിയുടെയും അടിസ്ഥാനത്തിൽ ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക എന്നതായിരുന്നു ആ നയത്തിന്റെ കാതൽ. ഇത് ഒന്നുകൂടി വിശദമാക്കാം. അഞ്ചുവയസ്സിൽ എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുക എന്ന നേട്ടം നാം വർഷങ്ങൾക്കുമുമ്പു തന്നെ നേടിക്കഴിഞ്ഞു. ആവശ്യത്തിന് സ്കൂളുകളും ഏതാണ്ടെല്ലാ മേഖലയിലും നമുക്കുണ്ട്. എന്നാൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ആശാവഹമായിരുന്നില്ല. എല്ലാവരും സ്കൂളിലെത്തിയാൽ മാത്രം പോരാ, എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുകയും വേണം. എങ്കിലേ വിദ്യാഭ്യാസത്തിന്റെ മൗലികലക്ഷ്യങ്ങൾ നേടാൻ കഴിയൂ. അതിനുള്ള തടസ്സങ്ങൾ കണ്ടറിഞ്ഞ് പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി പുനഃസംഘടിപ്പിക്കുക എന്ന ലക്ഷ്യമാണ് സർക്കാർ ഏറ്റെടുത്തത്. എല്ലാ സ്കൂളിലും 200 അധ്യായദിവസങ്ങളും 1000 മണിക്കൂറിലെങ്കിലും പഠനവും ഉറപ്പാക്കാനായി പരിശീലനങ്ങളും ക്ലസ്റ്റർ മീറ്റിങ്ങുകളും മറ്റും അവധിക്കാലത്തും അവധി ദിവസങ്ങളിലുമായി ക്രമീകരിച്ചു. തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ വിദ്യാലയാസൂത്രണത്തിനായി അവധിക്കാലത്ത് അധ്യാപകരുടെ കൂടിച്ചേരൽ നടത്തി. ഡി.ഡി., ഡി.ഇ.ഒ, എ.ഇ.ഒ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പാൾ എന്നിവർക്ക് സ്കൂൾ മാനേജ്മെന്റിൽ സമഗ്രപരിശീലനം ഉറപ്പാക്കി. സർവശിക്ഷാ അഭിയാനിലൂടെയും മറ്റ് ഏജൻസികളിലൂടെയും വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് നിലവാരം ഉയർത്താൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടു. അധ്യാപക രക്ഷാകർതൃസമിതി, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരുടെ കൂട്ടായ്മ ഓരോ സ്ഥാപനം തോറും കൂടുതൽ ശക്തമാക്കുകയും മോണിട്ടറിങ് ഫലപ്രദമാക്കുകയും ചെയ്തു. പ്രവർത്തനങ്ങൾ മാതൃകാപരമായി ഏകോപിപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കി. ഇതു കൂടാതെ വിജയശതമാനത്തിൽ പിന്നാക്കം നിന്ന സ്കൂളുകളെന്ന നിലയിൽ 2006-ൽ 104 സ്കൂളുകളെയും 2007, 08 വർഷങ്ങളിൽ 107 സ്കൂളുകളെയും ഉൾപ്പെടുത്തി പഠനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കി. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് നമ്മുടെ പൊതുവിദ്യാലയങ്ങളുടെ പഠനനിലവാരം ഉയർന്നതും പൊതുപരീക്ഷകളിൽ വിജയശതമാനം ഉയർന്നതും. വിജയശതമാനത്തിലെ കേവലമായ വർധന മാത്രമല്ല വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാനം. മറ്റു രംഗങ്ങളിലും നമ്മുടെ വിദ്യാലയങ്ങൾ മാതൃകയാവുകയാണ്. വായനാശീ

ലവും സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനവും മെച്ചപ്പെടുകയാണ്. കുട്ടികൾ ഭാവനാപൂർണമായ നിരവധി പഠന പ്രോജക്ടുകളും തയ്യാറാക്കുന്നു. ഒട്ടേറെ സ്കൂളുകളിൽ പുതിയ സിനിമകളുണ്ടാകുന്നു. കുട്ടികളുടെ നിരവധി നാടകങ്ങൾ അരങ്ങേറുന്നു. സൈക്ലിങ്ങും കായിക കലാപരിപാടികളുമൊക്കെയായി സ്കൂളുകൾ സജീവമാകുന്നു. ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് എന്റെ മരം പദ്ധതി, ഹരിതകേരളം പദ്ധതി, ഖാദി-കൈത്തറി യൂണിഫോം പദ്ധതി, സമ്പൂർണ കായികക്ഷമതാ പദ്ധതി, ഹെൽത്ത് കാർഡ് പദ്ധതി, വിദ്യാലയകൃഷി, സ്കൂൾ ശുചിത്വപദ്ധതി തുടങ്ങിയ നിരവധി പരിപാടികൾക്കും രൂപം നൽകി. ഇവയെല്ലാം ചേർന്ന് പൊതുവിദ്യാലയങ്ങളുടെ മുഖഛായ മാറ്റുകയാണ്; വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയേറ്റുകയാണ്.

2007-08 ൽ കാര്യക്ഷമതാ വർഷമായി പ്രഖ്യാപിച്ച് ആരംഭിച്ച നടപടികളെല്ലാം ഈ ഗുണമേൻമാ വർധനയ്ക്ക് ഏറെ സഹായിച്ചിട്ടുണ്ട്.

## ദുർബലവിഭാഗങ്ങൾക്ക് സ്കോളർഷിപ്പ്

പൊതുവിദ്യാഭ്യാസരംഗത്ത് വേറെയും നിരവധി കാര്യങ്ങൾ ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. രാജ്യത്താദ്യമായി സാമ്പത്തികമായും സാമൂഹികമായും



*മണ്ണെഴുത്ത്* പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.എ.ബേബി തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ നിർവ്വഹിക്കുന്നു.

പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി തലത്തിൽ പ്രതിവർഷം 5,000 രൂപ വീതം സ്കോളർഷിപ്പ് ഏർപ്പെടുത്തിയത് അതിലൊന്നാണ്. 10,000 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

## പാഠ്യപദ്ധതി പരിഷ്കരണം



കേന്ദ്ര സർക്കാർ 2005 ൽ തയ്യാറാക്കിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് പരിഗണിച്ച് സംസ്ഥാനങ്ങളോട് പാഠ്യപദ്ധതി പരിഷ്കരണത്തിന് ആവശ്യപ്പെട്ടിരുന്നു ഇതനുസരിച്ച് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് സംസ്ഥാന സാഹചര്യങ്ങൾക്കനുസൃതമായി വികസിപ്പിച്ച് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 തയ്യാറാക്കുകയും വിപുലമായ ജനകീയ ചർച്ചകൾക്ക് വിധേയമാക്കി അഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ പരിഷ്കരണം നടക്കുകയാണ്. നിരവധി പാഠപുസ്തകങ്ങൾ പരിഷ്കരിച്ചപ്പോൾ അതിൽപ്പെട്ട ഏഴാം ക്ലാസിലെ സാമൂഹിക ശാസ്ത്രം പാഠപുസ്തകത്തിലെ ചില പാഠങ്ങൾ സംബന്ധിച്ച് വിവാദമുണ്ടായി. ഒരു അക്കാദമിക് പ്രക്രിയയിലൂടെ രൂപം കൊള്ളുന്നതാണ് പാഠപുസ്തകങ്ങൾ. അതുകൊണ്ടു തന്നെ അതിൻമേലുള്ള വിമർശനങ്ങൾ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചത്. ഡോ.കെ.എൻ. പണിക്കർ അധ്യക്ഷനായ സമിതി അതന്വേഷിക്കുകയും അവർ നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ പാഠപുസ്തകത്തിൽ ഭേദഗതിവരുത്തുകയും ചെയ്തു. സർക്കാർ പ്രകടിപ്പിച്ച ഉയർന്ന ജനാധിപത്യബോധം കേരളീയ സൂഹം സ്വാഗതം ചെയ്തു.

## ഹയർസെക്കൻഡറി ഏകജാലകം

ഹയർസെക്കൻഡറി പ്രവേശനത്തിൽ അഴിമതിയും കാലതാമസവുമൊഴിവാക്കി സുതാര്യത ഉറപ്പുവരുത്താനും പല സ്കൂളുകളിൽ അഡ്മിഷനായി നെട്ടോട്ടമോടെണ്ട സ്ഥിതി ഒഴിവാക്കാനും കഴിഞ്ഞ പരിഷ്കാരമാണ് പ്ലസ്‌വൺ പ്രവേശനത്തിനുള്ള ഏക ജാലക സംവിധാനം, കഴിഞ്ഞ രണ്ടു വർഷങ്ങളിലുമായി സംസ്ഥാനം മുഴുവൻ ഈ രീതിയാണ് അവലംബിക്കുന്നത്. മെരിറ്റും സംവരണതത്വവും ഇതുവഴി എല്ലാ സ്ഥാപനങ്ങളിലും പാലിക്കാനായി. 2005 -06 ൽ ആകെ സീറ്റിന്റെ 78.39 ശതമാനമാണ് പ്രവേശനം നടന്നതെങ്കിൽ 2008-09 ൽ ഏകജാലകം വഴി 95.54 ശതമാനം സീറ്റുകളിൽ പ്രവേശനം നടത്തി. ഒ.ബി.സി, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കാണ് ഇതിൽ ഏറെ പ്രയോജനം ലഭിച്ചത്. ഒ.ബി.സി വിഭാഗത്തിൽ 38.48 ശതമാനം കുട്ടികൾക്കാണ് 2005 ൽ പ്രവേശനം ലഭിച്ചത്. ഇത് കഴിഞ്ഞ വർഷം 54.40 ശതമാനമായി വർദ്ധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലും ഇരട്ടിയിലധികം വർദ്ധനവ് പ്രവേശനതോതിൽ ഉണ്ടായി.

## പാഠപുസ്തക വിതരണം

പാഠപുസ്തകവിതരണം ഓരോ വർഷം കഴിയുന്തോറും മെച്ചപ്പെടുകയാണ്. ഈ വർഷം മുതൽ വിദ്യാഭ്യാസവകുപ്പ് നേരിട്ട് പാഠപുസ്തവിതരണം നടത്തുന്നു. അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുവാനും പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നയുടനേ തന്നെ വിതരണം ചെയ്യാനും ഈ വർഷം നടപടി കൈക്കൊണ്ട നടപടി പരക്കെ പ്രശംസിക്കപ്പെട്ട നടപടിയാണ്.

## മലബാർ മേഖലയ്ക്ക് പുത്തനുണർവ്വ്

മലബാർ മേഖലയിൽ ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി സീറ്റുകൾ വർദ്ധിപ്പിച്ചു. ഇതിനായി പുതിയ സ്കൂളുകൾ ആരംഭിക്കുകയും നിലവിലുള്ളവയിൽ അധിക ബാച്ചുകൾ അനുവദിക്കുകയും ചെയ്തു. മലബാർ പ്രദേശത്ത് എസ്.എസ്.എൽ.സി. കഴിഞ്ഞ കുട്ടികൾ അനുഭവിച്ചിരുന്ന പ്രയാസങ്ങൾ പരിഹരി

ക്കാനും ഹയർ സെക്കൻഡറി തലത്തിൽ ഒരു പുത്തനുണർവ്വുണ്ടാക്കാനും ഇതിലൂടെ കഴിഞ്ഞു. 26,136 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

### വിദ്യാഭ്യാസ മേഖലയിൽ ഐ.ടി. മുന്നേറ്റം

ലോകത്ത് ആദ്യമായി ഒരു സമയത്ത് അഞ്ചുലക്ഷത്തോളം വിദ്യാർത്ഥികൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഐ.ടി. പ്രായോഗികപരീക്ഷ എഴുതിയത് 2008ലെ എസ്.എസ്.എൽ.സി. പരീക്ഷയിലാണ്. സ്കൂളുകളിൽ പഠനത്തിനും പരീക്ഷയ്ക്കും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർബന്ധമാക്കിയതും സവിശേഷതയാണ്. ഇന്ത്യയിൽ ആദ്യമായി മുഴുവൻ ഹൈസ്കൂളുകളിലേക്കും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള പദ്ധതി ഐ.ടി. @ സ്കൂൾ പ്രോജക്ടിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. 38 വിദ്യാഭ്യാസ ജില്ലകളിലെ ഓരോ സ്കൂളുകളിലായി നടത്തിയ ഐ.ടി. അധിഷ്ഠിത പഠനത്തിന്റെ ട്രൈഔട്ട് വിജയം കണ്ടതിനാൽ അത് വ്യാപിപ്പിക്കാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു. ആദ്യമായി പ്രത്യേകമായൊരു ഐ.ടി. മേള ടെക്നോപാർക്കിൽ സംഘടിപ്പിക്കപ്പെട്ടു. എഡ്യൂസാറ്റിൽ, വിദ്യാഭ്യാസത്തിനു മാത്രമായുള്ള വിക്ടേഴ്സ് ചാനൽ പ്രാദേശിക കേബിൾ ശൃംഖല വഴി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസവകുപ്പിന്റെ വിവിധ ഇ.ഗവേർണൻസ് പ്രവർത്തനങ്ങളും ഐ.ടി. @ സ്കൂളിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു. ഉച്ചഭക്ഷണവിതരണ പ്രക്രിയയുടെ കംപ്യൂട്ടർവത്കരണം, സർവീസ്-ശമ്പള വിവരങ്ങളുടെ കംപ്യൂട്ടർവത്കരണം, സ്ഥലം മാറ്റ- നിയമന പ്രക്രിയകളുടെ കംപ്യൂട്ടർവത്കരണം, പാഠപുസ്തക വിതരണസമ്പ്രദായം ഓൺലൈനാക്കിയത് തുടങ്ങിയ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഈ വർഷത്തിലാണ് നടന്നത്. ഐ.ടി.സി. ഇൻ സ്കൂൾ സ്കീമിൽ സംസ്ഥാനത്തെ 1016 സർക്കാർ ഹൈസ്കൂളുകൾക്കായി അഞ്ചു വർഷത്തേക്ക് 50.8 കോടിയുടെ കേന്ദ്ര പദ്ധതി ലഭിച്ചതും നമ്മുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്.

### നൂറ്റുക്ക് നൂറ് പദ്ധതി

ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നിവയുടെ പഠനം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയും തെരഞ്ഞെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിവരുന്നു. സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടത്തുന്ന നൂറ്റുക്ക് നൂറ് എന്ന പദ്ധതിയുടെ അനുഭവം ഉൾക്കൊണ്ട് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും നവീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

### മാതൃഭാഷാ പഠനം

ലോകമെങ്ങും പ്രാഥമികവിദ്യാഭ്യാസം മാതൃഭാഷയിലാകുമ്പോൾ കേരളത്തിൽ പല വിദ്യാലയങ്ങളിലും നാലാം ക്ലാസുവരെ മലയാളം പഠിപ്പിച്ചിരുന്നില്ല. പല അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകളും മലയാളത്തിനു പകരം സ്പെഷ്യൽ ഇംഗ്ലീഷ് പഠിപ്പിക്കുകയായിരുന്നു. ഈ പ്രവണത അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിക്കുകയും കേരളത്തിലെ അംഗീകാരമുള്ള മുഴുവൻ സ്കൂളുകളിലും നാലാം ക്ലാസുവരെ മാതൃഭാഷാപഠനം നിർബന്ധമാക്കി ഉത്തരവിറക്കുകയും ചെയ്തു. പ്ലസ് ടു വിദ്യാലയങ്ങളിലെ പൊതുപരീക്ഷാ ചോദ്യപേപ്പറുകളിൽ, ഭാഷാവിഷയങ്ങൾ ഒഴികെ എല്ലാ വിഷയങ്ങളിലും മലയാളത്തിലും ചോദ്യങ്ങൾ നല്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

### സ്കൂളുകളിൽ ജനാധിപത്യവേദി

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയ പ്ലസ് ടു പ്ലസ്ടു വിഭാഗത്തിന് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ പ്രാതിനിധ്യം നല്കാത്ത അവസ്ഥ ഒഴിവാക്കി. സ്കൂളുകളിൽ ജനാധിപത്യവേദികൾ രൂപീകരിക്കുന്നതിന് നടപടികൾ പൂർത്തിയായി. എല്ലാതലത്തിലും പെൺകുട്ടികൾക്ക് തുല്യ പ്രാതിനിധ്യം ഉറപ്പാക്കുന്നു എന്നതാണ് സ്കൂൾ ജനാധിപത്യ വേദികളുടെ സവിശേഷത. വിദ്യാഭാസരംഗത്ത് നടക്കുന്ന എല്ലാ ജനകീയപരിപാടികളിലും കുട്ടികളുടെ കൂടി നേതൃപങ്കാളിത്തം ഉറപ്പാക്കുക എന്നത് ഒരു ലക്ഷ്യമാണ്.



തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ പട്ടികജാതി പട്ടികവർഗ്ഗ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം വിദ്യാഭ്യാസമന്ത്രി നിർവ്വഹിക്കുന്നു

### പ്ലസ് ടു തലത്തിൽ ഗ്രേഡിങ് നടപ്പാക്കി

എസ്.എസ്.എൽ.സിക്ക് ഗ്രേഡിങ് നടപ്പാക്കിയതിന്റെ തുടർച്ചയായി പ്ലസ് ടു തലത്തിൽ 2007 മാർച്ച് മുതൽ ഗ്രേഡിങ് നടപ്പാക്കിക്കഴിഞ്ഞു. എഴുത്തു പരീക്ഷയുടെ മാർക്കിനോടൊപ്പം ക്ലാസിലെ നിരന്തര മൂല്യനിർണയത്തിന്റെ സ്കോറുകൾ കൂടി അന്തിമ ഫലപ്രഖ്യാപനത്തിന് പരിഗണിക്കുന്ന രീതിയിലാണ് ഇതു നടപ്പിലായത്.

### വിദ്യാഭാസ ആക്ടും റൂളും പരിഷ്കരണം

1958 ലെ കേരളാ വിദ്യാഭ്യാസ ആക്ടും റൂളും (കെ.ഇ.എ.ആർ.) കഴിഞ്ഞ 50 വർഷത്തെ മാറ്റങ്ങൾക്കനുസൃതമായി പരിഷ്കരിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി. സി.പി. നായർ അധ്യക്ഷനായി കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിറിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവിഭാഗക്കാരുൾപ്പടെ വിപുലമായ ചർച്ചകൾക്ക് ശേഷം ഈ റിപ്പോർട്ട് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ നടന്നുവരുന്നു.

### പി.ടി.എ. രൂപീകരിക്കാനുള്ള മാർഗരേഖ

ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹൈസ്കൂൾ, പ്ലസ്ടു വിഭാഗങ്ങളുടെ പി.ടി.എ.പ്രവർത്തനങ്ങളിൽ വേണ്ടത്ര ഉദ്ഗ്രഥനം നിലവിലില്ല. ആ സാഹചര്യത്തിൽ ഇവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ വിശദമായ മാർഗരേഖകൾ സർക്കാർ ഉത്തരവായി ഇറങ്ങിക്കഴിഞ്ഞു. അതനുസരിച്ചാണ് ഇപ്പോൾ പി.ടി.എ പ്രവർത്തനങ്ങൾ നടക്കുന്നത്.

### എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമാക്കി

മുൻപ് സൂചിപ്പിച്ച പോലെ പരീക്ഷനടത്തിപ്പ് ഫലപ്രദവും കുറ്റമറ്റതുമാക്കിയതാണ് വിദ്യാഭ്യാസമേഖലയിലെ ശ്രദ്ധേയമായ മുന്നേറ്റം. മോഡൽ പരീക്ഷ നടത്തുന്ന ഘട്ടത്തിൽ ചോദ്യപ്പേപ്പർ ചോരാനിടയായ സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ പരീക്ഷകൾ ചിട്ടയായി നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി ചോദ്യപ്പേപ്പർ ട്രഷറികളിലും ബാങ്കുകളിലും സൂക്ഷിക്കേണ്ടി വന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ ചിട്ടയോടുകൂടി എസ്.എസ്.എൽ.സി പരീക്ഷ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

### ചൈൽഡ് സെൻസസ്

18 വയസ് വരെയുള്ള കുട്ടികളെ സംബന്ധിച്ച സമഗ്ര വിവരശേഖരമാണ് ചൈൽഡ് സെൻസസ് വഴി വിഭാവന ചെയ്യുന്നത്. 2007 മെയ് മാസം പ്രാഥമിക കണക്കെടുപ്പ് നടത്തി. അത് ക്രോഡീകരിച്ച് കരട് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. എസ്.എസ്.എ. യുടെ

ആഭിമുഖ്യത്തിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.

### വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനം

സംസ്ഥാന വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി വകുപ്പ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ്, എസ്.സി.ഇ.ആർ.ടി., എസ്.ഐ.ഇ.ടി., സീമാറ്റ്, എസ്.എസ്.എ. തുടങ്ങിയവയുടെ ഡയറക്ടർമാർ, എല്ലാ മാസവും ഒരുമിച്ചിരുന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കഴിഞ്ഞ മാസം ചെയ്ത പ്രവർത്തനങ്ങളുടെ അവലോകനവും തൊട്ടടുത്ത മാസത്തേക്കുള്ള ആസൂത്രണവും ചെയ്തു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഡി.ഇ.ഒ.മാർ വരെയുള്ള ഉദ്യോഗസ്ഥരുടെ അവലോകന യോഗം സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്നു. താഴെതലം മുതൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

### എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂളുകൾ

കണ്ണൂർ ജില്ലയിലെ പടിയൂർ, കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ എന്നിവിടങ്ങളിൽ ഹൈസ്കൂളുകൾ ആരംഭിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടു..

### പെൻഷനാകുന്നവരുടെ ആനുകൂല്യങ്ങൾ

വർഷാവസാനം പെൻഷൻപറ്റുന്ന പൊതുവിദ്യാഭാസ വകുപ്പ് ജീവനക്കാർക്കെല്ലാം പെൻഷനായാലുടനെ തന്നെ ഓഡിറ്റ് നടത്തി ബാധ്യതാ/ബാധ്യതരഹിത പത്രം കൊടുത്ത് പെൻഷൻ ആനുകൂല്യങ്ങൾ കഴിവതും നേരത്തെ കിട്ടാനുള്ള ക്രമീകരണം സംബന്ധിച്ച നടപടികൾ മുന്നേറുകയാണ്.

### സ്ഥലംമാറ്റങ്ങൾ ഓൺലൈനിൽ

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സുതാര്യമായി സ്ഥലം മാറ്റങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഈ വർഷം മുതൽ അധ്യാപകരുടെയും ഹെഡ്മാസ്റ്റർമാരുടെയും സ്ഥലം മാറ്റങ്ങൾ ഓൺലൈൻ വഴി നടത്തുകയാണ്. പല ജില്ലകളിലും അദ്ധ്യാപകരുടെ ഒഴിവുകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും നിയമനം നടത്തുന്നില്ലെന്ന് വ്യാപകമായി പരാതി ഉണ്ടാവാറുണ്ട്. ഇത് ഒഴിവാക്കാനായി ജില്ലകളിൽ ഇത്തരം ഒഴിവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### ഉന്നതവിദ്യാഭ്യാസ മേഖല

ഉന്നതവിദ്യാഭ്യാസ മേഖലയിൽ എല്ലാ നിയന്ത്രണവും ലംഘിച്ചുകൊണ്ട് സ്ഥാപനങ്ങളും കോഴ്സുകളും അനുവദിക്കുക വഴി കഴിഞ്ഞ യു.ഡി.എഫ് സർക്കാർ സ്വാശ്രയ വിദ്യാഭ്യാസരംഗം പൂർണമായും വിദ്യാഭ്യാസക്കച്ചവടക്കാരുടെ താത്പര്യങ്ങൾക്ക് എറിഞ്ഞുകൊടുത്തു. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലും അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിച്ച് ഈ രംഗത്തെ ദീർഘകാല പൊതുനിക്ഷേപവും സ്വകാര്യവത്കരിക്കുന്നതിനുള്ള കളമൊരുക്കി. ചില പ്രൊഫഷണൽ മേഖലകളിൽ ആവശ്യത്തിലധികം കോഴ്സുകളും കോളേജുകളും അനുവദിക്കുകയും അടിസ്ഥാന വിഷയങ്ങളുടെ പഠനവും, ഗവേഷണവും അവഗണിക്കുകയും ചെയ്തതിന്റെ ഫലമായി ഉന്നതവിദ്യാഭ്യാസരംഗത്തെ സമതുലിതമായ വളർച്ചയും ഗുണമേന്മയും തകർക്കപ്പെട്ടു. സർവോപരി, ഉന്നത വിദ്യാഭ്യാസ രംഗത്തു നിന്നും സാമൂഹ്യ നീതി പാടെ ഒഴിവാക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്.



സർവ്വവിജ്ഞാനകോശം പതിനാലാം വാല്യം വിദ്യാഭ്യാസമന്ത്രി പ്രകാശനം ചെയ്യുന്നു.

**ഇന്ത്യയിൽ ആദ്യമായി മുഴുവൻ ഹൈസ്കൂളുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള പദ്ധതി ഐ.ടി. @ സ്കൂൾ പ്രോജക്ടിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.**

ഇന്ത്യയിൽ തന്നെ ആദ്യമായി ഓൺലൈൻ കൗൺസിലിങ് സംവിധാനം ഏർപ്പെടുത്തി. ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ് ലക്ഷ്യം. പ്രവേശന പരീക്ഷയിൽ കോച്ചിങ് സെന്ററുകളുടെ അതിപ്രസരം വന്നതോടുകൂടി അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട്. വിദ്യാർത്ഥികൾ ഉയർന്ന ഫീസ് നൽകേണ്ട ഇത്തരം സെന്ററുകൾ സാധാരണക്കാരന് അപ്രാപ്യമാണ്. ഇതിന്റെയൊക്കെയടിസ്ഥാനത്തിൽ ഈ മേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതരത്തിലുള്ള എൻട്രൻസ് പരീക്ഷാപരിഷ്കാരങ്ങൾക്കു വേണ്ടിയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഡിഗ്രി-പി.ജി.-ഗവേഷണ വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും സാമ്പത്തിക പരിഗണനയുടെയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്നതിനുള്ള സ്കീം ആവിഷ്കരിച്ചു. സർവകലാശാല തലത്തിലുള്ള അദ്ധ്യാപകക്ഷാമത്തിന് താത്കാലിക പരിഹാരം കാണുന്നതിന് 100 താത്കാലിക തസ്തികകൾ വിവിധ സർവകലാശാലകളിലായി സൃഷ്ടിച്ചു. കേന്ദ്രസർക്കാർ പദ്ധതിയുടെ ഭാഗമായി പ്രൊഫണൽ വിദ്യാഭ്യാസത്തിന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് കഴിഞ്ഞു.

### സ്വാശ്രയ വിദ്യാഭ്യാസം

സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും സംരക്ഷിക്കുന്നതിന് സഹായകമായി നിയമനിർമ്മാണം ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു മാസത്തിനകം നടത്തുകയുണ്ടായി. കോടതി ഇടപെടൽ മൂലം പല പ്രധാന വകുപ്പുകളും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തന്നെ

ഫീസിന്റെയും പ്രവേശനത്തിന്റെയും കാര്യത്തിൽ ഒട്ടേറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

### ഉന്നതവിദ്യാഭ്യാസ കൗൺസിൽ

പ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനായ ഡോ. കെ.എൻ. പണിക്കർ ചെയർമാനായി വിവിധ സർവകലാശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാരിന് ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച് വിദഗ്ധോപദേശം നൽകുന്നതിനും, ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകുന്നതിനും രൂപീകരിച്ച ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഡിഗ്രിതല വിദ്യാഭ്യാസത്തിന്റെ സമഗ്രമായ പുനഃസംഘാടനം, കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നതിന് സഹായകമായ ക്ലസ്റ്റർ കോളേജ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കൽ, ഉന്നതല വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തി പ്രസിദ്ധീകരിക്കൽ, കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസനയരേഖ തയ്യാറാക്കൽ, മെറിറ്റിന്റെയും സാമ്പത്തിക മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്നതിന് 1 കോടി രൂപയുടെ ഫണ്ട് സ്വരൂപിക്കൽ, 2008 മുതൽ കോളേജുകളും കോഴ്സുകളും അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകൽ തുടങ്ങിയവ സംബന്ധിച്ച നിർദേശങ്ങൾ നല്കിക്കഴിഞ്ഞു.

### കൂടുതൽ കേന്ദ്ര സ്ഥാപനങ്ങൾ

സർക്കാരിലുള്ള സമയോചിതമായ ഇടപെടലിന്റെ ഭാഗമായി മുമ്പുണ്ടാകാത്ത വിധം കേന്ദ്രനിക്ഷേപം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബഹിരാകാശ പഠന ഗവേഷണ കേന്ദ്രം സ്ഥാപിച്ചു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ആരംഭിച്ചു. കേന്ദ്രസർവകലാശാല കാസർഗോഡ് ജില്ലയിൽ ആരംഭിക്കും.ഇന്തയിലെ പ്രധാനപ്പട്ട സർവ്വകലാശാലാക്യാമ്പസ്സുകൾ കേരളത്തിൽ ആരംഭിക്കും. ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി, അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി ക്യാമ്പസുകളാണ് ഇവിടെ ആരംഭിക്കുന്നത് കേന്ദ്ര സഹായത്തോടെ കലാമണ്ഡലത്തിന് ഡീംഡ് സർവകലാശാല പദവി നേടിയെടുക്കാൻ കഴിഞ്ഞു. കേന്ദ്ര സഹായത്തോടെ ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ശ്രമങ്ങൾ നടന്നുവരുന്നു. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിന് ഹൈദരാബാദിലുള്ള ഇംഗ്ലീഷ് & ഫോറിൻ ലാഗ്വേജസ് യൂണിവേഴ്സിറ്റി ക്യാമ്പസ് കേരളത്തിലാരംഭിക്കുന്നു.

### മറ്റു പദ്ധതികൾ

സർക്കാർ/എയ്ഡഡ് മേഖലയിൽ കഴിഞ്ഞ പത്തു വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന അധ്യാപകനിയമനം പുനഃരാരംഭിച്ചു. 1998-2001 കാലത്ത് ആരംഭിച്ച എയ്ഡഡ് കോഴ്സുകളിൽ അദ്ധ്യാപകനിയമനം അംഗീകരിക്കുന്നതിനുള്ള തീരുമാനവുമായി ഹയർ സെക്കൻഡറി മേഖലയിലും 2000 പുതിയ തസ്തികകൾ അനുവദിക്കാൻ തീരുമാനമായി.

## സാംസ്കാരിക വകുപ്പ്

നവോത്ഥാന മൂല്യങ്ങളിൽ നിന്നു കേരളീയ സമൂഹത്തെ പിന്നാക്കം വലിക്കാനും ആഗോളവത്കരണത്തിനും വർഗീയതയ്ക്കും അനുഗുണമായ പൊതുബോധം സൃഷ്ടിക്കാനും പ്രതിലോമ ശക്തികൾ ശക്തമായ ശ്രമങ്ങൾ നടത്തുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിലേറിയത്. അതിനെ പ്രതിരോധിച്ച് കേരളീയത്തനിമകളെ സംരക്ഷിക്കാനും മതേതരത്വവും സ്വാശ്രയത്വവും നിലനിർത്താനും കൂട്ടായ്മ

> ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി, അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി എന്നീ ഇന്ത്യയിലെ പ്രധാനപ്പെട്ട സർവ്വകലാശാലാ ക്യാമ്പസുകൾ കേരളത്തിൽ ഉടൻ ആരംഭിക്കും.

യും സഹകരണവും ഊട്ടിവളർത്താനും ഉതകും വിധം നമ്മുടെ സാംസ്കാരിക മണ്ഡലത്തെ പുനർ നിർമിക്കേണ്ടതുണ്ട്. സർക്കാരിനു മാത്രമായി അതുചെയ്യാനാകില്ല. എങ്കിലും സർക്കാരിന്റെ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങൾ അതിനു സഹായകമാകും. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക മേഖലയിൽ ശ്കതമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാരിനായിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളെയെല്ലാം ചടുലമാക്കാൻ സഹായകമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. സാംസ്കാരിക രൂപങ്ങളെയും തനിമകളെയും പരസ്പരം കൈമാറാൻ സഹായിക്കുന്ന വേദികൾ ബോധപൂർവ്വം ഒരുക്കുന്നുണ്ട്.

ഒക്ടേവ് ഇതിനൊരുദാഹരണമാണ്. ജനപങ്കാളിത്തത്തോടെ നാടിന്റെ തനത് സംസ്കൃതികളെ പരിപോഷിപ്പിക്കാൻ സഹായകമായ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളെല്ലാം പുനഃസംഘടിപ്പിച്ചു. എല്ലാ സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തി. കേരളപ്പിറവി അമ്പതാം വാർഷികം, ആദ്യ സർക്കാരിന്റെ അമ്പതാം വാർഷികം എന്നിവ വിപുലമായി ആഘോഷിച്ചു. കലാമണ്ഡലത്തെ കല്പിത സർവകലാശാലയാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പുതിയ കോഴ്സുകൾ ആരംഭിച്ചു. അവശകലാകാര പെൻഷൻ തുക വർദ്ധിപ്പിച്ചു. നാനൂറു പേർക്ക് നല്കി വന്നിരുന്ന പെൻഷൻ ആയിരം പേർക്ക് നല്കുന്നതിന് തുടക്കമിട്ടു. അഷ്ടകം 2008 കേരളത്തിൽ സംഘടിപ്പിച്ചു. സംഗീത നാടക അക്കാദമി വളപ്പിലുള്ള റീജിയണൽ തീയേറ്റർ ഒരു കോടി രൂപ മുടക്കി നവീകരിച്ചു. കേരള നാടൻകലാ അക്കാദമിക്ക് പുതിയ ഭരണ ബ്ലോക്ക് നിർമ്മിച്ചു. ആധുനിക സൗകര്യങ്ങളോടെയുള്ള ചലച്ചിത്രോത്സവസമുച്ചയത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിച്ചു വരുന്നു.രോഗികളായ കലാകാരന്മാർക്ക് ചികിത്സാ ധനസഹായം കൃത്യമായി നൽകുന്നു. കെ.എസ്.എഫ്.ഡി.സി-യെ നവീകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. സർവവിജ്ഞാന കോശം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയും വിധം പ്രവർത്തനങ്ങൾ ഉഷാറിലാണ്. 14 -ാം വാല്യവും ഒന്നാം വാല്യത്തിന്റെ പരിഷ്കരിച്ച പതിപ്പും പുറത്തിറക്കി. സാഹിത്യ വിജ്ഞാന കോശം ആറാം വാല്യവും സർവവിജ്ഞാനകോശം പരിഷ്കരിച്ച രണ്ടാം വാല്യവും ഈ മാസം പുറത്തിറങ്ങും. ശാസ്ത്ര വർഷം പ്രമാണിച്ച് പരിണാമ വിജ്ഞാനകോശം, ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം എന്നിവയും സർവവിജ്ഞാനകോശം 15-ാം വാല്യവും പണിപ്പുരയിലാണ്. ഭാഷാ ഇൻസ്റ്റിട്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ട്, വൈലോപ്പിള്ളി സംസ്കൃതി ഭവൻ വിവിധ അക്കാദമികൾ എന്നിവ ഉൾപ്പടെ എല്ലാ സാസ്കാരിക സ്ഥാപനങ്ങളും പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്തിക്കഴിഞ്ഞു.

ചടുലമായ നടപടികളും പരിഷ്കാരങ്ങളും വരുമ്പോൾ പലപ്പോഴും വിവാദങ്ങളുണ്ടാക്കി കുമ്പടയ്ക്കാനുള്ള ശ്രമം ചില കോണിൽ നിന്നുണ്ടാകുന്നുണ്ട്. കഴമ്പുള്ള വിമർശനങ്ങൾക്കു പരിഗണന നല്കിയും അല്ലാത്തവ സംബന്ധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയും വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിൽ ജനകീയ നയങ്ങൾ നടപ്പാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള സമൂഹത്തിന്റെ പുരോഗതി ആഗ്രഹിക്കുന്ന ഏവരും ഇക്കാര്യത്തിൽ സർക്കാരിനു വേണ്ട പിന്തുണ നല്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.■

**പി.കെ. ശ്രീമതി ടീച്ചർ**
ആരോഗ്യ-സാമൂഹികക്ഷേമ മന്ത്രി

# മുഖച്ഛായ മാറുന്ന പൊതുജനാരോഗ്യമേഖല

പൊതുജനാരോഗ്യ മേഖലയുടെ ഒന്നാം സ്ഥാനം വീണ്ടെടുത്ത് സമൂഹത്തിലെ താഴേത്തട്ടിലുള്ളവർക്കും ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള ചികിത്സ പരമാവധി കുറഞ്ഞ ചെലവിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കഴിഞ്ഞ മൂന്ന് വർഷവും പ്രവർത്തിച്ചത്.

ആരോഗ്യം / സാമൂഹിക ക്ഷേമം



രാജഭരണകാലം തൊട്ട് രൂപം കൊണ്ട സാർവത്രികവും സൗജന്യവുമായ ചികിത്സയെന്ന സങ്കൽപ്പം കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ അന്യം നിന്നു പോയി. പാവപ്പെട്ട രോഗികൾക്ക് അത്താണിയായിരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തൊട്ട് മെഡിക്കൽ കോളേജ് ആശുപത്രികൾ വരെ ശോഷിച്ച് ശോഷിച്ച് മൃതപ്രായത്തിലെത്തി. സ്വകാര്യ ആശുപത്രികൾ തഴച്ചുവളർന്നു. ഈ ഘട്ടത്തിലാണ് 2006 മെയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലെത്തിയത്.

പൊതുജനാരോഗ്യമേഖലയുടെ നഷ്ടപ്പെട്ട പ്രതാപം തിരികെക്കൊണ്ടുവരികയെന്നതായി ഞങ്ങളുടെ മുന്നിലെ പ്രധാന അജണ്ട. ഇതിനായി ബഹുമുഖമായ പദ്ധതികൾ ആസൂത്രണം ചെയ്തു. കേരളത്തിന്റെ ശോചനീയമായ മുഖം കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന് മുന്നിൽ അവതരിപ്പിക്കുകയും അർഹിക്കുന്ന സഹായം പരമാവധി നേടിയെടുക്കുകയും ചെയ്തു. ഇങ്ങനെ കർമനിരതമായ മൂന്ന് വർഷം പിന്നിട്ടപ്പോൾ ആരോഗ്യമേഖലയ്ക്ക് പുതുജീവൻ കൈവരിക്കുന്ന കാഴ്ചയാണ് എങ്ങും ദൃശ്യമാവുന്നത്. അടുത്ത ഒരുവർഷം കൂടി കഴിയുമ്പോഴേക്കും വീണ്ടും കേരളത്തിലെ ജനകീയാരോഗ്യമേഖല ലോകത്തിന് മുന്നിൽ തലയുയർത്തി നിൽക്കുമെന്ന് ഇപ്പോൾ തന്നെ തറപ്പിച്ചുപറയാം.

ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി മുന്തിയ പരിഗണന നൽകിയത് കേരളത്തിലെ 115 സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ്. ഇതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യവികസനത്തിന് വിപുലമായ പദ്ധതികൾ തയ്യാറാക്കി. 100 ലേറെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം ദ്രുതഗതിയിൽ പൂർത്തിയാക്കി. അവശേഷിക്കുന്നവയുടെ പ്രവർത്തനവും ഉടൻ പൂർത്തിയാക്കും. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ദേശീയ നിലവാരത്തിലേക്ക് ഉയരുന്ന ഈ ആശുപത്രികളിൽ ഈ വർഷം ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും ഇതര ജീവനക്കാരെയും താൽക്കാലികാടിസ്ഥാനത്തിൽ നിയോഗിക്കും.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലുള്ള (ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് - ഐ.പി.എച്ച്.എസ്.) ഗുണനിലവാരവും സേവനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായി 31 ഗവൺമെന്റ് ആശുപത്രികളെയും 96 പി.എച്ച്.സികളെയും സി.എച്ച്.സിക

ളായും 153 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ച്ചികിത്സയുള്ള പി.എച്ച്.സികളായും ഉയർ ത്തി. ഇതോടെ സംസ്ഥാനത്ത് കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ എണ്ണം 115 എന്നത് 231 ആയി. നിലവാരമുയർത്തിയ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കു കയും ഡോക്ടർമാരെയും ഇതര ജീവന ക്കാരെയും നിയമിക്കുകയും ചെയ്യും.

ഇതിന് പുറമെ സുനാമി പുനരധി വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ മേഖലയിലെ 126 ആശുപത്രികളുടെ നവീ കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറി ച്ചു. ഇതിൽ 90 ഓളം ആശുപത്രികളുടെ നവീകരണം പൂർത്തിയാക്കി.

പൊതുജനാരോഗ്യ മേഖലയിൽ രോഗി കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക യെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ സ്പെഷ്യാലിറ്റി-അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പാക്കുവാൻ തീരുമാനിച്ചത്. ഏതാണ്ട് മൂന്ന് പതിറ്റാണ്ട് മുമ്പ് ഉയർന്ന ഒരു നിർദേശമായിരുന്നു ഇത്. പക്ഷേ മുൻകാലങ്ങളിൽ ഇതിന് വേണ്ടി സർക്കാ രുകൾ മുൻകൈ എടുത്തില്ല. ഈ വർഷം ജൂൺ മാസത്തിൽ 100 കിടക്കകൾക്ക് മുക ളിലുള്ള മുഴുവൻ ആശുപത്രികളിലും ആഴ്ചയിൽ ആറ് ദിവസവും സ്പെഷ്യ ലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാ ക്കും.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ കടുത്ത ക്ഷാമം നേരിടാൻ. എം.ബി.ബി.എസ് പൂർത്തിയാ ക്കുന്ന ഡോക്ടർമാർക്ക് ഒരു വർഷത്തെ നിർബന്ധിത ഗ്രാമീണ സേവനം ഏർപ്പെ ടുത്തിയത്. ഇതോടെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ ക്ഷാമം വലിയ അള വോളം പരിഹരിക്കുവാനായി. അടുത്ത ഒരു വർഷത്തിനകം ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ ദൗർലഭ്യം ഇല്ലാതാവും.

കേരളത്തിലെ അഞ്ച് സർക്കാർ മെഡി ക്കൽ കോളേജുകളിലെയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം കടുത്ത പ്രതിസന്ധിയിലായിരുന്നു. ഇത് പരിഹരി ക്കുന്നതിന് നടപടി സ്വീകരിച്ചു. തിരുവന ന്തപുരം മെഡിക്കൽ കോളേജിൽ 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കോഴി ക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് തുറന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.എം.സി.എച്ചിൽ 50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങി. ആല പ്പുഴ മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം വണ്ടാനത്തേക്ക് മാറ്റി. സർജിക്കൽ ബ്ലോക്ക് ഒക്ടോബറിൽ വണ്ടാനത്തേക്ക് മാറ്റും. കോട്ടയം മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്ക് തുറന്നു.

അഞ്ച് മെഡിക്കൽ കോളേജുകളിലും എം.ആർ.ഐ സ്കാനിങ് മെഷീൻ ഉൾപ്പെ ടെയുള്ള അത്യാധുനിക ഉപകരണങ്ങളുടെ അഭാവവും കടുത്ത പ്രശ്നങ്ങളാണ്



**തിരുവനന്തപുരം മെഡിക്കൽ കോളേജ് അത്യാഹിതവിഭാഗത്തിലെ ചികിത്സാസംവിധാനങ്ങൾ മന്ത്രി പി.കെ. ശ്രീമതി ടീച്ചർ പരിശോധിക്കുന്നു.**

സൃഷ്ടിച്ചിരുന്നത്. ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചു. കോഴിക്കോട് എം.ആർ. ഐ സ്കാനിങ് മെഷീൻ ഉൾപ്പെടെ സ്ഥാപി ച്ചു. മറ്റ് നാല് മെഡിക്കൽ കോളേജുകളിലും ഈ വർഷം സ്ഥാപിക്കും.

മെഡിക്കൽ കോളേജുകളിൽ ഡോക്ട ർമാരുടെ ക്ഷാമവും പ്രതിസന്ധി സൃഷ്ടി ച്ചിരുന്നു. ഇത് പരിഹരിക്കുന്നതിന്റെ ഭാഗ മായി റസിഡൻസി സമ്പ്രദായം ഏർപ്പെടു ത്തി. കൂടാതെ ഡോക്ടർമാരുടെ സമയബ ന്ധിത പ്രമോഷനും നടപടി സ്വീകരിച്ചു.

എൻ.ആർ.എച്ച്.എം. പദ്ധതി 2005-ൽ 18 സംസ്ഥാനങ്ങളിൽ പൂർണ തോതിൽ തുട ങ്ങിയെങ്കിലും കേരളത്തെ ഈ ഗണത്തിൽ പെടുത്തിയിരുന്നില്ല. ഈ സർക്കാർ അധി കാരത്തിൽ വന്നശേഷം എൻ.ആർ.എ ച്ച്.എം ഫലപ്രദമായി നടപ്പാക്കുന്നതിന് ഡയറക്ടറെ നിയോഗിക്കുകയും തുടർപ്ര വർത്തനങ്ങൾ നടത്തുകയും ചെയ്തു.

സ്കൂൾ വിദ്യാർഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് സംസ്ഥാനത്തെ 1100 വിദ്യാലയ ങ്ങളിൽ വിദ്യാലയ ആരോഗ്യ പരിപാടിക്ക് തുടക്കം കുറിച്ചു. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാലയം എന്ന തോതിലും കോർപ്പറേഷൻ, മുനിസിപ്പാ ലിറ്റി പരിധിയിലുള്ള വിദ്യാലയങ്ങളിലുമാ യാണ് പദ്ധതി നടപ്പാക്കുന്നത്. *മൈനസ് ടു റ്റു പ്ലസ് ടു* എന്നറിയപ്പെടുന്ന പദ്ധതി യിൽ പ്രീപ്രൈമറി തൊട്ട് പ്ലസ് ടു വരെ യുള്ള വിദ്യാർഥികളെയാണ് ഉൾപ്പെടുത്തു ന്നത്.

പേവിഷബാധയേറ്റവർക്ക് പേശികളിൽ കുത്തിവയ്പ് നടത്തുന്ന ഇൻട്രാ മസ്കു ലർ രീതിക്ക് പകരം തൊലിക്കുള്ളിൽ കുത്തിവയ്പ് നടത്തുന്ന ഇൻട്രാ ഡെർമൽ (ഐ.ഡി.ആർ.വി) രീതിയ്ക്ക് തുടക്കം കുറി ച്ചു. പൂർണമായും സൗജന്യ കുത്തിവയ്പ് നൽകും.

സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് പാർലറുകളെയും മറ്റ് ആയുർവേദ ചികിത്സാ കേന്ദ്രങ്ങളെയും നിയന്ത്രിക്കുന്നതിന് നിയമ നിർമാണം നട ത്തി. നിയമം നടപ്പാക്കുന്നതിന് ആവശ്യ മായ ചട്ടങ്ങൾ പുറപ്പെടുവിച്ചതിനെ തുടർന്ന് 2008 നവംബർ ഒന്ന് മുതൽ നിയമം പ്രാബല്യത്തിൽ വന്നു. ഇന്ത്യയിൽ ആദ്യ മായാണ് ഇത്തരത്തിൽ ആയുർവേദ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സമ ഗ്രമായ നിയമം നിലവിൽ വരുന്നത്.

പി.ജി പ്രവേശനത്തിന് ഡോക്ടർ മാർക്ക് നേരത്തെ ലഭിച്ചിരുന്ന സംവരണാ നുകൂല്യം 2000-ത്തിൽ മെഡിക്കൽ കൗൺ സിൽ പുറപ്പെടുവിച്ച റെഗുലേഷൻ അനു സരിച്ച് നഷ്ടമായിരുന്നു. ഇത് പുനഃസ്ഥാ പിച്ചു. മെഡിക്കൽ കോളേജ് ലക്ചറർമാർ, ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, സ്റ്റേറ്റ് ഇൻഷുറൻസ് ഡോക്ടർമാർ എന്നിവർക്ക് ഈ തീരുമാനപ്രകാരം പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സിന് ചേരാനുള്ള അവസരം നഷ്ട മാക്കിയിരുന്നു.

സംസ്ഥാനത്ത് രണ്ട് വർഷം മുമ്പ് പകർച്ചപ്പനി പിടിപെട്ടപ്പോൾ രോഗ പരി ശോധനയ്ക്ക് പോലും സംവിധാനം ഇല്ലാത്ത സ്ഥിതിയായിരുന്നു. ആലപ്പുഴ യിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർ ത്തനം പുനരുജ്ജീവിപ്പിച്ചു. കൂടാതെ കേന്ദ്ര സർക്കാരിൽ കടുത്ത സമ്മർദം ചെലുത്തി യതിനെത്തുടർന്ന് ആലപ്പുഴയിൽ നാഷ ണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതി നായി സംസ്ഥാന സർക്കാർ അഞ്ച് ഏക്കർ സ്ഥലം വിട്ടുകൊടുത്തു. 2064 കോടി രൂപ കേന്ദ്രം അനുവദിച്ചു. നാഷണൽ വൈറോ ളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം തുടങ്ങി ക്കഴിഞ്ഞു. വണ്ടാനത്ത് മെഡിക്കൽ കോളേ ജിന്റെ കെട്ടിടത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ട് താൽക്കാലികമായി പ്രവർത്തിക്കുന്നത്.

മെഡിക്കൽ കോളേജുകളിലെ ജീവന ക്കാർ ഒരേ സമയം ആരോഗ്യ വകുപ്പിനും

ആരോഗ്യവിദ്യാഭ്യാസവകുപ്പിനും കീഴിൽ ഇരട്ടനിയന്ത്രണത്തിൽ ആയിരുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന പരാതി വ്യാപകമായിരുന്നു. ഈ സർക്കാർ ദ്വിമുഖ നിയന്ത്രണം എടുത്തുകളയുന്നതിനുള്ള ഉത്തരവിറക്കി. തുടർ നടപടികൾ ഉടൻ പൂർത്തിയാക്കും.

ക്യാൻസർ ചികിത്സാ രംഗത്ത് കേരളത്തിന്റെ അഭിമാനമായിരുന്ന ആർ.സി.സി. അവഗണനയുടെ നടുവിലായിരുന്നു. ഇവിടെ എം.ആർ.ഐ സ്കാൻ, റേഡിയോ കൊബാൾട്ട് യൂണിറ്റ് തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി. മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് സ്ഥാപിച്ചു. മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് പ്രവർത്തിക്കുന്ന രാജ്യത്തെ നാലാമത്തെ സംസ്ഥാനമായി കേരളം മാറി. ഒരു സംസ്ഥാന സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ആദ്യത്തെ മജ്ജമാറ്റിവയ്ക്കൽ ശസ്ത്രക്രിയാ യൂണിറ്റാണിതെന്ന പ്രത്യേകതയുമുണ്ട്. വേദനതിന്നുന്ന രോഗികൾക്ക് സാന്ത്വനമേകുന്ന മോർഫിൻ ഉത്പാദിപ്പിക്കുന്ന യൂണിറ്റും ആരംഭിച്ചു.

ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട സ്ത്രീകളുടെ ആദ്യ രണ്ട് പ്രസവത്തിന് നഗരങ്ങളിൽ 700 രൂപയും ഗ്രാമങ്ങളിൽ 600 രൂപയും നൽകുന്നു. കൂടാതെ 300 രൂപ യാത്രാ ചെലവും നൽകാൻ തീരുമാനിച്ചു. 2006-07 സാമ്പത്തിക വർഷം 58,296 പേർക്കാണ് ധനസഹായം നൽകിയതെങ്കിൽ 2007-08 സാമ്പത്തിക വർഷം ഇത് 1,23,131 ആയി ഉയർന്നു. 2008 സാമ്പത്തിക വർഷം ഡിസംബർ 31 വരെ 1,04,445 പേർക്ക് സഹായം നൽകി. അനധികൃതമായി ജോലിക്ക് ഹാജരാവാത്ത ഡോക്ടർമാരുടെ കൃത്യമായ കണക്ക് പോലും ബന്ധപ്പെട്ടവർ സൂക്ഷിച്ചിരുന്നില്ല. ഈ സ്ഥിതി മാറ്റി. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഹെൽത്ത് സർവീസിലെ 124 ഡോക്ടർമാരെയും മെഡിക്കൽ എജുക്കേഷൻ വകുപ്പിലെ 260 ഡോക്ടർമാരെയും പിരിച്ചുവിട്ടു. 14 നഴ്സിങ് കോളേജ് അധ്യാപകരെയും പിരിച്ചുവിട്ടു. ഈ തസ്തികകളിൽ പുനർനിയമനം നടത്തി. 400 ലേറെ പുതിയ തസ്തികകൾ സൃഷ്ടിച്ചു. 9755 പേർക്ക് സ്ഥിര നിയമനം നൽകി. 4688 പേർക്ക് പ്രമോഷൻ നൽകി. 1413 സ്റ്റാഫ് നഴ്സുമാർക്ക് സ്ഥിരം നിയമനം. 1000 എൻ.ആർ.എച്ച്.എം നഴ്സുമാരെ നിയമിച്ചു. 3479 നഴ്സുമാർക്ക് പ്രമോഷൻ നൽകി. കഴിഞ്ഞ പത്ത് വർഷത്തോളമായി മുടങ്ങിക്കിടന്നിരുന്ന പ്രമോഷനാണ് നഴ്സുമാർക്ക് ലഭിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ആശുപത്രികൾ പ്രവർത്തനരഹിതമായിരുന്നു. അവയെല്ലാം തുറക്കുവാനും പൂർണതോതിൽ പ്രവർത്തിപ്പിക്കാനുമായി. തലസ്ഥാന നഗരിയിലെ ഫോർട്ട് ആശുപത്രി, നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, താമരശ്ശേരി സി.എച്ച്.സി, കൊടുവള്ളി സി.എച്ച്.സി, കരിവെള്ളൂർ ഗവൺമെന്റ് ആശുപത്രി ഉൾപ്പെടെ നിരവധി ആശുപത്രികളാണ് ഇങ്ങനെ പ്രവർത്തനസജ്ജമായത്.

> ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ആശുപത്രികൾ പ്രവർത്തന രഹിതമായിരുന്നു. അവയെല്ലാം തുറക്കാനും പൂർണതോതിൽ പ്രവർത്തിപ്പിക്കാനുമായി.

ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ വികസന സമിതികൾക്ക് അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചു. സി.എച്ച്.സി., പി.എച്ച്.സി എന്നിവയ്ക്ക് ഒരു ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കിടപ്പിലായ രോഗികളുടെയും മാറാരോഗികളുടെയും പരിചരണത്തിനുള്ള മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും അടങ്ങുന്ന പാലിയേറ്റീവ് പരിചരണ നയം സർക്കാർ പ്രഖ്യാപിച്ചു. വീടുകളിൽ എത്തി ചികിത്സ നൽകുന്ന ഹോം കെയർ സംവിധാനം കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കും.

ഔഷധമേഖലയിൽ ഒരു സംഘടനയുടെ പേരിൽ നടന്നുവന്നിരുന്ന മാഫിയാ പ്രവർത്തനം തടയാനായി. പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ നൽകുന്ന നീതി, മാവേലി തുടങ്ങിയ സംവിധാനങ്ങളെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന ഈ സംഘടനയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടഞ്ഞു. ഔഷധ മേഖലയിൽ നിലനിന്ന അനാശാസ്യകരമായ പ്രവണത ഇല്ലാതാക്കാൻ കർശന നടപടി എടുത്തു.

### പതിനെട്ടു വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യ ക്യാൻസർ ചികിത്സ

സമൂഹത്തിന്റെ സുരക്ഷയും സംരക്ഷണവും ആവശ്യമായ ജനവിഭാഗങ്ങൾക്കു വേണ്ടി സുരക്ഷാ പരിപാടികളും സാമൂഹിക സേവന പദ്ധതികളും സംഘടിപ്പിക്കുന്നതിനാണ് സാമൂഹിക ക്ഷേമ വകുപ്പിന് കീഴിൽ കേരള സാമൂഹിക സുരക്ഷാ മിഷൻ രൂപീകരിച്ചത്. നിരാലംബർ, പാവപ്പെട്ടവർ, വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ തുടങ്ങിയവരെ സംരക്ഷിക്കുകയാണ് മിഷന്റെ പ്രധാന ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു. വർഷങ്ങളായി ഖജനാവിൽ ഉപയോഗിക്കാതെ കിടന്നിരുന്ന വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ച് 65 കോടി രൂപയുടെ കോർപ്പസ് ഫണ്ട് ഇതിനായി തയ്യാറാക്കി. ഈ ഫണ്ട് ഉപയോഗിച്ച് മിഷൻ മുഖേന തുടക്കമിട്ട ആദ്യ പദ്ധതിയാണ് ക്യാൻസർ ബാധിക്കുന്ന കുട്ടികൾക്കുള്ള ചികിത്സാസഹായം.

അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ആർസിസി, മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ തേടുന്ന 18 വയസ്സ് വരെയുള്ള പാവപ്പെട്ട കുട്ടികൾക്ക് പൂർണമായും സൗജന്യചികിത്സ നൽകുന്നതാണ് പദ്ധതി. ഇതിന് കോർപ്പസ് ഫണ്ട്

**മുംബൈയിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട അനീഷ് പ്രഭുവിന്റെയും മുരുകന്റെയും കുടുംബത്തിന് സാമൂഹിക ക്ഷേമ വകുപ്പിന്റെ ധനസഹായം മന്ത്രി പി.കെ. ശ്രീമതി ടീച്ചർ കൈമാറുന്നു.**



ആയി 15 കോടി രൂപ നീക്കിവച്ചു. ഈ ആശുപത്രികൾക്ക് അഡ്വാൻസ് ആയി തുക നൽകി. 50,000 രൂപ വരെയുള്ള ചികിത്സാ ച്ചെലവ് ആശുപത്രി സൂപ്രണ്ടുമാർക്ക് നേരിട്ട് വഹിക്കാം. കൂടുതൽ തുക ആവശ്യമെങ്കിൽ അത് നൽകാനും സംവിധാനമൊരുക്കിയിട്ടുണ്ട്.

**സാമൂഹിക ക്ഷേമം**

സാമൂഹിക സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ഹംഗർ ഫ്രീ സിറ്റി പദ്ധതിക്ക് തുടക്കം കുറിച്ചു. പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ കോഴിക്കോട്ടാണ് പദ്ധതി തുടങ്ങിയത്. നഗരത്തിലെത്തുന്ന ജനങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ കോഴിക്കോട് കോർപ്പറേഷന്റെയും സന്നദ്ധ സംഘടനകളുടെയും ഉദാരമതികളായ നാട്ടുകാരുടെയും സഹായത്തോടെ പൂർണമായും സൗജന്യമായി പദ്ധതി തുടങ്ങി.

അഗതികളുടെ സംരക്ഷണത്തിനായുള്ള ആശ്രയ പദ്ധതികാര്യക്ഷമമാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടി തുടങ്ങുന്ന ബഡ്സ് സ്കൂളിന് മിഷൻ സാമ്പത്തിക സഹായം നൽകും.

സർക്കാർ ആശുപത്രികളിൽ നിന്നും വിടുതൽ ചെയ്യുന്ന അഗതികളായ രോഗികളെ പുനരധിവസിപ്പിക്കുക, സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് ഗവേഷണം നടത്തുകയും അതിൻമേൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക, സാമൂഹിക ഗവേഷണം, വികസനം, ആരോഗ്യം, പരിസ്ഥിതി എന്നിവ സംബന്ധിച്ച രേഖകൾ സമാഹരിക്കുക, സാമൂഹിക സേവനത്തിൽ ഏർപ്പെടുന്ന പ്രവർത്തകർക്കും സന്നദ്ധ സംഘടനകൾക്കും ക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും പരിശീലനം നൽകുകയും കർമ ശേഷി വളർത്തിയെടുക്കുകയും ചെയ്യുക, സംസ്ഥാനത്തെ സാമൂഹിക സുരക്ഷിതത്വ പരിപാടികളെക്കുറിച്ച് അറിയുന്നതിന് വിവര കേന്ദ്രം വികസിപ്പിക്കുക എന്നിവയും ലക്ഷ്യമിടുന്നു.

സ്ത്രീ സമൂഹത്തിന്റെ ശാക്തീകരണം ലക്ഷ്യമിട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തിയ ബഹുമുഖമായ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഒരു ചുവടുവയ്പാണ് വെബ്പോർട്ടൽ. കേരളത്തിലെ സ്ത്രീസമൂഹത്തെ സംബന്ധിച്ചുള്ള സമഗ്രമായ ജാലികയാണിത്. സ്ത്രീകൾക്കായി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികളും പദ്ധതികളും ജാലികയിൽ ഉണ്ട്.

വിധവകളുടെ പുനർവിവാഹത്തിന് കാൽലക്ഷം രൂപ വീതം ധനസഹായം നൽകാൻ സാമൂഹികക്ഷേമ വകുപ്പ് ഉത്തരവിറക്കി. സമൂഹത്തിൽ ഏറെ ദുരിത പൂർണമായ ജീവിതം നയിക്കുന്ന വിധവകളുടെ ശാക്തീകരണത്തിനും പുനരധിവാസത്തിനും പുനർവിവാഹത്തിന്റെ പ്രസക്തി കണക്കിലെടുത്താണ് വിധവാ പുനർവിവാഹ പ്രോത്സാഹന പദ്ധതിയിലൂടെ 25,000 രൂപ വീതം ധനസഹായം നൽകുന്നത്.

സ്ത്രീശാക്തീകരണവും വികസനവും ലക്ഷ്യമിട്ട് ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചു. വിവിധ വകുപ്പുകളിലൂടെ നടപ്പാക്കി വരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുകയെന്നതാണ് ബോർഡിന്റെ ചുമതലകളിൽ പ്രധാനപ്പെട്ടത്.

ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിന് 2005-ൽ നിയമം വന്നുവെങ്കിലും ഇത് കാര്യക്ഷമമായി നടപ്പാക്കിയില്ല. ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31 ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചു. ഗാർഹിക പീഡന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ജില്ലകളിൽ വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിന് 14 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. ഒൻപത് ഷെൽട്ടർ ഹോമുകൾ തുറന്നു. 43 സർവീസ് പ്രൊവൈഡർമാരെ നിയമിച്ചു.

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർധിപ്പിച്ചു. വർക്കർമാരുടെ ഓണറേറിയം പ്രതിമാസം 500 രൂപയും ഹെൽപ്പർമാരുടെ ഓണറേറിയം 250 രൂപയും വീതമാണ് വർധിപ്പിച്ചത്. 2008 ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടെ വർധന ലഭിക്കും.

അംഗൻവാടി വർക്കർമാർക്ക് എന്ന പോലെ ഹെൽപ്പർമാർക്കും അവാർഡ് നൽകി. 37 പേർക്കാണ് അവാർഡ് നൽകിയത്. പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചു. 6746 പുതിയ അംഗൻവാടികൾ അനുവദിച്ചു. ഇതിലൂടെ 13,492 പേർക്ക് തൊഴിൽ നൽകാനായി. ആറ് മാസത്തിലധികം പ്രവർത്തന പരിചയമുള്ള അംഗൻവാടി പ്രവർത്തകർക്ക് സ്ഥിരനിയമനം നൽകി. വർക്കർ നിയമനത്തിൽ 25 ശതമാനം തസ്തികകൾ ഹെൽപ്പർമാർക്കായി സംവരണം ചെയ്തു. അംഗൻവാടി പ്രവർത്തനങ്ങൾക്കും ബോധനത്തിനും പ്രത്യേക കരിക്കുലം തയ്യാറാക്കി. പ്രീപ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമവും ഗുണനിലവാരമുള്ളതുമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ആറ് മാസം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് സംസ്ഥാനത്തെ 163 ഐസിഡിഎസ് പ്രോജക്റ്റുകളിലും ടേക് ഹോം റേഷൻ പദ്ധതി തുടങ്ങി. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും ജാഗ്രതാ സമതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനകം 60 ശതമാനം തദ്ദേശസ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചു. സാമൂഹികക്ഷേമവകുപ്പിൽ പുതുതായി 139 ഐസിഡിഎസ് സൂപ്പർവൈസർ തസ്തിക സൃഷ്ടിച്ചു. ഒഴിഞ്ഞുകിടന്ന 94 തസ്തികകളിൽ നിയമനം നടത്തി.■

2010–2011 ൽ കമ്മി ഇല്ലാതാക്കുന്നതിനുള്ള കളം ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതോടെ മൂലധന ചെലവിൽ കുതിച്ചുചാട്ടമുണ്ടാവുകയും വൻകിട വികസന പ്രവർത്തനങ്ങൾ സാധ്യമാവുകയും ചെയ്യും.

ധനകാര്യം



ഡോ. ടി. എം. തോമസ് ഐസക്, ധനമന്ത്രി

# അടിത്തറ ഭദ്രം, ഇനി ഉയരങ്ങളിലേക്ക്



ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരംമേറ്റ് മൂന്നു വർഷം പിന്നിട്ടിരിക്കുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പല തലങ്ങളിലും വിലയിരുത്തലുകൾ നടക്കുകയാണ്. ജനാധിപത്യത്തിൽ ജനങ്ങളുടെ വിലയിരുത്തലിനു തന്നെയാണ് പ്രാധാന്യം. ഇത്തരമൊരു വിലയിരുത്തലിന് സഹായകമായ വസ്തുതകളും കണക്കുകളും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനും മാധ്യമങ്ങൾക്ക് കഴിയണം. ഈ കണക്കുകളുടെയും യാഥാർഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോഴാണ് ഇത് വസ്തുനിഷ്ഠമാകുന്നത്. ചില അവകാശവാദങ്ങൾ ഉന്നയിക്കാനല്ല മറിച്ച് വിലയിരുത്തലിന് സഹായിക്കാവുന്ന കണക്കുകൾ അവതരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

സംസ്ഥാന ധനവകുപ്പിന്റെ പ്രവർത്തനങ്ങളെ നാല് ഘടകങ്ങളുടെ വിശകലനത്തിലൂടെ ഒരു വിലയിരുത്താം.

1. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി
2. സർക്കാരിന്റെ രാഷ്ട്രീയ നയത്തിന് അനുസൃതമായി ചെലവു ചെയ്യാനുള്ള ശേഷി
3. സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയ്ക്കുവേണ്ടി സ്വീകരിച്ച സമീപനം
4. വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം.
5. പ്രവർത്തനങ്ങളിലെ സുതാര്യത

### സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി

സർക്കാരിന്റെ ധനസ്ഥിതി അളക്കുന്നതിന് പൊതുവെ സ്വീകരിക്കുന്ന ചില മാനദണ്ഡങ്ങളുണ്ട്. വരവും ചെലവും തമ്മിലുള്ള ബന്ധം, കമ്മി കണക്കുകൾ, കടത്തിന്റെ തോത് തുടങ്ങി സംസ്ഥാന ധനസ്ഥിതിയുടെ ആരോഗ്യത്തെ അളക്കുന്നതിനുള്ള നിരവധി ഏകകങ്ങളുണ്ട്. ഇവയിൽ ഏതെടുത്ത് പരിശോധിച്ചാലും കഴിഞ്ഞ മൂന്നുവർഷക്കാലം പുരോഗതിയുടെ ചിത്രമാണ് കിട്ടുക.

2005-06ൽ സംസ്ഥാന വരുമാനത്തിന്റെ 2.52 ശതമാനമായിരുന്ന റവന്യൂകമ്മി 2008-09 ആയപ്പോഴേക്കും 2.04 ശതമാനമായി കുറഞ്ഞു. 2009-10ലെ ബ്ജറ്റ് കണക്കുകൾ പ്രകാരം ഇത് 1.49 ശതമാനമായി വീണ്ടും കുറഞ്ഞു. ഇപ്പോൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ധനനയം 2010-11 ആകുമ്പോഴേക്കും റവന്യൂകമ്മി ഇല്ലാതാക്കാൻ ലക്ഷ്യംവച്ചുള്ളതാണ്. ഇത് നേടാനാകും എന്നതാണ് കണക്കുകൾ നൽകുന്ന സൂചന. റവന്യൂ കമ്മി പൂജ്യമായിക്കഴിഞ്ഞാൽ വികസനച്ചെലവുകൾക്കായി വായ്പയെടുക്കുന്നതിൽ തെറ്റില്ല എന്നതാണ് സർക്കാരിന്റെ നയം. ഇപ്പോഴും വായ്പ എടുക്കുന്നുണ്ട്. പക്ഷേ വായ്പയുടെ നല്ലൊരു പങ്ക് ദൈനംദിന ചെലവുകൾക്കാണ് വിനിയോഗിക്കുന്നത്. വിത്തെടുത്ത് കുത്തുന്ന ഈ രീതി ആരോഗ്യകരമല്ല. ഈ പ്രവണതയ്ക്ക് കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് വലിയ മാറ്റം വരുത്താൻ കഴിഞ്ഞു. വായ്പയുടെ എത്ര ശതമാനം ദൈനംദിനം ചെലവുകൾക്ക് വിനിയോഗിക്കുന്നു എന്നതാണ് കടത്തിന്റെ ഗുണനിലവാരം (Quality of Fiscal Deficit) നിർണയിക്കുന്നത്. 2005-06ൽ വായ്പ യുടെ 74.83 ശതമാനവും ദൈനംദിന ചെലവുകൾക്കാണ് ഉപയോഗിച്ചത്. 2008-09 ആയപ്പോഴേക്കും ഇത് 59.05 ശതമാനമായി കുറഞ്ഞു. 2009-10ൽ ഇത് 52.95 ശതമാനമായി കുറഞ്ഞു. 2010-11ൽ റവന്യൂകമ്മി പൂജ്യമാകുന്നതോടെ വായ്പ മുഴുവൻ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും. ഈ ഒരു അവസ്ഥയിലേക്കാണ് സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മുന്നേറുന്നത്.

റവന്യൂകമ്മി പൂജ്യമായാലും എത്രവേണമെങ്കിലും കടമെടുക്കാനാവില്ല. താങ്ങാവുന്ന കടത്തിന് പരിധിയുണ്ട്. സംസ്ഥാനം ഈ പരിധി കടന്നുവോ? എന്താണ് കഴിഞ്ഞ മൂന്നു വർഷത്തെ ഫലം? ഇവിടെയും ആശാവഹമായ ചിത്രമാണ് ലഭിക്കുക. 2005-06ൽ ആഭ്യന്തര വരുമാനത്തിന്റെ 36.92 ശതമാനമായിരുന്നു കടം. ഇത് നടപ്പു സാമ്പത്തിക വർഷം 33.19 ശതമാനമായി കുറയും. നമ്മുടെ ആകെ റവന്യൂവരുമാനത്തിന്റെ 300 ശതമാനമായിരുന്ന കടം ഈ വർഷത്തോടെ 238 ശതമാനമായും കുറയും. സംസ്ഥാനത്തിന്റെ പലിശ നിലവാരത്തിലും കുറവു വന്നിട്ടുണ്ട്. ബോധപൂർവം സ്വീകരിച്ച നയത്തിന്റെ ഭാഗമാണിത്. 2005-06ൽ ശരാശരി പലിശ 8.7 ശതമാനമായിരുന്നത്

മുതൽമുടക്കിലും വലിയ വർധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**പട്ടിക 1**

| വർഷം | മൂല്യവർധിത നികുതി | വിൽപ്പനനികുതി | ആകെ വാണിജ്യനികുതി |
|---|---|---|---|
| 2005-06 | 2946.11 | 4091.85 | 7037.96 |
| 2006-07 | 4482.11 | 4204.77 | 8686.82 |
| 2007-08 | 5132.06 | 4553.28 | 9685.34 |
| 2008-09 | 6133.69 | 5494.61 | 11628.30 |

ഇപ്പോൾ 8.2 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടാക്കുന്ന മാറ്റം ചെറുതല്ല.

എങ്ങനെയാണ് ഈ നേട്ടങ്ങൾ കൈവരിക്കുന്നത് എന്നതും പ്രധാനമാണ്. ചെലവൊന്നും ചെയ്യാതെ ധനസ്ഥിതി മെച്ചപ്പെടുത്താം. ജനങ്ങളുടെയും നാടിന്റെയും ആവശ്യങ്ങളോട് മുഖംതിരിഞ്ഞുനിന്ന് മിച്ചംവയ്ക്കുക എന്ന സമീപനം ഇടതുപക്ഷ ജനാധിപത്യമുന്നണി രാഷ്ട്രീയമായി അംഗീകരിക്കുന്നില്ല എന്ന് ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽതന്നെ പ്രഖ്യാപിച്ചിരുന്നു. ചെലവു ചുരുക്കിയല്ല മറിച്ച് വരവു വർധിപ്പിച്ചാണ് ധനസ്ഥിതി മെച്ചപ്പെടുത്തുന്നത്. വർധിച്ച ചെലവുകളുടെ കണക്കുകൾ എത്രവേണമെങ്കിലും നിരത്താനാകും. അവയെല്ലാം ജനങ്ങളുടെ ജീവിതത്തിൽ എങ്ങനെ പ്രതിഫലിച്ചുവെന്ന് പൊതുവിൽ വിലയിരുത്തപ്പെടണം.

## നികുതി വരുമാനം ഉയരുന്നു; വികസന -ക്ഷേമചെലവുകൾ വർധിക്കുന്നു

നികുതി വരുമാനത്തിൽ വർധന ഉണ്ടാക്കിക്കൊണ്ടാണ് ധനസ്ഥിതി മെച്ചപ്പെടുത്താൻ ശ്രമിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ തനതു നികുതിവരുമാനത്തിൽ 70 ശതമാനവും വാണിജ്യനികുതിയാണ്. വാണിജ്യനികുതിയിൽതന്നെ മൂല്യവർധിത നികുതിയും വില്പന നികുതിയുമുണ്ട്. മൂല്യവർധിത നികുതി പിരിവിലാണ് ബോധപൂർവമായ ഇടപെടലിലൂടെ വർധന ഉണ്ടാക്കാൻ കഴിയുക. വാണിജ്യ നികുതി കഴിഞ്ഞ മൂന്നുവർഷംകൊണ്ട് 66 ശതമാനം ഉയർന്നു. മൂല്യവർധിത നികുതി 109 ശതമാനമാണ് വർധിച്ചത് (പട്ടിക 1).

വാണിജ്യനികുതി വരുമാനത്തിൽ മാത്രമല്ല സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ മൊത്തത്തിൽ വലിയ വർധനവാണ് ഉണ്ടായിട്ടുള്ളത്. 2005-06ൽ ആകെ റവന്യൂ വരുമാനം 15294.53 കോടി രൂപയായിരുന്നു. 2008-09 ആയപ്പോഴേക്കും ഇത് 25063.23 കോടി രൂപയായി ഉയർന്നു. സംസ്ഥാന വരുമാനത്തിന്റെ (GSDP) 12.3 ശതമാനമായിരുന്നു 2005-06ൽ റവന്യൂ വരുമാനം. ഇപ്പോൾ ഇത് 13.74 ശതമാനമായും ഉയർന്നു.

വരുമാനത്തിലുണ്ടായ ഈ വർധനവാണ് കൂടുതൽ ചെലവു ചെയ്യുന്നതിന് സഹായിച്ചത്. മാത്രമല്ല പൊതുധനസ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്തു. റവന്യൂ ചെലവിലും മൂലധനചെലവിലും ഗണ്യമായ വർധനവുണ്ടായി. പദ്ധതിച്ചെലവിലും വർധനവുണ്ടായിട്ടുണ്ട്.

| | 2005-06 | 2008-09 | 2009-10 |
|---|---|---|---|
| റവന്യൂചെലവ് | 18423.68 | 28792.12 | 31161.85 |
| മൂലധനച്ചെലവ് | 9072.75 | 10697.90 | 14894.26 |
| പദ്ധതിച്ചെലവ് | 4300.52 | 6148.01 | 6516.77 |

ഈ ചെലവുകൾ ജനജീവിതത്തിൽ എങ്ങനെയാണ് പ്രതിഫലിച്ചത്? കഴിഞ്ഞ സർക്കാരുമായുള്ള താരതമ്യം ഇത്തരമൊരു വിലയിരുത്തലിന് സഹായകമാകും.

100 രൂപയായിരുന്ന ക്ഷേമ പെൻഷനുകൾ ഇപ്പോൾ 250 രൂപയായി. നെല്ലു സംഭരണത്തിന് കേന്ദ്രസർക്കാർ നൽകുന്ന വിലയേക്കാൾ കി.ഗ്രാമിന് മൂന്ന് രൂപ ഉയർന്ന നിരക്കിലാണ് സംസ്ഥാനം നെല്ലു സംഭരിക്കുന്നത്. ഇപ്പോൾ രണ്ട് രൂപയ്ക്ക് അരിയും ഗോതമ്പും നൽകുന്ന പദ്ധതി നടപ്പിലായിരിക്കുന്നു. പരമ്പരാഗത മേഖലയെയും കൃഷിയെയും അമ്പേ അവഗണിച്ചതായിരുന്നു മുൻസർക്കാരിന്റെ ഏറ്റവും വലിയ വീഴ്ച. ഇത് തിരുത്തുക എന്നതായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ സമീപനം. ഇതിന് ആവശ്യമായ വിഭവം ലഭ്യമാക്കാൻ ധനവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലും ഈ വ്യത്യാസം പ്രകടമാണ്. കെ.എസ്.ആർ.ടി.സി. കൈവരിച്ച പുരോഗതി ഇന്ന് എല്ലാവരും അംഗീകരിക്കുന്നു. അതുപോലെതന്നെ വിവിധ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നേട്ടവും. ഇതിന് ഇവയെ പ്രാപ്തമാക്കുംവിധം ഉദാരമായ സഹായമാണ് സംസ്ഥാന ബജറ്റിൽനിന്നും നൽകുന്നത്. ക്ഷേമപ്രവർത്തനങ്ങളിലെ വമ്പിച്ച വർധനവു മാത്രമല്ല അടിസ്ഥാന മേഖലകളിലെ മുതൽമുടക്കിലും വലിയ വർധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയ്ക്കു സ്വീകരിച്ച സമീപനം

ലോകത്തോടൊപ്പം കേരളവും വലിയ മാന്ദ്യത്തിലൂടെ കടന്നുപോവുകയാണ്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും അധികം ആഗോളമായി കണ്ണിചേർക്കപ്പെട്ട സമ്പദ്ഘടനയാണ് കേരളത്തിലേത്. പുറം രാജ്യങ്ങളിൽ പണിയെടുക്കുന്നവരുടെ എണ്ണം, അവർ നാട്ടിലേക്കയക്കുന്ന പണം, നമ്മുടെ ആഭ്യന്തര ഉത്പന്നങ്ങളുടെ കയറ്റുമതിയുടെ തോത് ഇവയെല്ലാം വ്യക്തമാക്കുന്നത് ആഴത്തിലുള്ള ഈ കണ്ണിചേരലാണ്. അതുകൊണ്ടുതന്നെ ആഗോളസാമ്പത്തിക മാന്ദ്യം കേരളത്തെ കൂടുതൽ ബാധിക്കുമെന്നുറപ്പാണ്.

പരമ്പരാഗത വ്യവസായ മേഖലപോലും കയറ്റുമതിയെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. ഇവയുടെ എല്ലാം കയറ്റുമതി ഡിമാന്റിന് വലിയ ഇടിവാണ് വന്നിട്ടുള്ളത്. തൊഴിലും വരുമാനവും നഷ്ടപ്പെടുന്നു. പുറം രാജ്യങ്ങളിൽനിന്നും മലയാളികൾ മടങ്ങിവരുന്നു. സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് അതിശക്തമായ സർക്കാർ ഇടപെടൽ അനിവാര്യമായ ഒരു ഘട്ടമാണിത്. അതിനുള്ള ത്രാണി സർക്കാരിനുണ്ടോ?

ഉണ്ട് എന്ന് ധൈര്യപൂർവ്വം പ്രഖ്യാപിക്കാൻ കഴിഞ്ഞുവെന്നതാണ് കഴിഞ്ഞ ബജറ്റിന്റെ പ്രത്യേകത. ഉറച്ച ഒരു സാമ്പത്തിക അടിത്തറ സൃഷ്ടിക്കാൻ കഴിഞ്ഞതിന്റെ ആത്മവിശ്വാസത്തിലാണ് സർക്കാർ ഈ പ്രഖ്യാപനം നടത്തിയത്. തൊഴിലും വരുമാനവും നഷ്ടപ്പെടുന്നവർക്ക് അടിയന്തിരമായി സമാശ്വാസം നൽകണം. കൂടുതൽ തൊഴിലുകൾ നൽകുന്ന പ്രവൃത്തികൾ സർക്കാർ ഏറ്റെടുക്കണം. മാന്ദ്യത്തിന്റെ കരിനിഴൽ മാറുമ്പോൾ വികസനത്തിന്റെ പുതിയ അവസരങ്ങൾ കടന്നുവരാൻ കഴിയുംവിധം അടിസ്ഥാന സൗകര്യമേഖലയിൽ വലിയ വികസനമുണ്ടാകണം. ഇതിന്

**സർക്കാരിന്റെ രാഷ്ട്രീയ നയത്തിന് അനുസൃതമായി ചെലവു ചെയ്യാനുള്ള ശേഷി**

| മേഖല | യു.ഡി.എഫ് 2001-06 (5 വർഷം) | വാർഷിക ശരാശരി | എൽ.ഡി.എഫ് 2006-09 (3 വർഷം) | വാർഷിക ശരാശരി |
|---|---|---|---|---|
| ക്ഷേമപെൻഷനുകൾ | 294.70 | 58.90 | 492.30 | 123.00 |
| സിവിൽ സപ്ലൈസ് കോർപറേഷൻ, നെല്ലു സംഭരണം | 163 | 32.6 | 342 | 85.50 |
| റേഷൻ | 24.36 | 4.87 | 593.27 | 148.30 |
| പരമ്പരാഗത വ്യവസായങ്ങൾ | 394.90 | 78.98 | 615.70 | 153.90 |
| പൊതുമേഖലാ വ്യവസായങ്ങൾ | 272.00 (നഷ്ടം) | | 300 (ലാഭം) | |
| നിർമിച്ച വീടുകളുടെ എണ്ണം | പ്രതിവർഷം 91,800 | | പ്രതിവർഷം 1,44,700 | |

ഉതകുന്ന ഒരു തന്ത്രമാണ് കഴിഞ്ഞ ബ്ജറ്റിൽ ആവിഷ്കരിച്ചത്.

കുറഞ്ഞ നിരക്കിലുള്ള റേഷനും വർധിപ്പിച്ച സാമൂഹികക്ഷേമ പെൻഷനുമടക്കം നിരവധി സമാശ്വാസ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പം അടിസ്ഥാന സൗകര്യമേഖലയിൽ സർക്കാർ, സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നേരിട്ട് 5000 കോടി രൂപയുടെ മുതൽമുടക്കാണ് നടത്തുന്നത്. ഇത് സമയബന്ധിതമായി നടപ്പിലാക്കാനുള്ള കഠിനശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള ധൈര്യം നൽകിയത് കഴിഞ്ഞ മൂന്നുവർഷക്കാലത്തെ പ്രവർത്തനത്തിലൂടെ നേടിയെടുത്ത ഉറച്ച സാമ്പത്തിക അടിത്തറയാണ്. ഇത് ഈ മാന്ദ്യകാലത്തും സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് സഹായകരമാകും എന്നുറപ്പാണ്.

## വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം

വിലയിരുത്തലിനുള്ള മറ്റൊരു മാനദണ്ഡം ധനമന്ത്രാലയത്തിനു കീഴിലുള്ള വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനമാണ്. വാണിജ്യനികുതി വകുപ്പ്, ഭാഗ്യക്കുറി വകുപ്പ്, കെ.എസ്.എഫ്.ഇ, കെ.എഫ്.സി, ട്രഷറി എന്നിവയുടെ എല്ലാം പ്രവർത്തനത്തിൽ വലിയ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വാണിജ്യനികുതി വരുമാനത്തിലുണ്ടായ വർധനവാണ് നികുതി വകുപ്പിന്റെ കാര്യക്ഷമതയ്ക്കു തെളിവ്. *അഴിമതി രഹിത വാളയാർ* പദ്ധതിയിലൂടെ ആരംഭിച്ച വകുപ്പിന്റെ നവീകരണം ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. ആധുനികരണത്തിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നത്. വ്യാപാരികളുടെ കണക്കുകൾ ഇപ്പോൾ കംപ്യൂട്ടറുകളിലൂടെയാണ് ഫയൽചെയ്യുന്നത്. സെപ്തംബർ മാസമാകുമ്പോഴേക്കും നികുതി കംപ്യൂട്ടർ മുഖാന്തിരം അടയ്ക്കാനുള്ള (ഇ-റെമിറ്റൻസ്) സംവിധാനവും നിലവിൽവരും. ആധുനികരണത്തിലൂടെയും അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും സുതാര്യത ഉറപ്പാക്കാനും അഴിമതി ഇല്ലാതാക്കാനുമാണ് ശ്രമിക്കുന്നത്. ഇത് വലിയ ജനകീയ അംഗീകാരം നേടിയിട്ടുണ്ട്.

ഭാഗ്യക്കുറി വകുപ്പിൽ നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ വിറ്റുവരവിൽ ഉണ്ടായ വർധനവിൽ പ്രതിഫലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽവരുമ്പോൾ 160 കോടി രൂപയായിരുന്നു ലോട്ടറി വിറ്റുവരവ്. 2009-10ൽ ഇത് 484.5 കോടി രൂപയായി വർധിച്ചു. അനധികൃത ലോട്ടറികൾക്കെതിരെ കർശനമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഏറ്റവും പ്രഗൽഭരായ അഭിഭാഷകരുടെ ഒരു പാനലിനെ നിയോഗിച്ചാണ് അനധികൃത ലോട്ടറികൾക്കെതിരായ കേസുകൾ സർക്കാർ നടത്തുന്നത്.

സർക്കാരിന്റെ ബ്ലേഡ് കമ്പനിയെന്ന് പൊതുവിൽ അറിയപ്പെട്ടിരുന്ന കെ.എഫ്.സി സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനുള്ള ഏജൻസിയായി ഇന്ന് മാറിയിരിക്കുന്നു. കെ.എഫ്.സിയുടെ സാമ്പത്തിക സ്ഥിതിയിൽ മാറ്റംവരുത്തിക്കൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായത്. കെ.എസ്.എഫ്.ഇയുടെ ബിസിനസിലും വമ്പിച്ച നേട്ടം കൈവരിക്കാനായി. 2005-06ൽ കെ.എസ്.എഫ്.ഇയുടെ വാർഷിക ടേണോവർ 4000കോടി രൂപയായിരുന്നു. ഇപ്പോൾ ഇത് 7200 കോടി രൂപയാണ്.

ട്രഷറിവകുപ്പ് ഒരു മാതൃകാ വകുപ്പായി മാറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കി. ഒരു വർഷംമുമ്പ് പ്രസിദ്ധീകരിച്ച പൗരാവകാശ രേഖയുടെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഓഡിറ്റ് നടത്തിയത്. സോഷ്യൽ ഓഡിറ്റിന്റെ കണ്ടെത്തലുകൾ ക്രോഡീകരിച്ചു. പരാതികളും നിർദേശങ്ങളും സമയബന്ധിതമായി പരിഹരിക്കാനും നടപടി ആരംഭിച്ചു. ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ സുപ്രധാന ഒരു നിർദ്ദേശം വകുപ്പിലാകെ നടപ്പിലാക്കാൻ കഴിഞ്ഞതിന്റെ അഭിമാനത്തിലാണ് ട്രഷറി വകുപ്പ്.

ധനവകുപ്പ് സെക്രട്ടേറിയറ്റിൽ വരുത്തിയ പ്രധാനമാറ്റം കൂടുതൽ ധന അധികാരങ്ങൾ ഭരണവകുപ്പുകൾക്കും ഡയറക്ടറേറ്റുകൾക്കും പകർന്നു നൽകി എന്നതാണ്. ധനവകുപ്പിൽ എത്തേണ്ട ഫയലുകളുടെ എണ്ണം പകുതിയായി കുറയ്ക്കുകയാണ് ലക്ഷ്യം. ഇത് നേടണമെങ്കിൽ കൂടുതൽ ധനാധികാരങ്ങൾ താഴെത്തലങ്ങളിലേക്ക് പകർന്നു നൽകണം.മറ്റു വകുപ്പുകളും ഡയറക്ടറേറ്റുകളും ഇവ ഏറ്റെടുക്കാൻ തയാറാവുകയും വേണം. ഇപ്പോൾ ലക്ഷ്യമിട്ടതിന്റെ പാതി നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കൂടുതൽ ശക്തമായ നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കുന്നതാണ്.

## പ്രവർത്തനങ്ങളിലെ സുതാര്യത

സുതാര്യത, അഴിമതിക്കെതിരായ പോരാട്ടം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നു എന്നത് അഭിമാനകരമാണ്. അഴിമതിയും കെടുകാര്യസ്ഥതയും അനിവാര്യമാക്കുന്ന ചട്ടക്കൂടിന് മാറ്റം വരുത്താനാണ് ശ്രമിച്ചത്. ഇതിലൂടെ മാത്രമേ സുതാര്യമായ നടപടിക്രമങ്ങൾ വ്യവസ്ഥാപിതമാക്കാൻ കഴിയൂ. ആധുനികീകരണവും വികേന്ദ്രീകരണവുമാണ് സുതാര്യത ഉറപ്പാക്കുന്ന അടിസ്ഥാന സമീപനങ്ങൾ. ഇത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകൾ അഴിമതിയുടെ വിളനിലമായിട്ടാണ് അറിയപ്പെട്ടിരുന്നത്. വാളയാറിൽ സ്വീകരിച്ച സമീപനം പൊതുവെ അംഗീകരിക്കപ്പെട്ടു. അടിസ്ഥാന സൗകര്യത്തിൽ വലിയ മാറ്റം ഉണ്ടാക്കുകയാണ് ആദ്യം ചെയ്തത്. ഇ-ഫയലിംഗ്, ഇ-റെമിറ്റൻസ് തുടങ്ങിയ ആധുനികീകരണ നടപടികളിലൂടെ വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാവുകയാണ്. ഇത് അഴിമതിക്കെതിരെ പ്രവർത്തിക്കുന്ന സുശക്തമായ ഒരു സംവിധാനമായി മാറും. ധനകാര്യ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്ന അധികാര വികേന്ദ്രീകരണം കാര്യക്ഷമത ഉയർത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ്. ഇത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ട്രഷറി വകുപ്പിലെ സോഷ്യൽ ഓഡിറ്റ് ഒരു റഗുലേറ്ററി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ജനകീയ ഇടപെടലിന് നല്ല മാതൃകയായി മാറിക്കഴിഞ്ഞു. സർക്കാരിനുമേലും ശക്തമായ സമ്മർദ്ദമായി സോഷ്യൽ ഓഡിറ്റ് സംവിധാനം പ്രവർത്തിക്കും. ക്രോഡീകരിക്കപ്പെട്ട സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളെ ഉത്തരവാദിത്വത്തോടെ സമീപിക്കാൻ സർക്കാരും ബാധ്യസ്ഥമാവുകയാണ്. ഇതാണ് നടപടിക്രമങ്ങളിലെ സുതാര്യതയുടെ മെച്ചം.

കഴിഞ്ഞ മൂന്നുവർഷക്കാലത്തെ പ്രവർത്തനത്തെ വിലയിരുത്താനുള്ള ചില സൂചനകളാണ് നൽകിയത്. ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയും പറയാൻ കഴിയും ഈ സർക്കാരിനെ വിലയിരുത്തിക്കോളൂ.■




**സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കനകധാര ഭാഗ്യക്കുറിയുടെ വിതരണോദ്ഘാടനം ധനകാര്യ മന്ത്രി ടി.എം. തോമസ് ഐസക് നിർവ്വഹിക്കുന്നു.**

വൈദ്യുതി / പട്ടികവിഭാഗക്ഷേമം

**എ.കെ. ബാലൻ**
പിന്നാക്ക-പട്ടികവിഭാഗക്ഷേമ-വൈദ്യുതി മന്ത്രി

# അടിസ്ഥാനവിഭാഗങ്ങൾക്കായി വികസന മുന്നേറ്റം

സംസ്ഥാനത്തെ ഭൂരഹിത– ഭവനരഹിതരായ എല്ലാ പട്ടികജാതി/ വർഗ്ഗ വിഭാഗക്കാർക്കും രണ്ടു വർഷത്തിനകം ഭൂമിയും വീടും നൽകുന്ന 1650 കോടി രൂപയുടെ ബൃഹദ് പദ്ധതി ഉൾപ്പെടെ പിന്നാക്ക വിഭാഗങ്ങൾക്കായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിച്ച നടപടികൾ ഏറെയാണ്. ഊർജ മേഖലയിൽ പ്രസരണ –വിതരണ രംഗത്ത് വൻ നേട്ടമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു.

സംസ്ഥാനത്തിന്റെ വികസനവും അനുദിനം വർധിച്ചുവരുന്ന ജനങ്ങളുടെ ഊർജാവശ്യവും സഫലമാക്കാനുള്ള ഊർജസ്വലമായ പ്രവർത്തനങ്ങളാണ് വൈദ്യുതിരംഗത്ത് സർക്കാർ നടത്തിവരുന്നത്. കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ വലിയ മുന്നേറ്റം ഈ രംഗത്ത് കാഴ്ചവയ്ക്കാൻ വൈദ്യുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങളുടെ ഉന്നമനം സാമൂഹികമായ അനിവാര്യതയും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ചരിത്രപരമായ കടമയും ഭരണഘടനാപരമായ ഉത്തരവാദിത്വവുമാണ്. ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനങ്ങളും സർക്കാരുകളും ഈ വിഷയം ഏറ്റവും ഗൗരവമുള്ള രാഷ്ട്രീയ ദൗത്യമായി എക്കാലവും ഏറ്റെടുത്തിട്ടുണ്ട്. രാജ്യത്ത് ഒരു സോഷ്യലിസ്റ്റ് സാമൂഹികക്രമം കെട്ടിപ്പടുക്കുന്നതിന്റെ അടിത്തറയാണ് അടിസ്ഥാന ജനവിഭാഗങ്ങളുടെ സാമൂഹികപദവിയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുക എന്നത്. ഇക്കാര്യത്തിലും ലക്ഷ്യബോധത്തോടെയും ദീർഘവീക്ഷണത്തോടെയുമുള്ള നടപടികൾ കൈക്കൊള്ളാൻ സർക്കാരിനായിട്ടുണ്ട്.

## വൈദ്യുതി മേഖല

വികസന പ്രവർത്തനങ്ങൾ മുരടിച്ചു നിന്നിരുന്ന കാലഘട്ടത്തിലാണ് ഇടതുപക്ഷമുന്നണി അധികാരത്തിൽ വരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിരുന്നു. 1996-01-ലെ ഇടതുപക്ഷ സർക്കാരിന് 1086 മെഗാവാട്ടോളം വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കാനും നിരവധി പുതിയ പദ്ധതികൾക്ക് തുടക്കമിടാനും കഴിഞ്ഞു. എന്നാൽ കേവലം 26.5 മെഗാവാട്ട് വൈദ്യുതി മാത്രമാണ് പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരിന് അധികമായി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞത്. പതിനെട്ടോളം ചെറുകിട ജലവൈദ്യുത പദ്ധതികൾ ചൈനീസ് സഹായത്തോടെ തുടങ്ങാൻ നിശ്ചയിച്ചിരുന്നതും അവർ ഉപേക്ഷിച്ചു. എൽ.ഡി.എഫ്. ഭരണകാലത്ത് പണിയാരംഭിച്ച നാല് പദ്ധതികൾ പൂർത്തിയാക്കിയതൊഴിച്ച് പുതിയ പദ്ധതികളൊന്നും ആരംഭിച്ചില്ല.

പണി നടന്നുവന്നിരുന്ന കുറ്റ്യാടി ടെയിൽ റേസ്, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, നേരിയമംഗലം എക്സ്റ്റൻഷൻ എന്നിവയെല്ലാം തടസ്സങ്ങളിൽപെട്ട് പണി നിലച്ച സ്ഥിതിയിലായിരുന്നു. ഈ സർക്കാർ ഈ പദ്ധതികളുടെയെല്ലാം തടസ്സങ്ങൾ നീക്കുന്നതിനും പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും സത്വര നടപടി സ്വീകരിച്ചു. നേര്യമംഗലം എക്സ്റ്റൻഷൻ (25 മെഗാവാട്ട്), കുറ്റ്യാടി ടെയിൽറേസ് (3.75 മെഗാവാട്ട്) എന്നിവ കമ്മീഷൻ ചെയ്തു. കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് 33 മെഗാവാട്ട് കാറ്റാടിനിലയം കമ്മീഷൻ ചെയ്യാനായി. സ്വകാര്യ മേഖലയിൽ കൂട്ടിച്ചേർത്ത 17 മെഗാവാട്ടടക്കം ആകെ 80 മെഗാവാട്ട് വൈദ്യുതി കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞു.

കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ ഉടൻ പൂർത്തിയാകും. 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ പണിയാരംഭിച്ചു. 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വനംവകുപ്പിന്റെ അംഗീകാരം നേടിയെടുക്കുകയും പണിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ പണി തുടങ്ങാനായിട്ടില്ല. കോടതിനടപടി ത്വരിതപ്പെടുത്തി പണിയാരംഭിക്കാനുള്ള ശ്രമം നടത്തിവരുന്നു.

തോട്ടിയാർ (40 മെഗാവാട്ട്), റാന്നി പെരുനാട് (നാല് മെഗാവാട്ട്) പദ്ധതികളുടെ പണി ആരംഭിച്ചു. മാങ്കുളം 40 മെഗാവാട്ട്, ചെങ്കുളം ഓഗ്മെന്റേഷൻ 85 മില്യൺ യൂണിറ്റ് എന്നിവയടക്കം പതിനൊന്നു പദ്ധതികൾ ഉടൻ തന്നെ ടെണ്ടർ ചെയ്ത് പണിയാരംഭിക്കാവുന്ന സ്ഥിതിയിലാണ്. ഇതിനെല്ലാം സഹായകരമായ വിധത്തിൽ വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർധിപ്പിച്ചു. പുതിയ ഡിവിഷൻ അടക്കം നിരവധി ഓഫീസുകൾ ആരംഭിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. നിയമനം കിട്ടിയ 142 സിവിൽ

എൻജിനീയർമാരെ നിയമിച്ച ദിവസം തന്നെ പദ്ധതിപ്രവർത്തനങ്ങളൊന്നും ഏറ്റെടുക്കേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്.

വൈദ്യുതിയുടെ ആവശ്യകതയിൽ പ്രതിവർഷം 200 മുതൽ 300 മെഗാവാട്ടുവരെ വർധനവുണ്ടാകുന്നുണ്ട്. കാർഷിക-വ്യവസായ മേഖലകളുടെ വൻതോതിലുള്ള വളർച്ച കൂടാതെ കേരളത്തിന് നിലനിൽക്കാൻ കഴിയില്ല. അതിനനുസൃതമായി വൈദ്യുതി ഉത്പാദന വളർച്ചയും ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതനുസരിച്ച്, ഒരു ദീർഘകാല പരിപ്രേക്ഷ്യം സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട്. 10 വർഷത്തിനുള്ളിൽ കുറഞ്ഞത് 3000 മെഗാവാട്ട് വൈദ്യുതിയെങ്കിലും കൂടുതലായി ഉത്പാദിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇപ്പോൾ പണി നടന്നുവരുന്നതും ടെണ്ടറിലുള്ളതുമായ 500 മെഗാവാട്ടിന് പുറമേ 500 മെഗാവാട്ടിന്റെ ജലവൈദ്യുതി പദ്ധതികൾ കൂടി 10 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള പഠനപ്രവർത്തനങ്ങളാണ് നടക്കുന്നത്.

ഒറീസ, ഗുജറാത്ത് സംസ്ഥാനങ്ങൾക്കൊപ്പം കൽക്കരിഖനി നേടിയെടുക്കാൻ കഴിഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ശ്രമത്തിന്റെ ഫലമായാണ്. ഇവിടെ കൽക്കരി ഖനന കമ്പനി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കേരളത്തിന് 1000 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നതിനുള്ള ജനറേറ്റിങ് സ്റ്റേഷന്റെ നടപടികളും ആരംഭിച്ചിട്ടുണ്ട്.



കേരളത്തിൽ ഒരു മെഗാതാപനിലയം അനിവാര്യമാണ്. കാസർഗോഡ് 2400 മെഗാവാട്ടിന്റെ ഒരു കൽക്കരി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനായി ചീമേനിയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള രണ്ടായിരത്തോളം ഏക്കർ സ്ഥലം ഏറ്റെടുക്കാൻ നടപടികളായിക്കഴിഞ്ഞു. ഈ നിലയിൽ വൈദ്യുതി ഉത്പാദനരംഗത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ സ്തംഭനാവസ്ഥ പരിഹരിച്ച് ഉറച്ച അടിത്തറ സൃഷ്ടിക്കാൻ എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

പാരമ്പര്യേതര ഊർജ രംഗത്ത് 1996-2001 കാലത്തെ എൽ.ഡി.എഫ്. സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ രംഗത്ത് കടുത്ത മുരടിപ്പാണ് ഉണ്ടായത്. കേവലം എട്ട് ശതമാനമാണ് പ്ലാൻ ഫണ്ടിനത്തിൽ ഇക്കാലത്ത് ചെലവഴിക്കപ്പെട്ടത്. അനർട്ട്, ഇ.എം.സി തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും പ്ലാനിങ് ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ സമ്പൂർണ ഊർജ സുരക്ഷാമിഷൻ എന്ന പേരിൽ ഒരു ഫ്ളാഗ്ഷിപ്പ് പ്രോജക്ട് ആരംഭിക്കുകയും ചെയ്തു.

ഊർജസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് ദേശീയ അവാർഡ് ലഭിച്ചു എന്നത് വലിയൊരു നേട്ടമാണ്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി 10 ലക്ഷം സി.എഫ്.ലാമ്പുകൾ വിതരണം ചെയ്യുന്നതിന് സംസ്ഥാനവൈദ്യുതി ബോർഡും ഊർജ സുരക്ഷാമിഷനും സംയുക്തമായി പദ്ധതി നടപ്പാക്കിവരുകയാണ്. മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും ബൾബുകൾക്കുപകരം സി.എഫ്.ലാമ്പുകൾ എത്തിക്കുന്നതിനുള്ള ഒരു ബൃഹദ് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

ഏഴ് നിയമസഭാ നിയോജക മണ്ഡലങ്ങൾ ഈ കാലയളവിൽ സമ്പൂർണ വൈദ്യുതീകരണം കൈവരിച്ചു. 80 മണ്ഡലങ്ങളിൽ സമ്പൂർണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2001 കാലത്ത് അപേക്ഷിച്ച കണക്ഷനുകൾ പോലും ബാക്കിയായിരുന്ന സ്ഥാനത്ത് 2008 ജനുവരി ഒന്നുവരെ അപേക്ഷിച്ച മുഴുവൻ ആളുകൾക്കും കണക്ഷൻ നൽകി കഴിഞ്ഞു. ചരിത്രപരമായ കടമയുമാണ് 2008 സെപ്തംബർ 30 വരെയുള്ള അപേക്ഷകർക്കും കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുകയാണ്. മൂന്നു വർഷത്തിനുള്ളിൽ 14.5 ലക്ഷം പുതിയ കണക്ഷനുകളാണ് നൽകിയത്. 2011-ഓടെ കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നതാണു ലക്ഷ്യം.

വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിന് 6379 കി.മീ. 11 കെ.വി ലൈൻ, 8309 ട്രാൻസ് ഫോർമറുകൾ, 22215 കി.മീ. എൽ.ടി. ലൈനുകൾ എന്നിവ സ്ഥാപിക്കാൻ മൂന്നു വർഷം കൊണ്ട് കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് അഞ്ച് വർഷം കൊണ്ട് 4776 കി.മീ. 11.കെ.വി. ലൈൻ, 6755 ട്രാൻസ്ഫോർമറുകൾ, 25968 കി.മീ. എൽ.ടി. ലൈൻ എന്നിവ മാത്രമാണ് നിർമിച്ചത്.



ദശലക്ഷം സി.എഫ്.എൽ. പദ്ധതി ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിച്ച ശേഷം മന്ത്രി എ.കെ. ബാലൻ സംസാരിക്കുന്നു.

പ്രസരണ രംഗത്തും വൻനേട്ടമുണ്ടാക്കാൻ നമുക്കു കഴിഞ്ഞു. ഈ സർക്കാർ 56 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കി. 2011 ഓടെ 1800 കോടി രൂപ ചെലവിൽ 206 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര പദ്ധതിയിൽ പണി നടന്നുവരുന്ന അരീക്കോട്, ഈസ്റ്റ് കൊച്ചിൻ എന്നിവയ്ക്കു പുറമേ പാലക്കാട് ഒരു 400 കെ.വി. സബ്സ്റ്റേഷൻ കൂടി അനുവദിച്ചു. സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസരണ-വിതരണ നഷ്ടം 24.6 ശതമാനമായിരുന്നത് ഇപ്പോൾ 20.4 ശതമാനമായി കുറഞ്ഞു. 2011-നകം ഇത് 15 ശതമാനമാക്കാനാണ് ലക്ഷ്യം.

ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തുന്നതിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. പുതുതായി ആറ് ഡിവിഷനുകൾ, അഞ്ച് സബ് ഡിവിഷനുകൾ, 38 സെക്ഷനുകൾ എന്നിവയാരംഭിച്ച് സേവന സൗകര്യം വർധിപ്പിച്ചു.

ഇടതുപക്ഷ ജനാധിപത്യ സർക്കാർ സ്വതന്ത്ര സോഫ്റ്റുവെയർ പ്രോത്സാഹിപ്പിക്കുക എന്ന നിലപാടാണ് സ്വീകരിച്ചത്. ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്ത സ്വതന്ത്ര സാങ്കേതിക വിദ്യയിലൂന്നിയ ഒരുമ സോഫ്റ്റുവെയർ മുഖാന്തിരം എല്ലാ സെക്ഷനുകളും കമ്പ്യൂട്ടർവത്കരിച്ചുകഴിഞ്ഞു.

കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് യൂണിറ്റിന് 3.25 രൂപയിൽ നിന്ന് 1.15 രൂപയായി കുറയ്ക്കുക, വ്യവസായങ്ങളുടെ പൂട്ടിക്കിടന്ന കാലത്തെ മിനിമം ഡിമാന്റ് ചാർജ് ഒഴിവാക്കി അവ തുറക്കാൻ സാഹചര്യമൊരുക്കുക, എസ്.സി/എസ്.ടി, ബി.പി.എൽ വിഭാഗങ്ങളുടെ മിനിമം ഗ്യാരണ്ടി കുടിശ്ശിക എഴുതി തള്ളുക, ആദിവാസികളുടെ വൈദ്യുതി കുടിശ്ശിക ഒഴിവാക്കി കണക്ഷൻ പുനഃസ്ഥാപിക്കുക തുടങ്ങി ഒട്ടേറെ ജനക്ഷേമ നടപടികൾ സ്വീകരിക്കാനും വൈദ്യുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ജനക്ഷേമ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കാര്യക്ഷമത വർധിപ്പിക്കാനും കഴിഞ്ഞതിനാൽ ഇന്ത്യയിലെ മെച്ചപ്പെട്ട വൈദ്യുതി സ്ഥാപനങ്ങളിൽ രണ്ടാം സ്ഥാനത്തെത്താൻ കെ.എസ്.ഇ.ബി.ക്ക് കഴിഞ്ഞു.

രാജ്യമാകെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുകയാണ്. കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ 12 മണിക്കൂർ വരെ ലോഡ് ഷെഡിങ്ങും വ്യവസായ മേഖലയിൽ കടുത്ത വൈദ്യുതി നിയന്ത്രണങ്ങളുമാണുള്ളത്. എന്നാൽ വൈകുന്നേരങ്ങളിൽ ഏർപ്പെടുത്തിയിരുന്ന അരമണിക്കൂർ ലോഡ്ഷെഡിങ്, തെർമൽ സർചാർജ്, ഉപഭോഗ നിയന്ത്രണങ്ങൾ എന്നിവയെല്ലാം വേനലിന്റെ മൂർധന്യാവസ്ഥയിലും പിൻവലിക്കാനായത് ഈ രംഗത്ത് സംസ്ഥാന സർക്കാർ നടത്തിയ വികസന മുന്നേറ്റത്തിലൂടെയും കേരളീയ സമൂഹത്തിന്റെ നിസ്സീമമായ സഹകരണത്തിലൂടെയുമാണ്.

2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ നിർദേശമനുസരിച്ച് വൈദ്യുതി ബോർഡിനെ വിഭജിച്ച് കമ്പനികളാക്കി സ്വകാര്യവത്കരിക്കുക എന്നതാണ് കേന്ദ്ര താത്പര്യം. എന്നാൽ ബോർഡിനെ വിഭജിക്കാതെ സംസ്ഥാന സർക്കാരിന്റെ കീഴിൽ ഒറ്റ കമ്പനിയാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുവാനാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ഇപ്പോൾ വളർന്നുവന്നിട്ടുള്ള രാഷ്ട്രീയ പശ്ചാത്തലത്തിൽ കേരളത്തിനുള്ള കേന്ദ്ര വൈദ്യുതിവിഹിതം വിവേചനപരമായി വീണ്ടും വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത്തരം സാഹചര്യങ്ങളെയും നമുക്ക് അതിജീവിക്കേണ്ടതുണ്ട്. ഈ രംഗത്ത് ഉണ്ടാകാവുന്ന എല്ലാ വെല്ലുവിളികളെയും ജനസൗഹൃദ നയങ്ങളിലൂടെയും ജനങ്ങളുടെ സഹകരണത്തോടെയും തരണം ചെയ്ത് വൈദ്യുതി രംഗത്ത് മുന്നേറുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പട്ടികസമുദായക്ഷേമം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി പട്ടികവർഗവികസന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ഒടുങ്ങാത്ത പരാതികളായിരുന്നു. ഫണ്ട് പൂർണമായും ഫലപ്രദമായും ചെലവഴിക്കാതെ പാഴാക്കുക, അടിമുതൽ മുടിവരെ അഴിമതി എന്നിവയൊക്കെ അതിൽപ്പെടുന്നു. കംപ്യൂട്ടർ പരിശീലന പദ്ധതിയിൽ നടന്ന കോടിക്കണക്കിന് രൂപയുടെ അഴിമതി സി&എ.ജി കണ്ടെത്തിയിട്ടുണ്ട്. അതിൻമേലുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു. പട്ടികവിഭാഗങ്ങളാകെ നിരാശയിലും പ്രക്ഷോഭത്തിലുമായിരുന്നു. ഈ ദുഃസ്ഥിതി ദൂരീകരിക്കുന്നതിനാണ് സർക്കാർ ആദ്യം നടപടി സ്വീകരിച്ചത്. ഇത്തരം ദുഷ്പ്രവണതകൾ പൂർണമായും തുടച്ചുമാറ്റാൻ കഴിഞ്ഞു എന്നതാണ് ഈരംഗത്ത് സർക്കാരിന്റെ പ്രധാന നേട്ടം.

## ഫണ്ട് വിനിയോഗത്തിൽ റെക്കോഡ് പുരോഗതി

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം പട്ടികജാതി വികസന വകുപ്പിൽ 76 ശതമാനവും പട്ടികവർഗ വികസനവകുപ്പിൽ 67 ശതമാനവും ആയിരുന്നു. 2006-07-ൽ പട്ടികവർഗ വികസന വകുപ്പ് 91.42 ശതമാനവും പട്ടികജാതി വികസന വകുപ്പ് 85.98 ശതമാനവും തുക വിനിയോഗിച്ചു. ഇത് 2007-08-ൽ യഥാക്രമം 93 ശതമാനവും 97.40 ശതമാനവുമായിരുന്നു. 2008-09-ൽ ആകട്ടെ പട്ടികജാതി വകസന വകുപ്പ് 97.59 ശതമാനവും പട്ടികവർഗ വികസന വകുപ്പ് 96.29 ശതമാനവും പദ്ധതിതുക ചെലവഴിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിനത്തിൽ 2006-07 ൽ 85 ശതമാനവും 2007-08 ൽ 87 ശതമാനവും 2008-09 ൽ 90 ശതമാനവും ചെലവഴിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിൽ റെക്കോഡ് പുരോഗതി കൈവരിക്കാൻ കഴിഞ്ഞ മൂന്നുവർഷങ്ങൾകൊണ്ട് സാധിച്ചു.

## വിദ്യാഭ്യാസം

പട്ടികവിഭാഗങ്ങളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഒട്ടനവധി കാര്യങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

- മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി/മറ്റർഹവിഭാഗം വിദ്യാർഥികൾക്ക് കുടിശ്ശികയായി നൽകാനുണ്ടായിരുന്ന 40.84 കോടി രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു.
- ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക് തലത്തിൽ മെസ്ചാർജ് 500 രൂപയിൽ നിന്നും 1300 രൂപയായും പോസ്റ്റുമെട്രിക് തലത്തിൽ 700 രൂപയിൽ നിന്നും 1500 രൂപയായുമായും വർദ്ധിപ്പിച്ചു.
- 13 കോടി രൂപ ചെലവിൽ എല്ലാ പ്രീമെട്രിക് പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് നടപടി കൈക്കൊണ്ടു. തിരുവനന്തപുരം വെള്ളയമ്പലം പോസ്റ്റുമെട്രിക് ഹോസ്റ്റലിനെ മോഡൽ ഹോസ്റ്റലായി പ്രഖ്യാപിച്ചു. പ്രീമെട്രിക്, പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾക്ക് ഹോസ്റ്റലടിസ്ഥാനത്തിൽ ഉപദേശക സമിതികൾ രൂപീകരിച്ചു.
- തിരുവനന്തപുരത്തെ അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ പുതിയ പെർഫോർമൻസ് അനാലിസിസ് ലാബ് ആരംഭിച്ചു. കായികോപകരണങ്ങൾ വാങ്ങുന്നതിന് 28 ലക്ഷം രൂപയും, ഇൻഡോർ സ്റ്റേഡിയത്തിന്റെ വികസനം, ജിംനേഷ്യം, ബാസ്കറ്റ് ബോൾ -കബഡി കോർട്ടുകൾ എന്നിവയ്ക്കായി 99 ലക്ഷം രൂപയും അനുവദിച്ചു.
- സർവകലാശാലകൾ, കേന്ദ്ര-സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന സ്വാശ്രയ കോഴ്സുകളിലെ വിദ്യാർഥികൾക്ക് അതത് സ്ഥാപനം നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 2004-05 മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിച്ചു. സ്വാശ്രയ കോളേജുകളിലെ എം.സി.എ, ആയുർവേദ നഴ്സിങ്, ആയുർവേദ ബി.ഫാം വിദ്യാർഥികൾക്ക് ജസ്റ്റിസ് കെ.ടി.തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിൽ ഫീസാനുകൂല്യം അനുവദിച്ചു. എസ്.ഇ.ബി.സി. ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർഥികൾക്കും ഫീസ് നിർണയ കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് നൽകാൻ ഉത്തരവായി.
- ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ 50% വർധിപ്പിച്ചു. 2001-ൽ മുൻ എൽ.ഡി.എഫ് സർക്കാരാണ് ഇതിനു മുമ്പ് ഈ ആനുകൂല്യങ്ങളുടെ നിരക്ക് വർധിപ്പിച്ചത്.
- എട്ട് ഐ.ടി.സികളെ ആധുനിക സൗകര്യങ്ങളുള്ള മോഡൽ റസിഡൻഷ്യൽ ഐ.ടി.സികളാക്കിമാറ്റാൻ തീരുമാനിച്ചു. ഐ.ടി.സി. യൂണിഫോം അലവൻസ് 400 രൂപയിൽ നിന്ന് 900 രൂപയായി വർധിപ്പിച്ചു നൽകി.
- വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് ആനുകൂല്യങ്ങൾ മാസാമാസം ബാങ്ക് എ.ടി.എം വഴി ലഭ്യമാക്കുന്നതിന് 'ഇ-ഗ്രാന്റ്സ്' എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കി.
- ഒൻപത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹയർ സെക്കൻഡറി കോഴ്സ് പുതുതായി ആരംഭിച്ചു.

## ഭവന നിർമാണം

മൂന്ന് വർഷം കൊണ്ട് ഭവനരഹിതരായ പട്ടികജാതി -വർഗ37000 കുടുംബങ്ങൾക്ക് ഭവന നിർമാണസഹായം അനുവദിച്ചു. മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതിരുന്ന 8548 കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചു. വീടിന് ഭൂമി വാങ്ങാൻ സഹായം പഞ്ചായത്ത് പ്രദേശത്ത് 25000 രൂപയിൽ നിന്ന് 45000 രൂപയായും മുനിസിപ്പാലിറ്റിയിൽ 27500 രൂപയിൽ നിന്ന് 50000 രൂപയായും കോർപ്പറേഷൻ പ്രദേശത്ത് 30000 രൂപയിൽ നിന്ന് 60000 രൂപയായും വർധിപ്പിച്ചു. ഭവന നിർമാണ ധനസഹായം പട്ടികജാതി വിഭാഗങ്ങൾക്ക് 75000 രൂപയായും പട്ടികവർഗ വിഭാഗങ്ങൾക്ക് 1,00,000 രൂപയായും വർധിപ്പിച്ചു.

ഭൂരഹിത-ഭവന രഹിതരായ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും രണ്ടു വർഷത്തിനകം ഭൂമിയും വീടും നൽകുന്നതിന് പട്ടികജാതിവിഭാഗത്തിന് 1300 കോടി രൂപയുടെയും പട്ടികവർഗവിഭാഗത്തിന് 350 കോടി രൂപയുടെയും ബൃഹദ് പദ്ധതിക്ക് രൂപം നൽകി.

## സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

എല്ലാ ആദിവാസികൾക്കും പൂർണമായും സൗജന്യ ചികിത്സ നൽകാനായി 10 കോടി രൂപയുടെ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കി. ഇന്ത്യയിൽ ആദ്യമായാണ് ഇത്. ഇതിനു പുറമേ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 58000 പേർക്ക് 10 കോടി രൂപ ചികിത്സാ സഹായവും നൽകിയിട്ടുണ്ട്.

## മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ

മിശ്രവിവാഹിത ദമ്പതികളിലൊരാൾ പട്ടിക വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ അവരുടെ മക്കൾക്ക് ലഭിച്ചുവന്നിരുന്ന ജാതി സർട്ടിഫിക്കറ്റ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിഷേധിക്കുകയും അച്ഛൻ പട്ടികവിഭാഗത്തിൽപെട്ടതാണെങ്കിൽ മാത്രം ഈ ആനുകൂല്യം നൽകിയാൽ മതിയെന്ന് ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ഈ ഉത്തരവ് റദ്ദാക്കി മിശ്രവിവാഹിതരിലാരെങ്കിലും പട്ടിക വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ അവർക്ക് പട്ടികവിഭാഗ ജാതിസർട്ടിഫിക്കറ്റ് നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചു.

## കടാശ്വാസ പദ്ധതി

പട്ടികവിഭാഗങ്ങളിലെ പാവപ്പെട്ടവരുടെ 25000 രൂപവരെയുള്ള വായ്പാ കടങ്ങൾ എഴുതി തള്ളുന്നതിന് ഒരു കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കി തുടങ്ങുന്നതുവരെ ഇവരുടെ പേരിലുള്ള റിക്കവറി നടപടികൾ നിർത്തിവ്ക്കും .

## ആദിവാസി പുനരധിവാസം- വനാവകാശ നിയമം

ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി നൽകാൻ നടപടി ആരംഭിച്ചു. ആറളം ഫാമിൽ 1717 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തു. കൂടാതെ 4352 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖയും, 302 കുടുംബങ്ങൾക്ക് പട്ടയവും നൽകിയിട്ടുണ്ട്. അടിസ്ഥാന ജീവിതസൗകര്യങ്ങൾ ലഭ്യമാക്കി ഒരു മാതൃകാ ഗ്രാമമാക്കി ആറളത്തെ മാറ്റുന്നതിന് ബൃഹദ്പദ്ധതി ആരംഭിച്ചു.

ആദിവാസികൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കുമുള്ള കേന്ദ്ര വനാവകാശ നിയമം അനുസരിച്ച് ആദിവാസികൾക്ക് അവർ അധിവസിക്കുന്ന വനപ്രദേശങ്ങളിൽ അവകാശം അനുവദിച്ചുകൊണ്ട് കൈവശാവകാശ രേഖകൾ വിതരണം ചെയ്തു തുടങ്ങി. ഈ നിയമം നടപ്പാക്കുന്നതോടെ കേരളത്തിലെ മുഴുവൻ ആദിവാസികളുടെയും ഭൂപ്രശ്നം അടുത്ത രണ്ടു വർഷത്തിനുള്ളിൽ പരിഹരിക്കാൻ കഴിയും.

തിരുവനന്തപുരത്ത് അയ്യൻകാളിക്ക് അനശ്വരമായ ഒരു സ്മാരകം നിർമിച്ചു. അഞ്ചു കോടി രൂപ ചെലവിൽ പണികഴിപ്പിച്ച പട്ടികജാതി വികസന ഓഫീസ് സമുച്ചയത്തിന് അയ്യൻകാളി ഭവൻ എന്ന് നാമകരണം ചെയ്തു.

കേന്ദ്ര പട്ടികജാതി പട്ടികവർഗ കമ്മിഷന്റെ മാതൃകയിൽ സംസ്ഥാനത്തും ഒരു പട്ടികജാതി പട്ടികഗോത്രവർഗ കമ്മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

പട്ടികജാതി ആദിവാസി ജനവിഭാഗങ്ങളുടെ തനത് സംസ്കാരവും പരമ്പരാഗത കലകളും വംശീയചികിത്സാ രീതികളും സംരക്ഷിക്കുന്നതിനും പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനത്തിനും 'ഗദ്ദിക' എന്ന പേരിൽ വിപുലമായ മേളകൾ വിവിധ ജില്ലകളിൽ നടത്തി.

ഈ സർക്കാർ അധികാരത്തിൽ വന്ന



**ദേശീയ ഊർജ സംരക്ഷണ പരിപാടിയുടെ ഭാഗമായി എൻ.ടി.പി.സി സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ പെയിന്റിങ് മത്സരവിജയികൾക്ക് മന്ത്രി എ.കെ.ബാലൻ സമ്മാനദാനം നടത്തുന്നു.**

ശേഷം വകുപ്പിന് കീഴിലുള്ള കോർപ്പറേഷനുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും കൂടുതൽപേർക്ക് വായ്പാസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന 6414 പേർക്ക് 22.38 കോടി രൂപ സ്വയംതൊഴിൽ വായ്പ അനുവദിച്ചു. എന്നാൽ മുൻ സർക്കാർ അഞ്ച് വർഷംകൊണ്ട് 5793 പേർക്ക് 28.80 കോടി രൂപ മാത്രമാണ് അനുവദിച്ചത്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗവികസന കോർപ്പറേഷൻ മൂന്നുവർഷം കൊണ്ട് 4092 പേർക്ക് 4.79 കോടി രൂപയുടെ വായ്പാസഹായം നൽകി.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം ഈ സർക്കാരിന്റെ കാലത്ത് ദേശീയശ്രദ്ധ പിടിച്ചുപറ്റി. കഴിഞ്ഞ വർഷം ഇത്തരം സ്ഥാപനങ്ങളിൽ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രവർത്തനത്തിനുള്ള ദേശീയ അംഗീകാരം കോർപ്പറേഷന് ലഭിച്ചു. മൂന്നു വർഷത്തിനിടയിൽ 62562 പേർക്ക് 300.71 കോടി രൂപയുടെ വായ്പാ സഹായം നൽകുവാൻ കഴിഞ്ഞു. എന്നാൽ യു.ഡി.എഫ് ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് 228 കോടി രൂപ മാത്രമാണ് വായ്പയായി അനുവദിച്ചത്.

ഇന്ത്യയിൽ പൊതുവെ പട്ടികവിഭാഗങ്ങളുടെ സ്ഥിതി ഇന്നും പരമദയനീയമാണ്. സ്വന്തമായി കിടപ്പാടമോ ഒരു തുണ്ടു ഭൂമിയോ ഇല്ലാതെ ജൻമിമാരുടെ പാടവരമ്പത്ത് ഇടുങ്ങിയ കൂരകൾക്കുള്ളിൽ കഴിഞ്ഞുകൂടുന്ന അനേകായിരങ്ങൾ ഇന്നും ഇന്ത്യയിലുണ്ട്. കുറഞ്ഞ കൂലിയ്ക്ക് അടിമകളെപ്പോലെ ഇവർക്ക് പണിയെടുക്കേണ്ടി വരുന്നു. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ കഴിയുന്നില്ല. അയിത്തം തുടങ്ങിയ അനാചാരങ്ങൾ നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള സംരക്ഷണം പൂർണമായും ലഭിക്കുന്നില്ല. പൊതുനിരത്തിലൂടെ നടക്കുന്നതിനും പൊതുകിണറ്റിലെ വെള്ളം കുടിക്കുന്നതിനും വിലക്ക്. ക്ഷേത്രാരാധനയ്ക്കും നിരോധനങ്ങൾ. എന്തിനേറെ, ഭരണഘടനാപരമായി ത്രിതല പഞ്ചായത്തുകളിൽ മത്സരിച്ച് ജയിച്ച പഞ്ചായത്ത് മെമ്പറൻമാർക്കും പ്രസിഡന്റിനും കീഴ്ജാതിക്കാരനെന്ന കാരണം പറഞ്ഞ് പഞ്ചായത്ത് കമ്മിറ്റിയിൽ പ്രവേശനം നിഷേധിക്കുന്ന സ്ഥിതിപോലും നിലനിൽക്കുന്നു.

ഇടതുപക്ഷ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള കേരളം പോലുള്ള സംസ്ഥാനങ്ങളിൽ മാത്രമാണ് മേൽപ്പറഞ്ഞ പൊതുസ്ഥിതിയിൽ ഏറെ മാറ്റമുണ്ടായിട്ടുള്ളത്. ഈ മാറ്റം സ്ഥായിയാക്കുവാനും രാജ്യവ്യാപകമാക്കുവാനും കഴിയണമെങ്കിൽ നിയമങ്ങൾക്കുമപ്പുറം പുരോഗമന രാഷ്ട്രീയ ചിന്തകൾക്കും പ്രസ്ഥാനങ്ങൾക്കും രാജ്യമാകെ വളർച്ചയുണ്ടാവേണ്ടതുണ്ട്.■

**എസ്. ശർമ**
ഫിഷറീസ്-രജിസ്ട്രേഷൻ മന്ത്രി

# ക്ഷേമ നടപടികളുടെ ചാകര

**ചാകരയുടെ സമൃദ്ധിയില്ലാത്തപ്പോഴും കടല് കനിയാത്തപ്പോഴും കരയിൽ മത്സ്യത്തൊഴിലാളിക്ക് കണ്ണീരില്ലാത്ത കാലമാണ് ഇപ്പോൾ. മത്സ്യമേഖലയുടെ സമഗ്രപുരോഗതിക്കായി ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കിയ വികസനപദ്ധതികൾ ലക്ഷ്യം കണ്ടതിനാലാണിത്**

കേരളത്തിലെ 11 ലക്ഷം വരുന്ന മത്സ്യത്തൊഴിലാളികളെ കടത്തിൽ നിന്നും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിച്ച് അവർക്ക് ജീവിത പുരോഗതി നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ വി.എസ്. സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി വരികയാണ്. പിന്നിട്ട മൂന്ന് വർഷക്കാലത്തെ സർക്കാരിന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏറെ ചാരിതാർഥ്യജനകമാണ്.

കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുക എന്നതായിരുന്നു മത്സ്യത്തൊഴിലാളിയുടെ ജീവിതം. ദാരിദ്ര്യവും പട്ടിണിയും രോഗവും ദുരന്തങ്ങളും അവരുടെ കൂടപ്പിറപ്പുകൾ ആയിരുന്നു. വിവിധ കാലത്ത് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകളാണ് മത്സ്യത്തൊഴിലാളികളുടെ കണ്ണീരൊപ്പുന്നതിന് നടപടികൾ സ്വീകരിച്ചു പോന്നത് എന്ന് പരിശോധിച്ചാൽ വ്യക്തമാവും.

എൽ.ഡി.എഫ് സർക്കാരിന്റെ മൂന്ന് വർഷക്കാലം മത്സ്യമേഖലയിൽ ചരിത്രനേട്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. ആഗോള സാമ്പത്തിക നയങ്ങളുടെ പ്രത്യാഘാതങ്ങൾ വളരെ പെട്ടെന്ന് പ്രകടമാവുന്നത് മത്സ്യമേഖലയിലാണ്. മത്സ്യ ഇറക്കുമതിക്കുള്ള ലൈസൻസ്, വിദേശ ട്രോളറുകളുടെ അനിയന്ത്രിതമായ കടന്നുവരവ്, തീരദേശ പരിപാലന നിയമം തുടങ്ങിയവ മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനെയാകെ ഉലയ്ക്കുന്ന ഘടകങ്ങളാണ്. ആഗോള സാമ്പത്തിക മാന്ദ്യം കൂനിൻമേൽകുരുവായി. മത്സ്യക്കയറ്റുമതിയെ ഗുരുതരമായി ഇത് ബാധിച്ചു. ചെമ്മീൻ വ്യവസായം പ്രതിസന്ധിയിലാവുകയും വില കുത്തനെ ഇടിയുകയും ചെയ്തു. ആഗോള സാമ്പത്തികമാ





**വിഴിഞ്ഞത്ത് കടലിൽ കാണാതായ മത്സ്യബന്ധന തൊഴിലാളികളുടെ കുടുംബാംഗങ്ങളെ ഫിഷറീസ് മന്ത്രി എസ്. ശർമ്മ ആശ്വസിപ്പിക്കുന്നു.**

ന്ദ്യവും കേന്ദ്രത്തിന്റെ ആഗോളവത്കരണ നയങ്ങളും മത്സ്യത്തൊഴിലാളി വിരുദ്ധ സമീപനവും കടുത്ത വെല്ലുവിളികളാണ് ഉയർത്തുന്നത്.

ഈ ആസുരകാലത്തെ തരണം ചെയ്യുക എന്നത് വലിയ വെല്ലുവിളി തന്നെയാണ്. സംസ്ഥാന സർക്കാരിന്റെ പരിമിതമായ അധികാരവും വിഭവവും ഉപയോഗിച്ച് ശാസ്ത്രീയമായ ആസൂത്രണത്തിലൂടെ ഈ രംഗത്ത് പരമാവധി നേട്ടമുണ്ടാക്കുക എന്നതാണ് നമ്മുടെ അടിയന്തിര കടമ. തൊഴിലാളികളുടെയും ജനങ്ങളുടെയും ജീവനക്കാരുടെയും പങ്കാളിത്തത്തോടെ മുന്നേറുകയാണീ സർക്കാർ.

ഇതിനിടെ കേന്ദ്രകാർഷിക കടാശ്വാസ പദ്ധതിയിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ നിവേദനം നൽകുകയും 424 കോടി രൂപ കടാശ്വാസത്തിനായി കേരളത്തിന് നൽകണമെന്നും പ്രധാനമന്ത്രിയോടും കേന്ദ്ര കൃഷിമന്ത്രിയോടും ആവശ്യപ്പെടുകയും ഏതാണ്ട് അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാവില്ല എന്ന കടുത്ത നിലപാടിലാണ് കേന്ദ്ര സർക്കാർ ഇപ്പോൾ. ഇത് ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. സംസ്ഥാനം ശക്തമായ പ്രതിഷേധം ഇതിനെതിരെ ഉയർത്തിക്കൊണ്ടുവരണം.

സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു എന്നതാണ് പോയ വർഷത്തെ ഏറ്റവും പ്രധാന നേട്ടം. 2007 ഡിസംബർ 31 വരെയുള്ള മത്സ്യത്തൊഴിലാളികളുടെ കടങ്ങളിൽ നിന്ന് ആശ്വാസം പകരുന്നതിനുള്ള നടപടികൾക്ക് കമ്മീഷൻ തുടക്കം കുറിച്ച് കഴിഞ്ഞു. തൊഴിലാളികളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് പരിശോധിച്ച് വരികയാണ്. കമ്മീഷൻ നിശ്ചയിക്കുന്നത്ര പണം നൽകുമെന്ന് ഈ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. പ്രാഥമികമായി 10 കോടിരൂപ ഇതിനായി അനുവദിച്ചു. കേന്ദ്രം എത്ര നിഷേധാത്മക നിലപാട് സ്വീകരിച്ചാലും മത്സ്യത്തൊഴിലാളികൾക്ക് കടത്തിൽ നിന്ന് ആശ്വാസം നൽകാൻ വി.എസ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള ഒരു കമ്മീഷൻ.

സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു എന്നതാണ് പോയ വർഷത്തെ ഏറ്റവും പ്രധാന നേട്ടം. 2007 ഡിസംബർ 31 വരെയുള്ള മത്സ്യത്തൊഴിലാളികളുടെ കടങ്ങളിൽ നിന്ന് ആശ്വാസം പകരുന്നതിനുള്ള നടപടികൾക്ക് കമ്മീഷൻ തുടക്കം കുറിച്ച് കഴിഞ്ഞു.

മന്ത്രിസഭയുടെ മൂന്നാം വാർഷികം ആഘോഷിക്കുന്ന ദിവസം മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമാകുന്ന ഒരു പുതിയ പദ്ധതിക്ക് തുടക്കമാവുകയാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടിക വിഭാഗക്കാർക്കുമൊപ്പം കേരളത്തിലെ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും രണ്ട് രൂപയ്ക്ക് അരിയും ഗോതമ്പും നൽകുന്ന പദ്ധതിയാണത്. മത്സ്യത്തൊഴിലാളി പെൻഷൻ 250 രൂപയായി വർധിപ്പിച്ചതും പോയ വർഷമാണ്.

കഴുത്തറുപ്പൻ പലിശ വാങ്ങുന്നവരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളി സ്ത്രീകളെ രക്ഷിക്കുന്നതിനായി പലിശരഹിത വായ്പാ പദ്ധതി ആവിഷ്കരിച്ചു. 5000 രൂപയാണ് ഒരാൾക്ക് അനുവദിക്കുന്നത്. 100 രൂപവച്ച് 50 തവണകളായി തിരിച്ചടച്ചാൽ മതി. നാളിതുവരെ 22,000 തൊഴിലാളികൾക്ക് 11 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ വരുമാനമുണ്ടാക്കുന്നതിനുള്ള സ്വയം തൊഴിൽ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്കായി ആയിരത്തോളം സംരംഭങ്ങൾ തുടങ്ങി. പതിനായിരത്തോളം വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.



ബിജു മോഹൻ

**സുനാമി പുനരധിവാസ പദ്ധതിയിൻകീഴിൽ ഉത്പാദിപ്പിച്ച വിവിധ സോപ്പുത്പന്നങ്ങളുടെ വിപണനോദ്ഘാടനം മന്ത്രി എസ്. ശർമ നിർവഹിക്കുന്നു. മന്ത്രി എളമരം കരീം സമീപം.**

മത്സ്യബന്ധന ഉപകരണങ്ങൾ നശിച്ചാൽ നഷ്ടപരിഹാരം നൽകാൻ ഒരു നടപടിയും ഉണ്ടായിരുന്നില്ല. ഈ സർക്കാർ മത്സ്യസുരക്ഷ എന്ന പേരിൽ പുതിയ ഇൻഷുറൻസ് ആരംഭിച്ചു. മൊത്തം തുകയുടെ 75 ശതമാനം നഷ്ടപരിഹാരമായി ലഭിക്കുന്ന ഈ പദ്ധതിയിൽ പ്രീമിയത്തിന്റെ 25 ശതമാനം തൊഴിലാളി അടച്ചാൽ മതി. അപകടത്തിൽപ്പെടുന്ന തൊഴിലാളിയെ രക്ഷിക്കുന്നതിന് കോസ്റ്റ്ഗാർഡിന്റെ സഹായത്തോടെ പുതിയ ഒരു പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. ഐ.എസ്.ആർ.ഒ വികസിപ്പിച്ച് കെൽട്രോൺ നിർമിക്കുന്ന സേഫ്റ്റി ബീക്കൺ എന്ന ഉപകരണത്തിന്റെ സഹായത്തോടെയാണ് തൊഴിലാളിയെ

രക്ഷപ്പെടുത്തുന്നത്. അടുത്ത വർഷ ത്തോടെ ഇത് നടപ്പിലാകും.

മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുള്ള വീട് നൽകി, കുടിവെള്ളം നൽകി, വഴിയും വെളിച്ചവും നൽകി, ശുചിത്വ മാർന്ന അന്തരീക്ഷം ഒരുക്കി അവരെ ഐശ്വര്യത്തിലേയ്ക്ക് നയിക്കുന്ന സമഗ്ര തീരദേശ വികസന പദ്ധതി വിവിധ വകു പ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടന്നു വരുന്നു. 3000 കോടി രൂപയാണ് ഇതി നായി വകയിരുത്തിയിട്ടുള്ളത്. കടലോര ങ്ങളിൽ അപകടകരമായ സാഹചര്യ ത്തിൽ താമസിക്കുന്നവരെ മാറ്റി പാർപ്പി ക്കും.

ഉൾനാടൻ മത്സ്യോത്പാദനം വർധി പ്പിക്കുന്നതിനുള്ള മത്സ്യകേരളം പദ്ധതി ഊർജിതമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യോത്പാ ദനം 0.75 ലക്ഷം ടണ്ണിൽ നിന്നും 2 ലക്ഷം ടണ്ണാക്കുകയാണ് ലക്ഷ്യം.

ഈ സർക്കാർ അധികാരത്തിൽ വന്ന തിനു ശേഷം മത്സ്യമേഖലയുടെ പുരോ ഗതി ലക്ഷ്യംവച്ച് മൂന്ന് നിയമങ്ങൾ നട പ്പാക്കി കഴിഞ്ഞു. മത്സ്യത്തൊഴിലാളി കടാശ്വാസനിയമം, ഉപരിതല മത്സ്യബ ന്ധന നിയമം, സെസ് നിയമം എന്നിവ യാണവ. ഉൾനാടൻ മേഖലയ്ക്കായി ഏകീകൃത ഉൾനാടൻ ഫിഷറീസ് നിയമം കൊണ്ട് വരുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കടൽ കടലിന്റെ മക്കൾക്ക് എന്ന് പ്രഖ്യാപിക്കുന്ന ചരിത്ര പരമായ നിയമം നിർമിക്കുന്നതിന് സർക്കാർ ആലോചിക്കുകയാണ്. പിടി ക്കുന്ന മത്സ്യത്തിന്റെ ആദ്യ അവകാശി തൊഴിലാളി ആയിരിക്കും. കേരളതീരത്ത് വിദേശട്രോളറുകളെ നിരോധിക്കും. പുതിയ ജലപരിഷ്കരണനിയമം വരുന്ന തോടെ മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ മെച്ചപ്പെടും.

അടിസ്ഥാന വികസനത്തിനായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക രിച്ച് വരുന്നു. പുതുതായി 10 മത്സ്യബ ന്ധന തുറമുഖങ്ങൾ ആരംഭിക്കും. ഇതി നകം തലായി, കൊയിലാണ്ടി, ചെല്ലാനം, ചെത്തി എന്നീ ഹാർബറുകളുടെ നിർമാ ണം തുടങ്ങി. കായംകുളം ഹാർബർ കമ്മീ ഷൻ ചെയ്തു. പുതുതായി 25 ഫിഷ്‌ലാൻഡിങ് സെന്ററുകൾ ആരംഭി ക്കും. ഇതിനകം കോടിക്കണക്കിന് രൂപ യുടെ റോഡുകളും പാലങ്ങളും കുടിവെ ള്ളപദ്ധതികളും മാർക്കറ്റുകളും നിർമിച്ചു കഴിഞ്ഞു.

മത്സ്യത്തൊഴിലാളികളുടെ ജീവിത പുരോഗതി ലക്ഷ്യം വച്ച് സർക്കാർ നട ത്തുന്ന പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയും സഹകരണവുമാണ് ലഭി ക്കുന്നത്. സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതോടെ മത്സ്യത്തൊഴി ലാളിയെ കടത്തിൽ നിന്നും ചൂഷണ ത്തിൽ നിന്നും രക്ഷിച്ച് സ്ഥായിയായ പുരോഗതി ഉണ്ടാക്കുകയെന്നതാണ് നമ്മുടെ കടമ.■

ജി. സുധാകരൻ
സഹകരണം-കയർ-ദേവസ്വം മന്ത്രി

# സഹകരണം / ദേവസ്വം / കയർ

**മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സഹകരണ, കയർ ദേവസ്വം മേഖലകൾ ചടുലവും സുതാര്യവുമായ നടപടികൾക്കാണ് കഴിഞ്ഞ മൂന്ന് വർഷം സാക്ഷ്യം വഹിച്ചത്. സഹകരണ മേഖലയുടെ നേതൃത്വത്തിൽ ആരംഭിച്ച ന്യായ വില കടകളും, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ച സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളും സഹകരണ മേഖലയുടെ പുത്തൻ ചുവടവയ്പ്പുകളായി. കയർമേഖലയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പുന:സംഘാടനത്തിനും, ആധുനികവത്കരണത്തിനും തുടക്കം കുറിച്ചതും, മലബാറിലെ ക്ഷേത്രവിശ്വാസികളുടെ ദീർഘകാല ആവശ്യമായിരുന്ന മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതും എടുത്തു പറയേണ്ട നേട്ടങ്ങളാണ്.**

ജനാഭിമുഖ്യനടപടികൾ, അഴിമതിക്കെതിരെ സന്ധിചെയ്യാത്ത നിലപാടുകൾ, പരമ്പരാഗതരീതികളിൽ നിന്നും മാറി ചടുലവും സുതാര്യവുമായി നേട്ടങ്ങൾ ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാകുന്ന നടപടികൾ എന്നീ തത്ത്വങ്ങളിൽ ഊന്നിനിന്ന് സഹകരണം, കയർ, ദേവസ്വം വകുപ്പുകളിൽ കഴിഞ്ഞ മൂന്നു വർഷങ്ങളായി എൽ.ഡി.എഫ്. സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ സമൂഹത്തിന്റെ സമസ്തമേഖലകളിലുള്ളവരുടെയും അംഗീകാരം നേടിക്കഴിഞ്ഞു. ഈമേഖലകളിൽ ഇന്നു നടക്കേണ്ട പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതോടൊപ്പം നാളെ എന്തായിരിക്കണമെന്ന് പുനർനിർവചിക്കുന്നതിലും അതിനുള്ള ആധാരശിലകൾ പാകുന്നതിലും വലിയൊരളവുവരെ വിജയംവരിച്ചു.

### ന്യായവിലച്ചന്തകൾ മാതൃകയായി

കേരളം വിലക്കയറ്റത്തിൽ വിറങ്ങലിച്ചുനിന്ന സന്ദർഭത്തിൽ വിലക്കയറ്റവിരുദ്ധ ചന്തകളും, ന്യായവില അരിക്കടകളുമായി ഗ്രാമങ്ങളിൽ കടന്നുചെന്ന് മാതൃക സൃഷ്ടിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞു. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കൺസ്യൂമർഫെഡിന്റെ മുൻകൈയോടെ 25000 ലേറെ വിലക്കയറ്റവിരുദ്ധ ചന്തകൾ സംസ്ഥാനത്താകെ പ്രവർത്തിച്ചു. നിത്യോപയോഗസാധനങ്ങൾക്ക് 20 ശതമാനത്തിലധികവും, ചിലയിനങ്ങൾക്ക് 55% വരെയും വിലക്കുറവാണ് പൊതുവിപണിയിൽ അനുഭവപ്പെട്ടത്. ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിലെ മൊത്തം നിക്ഷേപം 20287 കോടി രൂപയായിരുന്നത് ഇപ്പോൾ 47827 കോടി രൂപയായി വർദ്ധിച്ചു. സംസ്ഥാനരൂപീകരണം മുതലുള്ള മൂന്നു വർഷ

# ചടുലം; സുതാര്യം

ങ്ങളിൽ ആകെ നേടിയത് 20287 കോടി രൂപ. തുടർന്നുള്ള മൂന്നു വർഷങ്ങളിൽ നേടിയത് 27540 കോടി രൂപ! പുതുതലമുറബാങ്കുകൾ സൃഷ്ടിച്ച വ്യാമോഹങ്ങൾക്കിടയിലും സാർവ്വദേശീയ സാമ്പത്തിക കുഴപ്പങ്ങൾക്കിടയിലും കേരളത്തിലെ സഹകരണ മേഖല മുന്നേറിയത് അതിനോടുള്ള മലയാളികളുടെ പ്രതീക്ഷയും പ്രതിബദ്ധതയുമാണ് കാട്ടുന്നത്.

പ്രൊഫഷണൽ വിദ്യാഭ്യാസമേഖല പുതിയ മാതൃക സൃഷ്ടിക്കുകയും സംസ്ഥാനത്തെ രണ്ട് മെഡിക്കൽ കോളേജുകളടക്കം നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നുവരുകയും ചെയ്തു കഴിഞ്ഞു. കേപ്പിന്റെ കീഴിൽ തന്നെ ഒരു മെഡിക്കൽ കോളേജും ആറ് എൻജിനീയറിങ് കോളേജുകളും ഒരു നഴ്സിങ് സ്കൂളും പ്രവർത്തിക്കുന്നു.



കാർഷികമേഖലയുടെ ധനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളും ചില സഹകരണസ്ഥാപനങ്ങളും പൊതുവേ വിമുഖത കാട്ടിയിരുന്നു. സർക്കാരിന്റെ ശക്തമായ ഇടപെടൽ വഴി സഹകരണമേഖലയിൽ കാർഷികവായ്പ ഗണ്യമായി വർദ്ധിച്ചു. ഉദാരവ്യവസ്ഥകളിൽ പച്ചക്കറിക്കൃഷിക്ക് 4 % നിരക്കിലും നെൽക്കൃഷിക്ക് പലിശരഹിതമായും വായ്പ ലഭ്യമാക്കി. കാർഷിക കടാശ്വാസപദ്ധതിയനുസരിച്ച് സഹകരണസ്ഥാപനങ്ങൾ ആത്മഹത്യ ചെയ്ത കർഷകരുടെ 187.17 ലക്ഷം രൂപ എഴുതിത്തള്ളി. കാർഷിക വായ്പകൾ നൽകുന്ന സംഘങ്ങൾക്ക് പരിരക്ഷയും പ്രോത്സാഹനവും സർക്കാർ നൽകുന്നതോടൊപ്പം അതിനു വിമുഖത കാണിക്കുന്ന സംഘങ്ങളോട് കർശനമായ നിലപാടുകളും സ്വീകരിച്ചു.

ഓരോ അസംബ്ലി മണ്ഡലത്തിലും കുറഞ്ഞത് ഒരു ത്രിവേണി സ്റ്റോറും പഞ്ചായത്ത്തോറും സഹകരണ ആരോഗ്യ ക്ലിനിക്കുകളും നീതിമെഡിക്കൽ സ്റ്റോറുകളും സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് വലിയ പ്രോത്സാഹനമാണ് ലഭിച്ചിട്ടുള്ളത്.

ലോകത്തിന് തന്നെ മാതൃകയായിരുന്ന സാഹിത്യപ്രവർത്തക സഹകരണസംഘത്തെ അതിന്റെ പൂർണ്ണമായ തകർച്ചയിൽ നിന്നും കൈപിടിച്ചുയർത്താൻ സഹകരണവകുപ്പിന് കഴിഞ്ഞു. സർക്കാർ മുൻകൈയെടുത്ത് സാഹിത്യകാരൻമാരുടെ മുഴുവൻ റോയൽറ്റികുടിശ്ശികയും കൊടുത്തു തീർത്തു. ഇതുവരെ 300 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

നിർദ്ധനരായ യുവതികൾക്ക് അവരുടെ വിവാഹാവശ്യങ്ങൾക്കോ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനോ ഉദാര വ്യവസ്ഥകളിൽ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ മംഗല്യസൂത്ര സഹകരണസംഘങ്ങളും ആരംഭിച്ചു.

സഹകരണരംഗത്തെ അഴിമതി നിർമ്മാർജ്ജനത്തിനും കണക്കുപരിശോധന കാലികമാക്കുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചു. അഴിമതിക്കെതിരെ സ്വീകരിച്ച വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സഹകരണമേഖലയുടെ ഏറെക്കുറെ ശിഥിലമായ വിശ്വാസ്യത പുനരാർജ്ജിക്കുന്നതിന് വഴിയൊരുക്കി. ഇരുനൂറോളം ആക്ഷേപങ്ങളിൽ കഴമ്പുണ്ടെന്ന് ബോധ്യമായതിനെ തുടർന്ന് വിജിലൻസ് നടപടികൾ ആരംഭിച്ചു. പലതിലും കേസ്സുകൾ രജിസ്റ്റർ ചെയ്തു. സഹകരണവകുപ്പിനു കീഴിൽ തന്നെ സഹകരണവിജിലൻസ് പോലീസ് സംവിധാനവും ഏർപ്പെടുത്തി. കണക്കുകളും ഇടപാടുകളും പരിശോധിക്കാനുള്ള നടപടിയുടെ ഭാഗമായി ഡയറക്ടർ ജനറൽ ഓഫ് ആഡിറ്റിനെ നിയമിച്ച് ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തി.

ദുർബലസംഘങ്ങളുടെ സഹായത്തിനായി സഹകരണവകുപ്പ് തയ്യാറാക്കിയ പ്രത്യേക പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സഹകരണലോട്ടറി സർവ്വകാല റെക്കോഡായ 33 കോടി രൂപ നേടി. 15 കോടിയിലേറെ രൂപ അറ്റാദായമായി ലഭിച്ചു. സഹകരണനിയമങ്ങൾ ഫലപ്രദമായി അഴിച്ചുപണിയുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

എട്ടു വർഷത്തിനുശേഷം ഈ



കൺസ്യൂമർഫെഡിന്റെ സമ്പൂർണ്ണ കംപ്യൂട്ടർവത്കരണം സഹകരണ മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.

ദുർബലസംഘങ്ങളുടെ സഹായത്തിനായി സഹകരണവകുപ്പ് തയ്യാറാക്കിയ പ്രത്യേക പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സഹകരണലോട്ടറി സർവ്വകാല റെക്കോഡായ 33 കോടി രൂപ നേടി.

സർക്കാർ മുൻകൈയെടുത്ത് അഖിലേന്ത്യാ സഹകരണ കോൺഗ്രസ്സ് സംഘടിപ്പിച്ചു. ഇതുവഴി സഹകരണമേഖലയ്ക്ക് പുതിയ ദിശാബോധം നൽകാനായി. പരമ്പരാഗത മേഖലകളിൽ നിന്നും വ്യതിരിക്തമായി ചലച്ചിത്ര-ടെലിവിഷൻ രംഗത്തുള്ളവർ, പ്രവാസികൾ, തൊഴിൽരഹിതർ എന്നിവരുടെയെല്ലാം സഹകരണസംഘങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചു. കൂടുതൽ സമഗ്രവും ദീർഘവീക്ഷണത്തോടെയുമുള്ള നടപടികളുമായി വലിയൊരു കുതിച്ചു ചാട്ടത്തിന് തയ്യാറെടുക്കുകയാണ് കേരളത്തിലെ സഹകരണമേഖല.

### കയർ രംഗം

കേരളത്തിലെ ഏറ്റവും പ്രമുഖ പരമ്പരാഗത വ്യവസായമായ കയർമേഖലയുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള പുന:സംഘാടനത്തിനും ആധുനികവത്കരണത്തിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഒപ്പം അടിയന്തര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. മുൻ സർക്കാർ കയർത്തൊഴിലാളി പെൻഷൻ 32 മാസംകുടിശ്ശികയാക്കിയാണ് അധികാരമൊഴിഞ്ഞത്. ഈ സർക്കാർ കുടിശ്ശികയടക്കമുള്ള മുഴുവൻ പെൻഷൻ തുകയും നൽകി കഴിഞ്ഞു. 100 രൂപയായിരുന്ന പെൻഷൻ ഇപ്പോൾ 250 രൂപയാക്കി വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡുവഴിയുള്ള എല്ലാ ആനുകൂല്യങ്ങളും മൂന്നു മുതൽ അഞ്ച് വരെ ഇരട്ടിയായി വർദ്ധിപ്പിച്ചു.

കയർ സഹകരണ മേഖല ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. കയർ സഹകരണസംഘങ്ങളുടെ സർക്കാർ വായ്പയും പലിശയും എൻ.സി.ഡി.സി. വായ്പയും സർക്കാർഷെയറുകളാക്കി മാറ്റിയതുവഴി 50 കോടി രൂപയുടെ പ്രയോജനം ഇവയ്ക്ക് ലഭിച്ചു. സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കുന്നതിന് പ്രവർത്തന മൂലധനമായി ഫിക്സഡ് ക്യാപ്പിറ്റലായ 23.86 കോടി രൂപ നൽകി കഴിഞ്ഞു. ഓരോ സംഘത്തിന്റെയും പുനരുദ്ധാരണ പ്രോജക്ട് തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ അവയുടെ വായ്പകൾ തീർപ്പാക്കുന്നതിനും സഞ്ചിതനഷ്ടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സംസ്ഥാനത്തെ ചകിരി ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി കയർവകുപ്പ് ആവിഷ്കരിച്ചു കഴിഞ്ഞു. നിലവിൽ പ്രവർത്തന രഹിതമായ എല്ലാ ഡീഫൈബറിങ് മില്ലുകളെയും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. സംസ്ഥാനത്തെ 50% തൊണ്ടുകളെങ്കിലും ചകിരിയാക്കുകയാണ് ലക്ഷ്യം. കൈത്തറിയിലുണ്ടാക്കുന്ന കയറുത്പന്നങ്ങളുടെ കയറ്റുമതിപ്രോത്സാഹനത്തിനായി കയറ്റുമതിത്തുകയുടെ 7.5% തുക ഇൻസെന്റീവായി നല്കുന്ന പദ്ധതി ആവിഷകരിച്ചു. കയർ ഉത്പന്ന നിർമ്മാണ മേഖലയിൽ ഇടത്തട്ടുകാരായ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുകയെന്നത് ഈ മേഖലയിലെ ദീർഘകാലത്തെ ആവശ്യമായിരുന്നു. എൽഡിഎഫ് സർക്കാർ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഡിപ്പോകളെ അംഗീകരിക്കില്ല എന്ന നയം സുവ്യക്തമായി പ്രഖ്യാപിക്കുകയും ബദൽ സമ്പ്രദായമായി കയർ കോർപ്പറേഷനെ മുൻനിർത്തി കയർ ക്രയവിലസ്ഥിരതാപദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ചെറുകിട ഉത്പാദകരെ പൂർണ്ണമായും സഹകരണാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വലിയ പുരോഗതിയുണ്ടായി. ഈ സർക്കാർ ചുമതലയേറ്റശേഷം നേരത്തെ രൂപീകരിച്ച 22 സംഘങ്ങളിൽ പ്രവർത്തനമില്ലാതിരുന്ന 15 സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുകയും പുതിയ 23 സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു.

കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് നിയമാനുസൃതകൂലി വിദൂരസ്വപ്നമായിരുന്നു. ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ കൂലി 60 രൂപ മുതൽ 70 രൂപവരെയായിരുന്നത് കുറഞ്ഞത് ഒരു ദിവസം 100 രൂപ ലഭിക്കുന്ന രീതിയിൽ വർദ്ധിപ്പിച്ചു.ചിലയിടങ്ങളിൽ കൂലി 55% വരെ വർദ്ധിച്ചു. ഉത്പന്നനിർമ്മാണ മേഖലയിലെ കൂലി സർക്കാർ മുൻകൈയ്യെടുത്ത് വർദ്ധിപ്പിച്ചു. ഇന്ത്യയിലുടനീളം വിപുലമായ കയർവിപണന ശൃംഖല കെട്ടിപ്പടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. കയർമേഖലയുടെ സമഗ്രമായ പുന;സംഘാടനത്തിനും ആധുനികവത്കരണത്തിനുമുള്ള ശുപാർശകൾക്കായി ആനത്തലവട്ടം ആനന്ദൻ എംഎൽഎ ചെയർമാനായി കയർ കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ



സഹകരണ നവരത്ന ഭാഗ്യക്കുറി നറുക്കെടുപ്പ് സഹകരണ മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.

റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

സാർവ്വദേശീയവിപണി കൈയടക്കാൻ കേരളത്തിലെ കയറിനെ പ്രാപ്തമാക്കാനുള്ള പ്രചാരണത്തിന്റെ ഭാഗമായി *കേരള കയർ - ദൈവത്തിന്റെ നാട്ടിലെ സുവർണ്ണ നാര്* എന്ന ബ്രാന്റ് ആവിഷ്കരിച്ച് ശക്തമായ പ്രചാരണപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കയർ ഉത്പാദന പ്രക്രിയ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് 3 ഇനം കയർവരെ പിരിക്കാൻ പ്രത്യേക പരിശീലനം നല്കുകയും മെച്ചപ്പെട്ട 14000 യന്ത്രവത്കൃത പരമ്പരാഗത റാട്ടുകൾ നല്കുകയും ചെയ്തു. ഏറ്റവുമധികം കരവിരുതും വൈദഗ്ദ്ധ്യവും വേണ്ട ചില പരമ്പരാഗത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നടത്തുന്നതിനും അവയെ ഹെറിറ്റേജ് ഉത്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനികവത്കരണത്തിലും വൈവിധ്യവത്കരണത്തിലും ഊന്നി കയറുത്പന്നങ്ങൾക്ക് ശക്തമായ വിപണി സൃഷ്ടിച്ചുകൊണ്ട് കയർമേഖല വീണ്ടും അതിന്റെ പഴയകാല പ്രതാപം വീണ്ടെടുക്കുകയാണ്.



**കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചുമതലയിൽ ഓണക്കാലത്ത് സംഘടിപ്പിച്ച വിൽപ്പനശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.**

### ദേവസ്വം

ദേവസ്വം - ദേവന്റെ സ്വത്ത്; എന്നാൽ അത് കുറച്ചുപേർക്ക് എക്കാലവും കൊള്ളയടിക്കാനും കയ്യേറാനുള്ളതും എന്നായിരുന്നു കഴിഞ്ഞ കാലങ്ങളിലെ കീഴ്വഴക്കം. തിരുവാഭരണങ്ങൾ പോലും കൊള്ളയടിക്കാൻ ഇക്കൂട്ടർക്ക് ഭയമില്ലായിരുന്നു. ഏതൊക്കെ കാലത്ത് സർക്കാർ ഏതെങ്കിലും തരത്തിൽ ഇടപെടാൻ ശ്രമിച്ചിട്ടുണ്ടോ അപ്പോഴൊക്കെ ദേവാലയങ്ങളെ സർക്കാർ കൈയടക്കാൻ ശ്രമിക്കുന്നു എന്ന മുറവിളിയുമായി ഇവർ രംഗത്തെത്തുകയും ചെയ്യും. ഈ സർക്കാർ ചുമതലയേൽക്കുമ്പോഴുണ്ടായിരുന്ന പൊതു ചിത്രം ഇതായിരുന്നു.

ജനാധിപത്യപരമായ സംവാദങ്ങളിലൂടെ ദേവാലയങ്ങൾ വിശ്വാസികൾക്ക് അവരുടെ നിഷ്കപടമായ ആരാധനകൾക്കുള്ള ഇടമാവണമെന്നും അല്ലാതെ കുറച്ചുപേർക്ക് കൊള്ളയടിക്കാനുള്ളതല്ലെന്നുമുള്ള പൊതു അവബോധം കേരളീയ സമൂഹത്തിലുണ്ടായി. ഇത് ദേവസ്വങ്ങളിലും ദേവസ്വം നിയമങ്ങളിലും ഭക്തജനതാത്പര്യങ്ങൾക്കനുസൃതമായി ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ സഹായകരമായി.




തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങളിലെ ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടവയൊഴിച്ച് ഭരണപരമായ എല്ലാ തസ്തികകളിലേക്കുമുള്ള നിയമനങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തി നിയമനിർമ്മാണം നടത്തി. തിരുവിതാംകൂർ, കൊച്ചി ദേവസ്വം നിയമനങ്ങളിൽ ഭേദഗതി വരുത്തി ബോർഡിൽ പട്ടികജാതിയിൽപ്പെട്ടവർക്കും വനിതകൾക്കും ഇടം നൽകി. രണ്ട് ബോർഡുകളിലെയും അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം നേടി.

മലബാറിലെ ക്ഷേത്രവിശ്വാസികളുടെ ദീർഘകാല ആഗ്രഹമായിരുന്ന മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചു. ദേവസ്വം ജീവനക്കാരുടെ ശമ്പളം ഗണ്യമായി വർദ്ധിപ്പിച്ചു. പൂജാവിധികളിൽ പ്രധാനികളായ ശാന്തിമാരുടെ ശമ്പളം വലിയ തോതിൽ വർദ്ധിപ്പിച്ചു. അവരുടെ സേവനത്തിന് സാമൂഹികാംഗീകാരം നൽകി.

ശബരിമല തീർത്ഥാടനം വർഷംതോറും കൂടുതൽ കുറ്റമറ്റമാക്കാനും വിശ്വാസികൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനും കഴിഞ്ഞു. 136 കോടി രൂപയായി ശബരിമല തീർത്ഥാടന കാലത്തെ വരുമാനം ഗണ്യമായി വർദ്ധിച്ചു. ശബരിമലയുടെ ദീർഘകാലവികസനത്തിനാവശ്യമായ ശബരിമല മാസ്റ്റർപ്ലാൻ അംഗീകരിച്ചു നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു. ആദ്യപടിയായി 305 ഏക്കർ വനഭൂമി വനം വകുപ്പിൽ നിന്നും ഏറ്റെടുത്ത് പകരം തുല്യമായ റവന്യൂ ഭൂമി വനം വകുപ്പിന് കൈമാറാൻ ദേവസ്വം ബോർഡിനെ ഏല്പിച്ചു. മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ഉന്നതാധികാരസമിതിയെ നിയോഗിച്ചു. മാസ്റ്റർ പ്ലാനിലെ ക്യൂ കോംപ്ലക്സ്, റോപ്പ് വേ, ആധുനിക അരവണ പ്ലാന്റ്, സ്വീവേജ് പ്ലാന്റ്, ശുദ്ധജലവിതരണ സൗകര്യങ്ങൾ, സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവ പുതിയതായി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ദേവസ്വം ഭൂസ്വത്തുക്കളും സ്വർണ്ണ ശേഖരങ്ങളും തിട്ടപ്പെടുത്തി ഇൻവെന്ററി തയാറാക്കാൻ നടപടി സ്വീകരിച്ചു. തികച്ചും അഴിമതിമുക്തമായി ഭക്തജന താത്പര്യമനുസരിച്ച് ദേവാലയങ്ങളെ അവരുടെ പൊതു ഇടങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ വലിയൊരളവോളം വിജയിച്ചുകഴിഞ്ഞു.■

എളമരം കരീം
വ്യവസായ മന്ത്രി



# വ്യവസായം പുതുയുഗം പിറക്കുന്നു

കേരളത്തിലെ പൊതുമേഖലയിൽ ഇപ്പോൾ വിസ്മയകരമായ മാറ്റങ്ങൾ നടക്കുകയാണ്. നഷ്ടക്കണക്കുകൾ മാത്രം പറയാനുണ്ടായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നേട്ടമുണ്ടാക്കി മുന്നേറുകയാണ് . മൂന്നുവർഷത്തെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണിത്. പരമ്പരാഗത വ്യവസായമേഖലയിലും മാറ്റത്തിന്റെ കാറ്റു വീശുകയാണ്.

കേരളത്തിലേക്ക് പുറത്തുനിന്നുള്ള സ്വകാര്യനിക്ഷേപം വേണ്ടത്ര വരുന്നില്ല എന്ന മട്ടിൽ ചില കോണിൽനിന്നു വിമർശനങ്ങൾ വരുന്നുണ്ട്. എത്രയോ വർഷമായി കേരളത്തിലേക്കു നല്ല തോതിൽ നിക്ഷേപം വന്നിട്ട്. ഈ സർക്കാർ വന്നശേഷമാണ് സ്മാർട്ട് സിറ്റിയും ശോഭ ഹൈടെക് സിറ്റിയും കിനാലൂരിലെ മലേഷ്യൻ ലൈഫ്സയൻസ് പാർക്ക് പദ്ധതിയുമൊക്കെ യാഥാർത്ഥ്യമാകാൻ കളമൊരുങ്ങിയത്.

പുറംനിക്ഷേപം വരണമെങ്കിൽ ഇവിടെ നിക്ഷേപാനുകൂല അന്തരീക്ഷമുണ്ടെന്നു നിക്ഷേപകരെ ബോദ്ധ്യപ്പെടുത്തണം. ഏറെക്കാലമായി ഇക്കാര്യത്തിൽ സംസ്ഥാനത്തിനുള്ള പേരുദോഷം തീർക്കുകയാണ് ആദ്യം വേണ്ടത്. അതിനുള്ള പരിശ്രമമാണ് ഈ സർക്കാർ തുടക്കം മുതലേ ചെയ്യുന്നത്.

## പൊതുമേഖല തളിരിടുന്നു

ശക്തമായ പൊതുമേഖലാ വ്യവസായങ്ങളുടെ ഒരു നിര ഇതിന് ആവശ്യമാണ്. അവ വിജയകരമായും ലാഭകരമായും പ്രവർത്തിക്കണം. സംസ്ഥാന പൊതുമേഖല ഇക്കാര്യത്തിൽ വിസ്മയകരമായ മാതൃകയാണ് സൃഷ്ടിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഇത് ഈ സ്ഥാപനങ്ങളുടെ പുരോഗതിയെ കാര്യമായി സഹായിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ, എൽ.ഡി.എഫ് നയം അനുസരിച്ച് പൊതുമേഖല സംരക്ഷിക്കാനും പുനരുദ്ധരിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കി. മൂന്ന് വർഷത്തെ ശ്രമഫലമായി ആവേശകരമായ അനുഭവമാണ് പൊതുമേഖലയിൽ ദൃശ്യമായത്. അടഞ്ഞുകിടക്കുന്നതും അടച്ചുപൂട്ടാൻ തീരുമാനിച്ചതുമായ നിരവധി വ്യവസായങ്ങൾക്ക് പുനർജീവനുണ്ടായി. തിരുവണ്ണൂർ കോട്ടൺമിൽസ്, ബാലരാമപുരം സ്പിന്നിങ് മിൽസ്, കേരള സോപ്സ് ലിമിറ്റഡ് എന്നിവ ഉദാഹരണങ്ങളാണ്.

സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായവകുപ്പിനു കീഴിലുള്ള 12 പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണു നാമമാത്രമായെങ്കിലും ലാഭം ഉണ്ടാക്കിയിരുന്നത്. എന്നാൽ ഒരു വർഷം കഴിഞ്ഞപ്പോഴേക്കും 23 പൊതുമേഖലാ സ്ഥാപനങ്ങളും രണ്ടു വർഷം പൂർത്തിയാകുമ്പോൾ 27 പൊതുമേഖലാസ്ഥാപനങ്ങളും മൂന്ന് വർഷം പൂർത്തിയാകുമ്പോൾ 28 പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലെത്തിക്കാൻ സാധിച്ചു. അടുത്ത രണ്ടു വർഷത്തിനകം മുഴുവൻ കമ്പനികളും ലാഭത്തിലാക്കുകയാണു ലക്ഷ്യം.

ഈ വർഷം കേരളത്തിലെ പൊതുമേഖല ചരിത്രത്തിലെ ഏറ്റവും ഉയർന്ന നേട്ടമാണുണ്ടാക്കിയത്. വിറ്റുവരവ് 2005-06 ൽ 1540.42 കോടി രൂപയായിരുന്നത് 2006-07 ൽ 1766.48 ആയും, 2007-08 ൽ 1811.07 ഉം 2008-09 ൽ 2111.04 ഉം ആയി വർദ്ധിച്ചു.

യു.ഡി.എഫ് ഭരണകാലത്ത് 2001-02 മുതൽ 2005-06 വരെ തുടർച്ചയായി കോടികളുടെ നഷ്ടം വരുത്തിവച്ച പൊതുമേഖല എൽ.ഡി.എഫ് സർക്കാരിന്റെ ഇച്ഛാശക്തിയുടെയും ഇടപെടലിന്റെയും നയത്തിന്റെയും ഫലമായി 2006-07 മുതൽ ലാഭത്തിലായി. 2006-07 ൽ 92.4 കോടിയും 2007-08 ൽ 80.31 കോടിയും 2008-09 ൽ 166.77 കോടിയും ലാഭമുണ്ടാക്കിയിരിക്കുന്നു. ഈ വർഷത്തെ ലാഭം ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭമാണ്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിക്കുക എന്ന ഒരു പുതിയ നയം സ്വീകരിച്ച് പ്രാവർത്തികമാക്കി വരുന്നു. യു.ഡി.എഫ് സർക്കാർ വില്ക്കാൻ തീരുമാനിച്ചിരുന്ന അങ്കമാലി ടെൽക്ക്, എൻ.ടി.പി.സിയുമായി സംയുക്ത സംരംഭത്തിന്റെയും സെയ്ൽ-സ്റ്റീൽ കോംപ്ലക്സ് സംയുക്ത സംരംഭത്തിന്റെയും കരാറും ഒപ്പുവച്ചു. സ്റ്റീൽ കോംപ്ലക്സിൽ പുതിയ ടി.എം.ടി. റോളിങ്

മില്ലിന് തറക്കല്ലിട്ടു. തിരുവനന്തപുരത്തെ- കെൽടെക്- പ്രതിരോധവകുപ്പിന്റെ ബ്രഹ്മോസ് എന്ന കമ്പനി ഏറ്റെടുത്ത് വിപുലീകരണ പ്രവർത്തനം നടന്നുവരുന്നു. ഓട്ടോകാസ്റ്റ് (ചേർത്തല)- റെയിൽവെ-സംയുക്തസംരംഭത്തിനുള്ള കരാർ ഒപ്പിട്ടു. കേരള റെയിൽ കോംമ്പോണന്റ് എന്ന സ്ഥാപനം നിലവിൽ വന്നു. കെൽ - ബി.എച്ച്.ഇ.എല്ലുമായുള്ള സംയുക്ത സംരംഭവും യാഥാർത്ഥ്യമായി. കാസർഗോഡ് കിൻഫ്രാ പാർക്കിൽ ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിന്റെ (എച്ച്.എ.എൽ) സ്ട്രാറ്റജിക് ഇലക്ട്രോണിക് നിർമ്മാണ യൂണിറ്റിനും കളമശ്ശേരി കിൻഫ്രാ പാർക്കിൽ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (ബി.ഇ.എൽ) പ്രൊഡക്ഷൻ സപ്പോർട്ട് കേന്ദ്രത്തിനും പാലക്കാട് കിൻഫ്രാ പാർക്ക് ബി.ഇ.എം. എല്ലിന്റെ നിർമ്മാണ യൂണിറ്റിനും തറക്കല്ലിട്ടു. ഈ വർഷം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കും.

## കമ്പനികളുടെ രജിസ്ട്രേഷനിൽ റെക്കോഡ്

ഇതോടൊപ്പം സംസ്ഥാനത്തെ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും കൈക്കൊണ്ടു. സംസ്ഥാന ചരിത്രത്തിൽ ഏറ്റവുമധികം കമ്പനികൾ രജിസ്റ്റർ ചെയ്യപ്പെട്ടത് ഈ സർക്കാർ വന്നശേഷമാണെന്ന് പത്രമാദ്ധ്യമങ്ങൾതന്നെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തു തുടങ്ങാൻ സാദ്ധ്യതയുള്ള 13600 ൽ പ്പരം ചെറുകിട വ്യവസായ യൂണിറ്റുകളുടെ പട്ടിക വ്യവസായ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി നിക്ഷേപകരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും സഹായിക്കാനുമുള്ള ശ്രമം നടന്നുവരുന്നു.



ബ്രഹ്മോസ് മിസൈൽ ഇന്റഗ്രേഷൻ കോംപ്ലക്സിന്റെ തറക്കല്ലിടൽ ചടങ്ങിൽ കേന്ദ്ര പ്രതിരോധ മന്ത്രി എ. കെ. ആന്റണി, വ്യവസായ മന്ത്രി എളമരം കരീം എന്നിവർ.



വ്യവസായം തുടങ്ങാനും വിജയിപ്പിക്കാനും പറ്റുന്ന സ്ഥലമാണു കേരളം എന്നും സമാധാനപരമായ തൊഴിൽ സാഹചര്യമാണ് ഇവിടെ ഉള്ളതെന്നും ബോദ്ധ്യപ്പെടുത്താൻ പ്രവൃത്തികൊണ്ടേ കഴിയൂ. ഇന്ത്യയിൽ മികച്ച നിക്ഷേപ സാഹചര്യമുള്ള രണ്ടാമത്തെ സംസ്ഥാനം കേരളമാണെന്നാണ് ലോക ബാങ്കിന്റെ റിപ്പോർട്ട്. ലോക ബാങ്ക് പുതിയതായി തയ്യാറാക്കിയ നിക്ഷേപ സാഹചര്യ സൂചികയിലാണ് കേരളത്തിന്റെ സമീപകാല വികസനത്തിന് അടിവരയിടുന്ന പരാമർശമുള്ളത്. സംസ്ഥാനം വ്യവസായാനുകൂലാന്തരീക്ഷത്തിൽ രാജ്യത്ത് ഒന്നാമതാണെന്ന് പ്രമുഖ അന്താരാഷ്ട്ര വിശകലന ഏജൻസിയായ കെ.പി.എം.ജി.യും പ്രഖ്യാപിച്ചു.

20000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ശോഭ ഗ്രൂപ്പ്, സൂം ഡവലപ്പ്മെന്റ്, ടി.സി.ജി. ഗ്രൂപ്പ്, നെസ്റ്റ് ഗ്രൂപ്പ്, ബലാർപുരിയ ഗ്രൂപ്പ്, ബിർള ഗ്രൂപ്പ് തുടങ്ങിയ പ്രമുഖ വ്യവസായ നിക്ഷേപ സ്ഥാപനങ്ങൾ മുന്നോട്ടു വന്നു.

സുസജ്ജമായ വ്യവസായ പാർക്കുകളുടെ ശൃംഖലയും സംരംഭകർക്കു വേണ്ട മികച്ച പശ്ചാത്തല സൗകര്യവും സൃഷ്ടിച്ചു. ഇതും പരക്കെ ശ്ലാഘിക്കപ്പെട്ടു. നിക്ഷേപകർക്കു സുഗമമായി വ്യവസായം തുടങ്ങാൻ ഏകജാലകം ഗ്രീൻ ചാനൽ സംവിധാനങ്ങൾ ഫലപ്രദമാക്കി.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം തന്നെ ഒരു വ്യവസായ നയം തയ്യാറാക്കി പ്രഖ്യാപിച്ചു. കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം ഉണ്ടെന്ന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികളെയും സംരംഭകരെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞു എന്നത് വ്യവസായവകുപ്പ് കൈവരിച്ച നേട്ടങ്ങളിൽ പ്രധാനപ്പെട്ടതാണ്.

സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ, ചെറുകിട വ്യവസായങ്ങൾക്കാണ് വളർച്ചാ സാധ്യത കൂടുതലുള്ളത്. ഇത് കണക്കിലെടുത്ത് ജില്ലാ വ്യവസായ കേന്ദ്രങ്ങളെ വ്യവസായ വികസന കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടികൾ ആരംഭിച്ചു. അതിന്റെ മുന്നോടിയായി ജില്ലാതലത്തിൽ മുഖാമുഖം പരിപാടികൾ സംഘടിപ്പിച്ചു.

വർഷങ്ങളായി നിലവിലിരുന്ന മാർജിൻ മണി കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള തീരുമാനം എടുത്ത് നടപ്പിലാക്കി. ഇത് നൂറു കണക്കിന് ചെറുകിട വ്യവസായികൾക്ക് ആശ്വാസം ഉണ്ടാക്കി.

പീഡിതമായ സ്വകാര്യ സംരംഭങ്ങളെ രക്ഷിക്കാനുള്ള ഒരു റീ സ്ട്രച്ചറിങ് ഏജൻസി രൂപവത്കരിക്കാനുള്ള തീരുമാനം ഈ മേഖലയിൽ വലിയ മാറ്റമുണ്ടാക്കും. കേരളം നിക്ഷേപാനുകൂലമായി മാറുന്നതിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ് പിന്നിട്ട സാമ്പത്തിക വർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കമ്പനിയുടെ എണ്ണത്തിലുണ്ടായിരിക്കുന്ന റിക്കോർഡ് വർദ്ധന. പൂട്ടിയ സ്ഥാപനങ്ങളുടെ എണ്ണവും ഗണ്യമായി കുറഞ്ഞു. ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ കേരളീയ വ്യവസായ ഉത്പന്നങ്ങൾക്കുള്ള വിപണി എന്ന നിലയിൽ വലിയ സാധ്യതയാണ് തുറക്കുന്നത്.

## പരമ്പരാഗത മേഖലയിൽ മുന്നേറ്റം

വലിയ മാറ്റത്തിന്റെ ചരിത്രമാണ് പരമ്പരാഗത വ്യവസായ മേഖലയിൽ നാം




**മികച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വ്യവസായ വകുപ്പിന്റെ അവാർഡുകൾ ഗവർണ്ണർ ആർ. എസ്. ഗവായ് വിതരണം ചെയ്യുന്നു. മന്ത്രിമാരായ എളമരം കരിം, സി. ദിവാകരൻ എന്നിവർ സമീപം.**

കാണുന്നത്. ഇത് ഏറെയും നിശബ്ദമായി നടത്തുന്ന മാറ്റമാണ്. നമ്മുടെ കൈത്തറി-ഖാദി രംഗങ്ങളിൽ പുത്തൻ ഫാഷൻ തരംഗം അലയടിച്ചു തുടങ്ങിയിരിക്കുന്നു. കയറിന്റെയും തഴയുടെയും പനമ്പിന്റെയും ഒക്കെ ഉത്പന്നങ്ങളിൽ പുതിയ കാലത്തെ ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുസരിച്ചുള്ള വൈവിദ്ധ്യവത്കരണം നടന്നു കൊണ്ടിരിക്കുന്നു.

കൈത്തറി-ഖാദിമേഖല പുനരുദ്ധരിക്കാൻ ഭാവനപൂർണ്ണമായ പ്രവർത്തനങ്ങളാണ് സർക്കാർ ആവിഷ്കരിച്ചത്. ഗുണമേന്മ ഉയർത്തിയും പൊതുവായ ബ്രാന്റിങ്ങ് നൽകിയും പ്രിയമേറി വരുന്ന കൈത്തറി ഉത്പന്നങ്ങൾക്ക് ഹാന്റ് ലൂം മാർക്ക് നൽകിയുമൊക്കെ ലോക വിപണിയിൽ തന്നെ ഉയർന്ന സ്വീകാര്യത ഉറപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഒപ്പം ആഭ്യന്തര വിപണി ഉയർത്താനുള്ള *കേരള തനിമയ്ക്ക് കൈത്തറി* പോലുള്ള പ്രവർത്തനങ്ങളും വലിയ ഫലം കണ്ടു. ദിനേശ് ബീഡി പുനരുദ്ധാരണവും വൈവിദ്ധ്യവത്കരണ പദ്ധതിയും നടപ്പാക്കി വരുന്നു. ബീഡി തൊഴിലാളികളെ റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം പോലുള്ള മേഖലകളിലേക്ക് പുനരധിവസിപ്പിക്കാൻ തുടങ്ങിയത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്നു. കണ്ണൂരിൽ ഒരു പുതിയ ഗാർമെന്റ് യൂണിറ്റ് ആരംഭിച്ചു. പുതിയ രണ്ട് യൂണിറ്റുകൾ ഈ വർഷം ആരംഭിക്കും. ആഴ്ചയിൽ എല്ലാ ദിവസവും ബീഡിത്തൊഴിലാളികൾക്ക് ജോലി നൽകുക എന്ന ലക്ഷ്യത്തിലേക്ക് താമസിയാതെ എത്തിച്ചേരുന്നതാണ്. ബീഡിത്തൊഴിലാളികൾക്ക് 500 രൂപ പെൻഷൻ അനുവദിച്ചു.

മുള-ഈറ്റ വ്യവസായങ്ങൾ ആധുനികരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ ആ മേഖലയിൽ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. അങ്കമാലിയിൽ പുതിയ ഫ്ളാറ്റന്റ് ബാംബു ബോർഡ് നിർമ്മാണ യൂണിറ്റും വയനാട്ടിൽ ബാംബൂ പ്രോസസിങ് യൂണിറ്റും ആരംഭിച്ചു. കോഴിക്കോട് ബാംബൂ ടൈൽ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗതിയിലാണ്.

കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സ്ഥാപനത്തിന് തറക്കല്ലിട്ടു. കണ്ണൂരിലെ ടെക്സ്റ്റൈൽ വ്യവസായ രംഗത്ത് വൻ കുതിച്ചു കയറ്റമുണ്ടാക്കുന്നതാണ് ഈ പദ്ധതി.

## അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ഇൻകെൽ

വ്യവസായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഇൻകെൽ എന്ന കമ്പനി രൂപീകരിച്ചു. ഇതിന്റെ ഷെയറുകൾ പൂർണ്ണമായി സ്വരൂപിച്ചു കഴിഞ്ഞു. ബൃഹത്തായ പല പദ്ധതികളും രൂപപ്പെടുത്തി വരുന്നു. വിദേശ സർക്കാർ ഏജൻസികൾ നിക്ഷേപത്തിന് തയ്യാറായി വരുന്നുണ്ട്.

കോഴിക്കോട് കിനാലൂരിൽ, മലേഷ്യൻ കമ്പനി സി.ഐ.ഡി.ബി യുമായി ചേർന്ന് ഇന്റഗ്രേറ്റഡ് ഇന്റസ്ട്രിയൽ ടൗൺഷിപ്പ് ധാരണയായി. പാലക്കാട് കഞ്ചിക്കോട്, കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു. വയനാട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. ഇടുക്കിയിൽ കിൻഫ്രയും സ്പൈസസ് ബോർഡും ചേർന്ന് സ്പൈസസ് പാർക്ക് സ്ഥാപിക്കാൻ ധാരണാപത്രം ഒപ്പിട്ടു. സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് റാന്നിയിൽ റബ്ബർ വ്യവസായ പാർക്ക് സ്ഥാപിക്കാൻ നടപടി ആരംഭിച്ചു.

കോഴിക്കോട് രാമനാട്ടുകരയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നു. ഇതിനുള്ള ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചു. കോഴിക്കോട് മുടാടിയിലുള്ള കെൽട്രോൺ യൂണിറ്റ് എൻ.ടി.ടി.എഫുമായി ചേർന്ന് അഡ്വാൻസ്ഡ് പ്രൊഫഷണൽ സോഫ്റ്റ് വെയർ കോഴ്സ് ആരംഭിച്ചു. കുറ്റ്യാടിയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു.

കുണ്ടറ സെറാമിക്സ് വികസനം നടത്തും. സിൽക്ക് പ്രധാന എഞ്ചിനീയറിങ് സ്ഥാപനമായി വികസിപ്പിക്കും. കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ വികസന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. കേന്ദ്ര പൊതുമേഖലകളുമായുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തും. ബ്രഹ്മോസ് കൂടുതൽ നിക്ഷേപം നടത്തുന്നതിനുള്ള സൗകര്യം നല്കും. കൂടാതെ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സമ്മർദ്ദം ചെലുത്തും. പാലക്കാട് ഐ.ടി.ഐ ഡിഫൻസിന്റെ സഹകരണം ഉറപ്പാക്കാൻ ശ്രമം നടത്തി വരുന്നു. കൊച്ചി എൽ എൻ ജി ടെർമിനൽ സ്ഥാപിക്കാൻ പെട്രോളിയം മന്ത്രാലയവുമായി നിരന്തരമായി ബന്ധപ്പെട്ടു വരികയാണ്. കൃഷ്ണാ-ഗോദാവരി ബേസിനിൽ നിന്നുള്ള പ്രകൃതിവാതകം കേരളത്തിന് ലഭിക്കാനും ശ്രമം നടത്തി വരുന്നു. ഇവയ്ക്കെല്ലാം പുറമെ കൂടുതൽ കേന്ദ്ര പൊതുമേഖലാ നിക്ഷേപം സംസ്ഥാനത്തിന് കിട്ടാനുള്ള ശ്രമം തുടർന്നും നടത്തും. ഇവയെല്ലാംതന്നെ വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കും. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും കൂടുതൽ വികസനവും നിക്ഷേപവും നേടാൻ ശ്രമം നടന്നുവരുന്നു.

വ്യവസായ വികസനത്തിന് അനുകൂലമായി ഇന്ന് നിലനിൽക്കുന്ന എല്ലാ സാഹചര്യങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമാറ് സംസ്ഥാനത്ത് വ്യവസായ-വാണിജ്യ വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടർന്നും എല്ലാവരുടേയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.■

എം. വിജയകുമാർ
സ്പോർട്സ്-നിയമ-പാർലമെന്ററി കാര്യമന്ത്രി

# കുതിപ്പിന്റെ പാതയിൽ കരുത്തോടെ

അപ്രാപ്യമെന്നു കരുതിയ ഒരു സ്വപ്നം അഭിനവ് ബിന്ദ്രയിലൂടെ നാം സാക്ഷാത്കരിച്ചു. ഒളിമ്പിക് സ്വർണ്ണം. രാജ്യത്തെ കായികരംഗത്തിന് ഒന്നാകെ പുത്തനുണർവു നൽകിയ ഈ നേട്ടം പ്രചോദനമാക്കി കേരളവും കായികരംഗത്ത് വലിയ മുന്നേറ്റത്തിനൊരുങ്ങുകയാണ്. നിയമരംഗത്തും സമഗ്രമായ പരിഷ്കാരങ്ങൾക്ക് സർക്കാർ നേതൃത്വം നൽകി.

നിയമം / സ്പോർട്സ്

പതർച്ചയോടെയല്ല, ആത്മവിശ്വാസത്തോടും ആത്മാഭിമാനത്തോടും കൂടിയാണ് ഈ സർക്കാരിന്റെ കുതിപ്പ്. ഇക്കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഈ സർക്കാർ തുടങ്ങിവച്ച പദ്ധതികൾ ചരിത്രത്താളുകളിൽ ഇടംപിടിക്കുന്നവയാണ്.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് നാം കണ്ട കേരളമല്ല ഇന്നു നാം കാണുന്നത്. സാമ്പത്തിക രംഗം കരുത്താർജിച്ചിരിക്കുന്നു. തൊഴിൽ രംഗം പുത്തൻ ഉണർവ് കൈവരിച്ചിരിക്കുന്നു. വികസനത്തിന് പുതിയ മാനം കൈവന്നിരിക്കുന്നു. വ്യവസായ മേഖലയിൽ പുതിയ പ്രതീക്ഷകൾ മൊട്ടിട്ടിരിക്കുന്നു. അടച്ചിട്ട ട്രഷറികളോ പൂട്ടിക്കിടക്കുന്ന വ്യവസായശാലകളോ മരവിപ്പ് ബാധിച്ച നിർമാണമേഖലയോ പട്ടിണി വിട്ടുമാറാത്ത കുടിലുകളോ ഇന്ന് ആർക്കും കേരളത്തിൽ കാണാനാവില്ല. തീർച്ചയായും ഇടതുപക്ഷ സർക്കാർ കേരളത്തെ സമഗ്ര വികസനത്തിന് സജ്ജമാക്കിയിരിക്കുന്നു.

ഞാൻ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ ഏറെ അഭിമാനാർഹമായ നടപടികളാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. നിർജീവമായി കിടന്നിരുന്ന നിയമ രംഗത്തെ ഊർജസ്വലമാക്കിയത് ഇടതുപക്ഷ സർക്കാരിന്റെ ചരിത്രപരമായ നടപടികൾമൂലമാണ്. സംസ്ഥാനത്തെ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് ബഹു. മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു നിയമ പരിഷ്കരണ കമ്മിഷനെ ഈ സർക്കാർ നിയമിച്ചു. കമ്മിഷൻ സമർപ്പിച്ച അന്തിമ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുകയാണ്. കേരളപ്പിറവിക്കുശേഷം നിയമരംഗത്ത് ഈ സർക്കാർ എടുക്കുന്ന ഏറ്റവും ധീരമായ നടപടിയാണിത്. നിയമവകുപ്പ് സമ്പൂർണമായി കംപ്യൂട്ടർവത്കരിക്കുകയും കോടതി കേസുകളുടെ മോണിറ്ററിങ്ങിനായി നിയമ വകുപ്പുമുതൽ ഡൽഹിയിലെ ലാ ലെയ്സൺ ഓഫീസുവരെ ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. ഭാരതത്തിൽ ആദ്യമായി ബൗദ്ധിക സ്വത്തവകാശ നയരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. വക്കീൽ ഗുമസ്തൻമാർക്ക് മെഡി ക്ലെയിം പദ്ധതി നടപ്പിലാക്കി. അഡ്വക്കേറ്റ് വെൽഫയർ ഫണ്ട് അഞ്ച് ലക്ഷം രൂപയായും അഡ്വക്കേറ്റ്സ് ക്ലർക്ക്



ഫണ്ട് രണ്ട് ലക്ഷം രൂപയായി വർധിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ കോടതികളിലും ലിറ്റിഗന്റ് ബഞ്ച് സ്ഥാപിച്ചു. ഇവയെല്ലാം നിയമരംഗത്ത് ഈ സർക്കാർ നടപ്പിലാക്കിയ ശ്രദ്ധേയമായ നടപടികളാണ്.

### കായിക മേഖല

ഇന്ത്യൻ കായിക രംഗത്തിന് അതുല്യമായ സംഭാവന നൽകിയ സംസ്ഥാനമാണ് കേരളം. പ്രതിഭകളുടെ ഈറ്റില്ലമായ ഈ സംസ്ഥാനത്തിന്റെ കായിക വികസനത്തിന് പക്ഷേ അർഹമായ പരിഗണന കേന്ദ്ര സർക്കാരുകളോ കേരളം ഭരിച്ചിരുന്ന യു.ഡി.എഫ്. സർക്കാരുകളോ ഇതുവരെ നൽകിയിരുന്നില്ല. എന്നാൽ എപ്പോഴൊക്കെ ഇടതുപക്ഷ സർക്കാരുകൾ അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാം കായിക വികസനത്തിന് ആ സർക്കാരുകൾ മതിയായ പരിഗണന നൽകാറുണ്ട്. പക്ഷെ തുടർന്നുവരുന്ന സർക്കാരുകൾ ഇത്തരം ശ്രമങ്ങളെ അവഗണിക്കുകയാണ് ചെയ്യാറുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗം മരവിപ്പിൽ നിന്ന് ഉൻമേഷത്തിലേക്ക് കാലൂന്നുകയാണ്. നമ്മുടെ കായിക രംഗത്തിന് ശക്തമായ അടിത്തറയുടെ ആവശ്യമുണ്ട്. അധികാരമേറ്റ ഉടൻ തന്നെ ഈ സർക്കാർ അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ആരംഭിച്ചത്. കായിക വികസനത്തിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തത മനസ്സിലാക്കി ഒരു മെഗാ സ്പോർട്സ് ബമ്പർ ലോട്ടറി നടത്തുകയും ഏകദേശം 13 കോടിയോളം രൂപ ശേഖരിക്കുകയും ചെയ്തു. സ്പോർട്സിനുവേണ്ടി ഒരു സംസ്ഥാനം ഇന്ത്യയിൽ നടത്തുന്ന ആദ്യത്തെ സംരംഭമാണിത്. സംസ്ഥാനത്തെ കായികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി മുൻകേന്ദ്ര സ്പോർട്സ് വകുപ്പ് സെക്രട്ടറി ശ്രീ എ.കെ. പാണ്ഡ്യ ചെയർമാനായി ഒരു സ്പോർട്സ് കമ്മീഷനെ നിയമിച്ചതും ഈ സർക്കാർ തന്നെ. കമ്മീഷൻ നൽകിയ ഇടക്കാല റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുകയാണ്.

2000-ലെ സ്പോർട്സ് ആക്ട് നടപ്പിലാക്കിയതാണ് ഈ സർക്കാരിന്റെ ശ്രദ്ധേയമായ മറ്റൊരു നേട്ടം. ഇതുപ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാസ്പോർട്സ് കൗൺസിലും ജനാധിപത്യപരമായി പുനഃസംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിൽ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചു.

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം, നീന്തൽകുളം എന്നിവ സൃഷ്ടിക്കുന്നതിനായി വിവിധ പഞ്ചായത്തുകൾക്കും സ്കൂളുകൾക്കുമായി 13 കോടിയോളം രൂപ ഈ കാലയളവിൽ വിതരണം ചെയ്തു. സർക്കാർ ധനസഹായത്തോടുകൂടി കൊച്ചിയിലെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി ഗ്രൗണ്ടിലും ഓരോ സിന്തറ്റിക് ട്രാക്കുകൾ നിർമിച്ചു.



രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിലെ ആദ്യബാച്ചിന്റെ സ്റ്റുഡന്റ്സ് ലൈസൻസ് വിതരണം മന്ത്രി എം.വിജയകുമാർ നിർവ്വഹിക്കുന്നു.

മൂന്നാർ ഹൈ ആൾട്ടിറ്റ്യൂട്ട് ട്രെയിനിങ് സെന്ററിന്റെ ഒന്നാംഘട്ട പണിയും തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണവും പൂർത്തിയാക്കി. മലപ്പുറത്ത് ഫുട്ബോൾ അക്കാദമി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളസമുച്ചയം, ആറ്റിങ്ങലിലുള്ള ജില്ലാ സ്പോർട്സ് കോംപ്ലക്സ് എന്നിവയുടെ പണി പുരോഗമിച്ചുവരുന്നു. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയതും ഭാരതത്തിൽ ആദ്യമായി സമ്പൂർണ കായിക ക്ഷമത പദ്ധതി എന്ന പേരിൽ സംസ്ഥാനത്തെ ജനങ്ങളെയാകെ അടിസ്ഥാന കായികക്ഷമത ഉള്ളവരാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതും ഈ സർക്കാരിന്റെ ശ്രേഷ്ഠമായ നടപടികളാണ്.

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ഫുട്ബോൾ കളി പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനുമായി ഏഷ്യൻ ഫുട്ബോൾ ഫെഡറേഷൻ, കേരള ഫുട്ബോൾ ഫെഡറേഷൻ എന്നിവയുടെ സഹായസഹകരണത്തോടുകൂടി 'വിഷൻ ഇന്ത്യ പ്രോജക്ട്' എന്ന പരിപാടിക്ക് തുടക്കം കുറിച്ചു. കേരളത്തിലെ ഏഴു ജില്ലകളിലെ എട്ടു സ്കൂളുകളിൽ വീതം ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കാൻ മടിച്ചിരുന്ന 2002- 2003, 2004-2005 എന്നീ കാലഘട്ടങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനം ഈ സർക്കാർ നടപ്പിലാക്കി. ഇതുവഴി 100 പേർക്ക് ജോലി നൽകി. കഴിഞ്ഞ 10 വർഷമായി മുടങ്ങിക്കിടന്ന പൊലീസ് വകുപ്പിലെ സ്പോർട്സ് ക്വാട്ട നിയമനം പുനരാരംഭിച്ചു. സ്പോർട്സ് ക്വാട്ട നിയമനം 20-ൽ നിന്ന് 50 ആക്കി ഉയർത്തിയത് കായിക താരങ്ങളോട് ഈ സർക്കാർ കാണിക്കുന്ന പ്രതിബദ്ധത വിളിച്ചോതുന്നു.

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് 27 ലക്ഷത്തോളം രൂപ ഈ സർക്കാർ വിതരണം ചെയ്തു. 528 കായിക താരങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. യുവജനങ്ങൾക്ക് തൊഴിൽ വിദ്യാഭ്യാസ കാര്യങ്ങൾക്ക് മാർഗ നിർദേശം നൽകുന്നതിനും പരിശീലനം നൽകുന്നതിനും കായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുമായി രൂപീകരിച്ച *യുവശക്തി* പദ്ധതിക്ക് കൂടുതൽ ഊന്നൽ നൽകി. കേരള യൂത്ത് ഫോറവും കേരളോത്സവവും കഴിഞ്ഞ മൂന്നു വർഷവും കൂടുതൽ ജനകീയമായി സംഘടിപ്പിച്ചു. വിവരസാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ യുവജനങ്ങൾക്ക് പ്രാപ്തമാക്കുന്നതിനായി ജാലകം എന്ന പരിപാടി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കി വരുന്നു.

35-ാമത് ദേശീയ ഗെയിംസ് കേരളത്തിനുവേണ്ടി നേടിയെടുത്തതും ഈ സർക്കാരിന്റെ ആത്മാർഥമായ പരിശ്രമംമൂലമാണ്. ഇന്ത്യയുടെ കായിക ഭൂപടത്തിൽ കേരളത്തിന് ഉജ്ജ്വലമായ സ്ഥാനം രേഖപ്പെടു

ത്തുന്നതായിരിക്കും 2010 മെയ് മാസത്തിൽ നടക്കുന്ന ഈ ദേശീയ ഗെയിംസ്. 600 കോടിയോളം രൂപ മതിപ്പുചെലവിലാണ് ഈ ഗെയിംസ് സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ ശോഭനമായ കായിക വികസനത്തിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനാണ് ഈ ഗെയിംസ് വഴി സർക്കാർ ലക്ഷ്യമിടുന്നത്.

### തുറമുഖം, റയിൽവേ

കേരളത്തിന് 600 കിലോമീറ്ററിലധികം തീരദേശമുണ്ട്. എന്നാൽ ഈ തീരദേശത്തെ പൂർണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒരു ശ്രമവും നടത്തിയില്ല. ഈ തീരദേശത്തെ പരമാവധി ഉപയോഗപ്പെടുത്താനുള്ള ഒട്ടേറെ നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ലോക തുറമുഖ ഭൂപടത്തിൽ സ്ഥാനം പിടിക്കാൻ പ്രാപ്തിയുള്ള വിഴിഞ്ഞം പദ്ധതി നടപ്പിലാക്കാനുള്ള ആത്മാർഥമായ ശ്രമങ്ങൾ ഈ സർക്കാർ സ്വീകരിച്ചു. എല്ലാ പ്രതിബന്ധങ്ങളും അകറ്റി ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതാനും നാളുകൾക്കുള്ളിൽ ആരംഭിക്കും. ചെറു തുറമുഖങ്ങളായ കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ തുറമുഖങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികളെടുത്തു.

മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് മഞ്ചേശ്വരത്തും കൊല്ലത്തും ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നഷ്ടത്തിൽ പ്രവർത്തിക്കുകയും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്ത കേരള സംസ്ഥാന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലാഭത്തിലാക്കി. തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ അന്തർദേശീയ നിലവാരത്തിലുള്ള ഷിപ്പ് യാർഡ് നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കേരളമാരിടൈം ഡവലപ്മെന്റ് ബോർഡ് രൂപീകരിച്ചതും ഈ സർക്കാരിന്റെ നേട്ടങ്ങളുടെ പട്ടികയിൽപ്പെടുന്നു.

റെയിൽവേ വികസനത്തിന്റെ കാര്യത്തിലും ഇടതുപക്ഷ സർക്കാർ ശ്രദ്ധേയമായ നേട്ടങ്ങൾ കൊയ്തിട്ടുണ്ട്. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തെ പ്രേരിപ്പിച്ചത് ഈ സർക്കാരിന്റെയും എ.പി. മാരുടെയും കൂട്ടായ പരിശ്രമങ്ങളുടെയും സമർദ്ദങ്ങളുടെയും ഫലമാണ്. കേരളത്തിലെ എല്ലാ റെയിൽവേ സ്റ്റേഷനുകളും നവീകരിക്കൽ, കൊല്ലത്തെ ഇ.എം.യു. കാർഷെഡ്, 138 കോടി രൂപയുടെ പാത ഇരട്ടിപ്പിക്കൽ, നഞ്ചൻകോട്-നിലമ്പൂർ, തലശ്ശേരി-മൈസൂർ എന്നീ പാതകളുടെ സർവേ, കൊച്ചു വേളി ടെർമിനലിന്റെ വിപുലീകരണം, തിരുവനന്തപുരം-കന്യാകുമാരി, തൃശ്ശൂർ-ഗുരുവായൂർ പാത വൈദ്യുതീകരണം എന്നിവയും നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞു. കൂടാതെ സംസ്ഥാനത്ത് ആകെ 67 മേൽപ്പാലങ്ങളുടെ നിർമാണ അനുമതിയും നേടിയെടുക്കാൻ കഴിഞ്ഞു. എന്നിരുന്നാലും കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ പൂർണമായും സഫലമായിട്ടില്ല എന്ന യാഥാർഥ്യവും നമ്മുടെ മുന്നിലുണ്ട്.

കൊച്ചിനഗരത്തിലെ വർധിച്ചുവരുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൊച്ചി മെട്രോ പദ്ധതി, ഡൽഹി മെട്രോ റെയിൽ മോഡലിൽ നടപ്പിലാക്കാനുള്ള ഊർജിതമായ ശ്രമങ്ങൾ തുടർന്നു വരുന്നു.

> 35 –ാമത് ദേശീയ ഗെയിംസ് കേരളത്തിനു വേണ്ടി നേടിയെടുത്തതും ഈ സർക്കാരിന്റെ ആത്മാർഥമായ പരിശ്രമം മൂലമാണ്. ഇന്ത്യയുടെ കായിക ഭൂപടത്തിൽ കേരളത്തിന് ഉജ്ജ്വലമായ സ്ഥാനം രേഖപ്പെടുത്തുന്നതായിരിക്കും 2010 മെയ് മാസത്തിൽ നടക്കുന്ന ഈ ദേശീയ ഗെയിംസ്.

### വിമാനത്താവളങ്ങൾ

യു.ഡി.എഫ്. ഭരണകാലത്ത് പ്രവർത്തനരഹിതമായിരുന്ന രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം പുനരാരംഭിച്ചു. പരിശീലനത്തിന് മൂന്ന് വിമാനങ്ങൾ വാങ്ങി. 22 കുട്ടികൾക്കുള്ള പൈലറ്റ് ട്രെയിനിങ് 2008 ജൂൺ മാസത്തിൽ ആരംഭിച്ചു. തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് 550 കോടി രൂപ ചെലവിൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും ഈ സർക്കാരാണ്. കണ്ണൂർ, കോഴിക്കോട് വിമാനത്താവളങ്ങൾക്ക് ആവശ്യമായ സ്ഥലമെടുക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിനോട് ചേർന്ന് ഐ.റ്റി. പാർക്ക് നിർമിക്കുവാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

### പാർലമെന്ററികാര്യം

പ്രവർത്തനരഹിതമായിരുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് പുനഃസംഘടിപ്പിച്ചു. പാർലമെന്ററി ജനാധിപത്യത്തിന് സമഗ്ര സംഭാവനകൾ നൽകിയിട്ടുള്ള മഹത്‌വ്യക്തികളുടെ സ്മരണാർഥം പ്രഭാഷണ പരമ്പരകൾ ആരംഭിച്ചു. ഇതിനകം നാല് പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു. കേന്ദ്ര സംസ്ഥാനങ്ങളെക്കുറിച്ച് ഒരു ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. തെരഞ്ഞെടുത്ത 38 സ്കൂളുകളിൽ മോഡൽ പാർലമെന്റ് നടത്തി.

കേരളത്തിലെ ജനങ്ങൾ ഈ സർക്കാരിൽ അർപ്പിച്ച വിശ്വാസം ചെറുതല്ല. ജനഹിതം മാനിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. എല്ലാവർക്കും നീതിയും തുല്യതയും അവസരങ്ങളും ഉറപ്പുവരുത്താനും സംസ്ഥാനത്ത് സമ്പൂർണ വികസനം പ്രാപ്തമാക്കാനുമുള്ള ശ്രമങ്ങൾക്കാണ് തുടക്കമിട്ടിട്ടുള്ളത്. ആശ്വാസ നടപടികൾ മാത്രമല്ല ദീർഘകാല വീക്ഷണവും ഉൾക്കൊണ്ടാണ് ഈ സർക്കാർ കർമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എല്ലാ ശ്രമങ്ങൾക്കും ഫലപ്രാപ്തിയായില്ല. ഈ സർക്കാർ അഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ കേരളം വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായം എഴുതിച്ചേർക്കും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.■



**തിരുവനന്തപുരം ജില്ലയിലെ വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കായി സംഘടിപ്പിച്ച മേയ്ദിന കായികമേളയിൽ നിയമ-സ്പോർട്സ് മന്ത്രി എം.വിജയകുമാർ മാർച്ച് പാസ്റ്റിനെ അഭിവാദ്യം ചെയ്യുന്നു.**

**കെ.പി.രാജേന്ദ്രൻ**
റവന്യൂ മന്ത്രി

# പുതിയ ഭൂനയത്തിന്റെ പാതയിൽ

സാധാരണ ജനവിഭാഗങ്ങളുടെ ജീവിതത്തെ തൊട്ടറിയുന്ന പല വികസന പ്രവർത്തനങ്ങളും നടപ്പാക്കുന്നത് റവന്യു വകുപ്പാണ്. ഭൂരഹിതർക്ക് സ്വന്തം ഭൂമി നൽകുന്നതിനുള്ള നടപടി, നെൽവയൽ സംരക്ഷണ നിയമം, സുനാമി പുനരധിവാസ പദ്ധതികൾ, ആദിവാസി വനാവകാശ നിയമം തുടങ്ങിയ നിരവധി പദ്ധതികളിലൂടെ സർവ്വതല സ്പർശിയായ വികസനത്തിനാണ് റവന്യു വകുപ്പ് ഇക്കഴിഞ്ഞ നാളുകളിൽ നേതൃത്വം നൽകിയത്.

വളരെ സുപ്രധാനവും ജനോപകാരപ്രദവുമായ നിരവധി പ്രവർത്തനങ്ങൾ ഇതിനകം റവന്യൂ വകുപ്പിൽ നിന്നുണ്ടായിട്ടുണ്ട്. ഭൂരഹിതർക്ക് സ്വന്തമായി ഭൂമി നൽകുക, അനധികൃതമായി കയ്യേറുകയും കൈവശം വക്കുകയും ചെയ്യുന്ന പൊതുമുതൽ തിരിച്ചുപിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കുക, പരിസ്ഥിതിക്കും പ്രകൃതിക്കും ദോഷകരമായിത്തീരും വിധമുള്ള ഭൂവിനിയോഗം തടയുക, കുറ്റമറ്റ ഭൂരേഖകൾ തയ്യാറാക്കുകയും അവ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക, ഭൂമി സംബന്ധമായ തർക്കങ്ങളിൽ സുതാര്യമായും വേഗത്തിലും തീർപ്പുകൽപ്പിക്കുക, ദുരിതമനുഭവിക്കുന്നവർക്കായി അടിയന്തിര സമാശ്വാസ പദ്ധതികൾ നടപ്പാക്കുക, പ്രകൃതിദുരന്തങ്ങൾക്കിരയാകുന്നവർക്ക് സഹായമെത്തിക്കുക, സുനാമി പുനരധിവാസപദ്ധതി കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുക തുടങ്ങിയ നിരവധി ചുവടുവയ്പുകൾ ഈ ചുരുങ്ങിയ കാലയളവിനുള്ളിലുണ്ടായിട്ടുണ്ട്.

## ഭൂരഹിതർക്ക് ഒരു പിടി മണ്ണ്

ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നിട്ട് 40 വർഷത്തോളമായിട്ടും ഈ നിയമം പൂർണമായും നടപ്പാക്കാൻ നമുക്കായിട്ടില്ല. മുഴുവൻ ഭൂരഹിതർക്കും ഭൂമി എന്ന സങ്കൽപ്പം സാക്ഷാത്കരിക്കുകയാണ് റവന്യു വകുപ്പിന്റെ പ്രധാന ദൗത്യം. നിഷ്ക്രിയമായിരുന്ന താലൂക്ക് ലാൻഡ് ബോർഡുകൾ പുനഃസംഘടിപ്പിക്കുകയും കേസുകൾ തീർപ്പാക്കുകയും ചെയ്ത് തുടങ്ങിയതോടെ 1500 ഓളം ഏക്കർ മിച്ചഭൂമി പുതുതായി സർക്കാരിൽ നിക്ഷിപ്തമാക്കാൻ കഴിഞ്ഞു. ഇതിൽ വിതരണയോഗ്യമായ 900-ലധികം ഏക്കർ മിച്ചഭൂമി വിവിധ ജില്ലകളിൽ സംഘടിപ്പിച്ച ഭൂമി വിതരണ മേളകളിലൂടെ അർഹരായവർക്ക് വിതരണം ചെയ്തു.

2008 ഒക്ടോബർ അഞ്ചിന് കണ്ണൂരിൽ വച്ച് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനാണ് ഭൂമി വിതരണമേളകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചത്. ഇതോടെ ഭൂരഹിതരായ 10000-ത്തോളം പേർ കൂടി ഭൂമിയുടെ അവകാശികളായി മാറി. അതോടൊപ്പം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 70100 പേർക്ക് കൈവശരേഖയും പട്ടയവും നൽകുകയും 14048 ആദിവാസി കുടുംബങ്ങൾക്കുകൂടി കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു. ഇപ്പോഴും പല കാരണങ്ങളാൽ ലാന്റ് ബോർഡുകളിലും വിവിധ കോടതികളിലും കേസുകളിൽപെട്ടു കിടക്കുന്ന 73,000-ഓളം ഏക്കർ മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഭൂപരിഷ്കരണനിയമത്തിന് വിരുദ്ധമായി ഭൂമാഫിയയും മറ്റ് ചില ശക്തികളും ചേർന്ന് സ്വന്തം പേരിലോ ബിനാമി പേരിലോ വ്യാപകമായി ഭൂമി വാങ്ങിക്കൂട്ടുന്ന പ്രവണത വർധിച്ചു വരികയാണ്. ഇത്തരം അനധികൃത ഇടപാടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ വിജിലൻസ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. ഇതിനകം നിരവധി കേസുകൾ ചാർജ് ചെയ്തുകഴിഞ്ഞു.

ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും മാർഗ നിർദേശങ്ങൾ നൽകാനും നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

സർക്കാരിന്റെ ഏറ്റവും ശ്രദ്ധേയമായ നടപടികളുടെ ഭാഗമായി റവന്യു വകുപ്പ് ആരംഭിച്ച കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്ന പ്രവർത്തനങ്ങൾ അഭംഗുരം തുടരുകയാണ്. സംസ്ഥാനമെമ്പാടും 9965 അനധികൃത കയ്യേറ്റങ്ങൾ കണ്ടുപിടിക്കുകയും അവയിൽ 4020 എണ്ണം ഒഴി

പ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തതിലൂടെ ലഭിച്ച 13672.04 ഏക്കർ ഭൂമിയിൽ യോഗ്യമായവ വിതരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി എല്ലാ താലൂക്കുകളിലും മുനിസിപ്പാലിറ്റികളിലും ലാന്റ് അസൈൻമെന്റ് കമ്മറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി നിയമത്തിൽ അനുശാസിക്കുന്ന വിധത്തിൽ ജനപ്രതിനിധികളും രാഷ്ട്രീയകക്ഷി പ്രതിനിധികളും ഉൾപ്പെടുന്നതാണ് പുതിയതായി രൂപീകരിച്ച ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ.

വിതരണത്തിന് ഏറ്റവും കൂടുതൽ ഭൂമി ലഭ്യമായിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. ആദ്യഘട്ടമെന്ന നിലയിൽ ഇടുക്കിയിൽ 1660 ഏക്കർ ഭൂമി പാവപ്പെട്ട ഭൂരഹിതർക്കും തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങി. ഇടുക്കി ജില്ലയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത 128 ഏക്കർ ഭൂമി 1044 പേർക്ക് ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ വിതരണം ചെയ്തു. മറ്റ് ജില്ലകളിൽ വിതരണനടപടികൾ പുരോഗമിക്കുകയാണ്.



ഭൂസംരക്ഷണദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം റവന്യൂമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിക്കുന്നു.

## ഭൂസംരക്ഷണത്തിന് പുതിയ ചുവടുവയ്പുകൾ

സർക്കാർ ഭൂമി കൈയേറുന്നവർക്കും കൈയേറ്റത്തിന് കൂട്ടുനിൽക്കുന്നവർക്കും കഠിനശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്യും വിധം ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി നിലവിൽ വന്നുകഴിഞ്ഞു. സർക്കാർ ഭൂമി കൈയേറുന്നവർക്കും കൈയേറ്റത്തിന് കൂട്ടുനിൽക്കുന്നവർക്കും പിഴയും തടവും ശിക്ഷ നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അതുപോലെ ഭൂമി കൈയേറാനുദ്ദേശിച്ചുകൊണ്ട് വ്യാജരേഖ ചമയ്ക്കുന്നവരും ശിക്ഷാർഹമാകും. എന്നാൽ സർക്കാർ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുകയും കൈവശരേഖ, റേഷൻ കാർഡ് തുടങ്ങിയ വിവിധരേഖകൾ സ്വന്തമായുള്ളവരെ കുടിയൊഴിപ്പിക്കുന്ന പ്രശ്നമില്ലെന്നും നിയമത്തിൽ സംശയരഹിതമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.



സർക്കാർ ഉടമസ്ഥതയിലുള്ളതും കൈയേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതുമായ ഭൂമി സംരക്ഷിക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ നൂതന പദ്ധതിയാണ് ലാന്റ് ബാങ്ക്. സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുടെ വിശദാംശങ്ങൾ തയ്യാറാക്കി അവ സംരക്ഷിക്കുക, വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുക, ഭൂരഹിതർക്ക് വിതരണത്തിനായി ഭൂമി ലഭ്യമാക്കുക, നഗരപ്രദേശങ്ങളിലെ സർക്കാർ ഭൂമി ഉപയുക്തമാക്കി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയ നിരവധി ചുമതലകൾ ലാന്റ് ബാങ്ക് നിർവഹിക്കും. സംസ്ഥാനത്താകെയുള്ള സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിനും ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അടുത്ത ഒരു വർഷത്തിനുള്ളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

ഭൂമി സംബന്ധിച്ച സർക്കാർ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന് എല്ലാ ജില്ലകളിലും ഭൂരേഖകൾ കമ്പ്യൂട്ടറൈസ് ചെയ്ത് നെറ്റ് വർക്കിങ് സംവിധാനത്തിലൂടെ ബന്ധിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരമേറ്റ ഉടൻ തന്നെ ആരംഭിക്കുകയും ദ്രുതഗതിയിൽ മുന്നോട്ടുപോകുകയുമാണ്.

## ഭൂനയവും നെൽവയൽ സംരക്ഷണനിയമവും

കേരളത്തിന്റെ സാമൂഹികമാറ്റങ്ങളെ നിയന്ത്രിച്ചതും വഴിതിരിച്ചുവിട്ടതും ഭൂമിയും ഭൂമിക്കുവേണ്ടിയുള്ള സമരങ്ങളുമായിരുന്നു. അങ്ങനെയൊരു സംസ്ഥാനത്ത് നാളിതുവരെ ഒരു ഭൂനയം ഉണ്ടായിരുന്നില്ല. ഈ കുറവ് പരിഹരിച്ചുകൊണ്ട് സംസ്ഥാന ഭൂനയത്തിന്റെ കരട് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. വിവിധ സംഘടനകളുടെയും പ്രശസ്ത വ്യക്തികളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും കൂടി പരിഗണിച്ച് കരട് നയത്തിന് അന്തിമ രൂപം നൽകി ഗവൺമെന്റിന്റെ ഭൂനയം ഉടൻ പ്രഖ്യാപിക്കും.

ഭൂനയത്തിൽ പ്രഖ്യാപിച്ച പ്രകാരം ഭൂസംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള വിവിധ നടപടികൾ ഇതിനകം തന്നെ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അതിൽ ഒന്നാണ് നെൽവയൽ നീർത്തട സംരക്ഷണനിയമം. കേരളത്തിലെ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ചു നിർത്തുക, ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി കൃഷി യോഗ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നത്.

## ഭൂമി കേരളം–റീ സർവേ പൂർത്തിയാക്കാൻ പുതിയ പദ്ധതി

സംസ്ഥാനത്ത് 1967–ൽ ആരംഭിച്ച റീ–സർവെ 40 വർഷം പിന്നിട്ടിട്ടും പാതിവഴിയിലാണ്. റീസർവെ പൂർത്തിയാക്കുന്നതിന് 'ഭൂമികേരളം' പദ്ധതി നടപ്പിലാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി

'കേരള ലാന്റ് ഇൻഫർമേഷൻ' എന്ന പേരിൽ ഒരു ദൗത്യത്തിനും രൂപം നൽകിക്കഴിഞ്ഞു. റീ-സർവേയ്ക്കും കമ്പ്യൂട്ടർവത്കരണത്തിനും വേണ്ടി മാത്രം പ്രവർത്തിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യത്തോടെയുള്ള ഒരു മിഷനായിരിക്കും ഇത്. ആധുനിക സാങ്കേതിക വിദ്യകൾ അവലംബിച്ചു നടത്തുന്ന റീസർവേ മൂന്ന് കൊല്ലം കൊണ്ട് പൂർത്തിയാക്കുകയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. സംസ്ഥാനത്തെ ആദിവാസികൾക്ക് വിതരണം ചെയ്യുവാനുള്ള സർവെ റെക്കാർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളാണ് 'ഭൂമി കേരളം' പദ്ധതിയിൽ ഇപ്പോൾ മുൻഗണന നൽകി ഏറ്റെടുത്തിട്ടുള്ളത്.

## സുനാമി പുനരധിവാസവും സമാശ്വാസ പദ്ധതികളും

സർക്കാർ ഏറ്റെടുത്ത പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ മറ്റൊരു പ്രവർത്തനമാണ് സുനാമി പുനരധിവാസ പദ്ധതി. വിവിധ വകുപ്പുകൾ ചേർന്നു നടത്തുന്ന സുനാമി പ്രവർത്തനങ്ങൾ അതിന്റെ പൂർത്തീകരണ ഘട്ടത്തിലാണ്. തീരദേശത്തെ സമഗ്ര വികസനവും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും മുൻനിർത്തി 1441.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതികൾ ഈ വർഷം പൂർത്തിയാക്കും. സുനാമി പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തീരദേശങ്ങളിൽ താമസിക്കുന്ന 12,000 പേർക്ക് വീടുകൾ നിർമിച്ചു



*ഒരു തുണ്ട് ഭൂമി ഒരു ഫലവൃക്ഷം* **പദ്ധതി പ്രശസ്ത കവയിത്രി സുഗതകുമാരി മാവിൻതൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു.**

നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 4,500 വീടുകളുടെ നിർമാണം ആരംഭിച്ചു കഴിഞ്ഞു. ഇതിനകം 500-ഓളം വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറി. ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട്, അന്ധകാരനാഴി എന്നിവിടങ്ങളിൽ നൂറ് കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പിലാക്കുകയാണ്.

സുനാമി പുനരധിവാസ പദ്ധതിയിലെ ഏറ്റവും വലിയ നിർമാണപ്രവർത്തനങ്ങളിൽ ഒന്നായ, 17 കോടി രൂപ ചെലവഴിച്ച് നിർമിച്ച കൊല്ലം ജില്ലയിലെ കല്ലുമൂട്ടിൽ കടവ് പാലം നാടിന് സമർപ്പിച്ചുകഴിഞ്ഞു. സുനാമി ദുരന്തത്തിൽ അനാഥരായ കുട്ടികൾക്ക് 51,000 രൂപ സ്ഥിര നിക്ഷേപമായി നൽകാനും തീരപ്രദേശത്തെ വിദ്യാർഥികൾക്ക് പ്രതിമാസം 300 രൂപ സ്കോളർഷിപ്പ് നൽകാനുമുള്ള പദ്ധതി നടപ്പാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ആറ് ജില്ലകളിലായി 15,610 വിദ്യാർഥികൾക്കാണ് ഇതിന്റെ ഗുണം ലഭിച്ചിരുന്നതെങ്കിൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒൻപത് ജില്ലകളിലായി 31,797 പേർക്ക് ഈ ആനുകൂല്യം ലഭ്യമാക്കി. തീരദേശത്തെ 1,58,364 കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തി.

കാലവർഷക്കെടുതിയിലും അസാധാരണമായ വേനൽമഴയിലും നട്ടംതിരിഞ്ഞ ജനങ്ങൾക്ക് സമാശ്വാസം എത്തിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും റവന്യൂവകുപ്പ് ഉണർന്ന് പ്രവർത്തിച്ചു. കേന്ദ്രസഹായത്തിനു കാത്തുനിൽക്കാതെ കെടുതിക്കിരയായവർക്കും കൃഷിനാശം സംഭവിച്ചവർക്കും അടിയന്തിര സഹായമെത്തിച്ചു. കേന്ദ്ര സംഘത്തിനെ സംസ്ഥാനത്തെത്തിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും അർഹമായ ധനസഹായം നേടിയെടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചു. ആദ്യഘട്ടത്തിൽ 50 കോടി രൂപയും പിന്നീട് 9.25 കോടിയും കേന്ദ്രസഹായമായി നേടിയെടുക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിനുണ്ടായ നാശനഷ്ടം കണക്കാക്കുമ്പോൾ ഇത് വളരെ തുച്ഛമായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം കേരളത്തോട് കടുത്ത അവഗണനയാണ് കാട്ടിയത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും രൂപീകരിച്ചു. സംസ്ഥാന ദുരന്ത നിവാരണ നയം ഉടൻ പ്രഖ്യാപിക്കുന്നതാണ്. യു.എൻ.ഡി.പി ധനസഹായത്തോടെ രണ്ട് കോടി 39 ലക്ഷം രൂപ അടങ്കലുള്ള നഗരങ്ങളിലെ ദുരന്ത നിവാരണ ലഘൂകരണ പദ്ധതികൾക്ക് തുടക്കം കുറിച്ചു. ദുരന്ത നിവാരണങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും സാധാരണ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനും മൂന്ന് മാസക്കാലം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. സംസ്ഥാനതലത്തിൽ ഒരു സിവിൽ ഡിഫൻസ് സേന സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സാമൂഹിക പ്രതിബദ്ധതയിലധിഷ്ഠിതമായ പുനരധിവാസ പദ്ധതികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹിക സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള പുനരധിവാസ പദ്ധതി കൂടി നടപ്പിലാക്കണമെന്നാണ് സർക്കാർ നിലപാട്. അതിന്റെ ഭാഗമായാണ് വല്ലാർപ്പാടത്ത് കണ്ടെയ്നർ ടെർമിനലിന് സ്ഥലമേറ്റെടുത്തപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സ്ഥലത്തിന് അർഹമായ നഷ്ടപരിഹാരത്തിന് പുറമേ മെച്ചപ്പെട്ട രീതിയിലുള്ള പുനരധിവാസപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്. അഞ്ച് സെന്റ് വരെ സ്ഥലം നഷ്ടപ്പെട്ടവർക്ക് അഞ്ച് സെന്റും അഞ്ച് സെന്റിന് മുകളിൽ സ്ഥലം നഷ്ടപ്പെട്ടവർക്ക് ആറ് സെന്റും വീതം

## കേരളം-ആദിവാസി വനാവകാശ നിയമം നടപ്പാക്കുന്ന ആദ്യ സംസ്ഥാനം

പുതിയ ആദിവാസി വനാവകാശനിയമപ്രകാരം സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുന്നതിനായി റവന്യൂ, പിന്നാക്കക്ഷേമം, വനം വകുപ്പുകൾ സംയുക്തമായി ഒരു കർമ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഭൂമി കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ആദിവാസി കോളനികളുടെ സർവേ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ 37000-ത്തോളം വരുന്ന ആദിവാസികൾക്ക് ഡിസംബർ മാസത്തോടെ ഭൂമി നൽകി രാജ്യത്ത് ആദിവാസി വനാവകാശ നിയമപ്രകാരം മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുന്ന ആദ്യ സംസ്ഥാനം കേരളം ആകണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നത്.



സുനാമി പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പൂന്തുറയിൽ മുഖ്യമന്ത്രി നിർവ്വഹിക്കുന്നു.

സ്ഥലം, വീടു നഷ്ടപ്പെട്ടവർക്ക് പ്രതിമാസം 5000 രൂപ വീതം 10 മാസത്തെ വാടക, ഷിഫ്റ്റിങ്ങ് ചാർജായി 10000 രൂപ എന്നിവ മുൻകൂറായും നൽകുന്നതായിരുന്നു പ്രസ്തുത പദ്ധതി. ഇന്ത്യയിൽ ആദ്യമായാണ് ഇതുപോലെ മാതൃകാപരമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കിയത്.

### റവന്യു ഭരണത്തിൽ സുതാര്യതയും ബഹുജന പങ്കാളിത്തവും

അഴിമതിയും ക്രമക്കേടുകളും കണ്ടെത്തിയതിനെത്തുടർന്ന് 100-ഓളം ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ഉദ്യോഗസ്ഥ തല അഴിമതി തടയുന്നതിന് രണ്ട് മേഖലാ വിജിലൻസ് സെല്ലുകളുണ്ടായിരുന്നത് എറണാകുളത്ത് മദ്ധ്യമേഖലാ സെൽ കൂടി ആരംഭിച്ച് മൂന്നെണ്ണമാക്കി ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തു. എല്ലാ ജില്ലകളിലും വിജിലൻസ് സെല്ലുകൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

വകുപ്പിന്റെ പ്രവർത്തനം ശക്തവും സുതാര്യവുമാക്കുന്നതിനുള്ള വിവിധ നടപടികളും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. ലാൻഡ് റവന്യു കമ്മീഷണറേറ്റിൽ ഇൻഫർമേഷൻ സെന്ററും വെബ്സൈറ്റും തുടങ്ങി. വില്ലേജ് ഓഫീസ് പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി വില്ലേജ്തല ജനകീയ സഭകൾ രൂപീകരിച്ചു. ഭൂസംരക്ഷണ ഉപഭോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക, നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുക, പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഇത്തരം സമിതികൾക്ക് രൂപം നൽകിയിട്ടുള്ളത്. വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ജന പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതി എല്ലാമാസവും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. താലൂക്ക് തലത്തിൽ റവന്യു അദാലത്തുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. 2008 ഡിസംബർ-ജനുവരി മാസങ്ങളിൽ നടന്ന താലൂക്ക് തല അദാലത്തുകളിൽ നല്ല പ്രതികരണമാണുണ്ടായത്. 63 താലൂക്കുകളിലായി 44480 പരാതികൾ ലഭിച്ചതിൽ 33863 എണ്ണം അദാലത്തുകളിൽ വച്ച് തീർപ്പുകൽപ്പിച്ചു. താലൂക്ക്തല അദാലത്തുകളും തുടർച്ചയായി സംഘടിപ്പിക്കണമെന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

### തീരസമീരം -നദികളെയും നദീതീരങ്ങളെയും സംരക്ഷിക്കാൻ

ഓരോ ജില്ലയിലെയും നദീസംരക്ഷണ പ്രവർത്തനങ്ങൾക്ക് നിർദേശം നൽകുന്നതിനുള്ള ജില്ലാതല വിദഗ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനം സജീവമാക്കുകയും ചെയ്തു. ഇപ്പോൾ റിവർമാനേജ്മെന്റ് ഫണ്ടിൽ ലഭ്യമായിട്ടുള്ള 150 കോടിയോളം രൂപ ചെലവഴിച്ച് നദീസംരക്ഷണത്തിന് 'തീരസമീരം' എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകി വരികയാണ്. ഭാരതപ്പുഴ സംരക്ഷണത്തിനുള്ള ഏഴ് കോടിയിലധികം ചെലവുവരുന്ന പദ്ധതി അംഗീകരിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തു. എല്ലാ ജില്ലകളിലും അനധികൃത മണൽഖനനം തടയുന്നതിനും മണൽ മാഫിയയെ നിലക്കുനിർത്തുന്നതിനുമുള്ള ശക്തമായ നടപടികളാണ് റവന്യു വകുപ്പ് കൈക്കൊള്ളുന്നത്. നദികളുടെ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതിന് അനുവദനീയമായ അളവിൽ മാത്രം മണൽ ഖനനം അനുവദിക്കുന്നതിന് ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ മണൽ ആഡിറ്റ് ഏർപ്പെടുത്തി. നദികളുടെ സംരക്ഷണാർഥം ജില്ലകളിൽ പ്രത്യേക സേനയെ നിയോഗിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

> സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും രൂപീകരിച്ചു. സംസ്ഥാന ദുരന്ത നിവാരണ നയം ഉടൻ പ്രഖ്യാപിക്കുന്നതാണ്. യു.എൻ.ഡി.പി ധനസഹായത്തോടെ രണ്ട് കോടി 39 ലക്ഷം രൂപ അടങ്കലുള്ള നഗരങ്ങളിലെ ദുരന്ത നിവാരണ ലഘൂകരണ പദ്ധതികൾക്ക് തുടക്കം കുറിച്ചു.

### മലയോര കർഷകരുടെ പട്ടയപ്രശ്നം

വകുപ്പ് കൈക്കൊണ്ട മറ്റൊരു പ്രധാനപ്പെട്ട ചുവടുവയ്പ്പായിരുന്നു ദീർഘനാളായി നിലനിന്നിരുന്ന മലയോര കർഷകരുടെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനു കൈക്കൊണ്ട നടപടികൾ. സംസ്ഥാനത്തെ തൃശൂർ, എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ 1/1/1977-ന് മുമ്പ് കുടിയേറിയ മലയോര കർഷരുടെ 28,558 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശുപാർശ നൽകുകയും കേന്ദ്ര സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ ചില സംഘടനകൾ സുപ്രീം കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും സുപ്രീം കോടതി എംപവേർഡ് കമ്മറ്റി പട്ടയം നൽകാനുള്ള നടപടികൾ നിർത്തി വയ്ക്കാൻ ഉത്തരവിടുകയും ചെയ്തു. ഈ ഹർജിയിൽ മുൻ സർക്കാർ സുപ്രീം കോടതിയിൽ സർക്കാരിന്റെ സത്യവാങ്മൂലം സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ കേസ് പരിഗണിക്കാതെ നീണ്ടുപോവുകയാണുണ്ടായത്. എന്നാൽ ഈ സർക്കാർ അധികാരത്തിലേറിയ ശേഷം സത്യവാങ്മൂലങ്ങൾ സമർപ്പിക്കുകയും ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ അനുകൂല വിധി നേടിയെടുക്കുകയും ചെയ്തു.

പരിഹാര വനവത്കരണത്തിന് ആവശ്യമായ ഭൂമി കണ്ടെത്തി നൽകുകയാണെങ്കിൽ 10,000 ഹെക്ടർ സ്ഥലത്തെ, 01.01.1977-ന് മുമ്പുള്ള കുടിയേറ്റക്കാർക്ക് കൂടി നിയമാനുസൃതമായി പട്ടയം നൽകുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ അനുമതി തേടാമെന്നും സുപ്രീംകോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുവഴി മറ്റ് ജില്ലകളിലെ കുടിയേറ്റ കർഷകരുടെ പ്രശ്നവും പരിഹരിക്കാൻ സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത്.

സമൂഹത്തിലെ എല്ലാമേഖലയുമായും ബന്ധപ്പെട്ടുനിൽക്കുന്ന വകുപ്പ് എന്ന നിലയിൽ എല്ലാ ജനവിഭാഗങ്ങൾക്കും നിരന്തരം ആശ്രയിക്കേണ്ടി വരുന്ന റവന്യു വകുപ്പിനെ കൂടുതൽ ജനപക്ഷത്ത് നിലയുറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നത്.■

**ബിനോയ് വിശ്വം**
വനം-ഭവനനിർമാണ മന്ത്രി

# ഭാവിക്കു തണലായി വനം-ഭവന പദ്ധതികൾ

വനവും നമ്മുടെ ജൈവ സമ്പത്തും കാത്തുസൂക്ഷിക്കുന്നതിന് വ്യക്തമായ ദിശാബോധത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞ മൂന്നു വർഷത്തിൽ നമുക്കായിട്ടുണ്ട്. പങ്കാളിത്ത വനപരിപാലനം, എന്റെ മരം പോലെയുള്ള പദ്ധതികൾ പുതിയ ഒരു കേരള മോഡൽ കൂടി ലോകത്തിനു നൽകി. ദുർബ്ബല ജനതയുടെ ദുരിതമാകറ്റാനുള്ള ഇടതു ജനാധിപത്യ മുന്നണി സർക്കാരിന്റെ പരിശ്രമത്തിൽ നല്ലൊരു പങ്കുവഹിക്കാൻ ഭവന നിർമ്മാണ വകുപ്പിന്റെ ആശ്വാസ നടപടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

വനസംരക്ഷണത്തിലും, വനവത്കരണത്തിലും ഭവന നിർമ്മാണ രംഗത്തും പുതിയ സമീപനം സ്വീകരിച്ച് ചരിത്രം കുറിച്ച മൂന്ന് വർഷങ്ങളാണ് പിന്നിട്ടത്. ജനങ്ങളിൽ നിന്ന് അന്യമായിരുന്ന വനം വകുപ്പിന് ജനകീയ മുഖം ഉണ്ടായത് സമഗ്രവും തെളിമയാർന്നതുമായ പദ്ധതികളിലുടെയാണ്. ഈ പദ്ധതികൾ വനപരിപാലനത്തിൽ നമുക്ക് മികച്ച നേട്ടങ്ങളാവുക മാത്രമല്ല ദേശീയ മാതൃകകളുമായിത്തീർന്നു. ലോകമെങ്ങും വനനശീകരണത്തിന്റെ കണക്കുകൾ പറയുമ്പോൾ കേരളം നിലവിലുള്ള വനങ്ങൾ കാത്തുസൂക്ഷിച്ചതിലുപരിയായി റിസർവ്വ് വനവിസ്തൃതിയിൽ മൂന്ന് ശതമാനം കണ്ട് വർദ്ധന രേഖപ്പെടുത്തുകയും ചെയ്തു. സാമൂഹിക വനവത്കരണത്തിൽ പുതിയ മാനങ്ങൾ എഴുതിച്ചേർത്തുവെന്നത് അപൂർവ്വ നേട്ടമാണ്. പാവപ്പെട്ട ജനവിഭാഗത്തിന്റെ കഷ്ടതകൾ പരിഹരിക്കുന്നതിനു മുൻതൂക്കം നൽകിക്കൊണ്ടുള്ള പദ്ധതികളും പരിപാടികളുമാണ് വന ഭവന നിർമ്മാണ രംഗത്ത് നാം നടപ്പാക്കിയത്.

## മാഫിയകളോട് വിട്ടുവീഴ്ചയില്ലാതെ

വിട്ടുവീഴ്ചയില്ലാത്ത നടപടികളുടെയും റെയ്ഡുകളുടെയും ഫലമായി വനംകൊള്ളക്കാരെ നിയമത്തിനു മുന്നിലെത്തിച്ച് വനസംരക്ഷണത്തിന് കർശന നടപടികളെടുത്തതു തന്നെ പ്രധാന നേട്ടം. വാളയാർ ചന്ദനമോഷണ കേസ്സ് സി.ബി.ഐ.യെ ഏല്പിക്കാൻ കഴിഞ്ഞതും സുസജ്ജമായ ദ്രുതകർമ്മ സേനയെ മറയൂരിൽ വിന്യസിച്ചതും വനം മാഫിയയ്ക്കുള്ള ശക്തമായ താക്കീതായി. ചന്ദനക്കാടുകൾക്ക് ചുറ്റും വേലി നിർമ്മിക്കുകയും പ്രതികളെ അറസ്റ്റ് ചെയ്യാൻ തമിഴ്നാട്-ആന്ധ്ര പോലീസുകാരുടെ സഹകരണം ഉറപ്പാക്കുകയും ചെയ്തു. ശക്തമായ നടപടികളുടെ ഫലമായി മുൻകാലങ്ങളിൽ ദിനംപ്രതി 8.42 ചന്ദനമരങ്ങൾ മോഷ്ടിക്കപ്പെട്ട സ്ഥാനത്ത് ഇത് 0.02 എന്ന നിലയിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു.

## റിസർവ്വ് വനവിസ്തൃതി കൂട്ടി

അന്യാധീനപ്പെട്ട ആയിരക്കണക്കിന് ഏക്കർ ഭൂമി തിരിച്ചുപിടിച്ചും മാതൃകാ പദ്ധതികൾ നടപ്പാക്കിയും റിസർവ്വ് വനവിസ്തൃതിയിൽ മൂന്ന് ശതമാനം കണ്ട് വർധന രേഖപ്പെടുത്തിയ സംസ്ഥാനമെന്ന അപൂർവ്വ ബഹുമതി കേരളം നേടി. വാഗമണ്ണിലെ 440 ഹെക്ടർ ഭൂമി റിസർവ്വ് വനമായി ഏറ്റെടുത്തതും ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരുന്ന 22.45 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചതും പരിസ്ഥിതി സ്നേഹികൾ ചിരകാലം ആവശ്യപ്പെട്ട മാങ്കുളത്തെ 22253.37 ഏക്കർ പ്രദേശം റിസർവ്വ് വനമായി പ്രഖ്യാപിച്ചതും പാട്ടക്കാലാവധി കഴിഞ്ഞ



**നെയ്യാർ വന്യജീവി സങ്കേതത്തിലെ ഇക്കോ ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി അഗസ്ത്യ ബോട്ട് മന്ത്രി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യുന്നു.**

350 ഏക്കർ തൂത്തുംമ്പാറ എസ്റ്റേറ്റ് ഏറ്റെടുത്തതും സർക്കാരിന്റെ ദൃഢനിശ്ചയമാർന്ന നയം വ്യക്തമാക്കുന്നു.

### സാമൂഹിക വനവത്കരണം

സാമൂഹി വനവത്കരണത്തിന് പുതിയ മാനങ്ങൾ സൃഷ്ടിച്ച മാതൃകാ പദ്ധതികൾ ചരിത്രത്തിൽ ഇടംനേടിയ മൂന്നു വർഷങ്ങളാണ് പിന്നിട്ടത്. 2007-ലെ ലോക പരിസ്ഥിതി ദിനത്തിൽ 25 ലക്ഷം സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് 25 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച എന്റെ മരം പദ്ധതി ലോക റിക്കാർഡ് സ്ഥാപിച്ചു. പദ്ധതിയുടെ തുടർച്ചയായി 2008 - ൽ അഞ്ചാം ക്ലാസിലെ കുട്ടികൾക്ക് 9.77 ലക്ഷം വൃക്ഷത്തൈകൾ നൽകി.

2008-ലെ ലോക പരിസ്ഥിതി ദിനാഘോഷ ഭാഗമായി ജൂൺ 10-ന് സംസ്ഥാനത്തെ 2323 സ്കൂൾ-കോളേജ് കാമ്പസുകളിൽ നടപ്പാക്കിയ നമ്മുടെ മരം, ചുമട്ടുതൊഴിലാളികളുടെ സഹകരണത്തോടെ നടപ്പാക്കിയ വഴിയോര തണൽ, കടൽക്ഷോഭങ്ങളെ ചെറുക്കാനും തീരദേശ വാസികൾക്ക് മെച്ചപ്പെട്ട ജീവിതം ലഭ്യമാക്കാനും ലക്ഷ്യമിട്ട് കേരളത്തിന്റെ ഒമ്പത് തീരദേശ ജില്ലകളിൽ അനുയോജ്യ വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചു ഹരിത തീരം തുടങ്ങിയ പദ്ധതികളിലൂടെ 52 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. ഈ പദ്ധതികളുടെ അതിജീവന നിരക്ക് സർവ്വകാല റിക്കാർഡാണ്.



കോട്ടൂരിലെ നാട്ടാന പുനരധിവാസ കേന്ദ്രത്തിന്റെ ഒന്നാംഘട്ട ഉദ്ഘാടനം വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം നിർവഹിക്കുന്നു.



### സംരക്ഷിത മേഖലകൾക്ക് പുത്തനുണർവ്

പ്രകൃതി സ്നേഹികൾ ചിരകാലം ആവശ്യപ്പെട്ട സൈലന്റ് വാലി ബഫർസോൺ, വ്യാഴവട്ടത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിസാങ്ചറി, ദേശീയ പക്ഷിയായ മയിലുകളുടെ സംരക്ഷണത്തിനായി ചൂലയൂരിൽ മയിൽ സങ്കേതം, ദേശാടന പക്ഷികൾ വിരുന്നിനെത്തുന്ന കടലുണ്ടി-വള്ളിക്കുന്നിലെ അപൂർവ്വ ജൈവ-സാംസ്ക്കാരിക-പൈതൃക സമ്പത്തിന്റെ സംരക്ഷണാർത്ഥം ഇന്ത്യയിലെ ആദ്യ കമ്മ്യൂണിറ്റി റിസർവ്വ്, ഒറ്റപ്പെട്ട വന്യജീവികളെ സംരക്ഷിക്കാൻ മലയാറ്റൂർ കപ്രിക്കാട്ട് അഭയാരണ്യം, പ്രായാധിക്യവും അസുഖങ്ങളും മൂലം ജോലിയെടുക്കാൻ കഴിയാത്ത നാട്ടാനകളെ ഉപേക്ഷിക്കപ്പെടുന്നത് ഒഴിവാക്കാനായി തിരുവനന്തപുരം കോട്ടൂരിൽ നാട്ടാന പുനരധിവാസ കേന്ദ്രം, കൊച്ചി നഗര മധ്യത്തിലുള്ള മംഗളവനത്തിൽ പ്രകൃതിപഠന കേന്ദ്രം തുടങ്ങിയവ ചുരുങ്ങിയ കാലം കൊണ്ട് നാം നടപ്പിലാക്കിയ ദേശീയ മാതൃകകളാണ്.

### ആദിവാസി ക്ഷേമത്തിന് പ്രതിജ്ഞാബദ്ധം

ആദിവാസി കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണത്തിന് സൗജന്യ നിരക്കിൽ തടി ലഭ്യമാക്കിയും ആദിവാസി സമൂഹത്തിന്റെ ജീവനോപാധിയായ ഈറ്റയും മുളയും നാമമാത്ര വിലയ്ക്ക് നൽകിയും വനമേഖലയിൽ പണിയെടുക്കുന്നവരുടെ വേതനം വർദ്ധിപ്പിച്ചും ആദിവാസി സെറ്റിൽമെന്റുകളിലെ വിവിധ പദ്ധതികളിലൂടെ വെള്ളവും വെളിച്ചവുമേകിയും വനം വകുപ്പ് ആദിവാസിക്ഷേമത്തിന് പുതിയ മുഖം നൽകി.

### ജനപങ്കാളിത്തത്തോടെ വനസംരക്ഷണം

ദേശീയ വനനയത്തിന്റെ നിഷ്ക്കർഷ പാലിച്ചുകൊണ്ട് വനത്തോടു ചേർന്നും വനത്തിനകത്തും അധിവസിക്കുന്ന വനാശ്രിത സമൂഹങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുതകുംവിധം വനസംരക്ഷണ ഭാഗമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കി. വനാശ്രിത സമൂഹത്തിന് തൊഴിലും ക്ഷേമവും നൽകാൻ കഴിയുന്ന തരത്തിൽ 56 പരിസ്ഥിതി സൗഹാർദ്ദ ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നു. വനദർശനത്തിന് പുതിയ ദിശാബോധം നൽകുന്ന ഈ പദ്ധതിയിൽ ഇരുപതിലധികം ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു.

കർണ്ണാടക-തമിഴ്നാട് അതിർത്തികളിലുള്ള കേരള വനംവകുപ്പിന്റെ പഴയ തടി ഡിപ്പോകൾ സംരക്ഷിച്ച് വൈൽഡ് ലൈഫ് ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ, നാട്ടാനകൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിക്കുക, ശാസ്ത്രീയമായ ആന സെൻസെസ്സ്, തടിലേല വ്യവസ്ഥകൾ സുതാര്യമാക്കി തടി ഡിപ്പോകളിലെ 25 ശതമാനം തടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ഒട്ടേറെ നടപടികൾ വനപരിപാലന ചരിത്രത്തിലെ ശ്രദ്ധേയ കാൽവയ്പുകളാണ്.

## ഭവന നിർമ്മാണ രംഗം

### എം. എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി

പാവപ്പെട്ടവരും ദുർബ്ബലരുമായ സമൂഹത്തിലെ പിന്നാക്കംനിൽക്കുന്നവരുടെ ജിവിതത്തിന് ആശ്വാസമേകാൻ കഴിയുന്നവയാണ് ഭവന നിർമ്മാണ രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ. പാവപ്പെട്ടവരിൽ പാവപ്പെട്ടവരാണ് ലക്ഷംവീടുകളിൽ കഴിയുന്നത്. ഭാവനാ സമ്പനായ സ: എം. എൻ. ഗോവിന്ദൻ നായർ രൂപ കല്പന ചെയ്ത് സാക്ഷാത്കരിച്ച ലക്ഷംവീടുകളിൽ ഭൂരിപക്ഷവും 36 വർഷങ്ങൾക്കുശേഷം ഇന്ന്



ഈറ്റ-പനമ്പ് തൊഴിലാളികളുടെ സംസ്ഥാനതല ശില്പശാലയോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിൽ മന്ത്രി ബിനോയ് വിശ്വം

കാലപ്പഴക്കംകൊണ്ട് ശോച്യാവസ്ഥയിലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയ്ക്ക് തുടക്കമിട്ടത്. ജീവിതത്തിന്റെ വ്യത്യസ്ത തുറകളിലുള്ള ഉദാരമതികളുടെ നിർലോഭ സഹായസഹകരണത്താൽ ഈ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാനുള്ള ആത്മാർത്ഥ യജ്ഞത്തിലാണ് സർക്കാർ.

### ഭവനനിർമ്മാണ ബോർഡിന് നവജീവൻ

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രതിസന്ധി തരണംചെയ്യുന്നതിന് ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകാനും പുതിയ പദ്ധതികൾ ഏറ്റെടുക്കാനും നടപടികൾ സ്വീകരിച്ചു. കൊച്ചിയിൽ മറൈൻ ഡ്രൈവിൽ പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെ ബോർഡിന്റെ ഭൂമിയിൽ സമഗ്ര വികസനപ്രവർത്തിക്ക് രൂപം നൽകി. ദീർഘകാലമായി ഹഡ്കോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതിരുന്നതുമൂലമുള്ള പ്രതിസന്ധി പരിഹരിച്ചു.

### നിർമ്മിതി പുതുമുന്നേറ്റത്തിൽ

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് പുത്തനുണർവ്വ് നൽകിക്കൊണ്ട് ക്രിയാത്മകമായ പല പദ്ധതികളും സ്വീകരിച്ചു നടപ്പിലാക്കി വരികയാണ്. ഇതിൽ ശ്രദ്ധേയമാണ് കെട്ടിട നിർമ്മാണ സാമഗ്രികൾ മാർജിൻഫ്രീയായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന സംരംഭം. കലവറ എന്ന പേരിൽ തുടങ്ങിയ ന്യായവില വില്പന കേന്ദ്രം ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളത്തും കോഴിക്കോട്ടും തിരുവനന്തപുരത്തും തൃശ്ശൂരിലും തുടങ്ങിയ കലവറ വില്പനകേന്ദ്രങ്ങൾ സാധാരണക്കാർക്ക് ആശ്വാസമായിത്തീരുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ലാഭമൊന്നും എടുക്കാതെയും 600 സ്ക്വയർ ഫീറ്റ് മുതൽ 2000 സ്ക്വയർ ഫീറ്റ്വരെയുള്ള വീടുവയ്ക്കുന്നവർക്ക് 10 ശതമാനം മാത്രം ലാഭമെടുത്തുമാണ് കമ്പി, സിമന്റ് തുടങ്ങിയവ കലവറ വഴി വിൽക്കുന്നത്.

> നാട്ടാനകൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിക്കുക, ശാസ്ത്രീയമായ ആന സെൻസസ്സ്, തടിലേല വ്യവസ്ഥകൾ സുതാര്യമാക്കി തടി ഡിപ്പോകളിലെ 25 ശതമാനം തടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ഒട്ടേറെ നടപടികൾ വനപരിപാലന ചരിത്രത്തിലെ ശ്രദ്ധേയ കാൽവയ്പുകളാണ്.




ശബരിതീർത്ഥം കുടിവെള്ളപദ്ധതി ഉദ്ഘാടനം

വനംവകുപ്പുമായി സഹകരിച്ച് മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്ന സംരംഭം കുളത്തൂപ്പുഴയിലെ കലവറ വഴി തുടങ്ങിയത് ചൂഷണത്തിനെതിരെയുള്ള വലിയ ചലനമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇടനിലക്കാരില്ലാതെ പാവപ്പെട്ടവർക്ക് മണൽ ലഭ്യമാക്കാൻ കഴിയു. ഈ സംരംഭം മണൽ മാഫിയകൾക്കുള്ള ശക്തമായ താക്കീതായി.

### കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് പരിശീലനം

ചെലവ്കുറഞ്ഞ നിർമ്മാണ രീതിയേയും നിർമ്മാണ സാമഗ്രികളെയും കുറിച്ച് കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് അവബോധവും വൈദഗ്ധ്യവും നൽകുന്നതിന് നിരവധി ഹ്രസ്വകാല കോഴ്സുകൾ നടത്തി. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കണ്ണൂരിലെ ആറളം ഫാമിൽ പട്ടികവർഗ്ഗ പുനരധിവാസ പദ്ധതി പ്രകാരം 2557 വീടുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ തന്നെ ഗുണഭോക്താക്കൾക്ക് തൊഴിൽപരിശീലനം നൽകി. ഗുണഭോക്താക്കളുടെ സേവനത്തിന് മതിയായ വേതനവും നൽകുന്ന ആറളം പദ്ധതിയുടെ പ്രോജക്ട് എസ്റ്റിമേറ്റ് 28.72 കോടി രൂപയാണ്.

### ലാറിബേക്കർ ഹാബിറ്റാറ്റ് അക്കാദമി

പാവങ്ങളുടെ പെരുന്തച്ചൻ എന്നറിയപ്പെടുന്ന ലാറിബേക്കറുടെ സ്മരണയ്ക്കായി അവാർഡ് ഏർപ്പെടുത്തുകയും ലാറി ബേക്കർ നിർമ്മിതി ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ച് വർഷമായി പ്രവർത്തനരഹിതമായി കിടന്നിരുന്ന നിർമ്മിതി ഗുരുകുലം ലാറി ബേക്കറുടെ സ്മരണയ്ക്കായി സമർപ്പിക്കുകയും അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഹാബിറ്റാറ്റ് അക്കാദമിയായി ഉയർത്താനുള്ള നടപടിയുമാണ് കൈക്കൊണ്ടത്. വനം-ഭവനനിർമ്മാണ വകുപ്പുകളിൽ നടപ്പിൽ വരുത്താൻ ലക്ഷ്യമിട്ടതിന്റെ നല്ലൊരു ശതമാനവും തുടങ്ങാനും ഏറെക്കുറെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാനും കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യമുണ്ട്. വനം-വന്യജീവി വകുപ്പിന് ജനകീയമുഖം നൽകാനും ഭവന നിർമ്മാണ ബോർഡിന് പുതുജീവൻ നൽകാനും വിശ്രമരഹിതമായി പ്രവർത്തിച്ചതിന്റെ പരിണതിയാണ് മുകളിൽ സൂചിപ്പിച്ച പദ്ധതികൾ. പ്രകൃതിയെയും സഹജീവികളെയും സ്നേഹിക്കാൻ പ്രേരിപ്പിക്കുകയും വരും തലമുറയോടുള്ള പ്രതിബദ്ധത ഏറ്റെടുക്കാൻ സമൂഹ മന:സാക്ഷിയെ ഉണർത്താനും ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. വരുംനാളുകളിലും ഭൂമിക്കും ഭാവിക്കുംവേണ്ടി പ്രതിജ്ഞാബദ്ധതയോടുള്ള പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു.■

മുല്ലക്കര രത്നാകരൻ
കൃഷിവകുപ്പ് മന്ത്രി

# കാർഷിക രംഗത്ത് കേരളം മാതൃകയാവുന്നു

ഭക്ഷ്യരംഗം ആഗോളതലത്തിൽത്തന്നെ വെല്ലുവിളികളെ നേരിടുന്ന ഒരു ഘട്ടമാണിത്. കാർഷിക–ഭക്ഷ്യ രംഗങ്ങളിൽ നമുക്കുള്ള സ്വാതന്ത്ര്യവും പരമാധികാരവും കാത്തുസൂക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികൾക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇക്കഴിഞ്ഞ മൂന്ന് വർഷവും മുൻതൂക്കം നൽകിയത്. കിസാൻശ്രീ, കിസാൻ അഭിമാൻ, 'എല്ലാരും പാടത്തേക്ക്' പദ്ധതികൾ രാജ്യത്തിനു തന്നെ മാതൃകയായി. ഏറ്റവും പ്രധാനപ്പെട്ട കാര്യം കൃഷിയോട് മുഖം തിരിച്ചുനിന്ന കേരളീയ സമൂഹത്തെ കാർഷികാഭിമുഖ്യമുള്ളതാക്കി എന്നതാണ്.



ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നമ്മുടെ കാർഷിക രംഗത്ത് അനുഗുണമായി ഒട്ടേറെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവയിൽ പലതും നമ്മുടെ രാജ്യത്തുതന്നെ ഇദംപ്രഥമമായി നടപ്പിലാക്കുന്നവയുമാണ്.

കർഷകർക്ക് ഒരുലക്ഷം രൂപവരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന കിസാൻശ്രീ പദ്ധതി ഇതിന് ഉത്തമ ഉദാഹരണമാണ്. കർഷകൻ ഒരു തുകയും പ്രീമിയമായി അടയ്ക്കുന്നില്ല. ഇത് അവർക്കുവേണ്ടി ഗവൺമെന്റ് അടയ്ക്കുന്നു. ഒരു അപകട ഘട്ടത്തിൽ കൃഷിക്കാരന് ഒരു ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കുന്നു.

പിന്നാലെ കിസാൻ അഭിമാൻ പെൻഷൻ പദ്ധതിയും. കേരള സർക്കാർ അറുപതുവയസ്സിനുമുകളിലുള്ള കർഷകർക്ക് പ്രതിമാസം മുന്നൂറു രൂപ പെൻഷനും ഒരു പെൺകുട്ടിയുടെ വിവാഹത്തിന് 25000/- രൂപയും നൽകുന്ന പദ്ധതി നടപ്പാക്കി. ഇതും രാജ്യത്ത് ആദ്യമായി നടപ്പാക്കുന്ന പദ്ധതിയാണ്.

ഇതിനെക്കാളെല്ലാം ഉപരിയായി ഈ ഗവൺമെന്റിന്റെ കാർഷിക രംഗത്തുള്ള നേട്ടം കൃഷിയിൽ നിന്നും മുഖം തിരിച്ചുനിന്ന കേരളീയ സമൂഹത്തെ കൃഷിയിലേക്ക് മടക്കിക്കൊണ്ടുവന്നു എന്നതാണ്. എല്ലാ കാർഷികാഭിവൃദ്ധിയുടെയും അടിസ്ഥാനം ഇതാവണമല്ലോ.

ഭക്ഷണ കാര്യത്തിൽ വളർന്നുവരുന്ന ഫാക്ടറി സംസ്കാരവും നമ്മുടെ ഭക്ഷ്യസുരക്ഷയെ അപകട

ത്തിലാക്കും. ഇതിനെല്ലാം പരിഹാരം നാട്ടിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നെൽക്കൃഷി വീണ്ടെടുക്കുന്നതിനും കൃഷിഭൂമി സംരക്ഷിക്കുന്നതിനും ഒരു ജനകീയ കൂട്ടായ്മ വളർത്തിയെടുക്കുകയെന്നതു തന്നെയാണ്. ഈ കൂട്ടായ്മയിലൂടെ - ഭക്ഷ്യസുരക്ഷയിലൂടെ ഭക്ഷ്യ പരമാധികാരത്തിന് വഴിയൊരുക്കണം.

നമ്മുടെ നെൽപ്പാടങ്ങൾ ഉത്പാദനോപാധികളെന്ന നിലയിൽ നിന്നും ധനനിക്ഷേപ മേഖലകളായി മാറുകയും വർധിച്ചുവന്ന പണാധിപത്യത്തിന്റെ പിടിയിൽപ്പെട്ടുപോവുകയും ചെയ്തതിന്റെ ദുരന്തഫലങ്ങൾക്ക് കേരളം ഇരയായിരിക്കുന്നു. നെൽപാടങ്ങളിൽ നിന്നും നെൽക്കൃഷി കെട്ടിട സമുച്ചയങ്ങൾക്കും നാണ്യവിളകൾക്കും വഴിമാറി. നെൽവയലുകളുടെ വിസ്തൃതിയും നെല്ലുത്പാദനവും ചുരുങ്ങി ചുരുങ്ങിവന്നു.

2005-06-ലെ കണക്കനുസരിച്ച് നെൽക്കൃഷി വിസ്തൃതി എട്ട് ലക്ഷം ഹെക്ടറിൽ നിന്നും 2.76 ലക്ഷം ഹെക്ടറായി ചുരുങ്ങി. നെല്ലുത്പാദനം 13 ലക്ഷം ടണ്ണിൽ നിന്നും 8.7 ലക്ഷം ടണ്ണായി ചുരുങ്ങി. ഇതിന്റെ ഫലമായി 80% അരിയും നാം അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങേണ്ടിവന്നു. ഇങ്ങനെ പ്രതിവർഷം 4000 കോടി രൂപ പുറത്തേക്കൊഴുകുന്നു. വയ്ക്കോലിനായി പോലും 80 കോടി രൂപ അയൽസംസ്ഥാനങ്ങളിലേക്കൊഴുകുന്നു.

ഈ പശ്ചാത്തലത്തിലാണ് നെല്ലുത്പാദനം വർധിപ്പിക്കാനുള്ള ജനകീയ കൂട്ടായ്മ രൂപപ്പെടുത്താനുള്ള ഒരു തീവ്രപ്രയത്നത്തിന് ഗവൺമെന്റ് രൂപം നൽകിയത്.

ഈ രംഗത്ത് കാതലായ നേട്ടങ്ങൾ കൈവരിക്കുവാൻ ഇപ്പോൾതന്നെ സാധ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷം വിരിപ്പു കൃഷിക്കാലത്ത് 77533 ഹെക്ടർ സ്ഥലത്താണ് നെൽക്കൃഷിയുണ്ടായിരുന്നത്. ഈ വർഷം ഇത് 103191 ഹെക്ടർ ആയി വർധിക്കുന്നതായാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്.

ഇതിലും പ്രാധാന്യം തരിശുഭൂമിയിലെ കൃഷി ഒരു ജനകീയ പ്രസ്ഥാനമായി വളർന്നിരിക്കുന്നുവെന്നതാണ്.തൃശൂർ ജില്ലയിൽ വേങ്ങല്ലൂർ ബ്ലോക്കിലുൾപ്പെട്ട ഏകദേശം 30 വർഷത്തോളം തരിശിട്ടിരുന്ന 426 ഹെക്ടറിൽ നെൽക്കൃഷി ചെയ്യുന്നത്



പൂജപ്പുര സെൻട്രൽ ജയിലിലെ ഒറ്റഞാർ കൃഷിപ്പാടത്ത് മന്ത്രി മുല്ലക്കര രത്നാകരൻ ഞാർ നടുന്നു.

ഇതിനൊരുദാഹരണമാണ്. ഇങ്ങനെ പല ജില്ലകളിലും വർഷങ്ങളോളം പാഴായി കിടന്ന പാടങ്ങൾ വീണ്ടും പച്ചപിടിച്ചു.

എല്ലാരും പാടത്തേക്ക് പദ്ധതിപ്രകാരം ഇരുപതിനായിരത്തോളം ഹെക്ടർ തരിശുഭൂമി തളിരണിഞ്ഞിരിക്കുന്നു. നെൽക്കൃഷി ചുരുങ്ങിവരുന്ന പശ്ചാത്തലത്തിൽ ഈ വർധനവ് അഭിമാനാർഹമായ നേട്ടമാണ്.

മറ്റൊരു സുപ്രധാന നേട്ടം പലിശരഹിത വായ്പയുടെതാണ്. സഹകരണ വകുപ്പും കൃഷിവകുപ്പും യോജിച്ച് നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ കർഷകന് പലിശയില്ലാത്ത കാർഷിക വായ്പ ലഭ്യമാകുന്നു. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തിലും ഇത്തരം ഒരു പദ്ധതിയില്ല.

ഇന്ത്യാ ഗവൺമെന്റ് നെല്ലിന് താങ്ങുവില വർധിപ്പിക്കാനുള്ള നമ്മുടെ ആവശ്യം നിരാകരിക്കുകയും ഗോതമ്പുവില വർധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ രാജ്യത്തെ ഏറ്റവും ഉയർന്ന താങ്ങുവിലയായ കിലോക്ക് പതിനൊന്നു രൂപ നിരക്കിലാണ് നാം നെല്ലു സംഭരിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണവും പ്രകൃതിക്ഷോഭം കാരണവും മറ്റും കൃഷിനാശമുണ്ടായപ്പോൾ ഇതിനു മുമ്പൊരിക്കലും സംഭവിക്കാത്തത്ര വേഗത്തിലും കൂടിയതോതിലും കർഷകന് നഷ്ടപരിഹാരം നൽകി. വെള്ളത്തിൽ വീണ് ഉപയോഗശൂന്യമായ നെല്ലിനുപോലും നഷ്ടപരിഹാരം നൽകി കർഷകരുടെ രക്ഷക്കെത്തി. ഈ ആവശ്യങ്ങൾക്ക് കോടിക്കണക്കിനു രൂപയുടെ നഷ്ടപരിഹാരമാണ് അനുവദിച്ചത്. മുഖ്യമന്ത്രിയും മന്ത്രിമാരും



ആഗോളതാപനവും കേരളവും സെമിനാർ ഉദ്ഘാടനവേളയിൽ മന്ത്രി മുല്ലക്കര രത്നാകരൻ.

**'എല്ലാരും പാടത്തേക്ക്' പദ്ധതിപ്രകാരം ഇരുപതിനായിരത്തോളം ഹെക്ടർ തരിശുഭൂമി തളിരണിഞ്ഞിരിക്കുന്നു. നെൽക്കൃഷി ചുരുങ്ങിവരുന്ന പശ്ചാത്തലത്തിൽ ഈ വർധനവ് അഭിമാനാർഹമായ നേട്ടമാണ്**



കർഷകരുടെ അടുത്തേയ്ക്ക് ഓടി എത്തുകയായിരുന്നു. കേന്ദ്രസർക്കാരാകട്ടെ ഒരൊറ്റ പൈസപോലും കൃഷി നാശനഷ്ടപരിഹാരത്തിനായി അനുവദിച്ചില്ല.

ഒരു ഹെക്ടറിന് 100/- രൂപ നൽകി ഇൻഷ്വർ ചെയ്താൽ 12,000/- രൂപ നഷ്ടപരിഹാരം കിട്ടുന്ന പുതിയ ഇൻഷ്വറൻസ് പദ്ധതിയും കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്നു. ഇതുവരെ രോഗബാധകൾക്കും ഇൻഷ്വറൻസ് നഷ്ടപരിഹാരം ഇല്ലായിരുന്നു. ഈ പദ്ധതിയിൽ ഇതും ഉൾപ്പെടുന്നു.

ഇപ്പോൾ പ്രാധാന്യം നൽകി നടപ്പാക്കിവരുന്ന മറ്റൊരു പദ്ധതിയാണ് ആയിരം ഗ്രാമങ്ങളിലെ പച്ചക്കറി കൃഷി. ഒന്നാംഘട്ട പദ്ധതി നടത്തിപ്പിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. 169 ഗ്രാമങ്ങളിലെ 900 ഹെക്ടർ പച്ചക്കറി കൃഷി നടപ്പിലാക്കി.
2. 10000 കർഷകരും 20500 വീട്ടമ്മമാരും പദ്ധതിയിൽ പങ്കാളികളായി.
3. 4500 വിദ്യാർഥികൾ സ്കൂൾ പച്ചക്കറി തോട്ട നിർമാണത്തിൽ.
4. ഒന്നാംഘട്ടത്തിൽ 150 ലക്ഷം കിലോ (15000 ടൺ) പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചു.
5. 1.78 ലക്ഷം അധിക തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.
6. 30 കോടി രൂപയുടെ അധിക പച്ചക്കറി ഉത്പാദനം.
7. 20500 വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി.
8. യന്ത്രോപകരണങ്ങൾക്കും ജൈവ ഉത്പാദന യൂണിറ്റുകൾക്കും സഹായം നൽകി.
9. കുറഞ്ഞ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കി.
10. ഓണക്കാലത്ത് 31 ഗ്രൂപ്പുകൾ പച്ചക്കറി ചന്ത നടത്തി.
11. 64 പേർക്ക് തലച്ചുമടായി പച്ചക്കറി വിൽപ്പന നടത്തുന്നതിന് സഹായം നൽകി.
12. ഉത്സവകാലങ്ങളിൽ സംസ്ഥാനത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും പ്രത്യേക പച്ചക്കറി മേളകൾ സംഘടിപ്പിച്ചും ലക്ഷക്കണക്കിന് 18 രൂപ കിറ്റുകൾ വിതരണം ചെയ്തും പച്ചക്കറികളുടെ വില നിയന്ത്രണം സാധ്യമാക്കി.
13. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഫാമുകളിലും കൃഷി വകുപ്പിന്റെ ഫാമുകളിലും 25 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാൻ സാധിച്ചു.
14. പദ്ധതി നടത്തിപ്പ് പച്ചക്കറി കൃഷിക്കാരിൽ ഒരു പുതിയ ഉണർവ് ഉണ്ടാക്കാനും കൂടുതൽ പേർ പച്ചക്കറി കൃഷി ചെയ്യാനും സഹായിച്ചു.



**കർഷകർക്കുള്ള കിസാൻശ്രീ പ്രഖ്യാപനവും ആദ്യ പോളിസി വിതരണത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവ്വഹിക്കുന്നു. കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ സമീപം.**

അരിക്കെന്നപോലെ പച്ചക്കറിക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഇതും ഒരു പ്രധാന പ്രവർത്തന മുഖമാണ്.

കേന്ദ്രം കാർഷിക കടാശ്വാസം പ്രഖ്യാപിക്കുന്നതിനെത്രയോ മുൻപുതന്നെ കേരളം കർഷകകടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇന്ത്യയിലാദ്യമായി ഈ പ്രവർത്തനം ആരംഭിച്ചതും നമ്മൾ തന്നെയാണ്. വയനാട്ടിലെ 25000 രൂപയ്ക്ക് താഴെയുള്ള എല്ലാ കടങ്ങളും എഴുതിത്തള്ളി. കേന്ദ്രം പിന്നീട് പ്രഖ്യാപിച്ച കടാശ്വാസ പരിധിയിൽപ്പെടാത്ത കാർഷിക കടങ്ങൾ ഉൾപ്പെടെ എല്ലാ ജില്ലകളിലെയും കടങ്ങൾ എഴുതിത്തള്ളുവാനുള്ള പ്രവർത്തനങ്ങളാണ് തുടർന്നുവരുന്നത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിത്യവും കർഷക ആത്മഹത്യകളുടെ കദനകഥകളാണ് കേട്ടിരുന്നത്. ഇന്ന് മറ്റുപല സംസ്ഥാനങ്ങളിലും ആത്മഹത്യാനിരക്കുകൾ ഉയരുമ്പോഴും കേരളത്തിൽ കർഷക ആത്മഹത്യ ഒരു പഴങ്കഥയായി മാറിയിരിക്കുന്നു. ഏതാണ്ട് ശൂന്യാവസ്ഥയിലായിട്ടുണ്ട്.

നാളീകേര കർഷകരുടെ കാര്യത്തിലും ഇതുതന്നെയാണ് സത്യം. പച്ചത്തേങ്ങ താങ്ങുവില പ്രഖ്യാപിച്ച് സംഭരിക്കണമെന്നും ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം നമ്മുടെ കർഷകർക്ക് അനുകൂലമായി തീരുമാനിക്കണമെന്ന ആവശ്യവും കേന്ദ്രം തള്ളിക്കളയുകയും ഇറക്കുമതി ചുങ്കം പാംഓയിലിന്റേത് എടുത്തുകളഞ്ഞുവെന്നുമാത്രമല്ല, 25 രൂപ സബ്സിഡി നൽകി പൊതുവിതരണശൃംഖലയിലൂടെ പാം ഓയിൽ വിൽക്കുവാനും കേന്ദ്രം തീരുമാനിച്ചു. ഇതിന്റെ പ്രയോജനം മലേഷ്യയിലേയും മറ്റ് കർഷകർക്ക് ലാഭമാവുകയും നമ്മുടെ കർഷകർക്ക് ദുരിതം വിതയ്ക്കുകയും ചെയ്യും. ഈ സബ്സിഡി വെളിച്ചെണ്ണക്കുകൂടി വേണമെന്ന ആവശ്യം നിരാകരിക്കപ്പെട്ടിരിക്കുന്നു. 12.50/- രൂപ നൽകി പച്ചത്തേങ്ങ സംഭരണം നാം ആരംഭിച്ചതിന്റെ ഫലമായി നാളികേര കർഷകർക്ക് മെച്ചപ്പെട്ട ലാഭം ഉറപ്പാക്കി.

കേരളം കാർഷികരംഗത്ത് മുന്നേറുകയാണ്. നിരവധി സമ്മർദ്ദങ്ങൾക്ക് വിധേയമാക്കുന്ന കാർഷിക മേഖലയുടെ പുനരുജ്ജീവനം ഒരു മാന്ത്രിക വിദ്യ കൊണ്ടെന്നപോലെ ക്ഷിപ്രസാധ്യമല്ല.

എങ്കിലും കഴിഞ്ഞ വർഷങ്ങളിലെ അനുഭവങ്ങൾ ആവേശകരമാണ്. കർഷകർ നമുക്കൊപ്പമുണ്ട്. അതാണ് ഞങ്ങളുടെ ഊർജവും ഉറപ്പും.

## ഗതാഗതം

# വികസനത്തിന്റെ പുതിയ പാതകൾ

**പൊതുഗതാഗതസംവിധാനം കാര്യക്ഷമമാക്കാനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട യാത്രാസൗകര്യമൊരുക്കുന്നതിനുമാണ് കഴിഞ്ഞ മൂന്നു വർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ലക്ഷ്യമിട്ടത്. ഇതിന്റെ ഫലമായി പരാധീനതയിൽ നിന്നും ഉയർത്തെണീപ്പിലേക്ക് കെ.എസ്.ആർ.ടി.സി മുന്നേറിയത് ചരിത്രമാണ്.**

ഗതാഗതരംഗത്ത് ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ ഏറ്റവും അടിത്തട്ടിലുള്ള ജനങ്ങൾക്കുവരെ ബോധ്യമുള്ളതാണ്. സമഗ്രമായ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരുന്നു ഗതാഗത മേഖലയിലെ പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ചത്. പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് കെ.എസ്.ആർ.ടി.സി മുന്തിയ പരിഗണന നൽകിയപ്പോൾ അഴിമതി രഹിത നടപടികൾക്കും റോഡ് സുരക്ഷാ പദ്ധതികൾക്കുമായിരുന്നു മോട്ടോർ വാഹന വകുപ്പിന്റെ മുൻഗണന.

ആയിരത്തി ഇരുപത്തിയഞ്ച് പുതിയ ബസ്സുകളാണ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സ്വന്തം വർക്കുഷോപ്പുകളിൽ ബോഡി നിർമ്മിച്ചു പുറത്തിറക്കുന്നത്. അഞ്ഞൂറോളം പുതിയ ഷെഡ്യൂളുകൾ തുടങ്ങാനും ശരാശരി പ്രതിദിന വരുമാനം മൂന്ന് കോടിക്കു മുകളിലെത്തിക്കാനും ഇതു സഹായകമായി. ചരിത്രത്തിലാദ്യമായി ഓപ്പൺ ടെണ്ടർ വഴി ബസ് ഷാസികൾ വാങ്ങി കോർപ്പറേഷന്റെ വർക്കുഷോപ്പിൽ ബോഡി നിർമ്മിച്ചതുവഴി ഓരോ ബസിനും രണ്ടര ലക്ഷം രൂപ വച്ച് 25 കോടി രൂപയുടെ ചെലവു ചുരുക്കാനും അഴിമതി ഒഴിവാക്കാനും സാധിച്ചു. ഇത് വർക്കുഷോപ്പുകളിൽ പുത്തനുണർവ് സൃഷ്ടിച്ചിട്ടുണ്ട് ഇതു കൂടാതെ അത്യാധുനിക സംവിധാനങ്ങളോടെ ഇരുപത് എ.സി ബസുകൾ, 30 എയർ ഡീലക്സ് ബസുകൾ, മൂന്ന് വോൾവോ ബസുകൾ ... പരാധീനതയിൽ നിന്ന് ഉയർത്തെണീപ്പിലേക്ക് കെ.എസ്.ആർ.ടി.സി മുന്നേറിയതിന്റെ ചരിത്രമാണ്. ഇതുനുപുറമേ കോർപ്പറേഷനാവശ്യമായ ഡീസൽ ഓയിൽകമ്പനികളിൽ നിന്ന് കൊണ്ടുവരുന്നതിന് ലോറികളും വാങ്ങുകയുണ്ടായി

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി അന്തർദേശീയ നിലവാരമുള്ള 30 ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.ടി.ഡി.എഫ്.സിയുമായി സഹകരിച്ച് ബി.ഒ.ടി അടിസ്ഥാനത്തിൽ നിർമ്മിക്കും. അങ്കമാലി, കാസർഗോഡ്, കൊട്ടാരക്കര എന്നീ ബസ് സ്റ്റേഷനുകളിൽ ഇതിനു



തുടക്കം കുറിച്ചു കഴിഞ്ഞു. കർണ്ണാടകയുമായുള്ള അന്തർസംസ്ഥാന കരാർ ഒപ്പുവച്ചതും കോർപ്പറേഷനിലെ വിവിധ തസ്തികകളിലായി അയ്യായിരത്തോളം സ്ഥിര നിയമനങ്ങൾ നടത്തിയതും പ്രധാനപ്പെട്ട നടപടികളാണ്. മൊത്തത്തിൽ എണ്ണായിരത്തിലേറെപേർക്ക് പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. പുതുതായി ആരംഭിച്ച മലബാർ വേണാട് ബസ്സുകൾ ഏറെ ശ്ലാഘിക്കപ്പെട്ടിട്ടുമുണ്ട്. ഘട്ടംഘട്ടമായി മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള നടപടികളും ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഫലമായി ഇന്ധനക്ഷമത 2005 ൽ 3.84 കി.മീ ആയിരുന്നത് 2008ൽ 4.16 ആയി വർധിച്ചു. ഇത് അഞ്ചാക്കാനുള്ള ശ്രമമാണ് നടന്നു വരുന്നത്. മെച്ചപ്പെട്ട ടയർ റീട്രേഡിങ് സാധനങ്ങൾ വാങ്ങിയതിലൂടെ ടയർ ലൈഫ് വർധിപ്പിക്കാനും 13 കോടിയോളം രൂപയുടെ ചെലവു ചുരുക്കാനും കഴിഞ്ഞു. ഓരോ മാസവും 100 മെട്രിക് ടൺ ട്രെഡ് റബ്ബർ വാങ്ങിയിരുന്നത് മെച്ചപ്പെട്ട സാധനം വാങ്ങുക വഴി 60 മെട്രിക് ടണ്ണായി കുറച്ച് 49 ലക്ഷം രൂപയുടെ പ്രതിമാസ ലാഭമുണ്ടാക്കി. പ്രതിമാസം 2400 ടയർ വാങ്ങിയ സ്ഥാനത്ത് ഇപ്പോൾ 1300 ടയർ മാത്രമാണ് വാങ്ങുന്നത്. പ്രതിമാസം ഏകദേശം 88 ലക്ഷം രൂപ ലാഭമുണ്ട്. കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ഏഴായിരത്തോളം ജീവനക്കാർക്ക് സ്റ്റാഫ് ട്രെയിനിങ് പരിശീലനവും ആറായിരത്തോളം ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനവും നൽകി. പുതുതായി നിയമിച്ച ഡ്രൈവർമാർക്കും പരിശീലനം നൽകുന്നുണ്ട്.

സംസ്ഥാന തലത്തിൽ അദാലത്ത് നടത്തി ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞതും ഹൈക്കോടതി, ലോകായുക്ത എന്നിവയിലെ കേസുകളുടെ എണ്ണം കോർപ്പറേഷൻ നിയമകാര്യവിഭാഗം ജാഗ്രതാപൂർവ്വം ഇടപെട്ടതിന്റെ ഫലമായി കുറയ്ക്കാൻ കഴിഞ്ഞതും വലിയ ലാഭമുണ്ടാക്കിയിട്ടുണ്ട്.



ജലഗതാഗതരംഗത്ത് മുന്നേറ്റം: യാത്രാബോട്ടുകളുടെ എണ്ണം 90 ലേറെയായി വർധിച്ചു.



കെ.എസ്.ആർ.ടി.സി വികസനത്തിന് ഗതാഗതമന്ത്രി ചെയർമാനും തൊഴിൽ, ഭക്ഷ്യ, ധനകാര്യമന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു സബ് കമ്മറ്റിക്ക് രൂപം നൽകി. കോർപ്പറേഷന്റെ പുനരുദ്ധാരണത്തിന് സർക്കാർ പാക്കേജ് പ്രഖ്യാപിച്ചു. ഇത്തരം നടപടികളിലൂടെ കെ.എസ്.ആർ.ടി.സിയെ ഉണർവ്വിന്റെ പാതയിലെത്തിക്കാനും പൊതുഗതാഗത സൗകര്യം വർധിപ്പിക്കാനും വളരെയേറെ കഴിഞ്ഞിട്ടുണ്ട്.

## റോഡ് സുരക്ഷ

റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി റോഡുസുരക്ഷാ അതോറിറ്റി ബിൽ പാസാക്കുകയും റോഡു സുരക്ഷാ ഫണ്ട് നടപ്പാക്കുകയും ചെയ്തു. 2008 ജനുവരി ഒന്നിന് സംസ്ഥാനത്ത് റോഡു സുരക്ഷാ അതോറിറ്റി നിലവിൽ വന്ന ശേഷം നിരവധി റോഡു സുരക്ഷാ ബോധവത്കരണ പരിപാടികൾ നടപ്പാക്കുകയുണ്ടായി. അമിത വേഗതയിലും മദ്യപിച്ചും വാഹനമോടിക്കുന്നവരെ പിടികൂടാൻ അഞ്ച് ഇന്റർ സെപ്റ്ററുകൾ പുറത്തിറക്കി.

## മോട്ടോർ വാഹനവകുപ്പ്

മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുക എന്ന ലക്ഷ്യത്തിൽ ഏറെ മുന്നേറാൻ ഈ സർക്കാരിനു കഴിഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ആർ.ടി. ഓഫീസുകളും ജോയിന്റ് ആർ.ടി ഓഫീസുകളും കമ്പ്യൂട്ടർവത്കരിക്കുകയും എനി സിസ്റ്റം എനി കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. സുതാര്യതയ്ക്കായി മോട്ടോർ വാഹന വകുപ്പ് പുതിയൊരു വെബ്സൈറ്റിന് രൂപം നൽകി. പൗരാവകാശരേഖ പുറത്തിറക്കുകയും ചെയ്തു. വാഹനരജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ സ്പീഡ് പോസ്റ്റ് വഴി എത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയത് അഴിമതി കുറയ്ക്കാനും കാലതാമസം ഒഴിവാക്കാനും സഹായകമായി.

## ജലഗതാഗതം

യാത്രാബോട്ടുകളുടെ എണ്ണം 90 ലേറെയായി വർധിച്ചിട്ടുണ്ട്. 2008ൽ പത്ത് ഫൈബർ ബോട്ടുകളും സർവ്വീസാരംഭിച്ചു. നിരവധി പുതിയ സ്റ്റീം ബോട്ടുകളുടെ നിർമ്മാണത്തിനും സർക്കാരനുമതി നൽകിയിട്ടുണ്ട്. ഏതാനുമെണ്ണം പണി പൂർത്തീകരിച്ച് സർവ്വീസാരംഭിച്ചു കഴിഞ്ഞു.

## അച്ചടിയും സ്റ്റേഷനറിയും

സർക്കാർ നയത്തിന്റെ ഭാഗമായി വിവിധ സർക്കാർ- അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള അച്ചടി ഭൂരിപക്ഷവും ഇപ്പോൾ സർക്കാർ പ്രസ്സുകളിൽ തന്നെയാണ് നടക്കുന്നത്. അച്ചടി വകുപ്പിനെ ആധുനികവത്കരിക്കുന്നതിന് നിരവധി നടപടികൾ സർക്കാർ കൈക്കൊണ്ടു കഴിഞ്ഞു. കാക്കനാട്ടെ കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ പ്രവർത്തനവും ഏറെ പുരോഗമിപ്പിക്കാൻ ഈ സർക്കാരിന്റെ കാലത്തായിട്ടുണ്ട്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുമായി സഹകരിച്ച് സർക്കാർ ഗസറ്റ് ഓൺലൈനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിൽ കംപ്യൂട്ടറൈസേഷൻ സംവിധാനം പൂർത്തിയായി വരികയാണ്. പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ചുനൽകാൻ കഴിഞ്ഞതും വകുപ്പിന്റെ നേട്ടമായി. ദേശീയ ഇ- ഗവൺമെന്റ് പ്രൊക്യുവർമെന്റ് പ്രോഗ്രാമിൽ സ്റ്റേഷനറി വകുപ്പിനെ ഉൾപ്പെടുത്തിയതും നേട്ടമായി.■

**പി.എസ്.ആർ**

# മാന്ദ്യത്തെ മറികടക്കാൻ
# ഒരു കേരള മാതൃക

ഡോ.കെ.എൻ. ഹരിലാൽ

ലോകത്തെ കീഴടക്കിയ മഹാ സാമ്പത്തിക മാന്ദ്യത്തിന്റെ ഗൗരവം ഉൾകൊണ്ട് ഏതാണ്ടെല്ലാ രാഷ്ട്രങ്ങളും മാന്ദ്യവിരുദ്ധ പാക്കേജുകളും ബജറ്റുകളും തയാറാക്കുകയും നടപ്പാക്കുകയും ചെയ്തു. അമേരിക്കയിൽ സ്ഥാനമൊഴിഞ്ഞ ബുഷ് ഭരണകൂടവും പുതുതായി അധികാരത്തിലെത്തിയ ഒബാമ ഗവൺമെന്റും മാന്ദ്യവിരുദ്ധ-ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. അമേരിക്കൻ വൻകരയിൽ മാത്രമല്ല, ലോകത്തിന്റെ എല്ലാ കോണുകളിലും സാമ്പത്തിക തകർച്ചയെ നേരിടാനുള്ള നടപടികളെടുത്തു.

കേരളവും അവസരത്തിനൊത്ത് ഉയർന്നിരിക്കുന്നു. മാന്ദ്യത്തിന്റെ വരവും അത് കേരളത്തിനുമേൽ സൃഷ്ടിക്കാനിടയുള്ള ആഘാതവും മുൻകൂട്ടി കാണാൻ നമുക്ക് കഴിഞ്ഞു. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഒരു മാന്ദ്യവിരുദ്ധ ബജറ്റ് അവതിരിപ്പിക്കാനും കേരളത്തിന് കഴിഞ്ഞിരിക്കുന്നു. 2009-10 ലേക്കുള്ള സംസ്ഥാന ബജറ്റ് മാന്ദ്യവിരുദ്ധ മാതൃകാ ബജറ്റാണ്.

കമ്പോള മൗലികവാദത്തെ ഉപേക്ഷിച്ച് ഭരണകൂടത്തിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമീപനം ഏതാണ്ട് എല്ലാ ദിക്കിലും ഇപ്പോൾ കാണാനാവുന്നുണ്ട്. നികുതിദായകരുടെ പണം ഉപയോഗപ്പെടുത്തിക്കൊണ്ടും പൊതുകടം വർധിപ്പിച്ചുകൊണ്ടും മാന്ദ്യത്തിന്റെ പിടിയിൽപെടുന്ന സാമ്പത്തിക തുറകളെ രക്ഷിക്കണം എന്ന ജനവിധിയാണ് എവിടെയും ഉയർന്നു കേൾക്കുന്നത്. എന്നാൽ വിവിധ സർക്കാരുകൾ പ്രഖ്യാപിക്കുന്ന ഉത്തേജക പാക്കേജുകളുടെ ഉള്ളടക്കം പരിശോധിക്കുമ്പോഴാണ് അവയുടെ വർഗതാത്പര്യങ്ങൾ വ്യക്തമാകുക. ആരുടെയെല്ലാം ദുഷ്ചെയ്തികളാണോ മഹാമാന്ദ്യത്തിന് കാരണമായത്, അവരെയെല്ലാം രക്ഷിക്കുന്നതിനാണ് പല പാക്കേജുകളും മുൻഗണന നൽകുന്നത്. ഊഹക്കച്ചവട മൂലധനവും സംശയാസ്പദമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കൈപൊള്ളിയ ധനകാര്യസ്ഥാപനങ്ങളും മറ്റുമാണ് സർക്കാരിന്റെ സഹായം അപഹരിക്കുന്നത്. വലിയ മൂലധന ശക്തികളാണ് നികുതികൾ വെട്ടിക്കുറയ്ക്കുന്നതിന്റെയും പുതിയ സബ്സിഡികളുടെയും ഗുണഭോക്താക്കളായി മാറുന്നത്. മഹാമാന്ദ്യം പ്രത്യക്ഷപ്പെടുന്നതിനുമുൻപ് അനുഭവപ്പെട്ട ഉയർന്ന വളർച്ചാ നിരക്കുകളുടെ നേട്ടം കിട്ടാത്തവരും നഷ്ടം മാത്രം സഹിക്കേണ്ടിവന്നവരും ഇപ്പോൾ കൂടുതൽ ദുരിതങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നു എന്ന പരാതി വ്യാപകമാണ്.

ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച ആദ്യ രണ്ട് ഉത്തേജക പാക്കേജുകൾക്കും ഈ പോരായ്മ ഉണ്ടായിരുന്നു. സമ്പദ്ഘടനയിലെ പണലഭ്യത വർധിപ്പിക്കുന്നതിനുള്ള ശ്രമം എന്ന വ്യാജേന ഇൻഷുറൻസ് രംഗ



ത്തേക്കും ബാങ്കിങ് രംഗത്തേക്കും വിദേശ മൂലധനത്തെ സ്വീകരിച്ച് ആനയിക്കുന്നതിനുള്ള നിർണായകമായ ചില നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചു. ഇന്ത്യൻ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വിദേശ കമ്പോളത്തിൽ നിന്നും ഉദാരമായ വ്യവസ്ഥകളോടു കൂടി വിദേശവായ്പ എടുക്കുന്നതിനുള്ള അനുവാദവും നൽകി. ധനകാര്യമേഖലയിലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്ത് തദ്ദേശീയവും വിദേശീയവുമായ സ്ഥാപനങ്ങളെ കയറൂരി വിട്ടതാണ് ഇന്നത്തെ മാന്ദ്യത്തിന് കാരണം. അത്തരം ശക്തികൾക്കു തന്നെയാണ് ഇപ്പോൾ ഇന്ത്യയിലും ലോഭമില്ലാതെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കപ്പെടുന്നത്.

കൃഷിക്കാരെയും തൊഴിലാളികളെയും ഗ്രാമീണരെയും ചെറുകിട ഉത്പാദകരെയും ചെറുകിട കച്ചവടക്കാരെയും അവഗണിക്കുന്ന ഇത്തരം ഉത്തേജക പാക്കേജുകൾക്കെതിരെ പല രാജ്യങ്ങളിലും പ്രതിഷേധം ഉയരുന്നുണ്ട്. ഉദാരവത്കരണം പൊടിപൊടിച്ച കഴിഞ്ഞ ഒന്നര ദശാബ്ദക്കാലം കൃഷിക്കാരും തൊഴിലാളികളും മറ്റ് തൽ പരപ്പും ആഴവും ഉള്ളതാക്കാൻ കഴിഞ്ഞിരിക്കുന്നു. രണ്ടു രൂപയ്ക്ക് അരി, ക്ഷേമ പെൻഷനുകളിലെ വർധന, ക്ഷേമപെൻഷനുകളുടെ വ്യാപനം, ക്ഷേമ ബോർഡുകളുടെ ഏകോപനത്തിനുള്ള നിർദേശം, പ്രവാസികൾക്കുള്ള പുതിയ ക്ഷേമനിധി, വിവിധങ്ങളായ ഭവന നിർമാണപരിപാടികൾ, കയർ, കശുവണ്ടി, നെയ്ത്ത്, ബീഡി, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് നൽകിയ വലിയ ആനുകൂല്യങ്ങൾ തുടങ്ങിയവയെല്ലാം ഇത്തരമൊരു രാഷ്ട്രീയത്തെയാണ് മുറുകെ പിടിക്കുന്നത്. നെല്ല്, പച്ചക്കറി, പാൽ, മുട്ട, മത്സ്യം തുടങ്ങി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട മേഖലകൾക്ക് നീക്കിവച്ചിരിക്കുന്ന വിഹിതത്തിലുണ്ടായ വലിയ വർധനയും വ്യക്തമായ രാഷ്ട്രീയസന്ദേശം നൽകുന്നുണ്ട്.

ടിയുടെ ഗുണഭോക്താക്കളാണ്. ആഗോള മാന്ദ്യം ഏറെ ബാധിക്കാൻ സാധ്യതയുള്ള കയർ, കശുവണ്ടി, നെയ്ത്ത്, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് സമഗ്രമായ പരിപാടികൾ തയ്യാറാക്കി തൊഴിലാളികളെ മാന്ദ്യത്തിന്റെ ആഘാതത്തിൽ നിന്ന് രക്ഷിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കയർ മേഖലയ്ക്കുള്ള ബജറ്റു വിഹിതം 34 കോടിയിൽ നിന്നും 64 കോടിയായി ഉയർത്തിയിരിക്കുന്നു. കശുവണ്ടി മേഖല



**ആഗോള സാമ്പത്തികരംഗത്തിന്റെ പ്രഭ കെടുന്നതിനുമുൻപ് ആളിക്കത്തിയപ്പോൾ അതിന്റെ ഗുണഫലം അനുഭവിച്ചവരെ തുണയ്ക്കുന്ന തരത്തിലാണ് ലോകമെങ്ങും മാന്ദ്യവിരുദ്ധ ബജറ്റുകൾ വന്നത്. അതിൽനിന്നും ഭിന്നമായി ഇടതുപക്ഷ സോഷ്യലിസ്റ്റ് ബജറ്റാണ് സംസ്ഥാന ധനമന്ത്രി അവതരിപ്പിച്ചത്. കേരളത്തിലെ ഇടതുപക്ഷ പാരമ്പര്യവും വരുമാനത്തിന്റെയോ സ്വത്തിന്റെയോ നീതിപൂർവമായ വിതരണവും സാമൂഹികസുരക്ഷാ പരിപാടികളും അതിന് അദ്ദേഹത്തിന് തുണയായി.**

ആധാനിക്കുന്ന വിഭാഗങ്ങളിലും അവഗണിക്കപ്പെടുകയാണല്ലോ ഉണ്ടായത്.

മൂലധനം കുന്നുകൂട്ടാനും ഉത്പാദനവും പ്രദാനവും വർധിപ്പിക്കാനുമല്ല, ഈ മാന്ദ്യക്കാലത്ത് പ്രധാനമായും ശ്രദ്ധിക്കേണ്ടത്. ഒന്നാമത്തെ പരിഗണന ലഭിക്കേണ്ടത് ബഹുജന സാമാന്യത്തിന്റെ വരുമാനവും ഉപഭോഗവും ഡിമാന്റും വർധിപ്പിക്കുന്നതിനാണ് മഹാഭൂരിപക്ഷം വരുന്ന സാധാരണ മനുഷ്യന്റെ ചോദനം വർധിപ്പിക്കുന്നതിലൂടെ മാത്രമേ ആത്യന്തികമായി മൂലധന ഉടമകളെയും വൻകിടക്കാരെയും പോലും ഇന്നത്തെ മാന്ദ്യത്തിൽ നിന്ന് കരകയറ്റാനാകൂ.

മാന്ദ്യവിരുദ്ധ നടപടികളിൽ നിന്നും മാറ്റിനിർത്താനാവാത്ത സമീപനത്തെ ഉയർത്തിപിടിക്കുന്ന ബജറ്റാണ് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് അവതരിപ്പിച്ചത്. ഇക്കാര്യത്തിൽ പക്ഷേ, അദ്ദേഹത്തിന് കേരളത്തിന്റെ മഹത്തായ പാരമ്പര്യം വലിയ സഹായമായി. സാമൂഹിക ക്ഷേമസുരക്ഷാ പരിപാടികളുടെയും സ്വത്തിന്റെയും വരുമാനത്തിന്റെയും ന്യായമായ വിതരണത്തിന്റെയും ഒരു പാരമ്പര്യം കേരളത്തിനുണ്ട്.

മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹികനീതിയുടെ ഈ പാരമ്പര്യത്തെ കൂടു

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ടുരൂപയ്ക്ക് അരി എന്ന പദ്ധതിയാണ് ഇതിൽ ഏറ്റവും ശ്രദ്ധേയം. ദരിദ്രരല്ലെങ്കിലും പട്ടികജാതി പട്ടിക വർഗവിഭാഗങ്ങൾക്കും, മത്സ്യത്തൊഴിലാളി വിഭാഗത്തിനും ഈ ആനുകൂല്യം ലഭ്യമാക്കും. ഇതിനുപുറമെ മാവേലി സ്റ്റോറുകൾ വഴിയായി കിലോയ്ക്ക് 14 രൂപയ്ക്ക് അരി ലഭ്യമാകും എന്ന പ്രഖ്യാപനവുമുണ്ട്. വിവിധ ക്ഷേമപെൻഷനുകൾ കഴിഞ്ഞ ബജറ്റിൽതന്നെ ഉയർത്തുകയുണ്ടായല്ലോ ഈ ബജറ്റിൽ അത് വീണ്ടും ഉയർത്തിയിരിക്കുന്നു. മിനിമം ക്ഷേമ പെൻഷൻ ഇനി മുതൽ 250 രൂപയായിരിക്കും. ദരിദ്രകുടുംബങ്ങളിൽപ്പെട്ട 65 വയസ്സുകഴിഞ്ഞ എല്ലാവർക്കും വാർധക്യകാല അലവൻസ് നൽകുവാനും സർക്കാർ തീരുമാനിച്ചിരിക്കുന്നു. മറ്റൊരു തെളിവാണ് ദരിദ്രകുടുംബങ്ങളുടെ ഭവനവായ്പാ കുടിശ്ശിക എഴുതിത്തള്ളിയ നടപടി. ഇതിന്റെ ഫലമായി 41500 കുടുംബങ്ങൾക്ക് ഈടു വച്ചിരുന്ന പട്ടയം തിരിച്ചുകിട്ടും. ഇപ്പോൾ നടപ്പാക്കി തുടങ്ങിയിരിക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിപാടികൂടി ഇതിനോടൊപ്പം ചേർത്തു കാണേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും മറ്റ് അർഹതയുള്ള വിഭാഗങ്ങളും ഈ പരിപാ

യുടെ വിഹിതം 28 കോടിയിൽ നിന്നും 35 കോടിയായും വർധിപ്പിച്ചിട്ടുണ്ട്. മറ്റു പരമ്പരാഗത ചെറുകിട മേഖലകൾക്കും സമാനമായ പരിഗണന നൽകാൻ ധനമന്ത്രി ശ്രദ്ധിച്ചിട്ടുണ്ട്.

മാന്ദ്യവിരുദ്ധ സഹായത്തിനു ഏറെ അർഹതയുള്ള മറ്റൊരു രംഗമാണ് കാർഷികമേഖല. കേരളത്തിന്റെ കാർഷികരംഗത്തെ തേയില, കാപ്പി, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട വിളകൾ കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്വത്തിലും അധികാരപരിധിയിലും ഉള്ളവയാണ്. അത്തരം വിളകളുടെ കാര്യത്തിൽ ചെറുകിട കർഷകരെ കൂടി കണ്ടു കൊണ്ടു ഒരു വിലസ്ഥിരതാ പരിപാടി .

കാർഷികരംഗത്തെ മറ്റൊരു ഉപമേഖല ഭക്ഷ്യവിളകളുമായി ബന്ധപ്പെട്ടതാണ്. കേരളത്തിന്റെ പതിനൊന്നാം പദ്ധതിയുടെ മുൻഗണനാ മേഖലകളിൽ ഒന്നാണ് ഭക്ഷ്യസുരക്ഷ. നെല്ലിന്റെയും, പാലിന്റെയും, പച്ചക്കറിയുടെയും, മുട്ടയുടെയും മറ്റും ഉത്പാദനം പരമാവധി വർധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ഉത്പന്നങ്ങളുടെ കാര്യത്തിൽ വിദേശ വിപണിയെ ആശ്രയിക്കേണ്ടതില്ല എന്ന സവിശേഷത കൂടിയാണ്. നെൽകൃഷിക്കു മുൻവർഷം നീക്കിവച്ച 20 കോടിയുടെ

സ്ഥാനത്ത് 2009-10 ലേക്കു 56 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിനായി ഇടത്തരം സ്ഥാപനങ്ങളുടെ ബാലൻസ്ഷീറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ അവയ്ക്ക് മൂലധനസഹായം നൽകുകയും പഴയ കടങ്ങൾ എഴുതിത്തള്ളുകയും ചെയ്യും.

മൃഗസംരക്ഷണം, ക്ഷീരോത്പാദനം തുടങ്ങിയ മേഖലകൾക്കും തത്തുല്യമായ വർധനവ് ബജറ്റിൽ നൽകിയിരിക്കുന്നു. സംസ്ഥാനസർക്കാരിന്റെ കടാശ്വാസ നടപടികൾ മത്സ്യമേഖലയിലേക്കു കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 10 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

സാമൂഹിക നീതിക്കും പുനർവിതരണത്തിനും നൽകുന്ന പ്രാധാന്യത്തോടൊപ്പം ഈ ബജറ്റിനെ ശ്രദ്ധേയമാക്കുന്ന മറ്റൊരു ഘടകം ഉത്പാദനവർധനയ്ക്ക് നൽകുന്ന വലിയ പ്രാധാന്യമാണ്. കേക്കിന്റെ വലിപ്പം വർധിച്ചെങ്കിൽ മാത്രമെ വലിയ കഷണങ്ങൾ മുറിക്കാനാവൂ. മാന്ദ്യകാലത്തു മൂലധനനിക്ഷേപം വർധിപ്പിച്ചാൽ വിശേഷിച്ചും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചാൽ, അത് ഭാവി വളർച്ചയ്ക്ക് ഊർജം പകരും. ഈ ആവശ്യത്തിന് വിഭവം കണ്ടെത്താൻ ധനകമ്മി വർധിപ്പിക്കുന്നതിനും അതിനു സമ്മതിക്കാതിരുന്നാൽ കേന്ദ്രത്തോട് കലഹിക്കാനും തയാറാണെന്നും ധനമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ധനകാര്യ ഉത്തരവാദിത്ത ബില്ലിന്റെ നുകം വലിച്ചെറിയാൻ സംസ്ഥാനം തയാറാവും എന്ന സൂചന സ്വാഗതാർഹമാണ്. ധനകമ്മി വർധിപ്പിച്ച് ഇല്ല എന്നു തന്നെ പറയാം. സമഗ്രമായ ഒരു സമീപനം തന്നെയാണ് പുതിയ സംസ്ഥാന ബജറ്റ് സ്വീകരിക്കുന്നത്. എല്ലാ മേഖലകളേയും സ്പർശിക്കുന്ന പ്രതീക്ഷാനിർഭരമായ ബജറ്റു പ്രഖ്യാപനങ്ങൾ ചിലർക്കെങ്കിലും അവിശ്വസനീയമായി തോന്നിയതിൽ തെറ്റില്ല. ഇത്രയൊക്കെ കാര്യങ്ങൾ ചെയ്യാനുള്ള വിഭവം ഉണ്ടാവുമോ? വിഭവം ഉണ്ടായാൽ തന്നെ നടത്തിപ്പിലെ പോരായ്മകൾ മറികടക്കാനാവുമോ? തുടങ്ങിയ ആശങ്കകൾ ഉയർന്നതിന്റെ പശ്ചാത്തലം ഇതാണ്. എന്നാൽ ഇത്തരം ചോദ്യങ്ങൾക്ക് ധനമന്ത്രിക്ക് വ്യക്തമായ മറുപടിയുണ്ട്. സർക്കാർ നടപടി ക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും, പദ്ധതി പ്രവർത്തനം ഉഷാറാക്കുന്നതിനുമുള്ള നിർദേശങ്ങൾ ബജറ്റിലുണ്ട്. വിഭവസമാഹരണത്തിന്റെയും ചെലവുകളുടെയും കാര്യ



ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കാത്ത മേഖലകളോ ജനവിഭാഗങ്ങളോ ഇല്ല എന്നു തന്നെ പറയാം. സമഗ്രമായ ഒരു സമീപനം തന്നെയാണ് പുതിയ സംസ്ഥാന ബജറ്റ് സ്വീകരിക്കുന്നത്.

കൂടുതൽ വിഭവങ്ങൾ കണ്ടെത്തിയതുകൊണ്ടുമാത്രം ഇന്നത്തെ മാന്ദ്യത്തെ നേരിടാനുള്ള പണം സമാഹരിക്കാൻ കഴിയില്ല. സംസ്ഥാന ബജറ്റ് ഇക്കാര്യത്തിൽ രണ്ടു ബദൽ വഴികളാണ് നിർദേശിക്കുന്നത്. ഒന്നാമത്തേത് വിവിധ അർധസർക്കാർ സ്ഥാപനങ്ങളെ കൂടുതൽ വായ്പ എടുക്കാൻ പ്രാപ്തമാക്കുകയാണ്. രണ്ടാമത്തെ മാർഗം, സ്വകാര്യ മൂലധനത്തെ പ്രോത്സാഹിപ്പിക്കുകയാണ്. ബജറ്റ് വിഭാവനം ചെയ്യുന്നത്ര വിപുലമായ നിക്ഷേപ-നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെങ്കിൽ പുതിയ വഴികളിലൂടെ നിക്ഷേപം ആകർഷിക്കേണ്ടിവരും. ചുരുക്കി പറഞ്ഞാൽ സാമൂഹിക സുരക്ഷയുടെ വല വിപുലമാക്കുന്നതിനൊപ്പം സാമ്പത്തിക പ്രവർത്തനങ്ങളെ പരമാവധി പ്രചോദിപ്പിക്കുന്നതിനുള്ള സമീപനമാണ് കേരളത്തിന്റെ പുതിയ ബജറ്റ് സ്വീകരിക്കുന്നത്.

ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കാത്ത മേഖലകളോ ജനവിഭാഗങ്ങളോ ത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാട് സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നുണ്ട്. ഈ മാന്ദ്യവർഷത്തിലും 574 കോടിയുടെ അധികവിഭവസമാഹരണം ജനങ്ങളെ അധികഭാരം കൊണ്ടു ബുദ്ധിമുട്ടിക്കാതെ തന്നെ നടത്താൻ പരിപാടിയിട്ടിട്ടുണ്ട്. നികുതി പിരിവിൽ ആശാവഹമായ പുരോഗതിയും വർധനവും ഉണ്ടായിട്ടുണ്ട്. ഇതിനുപുറമെ ധനക്കമ്മി വർധിപ്പിച്ചു കൊണ്ടാണെങ്കിലും കൂടുതൽ കടം എടുക്കാൻ കഴിയുമെന്ന് വിഭാവനം ചെയ്യുന്നു. മാന്ദ്യത്തിന്റെ സാഹചര്യം പരിഗണിച്ചു കൂടുതൽ വായ്പ എടുക്കാൻ കേന്ദ്രം സംസ്ഥാനങ്ങളെ അനുവദിച്ചേ മതിയാകൂ. പക്ഷേ, കടമെടുക്കുന്നത് റവന്യൂ ചെലവുകൾ നിറവേറ്റാനായിരിക്കില്ല എന്നു വ്യക്തമായ പ്രഖ്യാപനം ഉണ്ട്. കടം കൂടുതലെടുക്കും. പക്ഷേ അത് പ്രധാനമായും മൂലധനചെലവുകൾക്കു വേണ്ടിയായിരിക്കും.■

*സംസ്ഥാന ആസൂത്രണബോർഡ് അംഗമാണ് ലേഖകൻ*



ആന്ധ്രപ്രദേശിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീഹരിയും, സംഘവും ഏതാനും വർഷങ്ങൾക്കുമുമ്പ് കേളത്തിലെ പൊതുപരീക്ഷകളെ കുറിച്ചറിയാനും പഠിക്കാനും ഇവിടെയെത്തി. ഏറ്റവും വലിയ പൊതുപരീക്ഷയായി അറിയപ്പെടുന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ നിർമ്മാണം മുതൽ ഫലപ്രസിദ്ധീകരണം വരെയുള്ള കുറ്റമറ്റ സംവിധാനങ്ങളെപ്പറ്റി പരീക്ഷ സെക്രട്ടറി വിവരിച്ചു കേട്ടപ്പോൾ ആന്ധ്രയിലെ വിദ്യാഭ്യാസ മന്ത്രി വിസ്മയം കൊണ്ടു. എന്നാൽ വിജയശതമാനം ഉയർത്താൻ 'മോഡറേഷൻ' എന്ന പേരിൽ മാർക്ക്ദാനം നൽകുന്ന കാര്യം വിവരിച്ചതോടെ ആന്ധ്ര വിദ്യാഭ്യാസ മന്ത്രി അമ്പരന്നു. അദ്ദേഹത്തിനത് വിശ്വസിക്കാനായില്ല. മാർക്കുദാനം പരിപാടി അറിഞ്ഞതോടെ മന്ത്രിക്ക് പരിഭ്രമമായി. ഇതിനെതിരെ ആരും പൊതു താത്പര്യ ഹർജികൾ കൊടുക്കാറില്ലേ എന്ന് ചോദിച്ചു. മോഡറേഷനെ കുറിച്ച് വിവരിച്ച് ചമ്മലിലായി പരീക്ഷാസെക്രട്ടറി. പുതിയ പാഠ്യപദ്ധതിയും, പുതിയ മൂല്യനിർണയവും വരുന്നതോടെ (ഗ്രേഡിങ് രീതി) മോഡറേഷൻ ഇല്ലാതാകുമെന്ന് സെക്രട്ടറി അറിയിച്ചതോടെയാണ് ആന്ധ്ര വിദ്യാഭ്യാസ മന്ത്രി ആശ്വസിച്ചത്. അന്നത്തെ ആ മന്ത്രിയുടെ അമ്പരപ്പാണ് കേരളത്തിലിപ്പോൾ ഇല്ലാതായിരിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ അനിവാര്യഘടകമാണീ മാറ്റം.



റഷീദ് കണിച്ചേരി

2009 ലെ എസ് എസ് എൽ സി പരീക്ഷാഫലം സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്ത് പുത്തൻ ചരിത്രം രചിച്ചിരിക്കുകയാണ്. നല്ല നിലയിൽ ശ്രദ്ധിക്കാനും മേൽനോട്ടം വഹിക്കാനുമായാൽ നമ്മുടെ പൊതുവിദ്യാല യങ്ങൾ വിജയത്തിന്റെ വെന്നിക്കൊടി പാറിക്കുമെന്ന് ബോധ്യമാകുന്ന ഫലം.

# വിദ്യാഭ്യാസ വകുപ്പിന് എ പ്ലസ് ഗ്രേഡ്

1997 ൽ പുതിയ പാഠ്യപദ്ധതി പ്രൈമറി തലത്തിൽ ആരംഭിച്ചപ്പോൾ തന്നെ മൂല്യ നിർണയം (പരീക്ഷ) നടത്തുന്നതിനെ ക്കുറിച്ച് പലരും ആശങ്കപ്പെട്ടു. തുടർ മൂല്യ നിർണയം ഉയർന്ന ക്ലാസുകളിലെ പൊതു പരീക്ഷകളിൽ എങ്ങനെ നടത്തും? പരീക്ഷകളെക്കുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങളിൽ നിന്നുയർന്ന ഈ സംശ യങ്ങൾ സമൂഹത്തിൽ ഏറെ ചർച്ച ചെയ്തു. വിദ്യാലയങ്ങളിൽ നിന്നും 'പഠി ക്കുന്ന' കാര്യങ്ങൾ മനഃപാഠമാക്കി വയ്ക്കു കയും, പരീക്ഷാദിവസം പകർത്തിവയ്ക്കു കയും, ചെയ്താൽ 'വിജയി'ച്ചു. അല്ലാത്ത വർ 'തോറ്റു'. തോൽക്കുന്നവരുടെ എണ്ണം കൂടുമ്പോൾ വിജയശതമാനം വർദ്ധിപ്പി ക്കാൻ നിശ്ചിത അനുപാതത്തിൽ മാർക്ക് ദാനം ചെയ്യും. ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്നവരെ റാങ്ക് ജേതാക്കളായി വാഴ് ത്തും. അവരുടെ മഹിമകൾ വാനോളം വാഴ് ത്തും. ഈ പാരമ്പര്യ രീതിക്ക് മൗലികമാറ്റം വരുത്താനുള്ള പരിശ്രമമാണ് പുതിയ പാഠ്യപദ്ധതി മുന്നോട്ടുവെച്ച ഗ്രേഡിങ് രീതി. പുതിയ പാഠ്യപദ്ധതി ആവിഷ്കരിച്ച ഗ്രേഡിങ് രീതി 2005 ൽ നടപ്പിലാകേണ്ട തായിരുന്നു. എന്നാൽ പരമ്പരാഗത പരീക്ഷാരീതിയുടെ വക്താക്കൾ ഭാഗിക മായേ ഗ്രേഡിങ് നടപ്പിലാക്കിയുള്ളൂ. ഗ്രേഡും മാർക്കും ഒന്നിച്ച് നൽകിയും, നിരന്തര മൂല്യനിർണയത്തിന് മുന്നൊരു ക്കങ്ങൾ നടത്താതെയും, ഗ്രേഡിങ്ങിലെ മൂന്നാം ഭാഗം ഒഴിവാക്കിയും ഗ്രേഡിങ് 'നടപ്പിലാക്കില്ല, നടപ്പാക്കും' തുടങ്ങി പലതവണ മാറി മാറി പറഞ്ഞും 2005 ൽ ഗ്രേഡിങ് രീതിയിൽ എസ്.എസ്.എൽ.സി. പരീക്ഷ നടത്തി. ആശങ്കകൾക്കിടയിൽ പ്പോലും 58 ശതമാനം പേർ വിജയിച്ചു. ഗ്രേഡിങ് ഭാഗികമായെങ്കിലും യാഥാർത്ഥ്യ മായെന്നും ഇനി അതുമായി പൊരുത്ത പ്പെട്ടേ മതിയാകൂ എന്നും വ്യക്തമായ തോടെ 2006 ൽ ഗ്രേഡിങ്രീതിയിലുള്ള രണ്ടാമത്തെ എസ്.എസ്.എൽ.സി. പരീക്ഷ നടന്നു. 68 ശതമാനം (മോഡറേഷൻ നൽ കാതെ) വിജയമുണ്ടായി. അതോടെ റാങ്കു ജേതാക്കളില്ലാതായി. 'നൂറു മേനി' വർണന കളും നിലച്ചു.

പിന്നാക്കം നിൽക്കുന്ന വിദ്യാലയങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് ഗുണനില വാരം വർദ്ധിപ്പിക്കാനും വിജയശതമാനം മെച്ചപ്പെടുത്താനുമുള്ള പദ്ധതികൾ വിദ്യാ ഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു. നിരന്തര മൂല്യനിർണയം കുറ്റമറ്റ രീതിയി ലാക്കി. വിദ്യാർത്ഥികളുടെ പഠനശേഷി വർദ്ധിപ്പിക്കലാണ് മൂല്യനിർണയത്തിന്റെ അടിസ്ഥാനതത്വമെന്ന് പരിഗണിച്ച് എഴുത്തു പരീക്ഷകൾ ആവിഷ്കരിച്ചു. ജനകീയ ഇടപെടലുകളും, കൂട്ടായ്മകളും കൊണ്ട് പൊതുവിദ്യാലയങ്ങളെ ആകർ ഷകമാക്കാൻ തുടങ്ങിയതോടെ 2007 ൽ എസ്.എസ്.എൽ.സി. വിജയം 82.29 ശതമാനമായി (മോഡറേഷൻ ഇല്ലാതെ) ഉയർന്നു.

ആത്മവിശ്വാസം വീണ്ടെടുത്ത പൊതു വിദ്യാലയങ്ങൾ എന്ന 'ആമ'കൾക്ക് 'മുയലു'കളോട് ഒപ്പം ഓടാൻ കഴിയുമെന്ന സ്ഥിതി വന്നു. പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയും, ഗുണമേന്മ യുള്ള വിദ്യാഭ്യാസമെന്ന ആശയവും വ്യക്തമായ മോണിറ്ററിങ്ങോടെ നടപ്പിലാ ക്കിയതിന്റെ ഫലമായി 2008 ൽ വിജയം 92.09 ശതമാനത്തിലെത്തി. എസ്.എസ്.എൽ.സി. പരീക്ഷ



ചരിത്രത്തിലെ ഏറ്റവും മികച്ച വിജയമായി.

പൊതുവിദ്യാലയങ്ങളുടെ അഭിമാനകരമായ ഈ നേട്ടത്തെ അപവദിക്കാനാണ് സങ്കുചിത താത്പര്യക്കാർ ശ്രമിച്ചത്. ഗ്രേഡിങ് രീതി നല്ലതാണെന്ന് സ്ഥാപിക്കാൻ മാർക്ക് വാരിക്കോരി നൽകി എന്നും, തുടർ മൂല്യനിർണയത്തിൽ എല്ലാവരേയും ജയിപ്പിച്ചെന്നും, പരീക്ഷയിൽ മൂല്യച്യുതി വരുത്തിയെന്നും ആക്ഷേപിച്ചു. പരീക്ഷാ ഫലത്തെ വിവാദങ്ങളിൽ പെടുത്തി പൊലിമ തകർക്കാനുള്ള സംഘടിത ശ്രമങ്ങൾ കേരളത്തിലുണ്ടായി. ഗ്രേഡിങ് രീതികളുടെ പ്രത്യേകതകളെക്കുറിച്ചും തുടർ മൂല്യനിർണയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമായ ധാരണകളില്ലാത്ത, പഴയ പരമ്പര്യ പരീക്ഷയുടെ മഹാത്മ്യത്തിൽ ഊറ്റം കൊണ്ട ഒരു വിഭാഗം ജനങ്ങളെയും, രക്ഷിതാക്കളെയും തെറ്റിദ്ധരിപ്പിക്കാൻ 'പരീക്ഷാഫല' വിവാദങ്ങൾക്ക് കഴിഞ്ഞു. വിദ്യാഭ്യാസ മന്ത്രിയെ പോലും പ്രതിസ്ഥാനത്ത് നിർത്തിയുള്ള ഈ വിവാദങ്ങൾക്ക് വലിയ ചലനങ്ങളുണ്ടാക്കാൻ കഴിയില്ലെന്ന് തെളിയിച്ചാണ് ഈ വർഷത്തെ – 2009 ലെ – എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചത്. മോഡറേഷനില്ലാതെ 91.92 ശതമാനം വിജയം കൈവരിച്ചു. അഭിമാനകരമാണീ വിജയം. വിവാദങ്ങളൊന്നുമില്ലാതെയുള്ള ഈ വിജയം വിദ്യാഭ്യാസവകുപ്പിന്റെ കിരീടത്തിലെ പൊൻതൂവലായി.

നിരവധി പ്രത്യേകതകൾ കൊണ്ട് ശ്രദ്ധേയമാണീ പരീക്ഷാഫലം. 4,46,554 പേർ പരീക്ഷ എഴുതിയതിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവർ 4,10,348 പേർ (91.92 ശതമാനം) പരീക്ഷാ ഫലം പ്രഖ്യാപിച്ച വേളയിൽ വിദ്യാഭ്യാസമന്ത്രി എം.എ. ബേബി തന്റെ നരച്ച താടി തടവിക്കൊണ്ട് പറഞ്ഞു. "ഈ വർഷത്തെ പരീക്ഷാഫലം ഈ നരച്ച താടി പോലെയാണ്. ബാഹ്യ ഇടപെടലുകളൊന്നുമില്ലാതെ താടി നരക്കുന്നു. അതുപോലെ വിജയശതമാനവും സ്വാഭാവികമാണ്.'' വിശുദ്ധനായ ഒരു വിദ്യാഭ്യാസ മന്ത്രിക്ക് മാത്രമേ ഇങ്ങനെ പറയാനാകൂ. മാത്രമല്ല, "പരീക്ഷ എഴുതുന്നവർ എല്ലാവരും ഉന്നത പഠനത്തിന് അർഹത നേടണമെന്നാണ് എന്റെ ആഗ്രഹം. വരും വർഷങ്ങളിൽ ഈ സ്വപ്നം സാക്ഷാത്കരിക്കുമെന്നും'' അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

നമ്മുടെ പൊതുവിദ്യാലയങ്ങൾ പ്രഫുല്ലമാകുന്നതിന്റെ, മെച്ചപ്പെടുന്നതിന്റെ തെളിവാണീ പരീക്ഷാഫലം. നോക്കാനും, കാണാനും, ശ്രദ്ധിക്കാനും, മേൽനോട്ടം വഹിക്കാനും, സഹായിക്കാനും തയ്യാറായാൽ പൊതുവിദ്യാലയങ്ങൾ മികച്ച നിലയിലാകുമെന്ന് ഈ പരീക്ഷാഫലം തെളിയിക്കുന്നു. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരിൽ 72 പേർ മാത്രമെ പരീക്ഷയ്ക്ക് ഹാജരാകാതിരുന്നുള്ളൂ. പരീക്ഷാപേടി പമ്പ കടന്നുവെന്ന് തെളിയിക്കുന്നതാണീ നില. മുൻ വർഷത്തേക്കാൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരുടെ എണ്ണത്തിൽ 593 പേരുടെ വർദ്ധനയുണ്ട് (മൊത്തം 7073). വിവിധ ഗ്രേഡുകളിലെത്തിയവരുടെ കാര്യത്തിലും (സി പ്ലസ് ഒഴികെ) മുൻവർഷത്തേക്കാൾ വർദ്ധനവുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടാത്തവർക്ക് (പാരമ്പര്യ ശൈലിയിൽ തോറ്റവർ) എണ്ണത്തിലും കുറവുണ്ടായി എന്നതും എടുത്തുപറയേണ്ട നേട്ടമാണ്. മൊത്തത്തിലുണ്ടായ ഈ വർധനവിൽ പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കജാതി വിദ്യാർത്ഥികൾക്കും ഇടം ലഭിച്ചു എന്നതും പൊതുവിദ്യാഭ്യാസ ശ്രേണി മെച്ചപ്പെട്ടതിന്റെ തെളിവാണ്. വളരെ പിന്നാക്കം പോയ വിദ്യാലയങ്ങൾ വെറും മൂന്നെണ്ണം മാത്രമേയുള്ളൂ (50 ശതമാനത്തിൽ താഴെ വിജയശതമാനം).

പൊതുതിരഞ്ഞെടുപ്പിന്റെ അനിവാര്യമായ തിരക്കുകൾക്കിടയിൽ, ചോദ്യപേപ്പറുകൾ ചോരാതെ, പരീക്ഷ നടത്തിപ്പിനെക്കുറിച്ച് ആക്ഷേപങ്ങൾ ഒട്ടുമില്ലാതെ, മൂല്യനിർണയ കേന്ദ്രങ്ങളിൽ അസ്വാരസ്യങ്ങളില്ലാതെ, പരീക്ഷാ ഭവൻ ഉദ്യോഗസ്ഥരും ജീവനക്കാരും ഊണും ഉറക്കവുമുപേക്ഷിച്ചു പ്രവർത്തിച്ചപ്പോൾ വിദ്യാഭ്യാസ വകുപ്പ് പുതിയ ചരിത്രം ചമച്ചു എന്ന് പരീക്ഷാഫലം വ്യക്തമാക്കുന്നു. കുറ്റമറ്റ രീതിയിൽ നടപടികൾ പൂർത്തിയാക്കി റെക്കോഡ് വേഗത്തിൽ ഫലപ്രഖ്യാപനം നടത്തി. മാത്രമല്ല പ്രഖ്യാപനം വന്ന് മണിക്കൂറുകൾക്കുള്ളിൽ കേരളമാകെ പരീക്ഷാ ഫലം എത്തിക്കാനായി എന്നതും അവിസ്മരണീയമാണ്. മുമ്പ് മെയ് 13 നും, മെയ് 20നും ഫലപ്രഖ്യാപനം നടത്തിയിരുന്നെങ്കിൽ തിരഞ്ഞെടുപ്പിന്റെ തിരക്കുകളുണ്ടായിട്ടും മെയ് 9 ന് ഫലം പ്രഖ്യാപിക്കാൻ കഴിഞ്ഞതിൽ വിദ്യാഭ്യാസ വകുപ്പ് മാത്രമല്ല കേരളീയ സമൂഹമാകെ അഹ്ലാദിക്കുന്നു.

പൂർവഗാമികളായ നിരവധിപേരുടെ കൂട്ടായ ശ്രമങ്ങളിലൂടെയാണ് ഈ നിലയിലേക്ക് കേരളം എത്തിയത്. അവർക്കും പുതിയ പാഠ്യപദ്ധതിയേയും പാഠപുസ്തകങ്ങളെയും നെഞ്ചേറ്റിലാളിക്കാൻ, പുതിയ മൂല്യനിർണയ സംവിധാനങ്ങളെ മികച്ചതാക്കാൻ അക്ഷീണം ശ്രമിച്ച, തടസ്സങ്ങളുണ്ടായപ്പോൾ അതിനെ തട്ടിനീക്കാൻ ധൈര്യം കാണിച്ച അദ്ധ്യാപക സമൂഹത്തിനും എ പ്ലസ് ഗ്രേഡ് നൽകാം. ഗ്രേഡിങ് രീതിയിലെ മൂന്നാം ഭാഗം ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. അതും കൂടി ചേർത്ത് ഇന്നത്തെ ഭൗതിക സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തിയാൽ, വിദ്യാഭ്യാസ മന്ത്രി ഇതേ ശ്രദ്ധയോടെയും അക്കാദമിക് ചാതുര്യത്തോടെയും ഇടപെട്ടാൽ വരും വർഷങ്ങളിൽ നൂറ് ശതമാനം വിജയം ഉറപ്പാക്കാൻ കഴിയും.

പുതിയ പാഠ്യപദ്ധതിയുടെ സവിശേഷതകൾ ഹയർ സെക്കൻഡറിയിലേക്കും, ഉന്നത വിദ്യാഭ്യാസത്തിലേക്കും വ്യാപിക്കുകയാണ്. പുരോഗമന നടപടികളിൽ, എന്നും ശങ്ക പ്രകടിപ്പിക്കുന്ന മധ്യവർഗ്ഗവും, മാധ്യമങ്ങളും ഈ മാറ്റങ്ങളെ പുതിയ ഇടങ്കോലിട്ട് തടസ്സപ്പെടുത്താൻ ശ്രമം തുടങ്ങി എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഏതായാലും, പൊതുവിദ്യാഭ്യാസ രംഗത്ത് പുത്തൻ ചരിത്രം രചിച്ച പരീക്ഷാഫലം വിദ്യാഭ്യാസ വകുപ്പിന് ലഭിച്ച എ പ്ലസ് ഗ്രേഡാണ്. ഇത് ആവർത്തിക്കാൻ കേരളം കാത്തിരിക്കുന്നു.■

പൊതുതിരഞ്ഞെടുപ്പിന്റെ തിരക്കുകൾക്കിടയിൽ, ചോദ്യപേപ്പറുകൾ ചോരാതെ, പരീക്ഷ നടത്തിപ്പിനെക്കുറിച്ച് ആക്ഷേപങ്ങൾ ഒട്ടുമില്ലാതെ, മൂല്യനിർണയ കേന്ദ്രങ്ങളിൽ അസ്വാരസ്യങ്ങളില്ലാതെ, പരീക്ഷാ ഭവൻ ഉദ്യോഗസ്ഥർ ഊണും ഉറക്കവുമുപേക്ഷിച്ചു പ്രവർത്തിച്ചപ്പോൾ വിദ്യാഭ്യാസ വകുപ്പ് പുതിയ ചരിത്രം രചിച്ചു.

# മുന്നേറുന്ന സംതൃപ്തി സൂചിക

'ഏതെങ്കിലും കാര്യത്തിൽ തീരുമാനമെടുക്കുവാൻ വിഷമിക്കുന്നുവെങ്കിൽ പരിചയമുള്ള ഏറ്റവു ദരിദ്രനായ മനുഷ്യനെ ഓർക്കുക. നിങ്ങളുടെ തീരുമാനം അയാളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്നുവെങ്കിൽ അതുപേക്ഷിക്കുക. അല്ലെങ്കിൽ അതുമായി മുന്നോട്ടു പോവുക.' മഹാത്മാഗാന്ധി ഉപദേശിച്ച മാർഗമാണിത്. ഒരു സർക്കാരിന്റെ ഭരണം വിലയിരുത്തുവാനും ഈ മാർഗം ഉപയോഗിക്കാം. ഓരങ്ങളിൽ ഒതുക്കപ്പെടുന്നവരും തിരസ്കൃതരാവുന്നവരുമായ ദരിദ്ര നാരായണൻമാരുടെ ജീവിതത്തെ അതെങ്ങനെ മുന്നോട്ടു നയിക്കുന്നു?

മൂന്നു വർഷം പൂർത്തിയാക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിത്യ മുന്നണി സർക്കാരിനെ ഈ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ ഒന്നു ബോധ്യപ്പെടും - സാധാരണക്കാരായ ജനകോടികളുടെ ജീവിതസംതൃപ്തിയിൽ വലിയ മുന്നേറ്റമാണ് ഇക്കാലയളവിൽ ഉണ്ടായത്. കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമായ ഒരു വനിതയുടെ അനുഭവവിവരണം നോക്കുക: "കിടപ്പാടം പോലുമില്ലാതെ വലിയ കഷ്ടപ്പാടിലായിരുന്നു. രോഗിയായ ഭർത്താവിന് കടുത്ത പണിക്കൊന്നും പോകാൻ കഴിയില്ല. ഇപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ മാസത്തിൽ പത്തു പന്ത്രണ്ടു ദിവസം പണി ലഭിക്കുന്നുണ്ട്. എനിക്കും കുടുംബശ്രീയുടെ ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിൽ പണിയുണ്ട്. എല്ലാം കൂടെ മാസത്തിൽ മുവായിരം രൂപ കിട്ടും. രണ്ടു രൂപയ്ക്ക് അരിയൊക്കെ കിട്ടുന്നില്ലേ? ഇപ്പോൾ വലിയ അല്ലലില്ലാതെ കഴിയുന്നു."

ഇതൊരു ഒറ്റപ്പെട്ട അനുഭവമല്ല. 25 കിലോ ഭക്ഷ്യധാന്യത്തിന് 50 രൂപ. അധികം വേണ്ട അരിക്കും പലവ്യഞ്ജനങ്ങൾക്കും പച്ചക്കറിക്കും ഇന്ധനത്തിനുമെല്ലാം കൂടി 1000 രൂപ. ഇവയ്ക്കൊക്കെ ഇപ്പോൾ മാവേലി - നീതി പോലെ ന്യായവില ഷോപ്പുകളുണ്ട്. തുച്ഛവരുമാനക്കാരായ കുടുംബങ്ങൾക്കുപോലും പട്ടിണികൂടാതെ കഴിയാം. സർക്കാരാശുപത്രികളിൽ മുഴുവൻ സമയ ഡോക്ടറും അവശ്യ മരുന്നുകളുമുണ്ട്. കുട്ടികൾക്കു വിജയം ഉറപ്പാക്കുന്ന തരത്തിൽ സ്കൂളുകളിലെ പഠന നിലവാരം ഉയർന്നിരിക്കുന്നു. കർഷകത്തൊഴിലാളി പെൻഷനും വാർദ്ധക്യ പെൻഷനുമുൾപ്പടെ ക്ഷേമ പെൻഷനുകൾ നൂറു രൂപയിൽ നിന്ന് 250 രൂപയായി. വീടില്ലാത്തവർക്കെല്ലാം വീടിനും അതിനുള്ള ഭൂമിയില്ലാത്തവർക്കു ഭൂമിക്കും പദ്ധതി. എല്ലാ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് - ഫലമോ? ദുരിതങ്ങളുടെയും ആത്മഹത്യകളുടെയും കെട്ടകാലം പോയ്മറയുന്നു. ദാരിദ്ര്യരേഖയ്ക്കടിയിൽ തിരക്കൊഴിയുന്നു. ദളിതരും മത്സ്യത്തൊഴിലാളികളും ആദിവാസികളും മറ്റു പിന്നാക്കക്കാരും അടങ്ങിയ നിസ്വവർഗത്തിന്റെ ജീവിതം തളിരിടുന്നു.

നിസ്വരുടെ മാത്രമല്ല, എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത സംതൃപ്തി വർദ്ധിക്കേണ്ടതുണ്ട്. അതിന് ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനം സംസ്ഥാനത്തുണ്ടാകണം. അതിനുള്ള ശക്തവും ആസൂത്രിതവുമായ നടപടികൾക്ക് ഫലം കണ്ടു തുടങ്ങിയിരിക്കുന്നു.നെല്ലിനു താങ്ങുവില 11 രൂപയാക്കി. കാർഷിക കടങ്ങൾ എഴുതിത്തള്ളി. ഭക്ഷ്യസുരക്ഷയ്ക്കു പദ്ധതി നടപ്പാക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിച്ചു. ബജറ്റു വിഹിതം വർദ്ധിപ്പിച്ചു. പൊതുമേഖലാ വ്യവസായങ്ങൾ ഭൂരിപക്ഷവും ലാഭത്തിലായി. ഐ.ടി, ടൂറിസം മേഖലകളിൽ വൻ നിക്ഷേപങ്ങൾ വരുന്നു. ഇതിനനുസൃതമായി ഭൗതിക - പശ്ചാത്തല സൗകര്യങ്ങളും വർദ്ധിക്കുകയാണ്. ഭൂരിപക്ഷം പഞ്ചായത്തുകൾക്കും നിർമൽ പുരസ്കാരം. പരിസ്ഥിതിയും വനവും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കാൻ കർശന നിയമങ്ങളും നടപടികളും. ചെക്ക്പോസ്റ്റുകൾ മുതൽ ദേവസ്വം വരെ അഴിമതിക്കെതിരെ കുരിശുയുദ്ധം. താരതമ്യേന ഭദ്രമായ ക്രമസമാധാനം.

ഈ നടപടികളെല്ലാം ഫലവത്താകുന്നത് നികുതി വരുമാനം വർദ്ധിച്ചതു കൊണ്ടാണ്. ആഗോളമാന്ദ്യത്തിനിടയിലും മികച്ച ധനമാനേജ്മെന്റിലൂടെ നികുതിവരുമാനം 66 ശതമാനമാണ് വർദ്ധിച്ചത്.

ക്ഷേമ പദ്ധതികൾ വിപുലമാക്കാൻ നടപടികൾ, മാന്ദ്യം നേരിടാൻ 5000 കോടി രൂപയുടെ പൊതു മുതൽമുടക്കുൾപ്പെടെ 10,000 കോടി രൂപയുടെ റോഡ്, പാലം, കുടിവെള്ളം, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, പ്രവാസികൾക്കു പുനരധിവാസ പായ്ക്കേജ് - വികസന മുന്നേറ്റത്തിലേക്കാണ് സംസ്ഥാനം നീങ്ങുന്നത്.

വികസനമെന്നാൽ മനുഷ്യരുടെ ജീവിതസംതൃപ്തിയിലെ മുന്നേറ്റമാണെന്നാണ് ആഗോള തലത്തിൽ പ്രചാരം ലഭിക്കുന്ന പുതിയ നിർവചനം.

ഭാവനാപൂർണമായ നയങ്ങളിലൂടെയും നടപടികളിലൂടെയും മുന്നേറുകയാണ് കേരളത്തിലെ ജീവിത സംതൃപ്തി സൂചിക. അതിനെതിരായ പ്രവണതകളെ ചെറുക്കാൻ ജനങ്ങളുടെ കൂട്ടായ സഹകരണവും പിന്തുണയുമുണ്ടാകേണ്ടതുണ്ട്.



# പുതിയ കേന്ദ്രമന്ത്രിസഭ: കേരളത്തിൽ നിന്ന് ആറു മന്ത്രിമാർ



പ്രധാനമന്ത്രി
ഡോ.മൻമോഹൻ സിങ്

**പ്രധാനമന്ത്രി** ഡോ.മൻമോഹൻ സിങ് ഉൾപ്പെടെ 79 മന്ത്രിമാരുമായി പുതിയ കേന്ദ്ര മന്ത്രിസഭ അധികാരമേറ്റു. 33 ക്യാബിനറ്റ് മന്ത്രിമാരും 45 സഹമന്ത്രിമാരുമാണ് പുതിയ മന്ത്രിസഭയിലുള്ളത്. ചരിത്രത്തിലെ ഏറ്റവു വലിയ പ്രാതിനിധ്യം ഇത്തവണ കേന്ദ്രമന്ത്രിസഭയിൽ കേരളത്തിനു ലഭിച്ചു. രണ്ട് ക്യാബിനറ്റ് മന്ത്രിമാരും നാല് സഹമന്ത്രിമാരും. എ.കെ. ആന്റണിയും വയലാർ രവിയുമാണ് ക്യാബിനറ്റ് റാങ്കിലുള്ള മന്ത്രിമാർ. ഇ.അഹമ്മദ്, പ്രൊഫ. കെ.വി. തോമസ്, മുല്ലപ്പള്ളി രാമചന്ദ്രൻ, ഡോ.ശശി തരൂർ എന്നിവരാണ് കേരളത്തിൽ നിന്നുള്ള സഹമന്ത്രിമാർ. ഇതിൽ ശശി തരൂർ ആദ്യമായാണ് പാർലമെന്റംഗമാകുന്നത്. സ്വാതന്ത്ര്യം ലഭിച്ച ശേഷം കേരളത്തിൽ നിന്നും ഇതുവരെ 20 പേർ കേന്ദ്രമന്ത്രിസഭയിൽ എത്തിയിട്ടുണ്ട്. എന്നാൽ 28 മലയാളികൾ കേന്ദ്രമന്ത്രിമാരായിട്ടുണ്ട്.

## കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ

### എ.കെ.ആന്റണി (കേന്ദ്ര പ്രതിരോധ വകുപ്പു മന്ത്രി)



**ആലപ്പുഴ** ജില്ലയിലെ ചേർത്തലയിൽ 1940 ഡിസം 28ന് അറക്കപ്പറമ്പിൽ കുര്യൻ പിള്ളയുടെയും ഏലിക്കുട്ടിയുടെയും മകനായി ജനിച്ചു. മൂന്നു തവണ മുഖ്യമന്ത്രിയായിരുന്നു. 1977ൽ ആദ്യമായി മുഖ്യമന്ത്രിയാകുമ്പോൾ സംസ്ഥാന ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രിയായിരുന്നു എ.കെ. ആന്റണി. 1977 മുതൽ 78 വരെയും 1995 മാർച്ച് മുതൽ 96 മെയ് വരെയും മെയ് 2001 മുതൽ ആഗസ്റ്റ് 2004 വരെയുമാണ് എ.കെ ആന്റണി മുഖ്യമന്ത്രിയായിരുന്നത്. 96 മുതൽ 2001 വരെ നിയമസഭാ പ്രതിപക്ഷനേതാവായിരുന്നു. 5 തവണ എം.എൽ.എയായിരുന്നു. 85-91 വരെയും 91-95 വരെയും 2005 മെയ് മുതലും രാജ്യസഭാംഗം. 93 മുതൽ 95വരെ കേന്ദ്ര പൊതുവിതരണവകുപ്പ് ക്യാബിനറ്റ് മന്ത്രി. 2006 മുതൽ ക്യാബിനറ്റ് റാങ്കിൽ കേന്ദ്രപ്രതിരോധ മന്ത്രി. ബി.എ, ബി.എൽ ബിരുദധാരി.

### വയലാർ രവി (കേന്ദ്ര പ്രവാസികാര്യ വകുപ്പു മന്ത്രി)



**ആലപ്പുഴ** ജില്ലയിലെ വയലാറിൽ 1937 ജൂൺ നാലിന് എം.കെ. കൃഷ്ണന്റെയും ദേവകി കൃഷ്ണന്റെയും മകനായി ജനിച്ചു. 1971 ൽ ചിറയിൻകീഴിൽ നിന്നും ലോക് സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 77ൽ വീണ്ടും ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1982ൽ എം.എൽ.എ . 82 മുതൽ86 വരെ സംസ്ഥാന ആഭ്യന്തരമന്ത്രി. 87 മുതൽ 91 വരെ വീണ്ടും എം.എൽ.എയായി. 1994 ലും 2003ലും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പെറ്റീഷൻസ്, ട്രാൻസ്പോർട്ട്, ടൂറിസം തുടങ്ങിയ രാജ്യസഭാകമ്മറ്റികളിൽ അംഗമായിരുന്നു. 2006ൽ കേന്ദ്ര പ്രവാസികാര്യവകുപ്പിന്റെ ക്യാബിനറ്റ് മന്ത്രിയായി. എം.എ, ബി.എൽ ബിരുദധാരി.

### ഇ.അഹമ്മദ് (കേന്ദ്ര റെയിൽവെ സഹമന്ത്രി)

**കണ്ണൂർ** ഓവിന്റകത്ത് അബ്ദുൾ ഖാദർ ഹാജിയുടെയും എടപ്പകത്ത് നഫീസ ബീവിയുടെയും മകനായി 1938 ഏപ്രിൽ 29 നു ജനിച്ചു. പതിനേഴു വർഷം നിയമസഭാംഗമായിരുന്നു. 1967 ൽ കണ്ണൂരിൽ നിന്ന് നിയമസഭയിലെത്തി. 1977 (കൊടുവള്ളി), 1980, 82, 87 (താനൂർ) വർഷങ്ങളിലും നിയമസഭാംഗമായി. 1982 മുതൽ 87 വരെ വ്യവസായമന്ത്രി. 1991 ൽ ലോക് സഭാംഗമായി. നാലുതവണ മഞ്ചേരിയിൽ നിന്നും 2004ൽ പൊന്നാനിയിൽ നിന്നുമാണ് അദ്ദേഹം ലോക്സഭയിലെത്തിയത്. 2004 ൽ കേന്ദ്രമന്ത്രിസഭയിൽ വിദേശകാര്യസഹമന്ത്രിയായി. ആറു വർഷം തുടർച്ചയായി യു.എൻ.ജനറൽ അസംബ്ലിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു. പാർലമെന്ററി അഷുറൻസ് കമ്മിറ്റി, ഫുഡ് മാനേജ്മെന്റ് കമ്മിറ്റി ഉൾപ്പെടെ വിവിധ കമ്മിറ്റികളുടെ അധ്യക്ഷനായി. കണ്ണൂർ മുനിസിപ്പൽ ചെയർമാൻ, സംസ്ഥാന റൂറൽ ഡവലപ്പ്മെന്റ് ബോർഡ് ചെയർമാൻ, സിഡ്കോ ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.



### മുല്ലപ്പള്ളി രാമചന്ദ്രൻ (കേന്ദ്ര ആഭ്യന്തര സഹമന്ത്രി)

**വടകരയ്ക്കടുത്ത്** ചോമ്പാലിൽ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന മുല്ലപ്പള്ളി ഗോപാലന്റെയും പാർവതിയുടെയും മകനായി 1946 ഏപ്രിൽ 15 ന് ജനിച്ചു. 1980 ൽ വടകരയിൽ നിന്ന് നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1984ൽ കണ്ണൂരിൽ നിന്ന് ആദ്യമായി ലക്സഭാംഗമായി. 1984, 89, 91, 96, 98 എന്നീ വർഷങ്ങളിലും കണ്ണൂരിൽ നിന്നും ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. നരസിംഹറാവു മന്ത്രിസഭയിൽ കൃഷി സഹമന്ത്രിയായിരുന്നു. മാനവവിഭവശേഷി മന്ത്രാലയത്തിലെ ഉപദേശക സമിതി, സബോർഡിനേറ്റ് ലജിസ്ലേഷൻ സമതി ഉൾപ്പെടെ നിരവധി പാർലമെന്ററി കമ്മറ്റികളിൽ അംഗമായിരുന്നു. കേരള വിദ്യാഭ്യാസ ഉപദേശകസമതി, കേന്ദ്രീയ സൈനിക ബോർഡ്, സ്പൈസസ് കൗൺസിൽ, പോസ്റ്റൽ ഉപദേശകസമിതി, കയർ ബോർഡ്, സമുദ്രോത്പന്നകയറ്റുമതി വികസന സമിതി എന്നിവയിൽ അംഗമായിരുന്നു. എം.എ, എൽ. എൽ.ബി ബിരുദധാരിയാണ്.



### കെ.വി.തോമസ് (കേന്ദ്ര കൃഷി, ഭക്ഷ്യ ഉപഭോക്തൃകാര്യ സഹമന്ത്രി)


**എറണാകുളം** ജില്ലയിലെ കുമ്പളങ്ങിയിൽ വർക്കിയുടെയും റോസയുടെയും മകനായി 1946 മെയ് 10 ന് ജനിച്ചു. രസതന്ത്രത്തിൽ ബിരുദാനന്തരബിരുദധാരി. തേവര സേക്രട്ട് ഹാർട്ട് കോളേജിലെ കെമിസ്ട്രി വിഭാഗം മുൻ മേധാവി. 1984, 89, 91, 2009 വർഷങ്ങളിൽ ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 2001, 2006 വർഷങ്ങളിൽ എറണാകുളം എം.എൽ.എ. 2001-2004 ൽ എ.കെ. ആന്റണി മന്ത്രിസഭയിൽ ഫിഷറീസ്, ടൂറിസം, എക്സൈസ് മന്ത്രി. *എന്റെ കുമ്പളങ്ങി, എന്റെ കുമ്പളങ്ങിക്കുശേഷം, അമ്മയും മകനും* തുടങ്ങിയ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.



### ശശിതരൂർ (കേന്ദ്ര വിദേശകാര്യ സഹമന്ത്രി)

**ലണ്ടനിൽ** 1956 മാർച്ച് 9ന് ചന്ദ്രൻ തരൂരിന്റെയും ലില്ലി തരൂരിന്റെയും മകനായി ജനിച്ചു. ഡെൽഹി സെന്റ്. സ്റ്റീഫൻസ് കോളേജിൽ നിന്നും ബിരുദം, ടഫ്റ്റ്സ്

സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ്. എഴുത്തുകാരൻ, നയതന്ത്രജ്ഞൻ, പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളിലെ കോളമിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തൻ. 1978ൽ ജനീവയിലെ അഭയാർത്ഥികൾക്കായുള്ള യു.എൻ ഹൈക്കമ്മീഷണറായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 89 മുതൽ 96 വരെ ഐക്യരാഷ്ട്രസഭയുടെ ന്യൂയോർക്ക് ആസ്ഥാനത്ത് മുൻ യുഗോസ്ലാവ്യയുടെ സമാധാന ചുമതല നിർവ്വഹിച്ചു. 97 മുതൽ 98 വരെ യു.എൻ. സെക്രട്ടറി ജനറലിന്റെ എക്സിക്യൂട്ടീവ് അസിസ്റ്റന്റായിരുന്നു. 2002 മുതൽ 2007 വരെ യു. എൻ അണ്ടർ സെക്രട്ടറി ജനറൽ. കഴിഞ്ഞ തവണ യു. എൻ സെക്രട്ടറി ജനറൽ സ്ഥാനത്തേക്ക് ഇന്ത്യയുടെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ചു പരാജയപ്പെട്ടു. *ഇന്ത്യ-ഫ്രം മിഡ്നൈറ്റ് റ്റു ദ മില്ലെനിയം, ഗ്രേറ്റ് ഇന്ത്യൻ നോവൽ, ഷോ ബിസിനസ്, റീസൺസ് ഓഫ് സ്റ്റേറ്റ്* എന്നീ കൃതികൾ രചിച്ചു. ആദ്യമായാണ് ലോക്സഭയിലേക്ക് മത്സരിച്ചത്.



# കോവളത്ത് ഒരു തുള്ളി കേരളം

**കേരളത്തിന്റെ** നിറവും മണവും സവിശേഷതകളുമെല്ലാമടങ്ങിയ കൊച്ചുകേരളം കോവളത്തിനടുത്ത് തയ്യാറാവുന്നു. വെള്ളാറിലെ ഏഴരയേക്കറിൽ നിർമിക്കുന്ന കേരളീയഗ്രാമത്തിന്റെ തനത് മാതൃക അടുത്ത മാസം പൂർത്തിയാകും. ഏഴര ക്കോടി കേന്ദ്രഫണ്ടുപയോഗിച്ച് കിറ്റ്കോയാണ് കേരളഗ്രാമമാതൃക നിർമിക്കുന്നത്.

കരകൗശല പ്രദർശനമുറികൾ, കുന്നിൽചെരുവിലെ ചെറിയ ചെറിയ വിൽപ്പനകേന്ദ്രങ്ങൾ, അഞ്ചുലക്ഷം ലിറ്റർ സംഭരണശേഷിയുള്ള കുളം എന്നിവയൊക്കെയുണ്ടിവിടെ. പതിനാല് ജില്ലകൾക്കായി പതിനാല് സ്റ്റാളുകളും എല്ലാ ജില്ലകളിൽ നിന്നുമുള്ള ഭക്ഷ്യവിഭവങ്ങളും ഇവിടെയൊരുക്കിയിട്ടുണ്ട്. പുതിയ തലമുറയ്ക്ക് കേരളത്തിലെ ഗ്രാമീണജീവിതത്തിന്റെ ചൂടും ചൂരും പകർന്ന് നൽകുകയാണ് ഇത്തരമൊരു 'മിനിയേച്ചറി'ലൂടെ ലക്ഷ്യമിടുന്നത്.

പ്രകൃതിക്കനുയോജ്യമായ നിർമാണസാമഗ്രികൾ മാത്രമുപയോഗിച്ച് തനത് ഗ്രാമമാതൃക തയ്യാറാക്കുന്നത് ഹാബിറ്റാറ്റ് ശങ്കറാണ്. കേരളത്തിലെ തനത് കലാരൂപങ്ങൾ അരങ്ങേറാനായി ഒരു ഓപ്പൺ എയർ ആഡിറ്റോറിയവും ഒരുക്കിയിട്ടുണ്ട്.

അടുത്ത സീസൺ മുതൽ കോവളത്തെത്തുന്ന വിദേശ സഞ്ചാരികളുടെ ഒരു പ്രധാന ആകർഷണകേന്ദ്രമായി മാറും ഈ തനത് കേരള ഗ്രാമമാതൃക, തദ്ദേശീയരുടെയും.

# ഇനി ഹരിതകേരളത്തിന്റെ പച്ചപ്പുതപ്പ്

**ഭൂമിയുടെ** ഹരിതകഞ്ചുകം തുടച്ചുമാറ്റിയതിന്റെ ദുരന്തഫലങ്ങൾ ആഗോളതാപനമായും കാലാവസ്ഥാവ്യതിയാനമായുമൊക്കെ മനുഷ്യനു മുന്നിൽ നിൽക്കുന്ന സാഹചര്യത്തിലാണ് മാതൃകയാകുന്നൊരു പദ്ധതിയുമായി സംസ്ഥാന വനം വകുപ്പ് മുന്നോട്ടു വരുന്നത്.ഒരു കോടി വൃക്ഷങ്ങളുടെ പച്ചപ്പുകൊണ്ട് കേരളത്തെ പുതപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ പേര് ഹരിതകേരളമെന്നാണ്. ആദ്യഘട്ടം 55 ലക്ഷം വൃക്ഷത്തൈകളാണ് നടുന്നത്. എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ വിജയകരമായി നടപ്പാക്കാനായതിന്റെ ആത്മവിശ്വാസവുമായാണ് വനം വകുപ്പ് ഈ ബൃഹത്തായ പദ്ധതിക്ക് തുടക്കമിടുന്നത്. തദ്ദേശസ്വയംഭരണവകുപ്പുമായി സഹകരിച്ചാണ് ഹരിതകേരളം നടപ്പാക്കുന്നത്.കുടുംബശ്രീ ഉൾപ്പെടെയുള്ളവരുടെ സഹകരണത്തോടെ തൊഴിലുറപ്പു പദ്ധതികൂടി പ്രയോജനപ്പെടുത്തിയാണ് വൃക്ഷതൈകൾ നടുന്നത്.കൂടുതൽ വൃക്ഷങ്ങൾ കൊണ്ട് നമ്മുടെ പ്രകൃതിയുടെ മേലാപ്പുകൾ ഹരിതാഭമാക്കാൻ നടപ്പാക്കിയ വഴിയോരതണൽ, ഹരിതതീരം പദ്ധതികൾ വൻവിജയമായിരുന്നു.എന്റെ മരം പദ്ധതിയനുസരിച്ച് നട്ട 80 ശതമാനം മരങ്ങളും ആരോഗ്യത്തോടെ വളരുന്നു എന്ന വസ്തുത കൂടി ചേർത്തുവായിക്കുമ്പോൾ ഒന്നുറപ്പിക്കാം ഹരിതകേരളം കേരളത്തിന്റെ നഷ്ടമായ പച്ചപ്പ് തിരികെകൊണ്ടുവരും.

# മൊഴിച്ചെപ്പ്

മറ്റൊരു വിഷയത്തിനും സീറ്റ് കിട്ടാത്ത വിദ്യാർഥികളാണ് നിരാശയോടെ മലയാളം കോഴ്സുകൾക്ക് ചേരുന്നത്. അവർക്കെന്ത് നിരൂപണം, എന്ത് ഗവേഷണം? ഇത്രയെങ്കിലും നിരൂപണ പഠനങ്ങൾ നടക്കുന്നത് അച്ചടി മാധ്യമത്തിന്റെ പിന്തുണ കൊണ്ടുമാത്രമാണ്.

**വി.സി. ശ്രീജൻ**

ഇന്ത്യയിൽ കുഞ്ഞുവിദ്യാർഥികളിൽ മൂന്നിൽ രണ്ടുപേർ പതിവായി ശിക്ഷ സ്വീകരിക്കുന്നവരാണ്. 'അഞ്ചിൽ വളയാത്തത് അമ്പതിൽ വളയില്ല' എന്ന വലിയവരുടെ വിശ്വാസം ശിക്ഷകളെ ന്യായീകരിക്കുന്നു. തല്ലിയാലേ നന്നാവൂ എന്നു ചിന്തയെ അധ്യാപകർ പ്രായോഗികമാക്കുന്നു.

**അഴഗിയ പെരിയവൻ**
*തമിഴ് സാഹിത്യകാരൻ*

നിരന്തരമായ ഉത്തേജനത്തിന് പ്രേക്ഷകനെ എപ്പോഴും തയ്യാറാക്കുന്ന ശരീരം പ്രദർശിപ്പിക്കലായി മലയാളമുഖ്യധാരാ സിനിമ മാറിക്കഴിഞ്ഞു.

**സി.എസ്. വെങ്കിടേശ്വരൻ**

ഓറിയന്റലിസ്റ്റുകളുടെ കാലം കഴിഞ്ഞെങ്കിലും അവർ സൃഷ്ടിച്ച സ്റ്റീരിയോടൈപ്പുകൾ നിലനിൽക്കുന്നു. ഇന്ത്യൻ നോവലുകൾ യൂറോപ്പിൽ വിൽക്കപ്പെടുന്നത് പലപ്പോഴും സൗന്ദര്യാത്മകമെന്നതിനെക്കാൾ വംശപരമായ താത്പര്യത്തോടെയാണ്. അതിനനുസരിച്ചുതന്നെ പല ഇംഗ്ലീഷ് എഴുത്തുകാരും ഇന്ത്യൻ ജീവിതത്തെ പാക്കേജു ചെയ്യുന്നു.

**സച്ചിദാനന്ദൻ**

തുടക്കകാലത്ത് പത്രത്തിൽ പേരു വരുന്നതൊക്കെ മോഹിച്ചു കാണും. വൈകാതെ അതിനുവേണ്ടി ശ്രമിക്കുന്നതിൽ കാര്യമില്ലെന്നു മനസ്സിലായി. എന്റെ ജോലി തന്നെയായിരിക്കും എന്നെ വലുതാക്കുന്നത്. പത്രത്തിൽ പേരോ പടമോ വരുന്നതല്ല. പ്രശസ്തിക്കുവേണ്ടി വിവരങ്ങൾ നൽകാൻ പി.ആർ.ഒയെ വയ്ക്കാത്ത മദ്രാസിലെ ഏക സിനിമാക്കാരൻ ഞാനായിരിക്കും.

**ഇളയരാജ**

പരസ്യങ്ങളിൽ സ്ത്രീ ലൈംഗികത ഉപയോഗിക്കുന്നതുപോലെ ഇന്ന് പുരുഷ ലൈംഗികതയും ഉപയോഗിക്കപ്പെടുന്നുണ്ട്. ലോകമെമ്പാടും ലൈംഗികതയുടെ അതിപ്രസരമുള്ള പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നത് വനിതാ പ്രസിദ്ധീകരണങ്ങളിലാണ്. സ്ത്രീകളാണ് കൂടുതൽ പരസ്യങ്ങൾ വായിക്കുന്നത് എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

**ജോസി ജോസഫ്,**
*മാധ്യമ പ്രവർത്തകൻ*

## തോക്കും ലാത്തിയുമില്ലാതെ ക്രമസമാധാന പാലനം

അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ എന്തൊക്കെ മാർഗ്ഗങ്ങളാകും പോലീസുകാർ അവലംബിക്കുക. ടിയർഗ്യാസ്,ലാത്തിചാർജ്ജ് എന്നൊക്കെയാവും ഉത്തരം. എങ്കിലിതാ അത്തരത്തിലുള്ള മുറകൾ അവസാനിപ്പിക്കാൻ ശാസ്ത്രം പോലീസിൻെറ സഹായത്തിനെത്തുന്നു. അമേരിക്കൻ നീതി ന്യായ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ജസ്റ്റിസാണ് ജനക്കൂട്ട നിയന്ത്രണത്തിനുള്ള *പേഴ്സണൽ ഹാൾട്ടിങ്ങ് ആന്റ് സ്റ്റിമുലേഷൻ റസ്പോൺസ്* എന്നു ഉപകരണം വികസിപ്പിച്ചെടുത്തിരിക്കുന്നത്. തോക്കിന്റെ രൂപത്തിലുള്ള ഈ ഉപകരണം പുറപ്പെടുവിക്കുന്ന മൈക്രോവേവ് രശ്മികൾ ശരീരത്തിൽ പതിച്ചാൽ ചെറിയ തോതിൽ പൊള്ളൽ അനുഭവപ്പെടും. 2005ൽ യു എസ് എയർഫോഴ്സാണ് ഇത്തരത്തിലുള്ള ഉപകരണം ആദ്യമായി രൂപകല്പന നടത്തിയത്. എന്നാൽ ഉപകരണത്തിന്റെ ഉപയോഗ സാദ്ധ്യതകൾ തിരിച്ചറിഞ്ഞതോടെയാണ് പോലിസ് വകുപ്പ് ഇത് ഏറ്റെടുക്കാൻ തയ്യാറായത്. റബർ ബുള്ളറ്റും മറ്റും ഉപയോഗിക്കുന്നതിനേക്കാൾ എന്തു കൊണ്ടും മെച്ചപ്പെട്ട പ്രതികരണം ഇതിനു നൽകാൻ കഴിയുമെന്നാണ് പോലീസിന്റെ അഭിപ്രായം. ഇതുവരെ നടത്തിയ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോവേവ് രശ്മികൾ മറ്റു പാർശ്വഫലങ്ങൾ ഉളവാക്കുകയില്ല എന്നാണ് അധികൃതർ പറയുന്നത്. എന്തായാലും ആംനെസ്റ്റി ഇന്റർനാഷണൽ ഉൾപ്പെടെയുള്ള മനുഷ്യാവകാശ സംഘടനകൾ ഇതിനെതിരെ രംഗത്തെത്തിയിട്ടുണ്ട്.





## ഹബിളിന് ഇനി കൂടുതൽ വ്യക്തത

പ്രപഞ്ച രഹസ്യങ്ങൾ മനുഷ്യർക്ക് ദൃശ്യമാക്കി തന്ന അമേരിക്കൻ ബഹിരാകാശ ഏജൻസിയുടെ ഹബിൾ ബഹിരാകാശ ദൂരദർശിനിക്ക് ഇനി കൂടുതൽ വ്യക്തത. ഏഴ് മണിക്കൂറും 20 മിനിറ്റും നീണ്ട ബഹിരാകാശ നടത്തത്തിലൂടെ അമേരിക്കൻ ബഹിരാകാശ സഞ്ചാരികൾ പുതിയ “വൈഡ് ഷീൽഡ് പ്ലാനെറ്ററി ക്യാമറ-3” സ്ഥാപിച്ചതോടെയാണിത് സാധ്യമായത്. പ്രപഞ്ചത്തിന്റെ കൂടുതൽ ആഴങ്ങളിലേയ്ക്ക് മിഴികൾ അയക്കാനും, ദൃശ്യവ്യക്തതയുള്ള ചിത്രങ്ങളാക്കാനും പുതിയ ക്യാമറ ഹബിളിനെ സഹായിക്കും. ദൃശ്യപ്രകാശത്തിലും അൾട്രാവയലറ്റ്, ഇൻഫ്രാറെഡ് രശ്മികളിലും ചിത്രമെടുക്കാൻ പുതിയ ക്യാമറക്ക് കഴിയും. പുതിയ ക്യാമറയുമായി ഹബിളിന് 2014 വരെ പ്രവർത്തിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഹബിൾ ദൂരദർശിനി 1990-ലാണ് ബഹിരാകാശത്ത് വിന്യസിച്ചത്.



## വഴികാട്ടാനും മരം കേറാനും റൊബോട്ടുകൾ റെഡി

അപരിചിതമായ നഗരത്തിൽ വഴിതെറ്റാതെ സഹായിക്കുന്നത് മുതൽ അത്യാവശ്യത്തിന് തെങ്ങിൽ കയറണമെങ്കിലും ഇനി റൊബോട്ടുകൾ റെഡി. ഇവിടെയല്ല, ജപ്പാനിലാണെന്നു മാത്രം. ജപ്പാനിലെ കോബിൽ നടന്ന ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ റൊബോട്ടിക്സ് ആന്റ് ഓട്ടോമേഷനിലായിരുന്നു വിവിധ തരം റോബോട്ടുകളുടെ സംഗമം. പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് റൈസ് എന്നു പേരിട്ട മരം കയറുന്ന റൊബോട്ടിനെ അവതരിപ്പിച്ചത്. തറയിലൂടെ സഞ്ചരിക്കാനും മരത്തിലോ തൂണിലോ അതിവേഗം കയറാനും ഇതിനാവും. ജർമ്മനിയിലെ മ്യൂണിക്കിലെ ഗവേഷകരാണ് ഭൂപടത്തിൻെറ ആവശ്യം പോലുമില്ലാതെ വഴികാട്ടുന്ന റോബോട്ടുകളെ വികസിപ്പിച്ചത്. കാണുന്നവരോടൊക്കെ വഴി ചോദിച്ച് ചോദിച്ച് ഇവ നമ്മളെ ലക്ഷ്യസ്ഥാനത്ത് തന്നെ കൊണ്ടെത്തിക്കും. റോബോട്ടിക്സ് ശാസ്ത്രശാഖയുടെ വളർച്ച അനുദിനം കരുത്താർജ്ജിച്ചുകൊണ്ടിരിക്കുകയാണ് ലോകമെങ്ങും.


## ആഗോളതാപനം ആരോഗ്യപ്രശ്നമാകുമ്പോൾ

ആഗോളതാപനവും അതിനെത്തുടർന്ന് ഭൗമ പരിസ്ഥിതിയിലുണ്ടാകുന്ന മറ്റ് കാലാവസ്ഥാ മാറ്റങ്ങളുമായിരിക്കും അടുത്ത നൂറ്റാണ്ടിൽ മനുഷ്യർ നേരിടേണ്ടി വരുന്ന ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രശ്നമെന്ന് ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിന്റെ പഠന റിപ്പോർട്ടിൽ പറയുന്നു. ഹൃദ്രോഗം മുതൽ സാധാരണ കാണപ്പെടുന്ന ജലദോഷം, പനി പോലുള്ള രോഗങ്ങൾ പോലും കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളാൽ അപകടകരമായ രിതിയിൽ വർദ്ധിക്കാനിടയുണ്ടെന്ന് റിപ്പോർട്ട് പറയുന്നു. ഓരോ സമൂഹത്തിനും അനുയോജ്യമായ കാലാവസ്ഥാ പരിധികളുണ്ട്. പരിസ്ഥിതിയിൽ അതിനപ്പുറത്തേക്ക് മാറ്റങ്ങൾ സംഭവിക്കുമ്പോൾ മനുഷ്യന്റെ പ്രതിരോധ ശേഷി ഭാഗികമായി



നഷ്ടപ്പെടാനും രോഗങ്ങൾ വളരെവേഗം പടർന്നു പിടിക്കാനും ഇടയാക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.





# സയൻസ് സഫാരി

ജി.എസ്. ഉണ്ണികൃഷ്ണൻ

## ബഹിരാകാശത്തു ബഹുദൂരം

കൂട്ടുകാരേ,

2009 ബഹിരാകാശയാത്രയുടെ ചരിത്രത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന വർഷമാണ്. മനുഷ്യന്റെ ആദ്യ ബഹിരാകാശ യാത്ര നടന്നിട്ട് 75 വർഷം പിന്നിടുന്ന വർഷം. ഈ അവസരത്തിൽ ചില അസാധാരണ വ്യക്തിത്വങ്ങളെ നമുക്ക് ഓർമ്മിക്കാം.

## ആകാശസീമകൾ താണ്ടി...



1961 ഏപ്രിൽ 12 റഷ്യൻ ബഹിരാകാശ വാഹനമായ വോസ്റ്റോക്ക് - 1 യാത്രയ്ക്ക് തയ്യാറായി. യാത്രയ്ക്ക് 4 ദിവസം മുമ്പു മാത്രമാണ് യൂറി ഗഗാറിൻ, താനാണു യാത്രികനെന്നറിയുന്നത്. രാവിലെ 9 മണി 7 മിനിട്ട്, വോസ്റ്റോക്ക് 1 തീ തുപ്പിക്കൊണ്ട് കുതിച്ചു. പയേ ഖലി (നമുക്ക് പോകാം) എന്നു ഗഗാറിൻ ആവേശത്തോടെ പറഞ്ഞു. വോസ്റ്റോക്ക് 108 മിനിട്ടുകൊണ്ട് ഭൂമിയെ ഒരു വട്ടം ചുറ്റി. ഒരു മനുഷ്യൻ ആദ്യമായി ബഹിരാകാശത്ത്, നക്ഷത്രങ്ങൾ പോലും വിസ്മയിച്ചു. 1968 ൽ വിമാനാപകടത്തിൽ കൊല്ലപ്പെടുംവരെ ഗഗാറിൻ റഷ്യയുടെ മാത്രമല്ല ലോകത്തിന്റെ തന്നെ ഹീറോയായിരുന്നു. ആകാശ വിസ്മയങ്ങൾ തേടിയുള്ള യാത്ര ഞങ്ങൾ തുടരുകയാണ്, നന്ദി ഗഗാറിൻ നന്ദി.

## കടൽക്കാക്കയുടെ ബഹിരാകാശ യാത്ര



1963 ജൂൺ 17, കറുത്ത കണ്ണുകളുള്ള ആ കടൽകാക്ക ബഹിരാകാശത്തേക്ക് പറന്നു. വാലന്റീന തെരഷ്ക്കോവ എന്ന റഷ്യൻ സുന്ദരിയുടെ കോഡുനാമമായിരുന്നു കടൽകാക്ക ( സീ ഗൾ). ബഹിരാകാശത്തെത്തിയ അവളുടെ ശബ്ദം കേട്ട റഷ്യൻ പ്രധാനമന്ത്രി ക്രൂഷ്ചേവ് ലോകത്തോടു പറഞ്ഞു അവൾ സോവിയറ്റ് മണ്ണിന്റെ ധീരപുത്രിയാണ്, ബഹിരാകാശത്തെത്തിയ പ്രഥമവനിത. വാലന്റീനയുടേത് ഒരു ഇരട്ടയാത്രയായിരുന്നു. വോസ്റ്റോക്ക് - 5 ൽ ബൈക്കോവ്സ്ക്കി എന്ന ബഹിരാകാശ യാത്രികനും ഭൂമിയെ വലംവച്ചു. പരുന്ത് (ഹാക്ക്) എന്ന കോഡ്നാമമുള്ള ബൈക്കോവ്സ്ക്കി വാലന്റീനയുമായി യാത്രയ്ക്കിടെ റേഡിയോബന്ധം പുലർത്തി. പിന്നെ ഭൂമിയിൽ വച്ചു കാണാമെന്ന വാഗ്ദാനത്തോടെ മടങ്ങി.



## ഭാരതം എത്ര സുന്ദരം



1984 ഏപ്രിൽ 3 പ്രഥമ ഇന്ത്യൻ ബഹിരാകാശ യാത്രികനായ രാകേഷ് ശർമ്മയും റഷ്യയുടെ സോയുസ് 11 ൽ ബഹിരാകാശത്തെത്തി. ബഹിരാകാശ യാത്രയ്ക്കിടെ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ശർമ്മയോടു ചോദിച്ചു - അവിടെ നിന്ന് ഭാരതം എങ്ങനെ കാണുന്നു? സാരെ ജഹാം സെ അച്ഛാ (ലോകത്ത് എല്ലാത്തിലെക്കാളും നല്ലത്) എന്നായിരുന്നു ഉത്തരം.

പ്രഥമ ചാന്ദ്രയാത്ര നടത്തിയ നീൽ ആംസ്ട്രോങ്, എഡ്വിൻ ആൾഡ്രിൻ - പ്രഥമ ബഹിരാകാശ നടപ്പ് നടത്തിയ അലക്സി ലിയോനോവ് പ്രഥമ സ്പേസ് ഷട്ടിൽ യാത്ര നടത്തിയ ജോൺയങ്, റോബർട്ട് കിപ്പൻ, ഇന്ത്യൻ വംശജരായ ബഹിരാകാശ യാത്രികർ - കൽപന ചൗള, സുനിതാ വില്യംസ് ഇങ്ങനെ ആകാശ സീമ താണ്ടിയവർ ഇനിയുമുണ്ട്. മനുഷ്യന് ആകാശം അതിരല്ല. അങ്ങകലെ നക്ഷത്രങ്ങൾ നമ്മെ വിളിക്കുകയാണ്...

# ആങ്ങ് സാൻ സൂകി



*ജൂൺ 19-ന് സൂ കി യുടെ ജന്മദിനമാണ്.*

സൂ കി എന്ന പേര് വായിച്ചിട്ട് ആളെ മനസ്സിലായോ? ഇല്ലെങ്കിൽ മുഴുവൻ പേര് പറയാം.

ആങ്ങ് സാൻ സൂ കി!

ആങ്ങ് സാൻ സൂ കി ഇപ്പോൾ എവിടെയുണ്ടെന്നറിയാമോ? മ്യാൻമാറിലെ വീട്ടുതടങ്കലിൽ.

ആകെ കുഴപ്പമായി. എവിടെയാണീ മ്യാൻമാർ? ഗ്ലോബ് എടുത്ത് നോക്കൂ. ഇന്ത്യയുടെ വടക്ക് കിഴക്കേ അതിർത്തിയോട് ചേർന്ന് ബംഗാൾ ഉൾക്കടലിന്റെ കിഴക്കേ തീരത്ത് ചൈനയ്ക്കും തായ്‌ലൻഡിനും ഇടയിലായി ഒരു കൊച്ചു രാജ്യം. അതാണ് മ്യാൻമാർ.

മുൻപ് ഈ രാജ്യത്തിന്റെ പേര് ബർമ എന്നായിരുന്നു. ആ പേരും നിങ്ങൾ കേട്ടിട്ടുണ്ടാവും.

1989-ലാണ് സൂ കി ആദ്യം തടവിലാകുന്നത്. എന്തിനാണെന്നല്ലേ? മ്യാൻമാറിൽ ഇപ്പോൾ പട്ടാള ഭരണമാണ്. അത് മാറണം. ജനാധിപത്യ ഭരണം വേണം. ഇതിനായി സമരം ചെയ്യുന്ന ഒരു പ്രസ്ഥാനമുണ്ട്. നാഷണൽ ലീഗ് ഫോർ ഡെമോക്രസി എന്നാണ് പേര്. അതിന്റെ ജനറൽ സെക്രട്ടറിയാണ് സൂ കി.

ആങ്ങ് സാൻ സൂ കിയുടെ കുടുംബകഥ കൂടി കേൾക്കൂ. പട്ടാളഭരണത്തിൻ കീഴിലാകുന്നതിന് മുമ്പ് ബർമ ഒരു ബ്രിട്ടീഷ് കോളനിയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ബർമയുടെ സ്വാതന്ത്ര്യത്തിന് പോരാടിയ ഒരു നേതാവുണ്ടായിരുന്നു.

പേര് : ആങ്ങ് സാൻ

അദ്ദേഹത്തിന് മൂന്ന് മക്കൾ.

രണ്ടാണും ഒരു പെണ്ണും. ഈ പെൺകുട്ടിയാണ് ആങ്ങ് സാൻ സൂ കി.

ആങ്ങ് സാനിന്റെ ഭാര്യ, സൂ

## പുതുവഴി തേടുന്നവർ

**സ്വന്തം ജീവിതവും പ്രവൃത്തികളും വഴി ലോക ഗതിയെ നിർണ്ണായകമായി സ്വാധീനിക്കുന്ന പല രെക്കുറിച്ചും നാം പാഠപുസ്തകങ്ങളിൽ പഠിക്കാറുണ്ട്. പക്ഷെ അറിയേണ്ട എല്ലാവരെക്കുറിച്ചും എല്ലാ വിശദാംശങ്ങളോ ടെയും ഒരു പക്ഷേ പഠിക്കാൻ കഴിയണമെന്നില്ല. അത്തരത്തിൽപ്പെട്ട കുറച്ചുപേരെ പരിചയപ്പെടു...**

**ജോജി കൂട്ടുമ്മേൽ**

കിയുടെ അമ്മയുടെ പേര് ഖിൻ കി എന്നും. ഇനിയുള്ള കഥയാണ് കേൾക്കേണ്ടത്.

1945 ജൂൺ 19-ന് ആങ്ങ് സാൻ സൂ കി ജനിച്ചു. 1947-ൽ ആങ്ങ് സാൻ കൊല്ലപ്പെട്ടു. അന്ന് സൂ കിക്ക് രണ്ടുവയസ്സ്. 1960-ൽ ഖിൻ കി, സൂ കിയുടെ അമ്മ ഇന്ത്യയിലെ ബർമീസ് അംബാസിഡറായി നിയമിക്ക പ്പെട്ടു. അമ്മയോടൊപ്പം സൂ കിയും ഇന്ത്യയിലെത്തി. കുറച്ചുകാലം ഇന്ത്യയിൽ വിദ്യാഭ്യാസം. പിന്നെ ഓക്സ്ഫോർഡിലേയ്ക്ക് പോയി. അവിടെ നിന്ന് ബി.എ. ബിരുദവും പി.എച്ച്.ഡി. യോഗ്യതയും നേടി. 1972-ൽ ബ്രിട്ടീഷ് ബുദ്ധിജീവിയായിരുന്ന മൈക്കിൾ ഏറീസിനെ വിവാഹം ചെയ്തു.

അവർക്ക് രണ്ട് മക്കളുണ്ടായി.

മൂത്തയാൾ അലക്സാണ്ടർ, രണ്ടാമൻ കിം.

“ഇതൊക്കെ എന്തിത്ര പറയാനിരിക്കുന്നു? ഇവയെല്ലാം സാധാരണ സംഭവങ്ങൾ മാത്രം”. എന്നൊക്കെയാവും ഇപ്പോൾ നിങ്ങൾ വിചാരിക്കുന്നത്.

1988-ൽ സൂ കി ബർമയിൽ തിരിച്ചെത്തി. ബർമ അപ്പോൾ പട്ടാള ഭരണത്തിലായിക്കഴിഞ്ഞിരുന്നു. അടുത്ത വർഷം പട്ടാള ഗവൺമെന്റ് രാജ്യത്തിന്റെ പേര് മ്യാൻമാർ എന്ന് മാറ്റി.

ഇനിയാണ് കഥ സംഭവ ബഹുലമാകുന്നത്. 1988 ആഗസ്റ്റ് 26-ന് അഞ്ചുലക്ഷം പേർ പങ്കെടുത്ത ഒരു റാലി നടന്നു. ബർമയിലെ യംഗൂണിൽ വച്ച്. അവർക്ക് ഒരു ആവശ്യമേ ഉണ്ടായിരുന്നുള്ളൂ.

“ബർമയിൽ ജനാധിപത്യഭരണം വേണം. ഈ റാലിയിൽ സൂ കി പ്രസംഗിച്ചു. അടുത്ത മാസം തന്നെ നാഷണൽ ലീഗ് ഫോർ ഡെമോക്രസി (എൻ.എൽ.ഡി) എന്ന സംഘടനയുണ്ടായി സൂ കി ജനറൽ സെക്രട്ടറിയുമായി.

ഫലമെന്താണെന്നോ?

പട്ടാള ഗവൺമെന്റ് സൂ കിയെ വീട്ടുതടങ്കലിലാക്കി.

പക്ഷേ ജനാധിപത്യത്തിന് വേണ്ടിയുള്ള മുറവിളി ഉയർന്നു. 1990-ൽ സർക്കാർ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.

തെരഞ്ഞെടുപ്പ് നടന്നു.

ഫലം പുറത്തുവന്നു.

എൻ.എൽ.ഡിക്ക് വൻ ഭൂരിപക്ഷം. സൂ.കി. പ്രധാനമന്ത്രിയാകും.

ഇല്ല. ആയില്ല. പട്ടാള ഭരണം തെരഞ്ഞെടുപ്പ് ഫലം അംഗീകരിച്ചില്ല. സൂ കിയെ മോചിപ്പിച്ചുമില്ല. 1995 വരെ സൂകി തടങ്കലിൽ തുടർന്നു. പിന്നെ അഞ്ചു വർഷക്കാലം പുറത്തുണ്ടായിരുന്നു. അക്കാലത്തും സമരം തുടർന്നു. 2000-ൽ വീണ്ടും അറസ്റ്റ്. 2002-ൽ മോചിപ്പിച്ചു. അടുത്ത വർഷം വീണ്ടും തടവിലാക്കി. പിന്നെ ഇതുവരെ പുറത്ത് വിട്ടിട്ടില്ല.

ജനങ്ങൾ പ്രധാനമന്ത്രിയായി തെരഞ്ഞെടുത്ത നേതാവ്, ഇപ്പോൾ 13 വർഷത്തെ ജയിൽ വാസം പൂർത്തിയാക്കിയിരിക്കുന്നു.

സൂകിയുടെ ഭർത്താവ് മൈക്കിൾ ഏറീസ് 1990-ൽ അർബുദ രോഗ ബാധിതനായി. അദ്ദേഹം അന്ന് ബ്രിട്ടനിലാണ്. അദ്ദേഹത്തിന് ഭാര്യയെ കാണണം. ബർമയിലേയ്ക്ക് വരാൻ അനുവാദം ചോദിച്ചു. സർക്കാർ അനുവദിച്ചില്ല.

ഭർത്താവിനെ ശുശ്രൂഷിക്കാൻ ബ്രിട്ടനിലേയ്ക്ക് പോകാൻ സൂ കി അനുവാദം ചോദിച്ചു.

സർക്കാർ പറഞ്ഞു.

“പോകാം. പക്ഷേ മടങ്ങി വരരുത്”. മനസ്സിലായില്ലേ? അതൊരു നാട് കടത്തലായിരിക്കും! സൂ കി പോയില്ല. അവർ സമരം തുടരുകയാണ്.

1999-ൽ ഏറീസ് മരിച്ചു. സൂ കിക്ക് പ്രിയതമനെ അവസാനമായി ഒരു നോക്ക് കാണാനായില്ല. 1988-ന് ശേഷം അവർ തമ്മിൽ കണ്ടിട്ടേയില്ല.

1991-ൽ സൂ കിയെ സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് തെരഞ്ഞെടുത്തിരുന്നു. കാരണം സൂ കിയുടേത് ഗാന്ധിയൻ സമരമാർഗമാണ്.

അക്രമമില്ല

ആയുധമില്ല

പക്ഷേ അവാർഡ് വാങ്ങാൻ സൂ കിയെ സർക്കാർ അനുവദിച്ചില്ല. മക്കൾ അലക്സാണ്ടറും കിമ്മും ചേർന്നാണ് അവാർഡ് വാങ്ങിയത്. ബർമയിൽ തിരികെ വന്നതിന് ശേഷം ഈ മക്കളേയും സൂ കിക്ക് കാണാൻ കഴിഞ്ഞിട്ടില്ല.

ഇപ്പോൾ ഈ അമ്പത്തിയഞ്ചാം വയസ്സിലും അവർ സഹന സമരം തുടരുന്നു. മ്യാൻമാർ ജനത അവരെ സ്നേഹപൂർവം സൂ കി മാമി എന്ന് വിളിക്കുന്നു.

വിവിധ ലോക രാഷ്ട്രങ്ങളും ഐക്യരാഷ്ട്രസഭയും പ്രമുഖ വ്യക്തികളും ഒക്കെ സൂ കിയെ മോചിപ്പിക്കാൻ മ്യാൻമാർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ സൂ കിയുടെ മേൽ പുതിയ കുറ്റങ്ങൾ ചുമത്തി തടങ്കൽ നീട്ടാനാണ് സർക്കാരിന്റെ ശ്രമം. ബർമ അടക്കം ലോകത്തെല്ലായിടത്തും ജനാധിപത്യവുംസാമൂഹിക നീതിയും പുലരുന്ന ഒരു കാലം വരുമെന്ന് നമുക്ക് പ്രത്യാശിക്കാം. ■

## കവിത

### മഴക്കാലം

മുറ്റം നിറയെ പെരുമഴവെള്ളം
മുട്ടോളം, കാൽമുട്ടോളം
വട്ടക്കണ്ണൻ തവളച്ചാരുടെ
തട്ടുപൊളി“പ്പേക്രോം” മേളം
മുട്ടനഴിക്കൂടകമേ വെള്ളം
പട്ടിക്കുട്ടൻ സിറ്റൗട്ടിൽ
ചപ്പും ചവറുമൊഴുക്കിപ്പെരുമഴ
ചുറ്റും നല്ല വെടിപ്പാക്കി
കൊക്കരപാടിയുണർത്തും പൂവനെ
യിക്കര കാണ്മാനേയില്ല!
ചട്ടിച്ചെടികൾ തെളിനീർതന്നിൽ
പത്തികൾ താഴ്ത്തി മയങ്ങുന്നു
നട്ടുവളർത്തിയ നാടൻ ചെടികൾ
ഒട്ടു നിവർന്നു ചിരിയ്ക്കുന്നു
വറ്റിവരണ്ടൊരു പാടോം തോടും
അപ്പടി വെള്ളം കടൽ പോലെ
കൊറ്റിക“ളൂത്ത*” പിടിയ്ക്കാനൊപ്പം
കുട്ടിപ്പടയും ചൂണ്ടയുമായ്!
കെട്ടിയൊരുക്കിയ ചങ്ങാടത്തിൽ
തിത്തിത്താരോ തുഴയുന്നു
പത്രത്താളു മുറിച്ചുമടക്കി
പ്പത്തേമാരികളുണ്ടാക്കി
മുറ്റത്തേക്കു വിടാനേയച്ഛൻ
കുട്ടനുസമ്മതമരുളൂട്ടോ
കൊച്ചായ്പ്പോയ് ഞാൻ കളരിപ്രായം
പത്തിലെയേട്ടന്നെന്തു ഗമ!

* ഊത്തമീൻ മഴക്കാലത്തുമാത്രം കാണപ്പെടുന്നത്

**എഴുമാവിൽ രവീന്ദ്രനാഥ്**

# ആദിവാസി ക്ഷേമത്തിന് ഗിരിസേവ പദ്ധതി

**തൃശൂർ** ജില്ലയിലെ പട്ടികവർഗ ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കാനും വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ ഫലങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഗുണഭോക്താക്കൾക്കെത്തിക്കാനും ഗിരിസേവ പദ്ധതി ആരംഭിച്ചു. ജില്ലാകളക്ടർ ഡോ.വി.കെ. ബേബി വിഭാവനം ചെയ്ത ഗിരിസേവ ജില്ലയിലെ ആദിവാസി സങ്കേതങ്ങളുടെ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്. മാസത്തിൽ ഒരു ദിവസം ജില്ലാകളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഒരു പട്ടികവർഗ കോളനി സന്ദർശിച്ച് അടിസ്ഥാന പ്രശ്നങ്ങൾ അവിടെവെച്ചു പരിഹരിക്കും. ദീർഘകാല പദ്ധതികൾ ആവശ്യമെങ്കിൽ അവ സമയബന്ധിതമായി തയ്യാറാക്കുകയും ചെയ്യും.

ഗിരിസേവയിലെ ആദ്യസന്ദർശനം വാഴച്ചാൽ പൊകലപ്പാറ കോളനികളിൽ നടന്നപ്പോൾ കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ പരാധീനതകൾ എന്നിവക്കും പരിഹാരമായി.

തലപ്പിള്ളി താലൂക്കിൽ കടങ്ങോട് പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട നായാടി സമുദായക്കാർ താമസിക്കുന്ന കോളനി പുനർനിർമിക്കുന്നതിന് ജില്ലാ കളക്ടർ മുൻകൈയെടുത്തതും ജില്ലയിലെ ദുർബല വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള നടപടികളിൽ ശ്രദ്ധേയമായി. ഉറി വിറ്റു ജീവിക്കുന്ന നായാടി വിഭാഗത്തിൽപ്പെട്ട 40 പേരാണ് കോളനിയിലു



ഗിരിസേവ പദ്ധതി പ്രകാരം ജില്ലാ കളക്ടർ ഡോ.വി. കെ. ബേബി ആദിവാസി കോളനികൾ സന്ദർശിക്കുന്നു.

ള്ളത്. ജീർണാവസ്ഥയിലായ വീടുകളുടെ ശോച്യാവസ്ഥ ബോധ്യപ്പെട്ട കളക്ടർ ലക്ഷംവീട് പുനരുദ്ധാരണ ലോട്ടറിയുടെ കമ്മീഷൻ വിനിയോഗിച്ചാണ് വീടുകൾ പുതുക്കിപ്പണിയാൻ തീരുമാനിച്ചത്. ഈ ലോട്ടറിയിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടിക്കറ്റ് വിറ്റത് തൃശൂർ ജില്ലയിലാണ്. കളക്ടറേറ്റിലൂടെ വിൽപ്പന നടത്തിയ ടിക്കറ്റുകളുടെയും ഒന്നാംസമ്മാനം ലഭിച്ച ടിക്കറ്റിന്റെയും കളക്ടർക്ക് ലഭിച്ച കമ്മീഷൻ ജീവകാരുണ്യപ്രവർത്തനത്തിനുവിനിയോഗിച്ച് തൃശൂർ മാതൃകയായി. ഈ സദുദ്യമം സംസ്ഥാനത്തിന് മുഴുവൻ മാതൃകയാണെന്ന് കോളനി പുനർനിർമാണത്തിന് തറക്കല്ലിട്ടുകൊണ്ട് റവന്യൂമന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു.

അത്യാവശ്യ സൗകര്യങ്ങളുള്ള വീടുകളും അനുബന്ധ സൗകര്യങ്ങളുമടക്കം 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ജില്ലാ നിർമിതി കേന്ദ്രം നടപ്പു സാമ്പത്തികവർഷം തന്നെ പണി പൂർത്തിയാക്കും.

**വി.കെ. ഷറഫുദ്ദീൻ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശൂർ.



ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നിർമ്മിച്ച നടപ്പാത

# വയനാടൻ മികവിന് ദേശീയതലത്തിൽ അംഗീകാരം

**ഒരു** സാമ്പത്തിക വർഷം മൂന്നു കോടിയിലേറെ രൂപ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവഴിച്ച് വയനാട് ജില്ലയിലെ രണ്ടു ഗ്രാമ പഞ്ചായത്തുകൾ ദേശീയ തലത്തിൽ റിക്കാർഡ് നേടി. 2008-09 സാമ്പത്തിക വർഷം മൂന്നു കോടി 11 ലക്ഷം രൂപ ചെലവഴിച്ച എടവക ഗ്രാമപഞ്ചായത്തും മൂന്ന് കോടി നാല് ലക്ഷം രൂപ ചെലവഴിച്ച പൂതാടി ഗ്രാമപഞ്ചായത്തുമാണ് ദേശീയ അംഗീകാരം നേടിയത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇക്കഴിഞ്ഞ സാമ്പത്തിക വർഷം (2008-09) വയനാട് ജില്ലയിൽ 42 കോടി 44 ലക്ഷം രൂപ ചെലവഴിച്ചു.

# നെടുമ്പാശേരിക്ക് വികസന പാതയൊരുക്കി കാർഗോസെന്റർ

**കേരളത്തിന്റെ** കാർഷിക- ഭക്ഷ്യോത്പാദന വാണിജ്യരംഗത്ത് വൻ പുരോഗതിക്കുള്ള പാതയൊരുക്കിക്കൊണ്ട് നെടുമ്പാശേരി പെരിഷബിൾ കാർഗോ സെന്റർ പ്രവർത്തനസജ്ജമായി. പഴങ്ങളും പച്ചക്കറികളും മത്സ്യവിഭവങ്ങളുമെല്ലാം കേടുകൂടാതെ സംരക്ഷിച്ച് സൂക്ഷിച്ച് കയറ്റുമതി ചെയ്യാനുള്ള അത്യാധുനിക സംവിധാനമാണിത്. രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഏറ്റവും മികച്ച വിമാനത്താവളങ്ങളിൽ ഒന്നാംകിടയിലാണിന്ന് നെടുമ്പാശ്ശേരി വിമാനത്താവളം. 2009 ഫെബ്രുവരിയിലാണ് പെരിഷബിൾ കാർഗോ സെന്റർ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം




നെടുമ്പാശ്ശേരി പെരിഷബിൾ ക
വി. എസ്. അച്യുതാനന്ദൻ നി

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ വർഷം ചെലവഴിച്ച തുക ചുവടെ. മാനന്തവാടി ഗ്രാമപഞ്ചായത്ത് - 2.90 കോടി, തവിഞ്ഞാൽ 2.85 കോടി, നെന്മേനി 2.08 കോടി, പൊഴുതന രണ്ടു കോടി അമ്പലവയൽ- 1.84 കോടി, മൂപ്പൈനാട്- 1.82 കോടി, മേപ്പാടി- 1.65 കോടി, തൊണ്ടർനാട്- 1.64 കോടി, പുൽപ്പള്ളി- 1.57 കോടി, കോട്ടത്തറ-1.56 കോടി, കണിയാമ്പറ്റ- 1.49 കോടി, വെള്ളമുണ്ട- 1.44 കോടി, പനമരം- 1.40 കോടി, പടിഞ്ഞാറത്തറ- 1.35കോടി, മീനങ്ങാടി- 1.34 കോടി, തരിയോട് - 1.27 കോടി, മുളളൻകൊല്ലി 1.24 കോടി, സുൽത്താൻ ബത്തേരി 1.16 കോടി, നൂൽപ്പുഴ- 1.15 കോടി, മുട്ടിൽ- 1.12 കോടി, വൈത്തിരി - 1.06 കോടി, തിരുനെല്ലി - 1.01 കോടി, വെങ്ങപ്പള്ളി- 0.89 ലക്ഷം.



ജനസംഖ്യാടിസ്ഥാനത്തിൽ ജില്ലയിലെ ഏറ്റവും ചെറിയ ഗ്രാമപഞ്ചായത്തായ വെങ്ങപ്പള്ളി 89 ലക്ഷം ചെലവഴിച്ചുകൊണ്ട് നല്ല മുന്നേറ്റമാണ് കാഴ്ചവെച്ചിട്ടുള്ളത്. വയനാട്ടിലെ മിക്ക ഗ്രാമപഞ്ചായത്തുകളും പ്ലാൻ ഫണ്ടിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചുകഴിഞ്ഞു.തൊഴിലുറപ്പ് പദ്ധതി ചെറുകിട പരിമിത കർഷകരുടെ കൃഷിയിടത്തിലേക്ക് വ്യാപിപ്പിച്ചതും കേരളത്തിൽ വയനാട്ടിൽ മാത്രമാണ്. ഇതിന്റെ ഭാഗമായി ഒട്ടേറെ നീർത്തടാധിഷ്ഠിത വികസന പരിപാടികൾ ചെറുകിട നാമമാത്ര കർഷകരുടെ കൃഷി ഭൂമിയിൽ നടത്തുവാൻ കഴിഞ്ഞു. തരിശായി കിടന്ന നെൽപ്പാടങ്ങൾ വീണ്ടും കൃഷിയിറക്കുന്നതിന് വയലുകളാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളും നടന്നത് വയനാട്ടിൽ മാത്രമാണ്. ഇക്കാര്യങ്ങൾ പഠിക്കുന്നതിന് സംസ്ഥാനത്തെ 585 ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും കിലയുടെ നേതൃത്വത്തിൽ ജില്ല സന്ദർശിച്ചിരുന്നു. തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി കാട്ടു തീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നതും വയനാട്ടിലാണ്.

**എം.എ. വിൻസെന്റ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട്.

---

ചെയ്തത്. യാത്രാസൗകര്യത്തോടൊപ്പം നാടിന്റെ സമഗ്രവികസനത്തിനുംകൂടി ഉപയോഗപ്പെടുത്താൻ പാകത്തിൽ വിമാനത്താവളത്തെ സുസജ്ജമാക്കാനാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പ്രതിവർഷം കാൽലക്ഷം ടൺ വിഭവങ്ങൾ സംഭരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യമാണിവിടെയുള്ളത്. വിളവെടുക്കുമ്പോഴുള്ള അതേ അവസ്ഥ നിലനിർത്തിക്കൊണ്ട് പഴങ്ങളും പച്ചക്കറികളുമെല്ലാം ഗൾഫിലും അമേരിക്കയിലും യൂറോപ്പിലുമെല്ലാം എത്തിക്കുക, കടലിൽനിന്നും ഉൾനാടൻ ജലാശയങ്ങളിൽനിന്നും പിടിക്കുന്ന മത്സ്യം കേടുകൂടാതെ ഗൾഫിലും അമേരിക്കയിലും യൂറോപ്പിലുമെല്ലാം എത്തിക്കുക എന്നീ കാര്യങ്ങൾ പെരിഷബിൾ കാർഗോ സെന്ററിലൂടെ സഫലമാകും. പെരിഷബിൾ കാർഗോ സെന്റർ പ്രവർത്തനസജ്ജമാകുന്നതോടെ കാർഷിക-മീൻപിടുത്ത മേഖലയുടെ വികസനവും സാധ്യമാകും. പാകം ചെയ്ത ഭക്ഷണസാധനങ്ങളും കയറ്റി അയക്കാനും ഈ പുതിയ സംവിധാനം സഹായകമാകും.



കാർഗോ സെന്ററിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ർവഹിക്കുന്നു

നെടുമ്പാശ്ശേരി വിമാനത്താവളവും വമ്പിച്ച വികസനത്തിന്റെ പാതയിലാണ്. സിയാൽ ഡയറക്ടർ ബോർഡ് യോഗം ഭാവി പരിപാടികളുടെ രൂപരേഖ അംഗീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം അതിവിപുലമായ ട്രേഡ് ഫെയർ കം എക്സിബിഷൻ സെന്ററാണ്. ഇരുപത് കോടി രൂപ ചെലവിലാണിത് നിർമ്മിക്കുന്നത്. അത്യാധുനിക സജ്ജീകരണങ്ങളുള്ള ആശുപത്രിയും ഹോട്ടലും വിമാനത്താവളത്തോടനുബന്ധിച്ച് ആരംഭിക്കുന്നതിന് നടപടിയെടുക്കും. വ്യോമയാന രംഗത്ത് എല്ലാവിധ സഹായങ്ങളും നൽകാൻ കഴിയുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസൾട്ടൻസി സർവീസ് ആരം ഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് തുടങ്ങുന്നതിനും നടപടി ആരംഭിച്ചിരിക്കുകയാണ്.

**പി. വിനോദ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
എറണാകുളം

---

# മലവേട്ടുവർക്ക് കെയറിന്റെ അഭയം

**കാസർകോട്** ജില്ലയിലെ ബളാൽ പഞ്ചായത്തിൽ വാഴത്തട്ട്, മുട്ടോംകടവ് കോളനികളിൽ ആദിവാസികൾക്കായി നിർമ്മിക്കുന്ന അഭയം ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചു. കെയറിന്റെ (കാസർകോട് അസോസിയേഷൻ ഫോർ റെസ്പോൺസ് ഓൺ എമർജൻസി) ആഭിമുഖ്യത്തിൽ മലവേട്ടുവ വിഭാഗങ്ങൾക്കായി നിർമ്മിക്കുന്ന 25 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ശിലാസ്ഥാപനം പി. കരുണാകരൻ എം.പി. നിർവഹിച്ചു.

പട്ടികവർഗ വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കെയറിന്റെ കീഴിലുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് വീടുകൾ നിർമ്മിക്കുന്നത്. ഓലഷെഡ്ഡുകളിലും തകർച്ചയുടെ വക്കിലെത്തിയ വീടുകളിലും കഴിയുന്നവർക്ക് മുൻഗണന ക്രമത്തിലാണ് കെയർ പ്രവർത്ത



**നിർമ്മാണപ്രവർത്തനങ്ങളുടെ ശിലാസ്ഥാപനം പി. കരുണാകരൻ എം.പി. നിർവഹിക്കുന്നു.**

കരുടെ മേൽനോട്ടത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെയും ബളാൽ ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ വീടുകൾ പണിയുന്നത്.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എ.ടി. ജെയിംസ് മുഖ്യ അതിഥിയായിരുന്നു.

**കെ.അബ്ദുൾ റഹിമാൻ,**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
കാസർകോട്.

## ഇടവേള കൂടിയ റബ്ബർ ടാപ്പിങ്ങിന് പ്രചാരണപരിപാടി

ഇടവേള കൂടിയ ടാപ്പിങ് രീതികളെക്കുറിച്ച് റബ്ബർബോർഡ് ജൂൺ എട്ട് മുതൽ 24 വരെ തീവ്രപ്രചാരണപരിപാടി നടത്തും. ഉത്പാദനകാലം ദീർഘിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. റബ്ബർ ഉത്പാദക സംഘങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി നടത്തുന്നത്. കേരളം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന നാലായിരം യോഗങ്ങളിലായി ഒരുലക്ഷത്തോളം കർഷകരെ നേരിട്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താനാണ് തീവ്രപ്രചാരണ പരിപാടി ഉദ്ദേശിക്കുന്നത്. അശാസ്ത്രീയ വിളവെടുപ്പ് റബ്ബർ കൃഷിയുടെ ഉത്പാദനക്ഷമത കുറയ്ക്കുകയും പട്ടമരപ്പ് കൂട്ടുകയും ചെയ്യുന്നു. ഇടവേള കൂടിയ ടാപ്പിങ് വഴി മരങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുകയും ഉത്പാദനകാലം ദീർഘിപ്പിക്കുകയും ചെയ്യാം.

## പെൻഷൻ പ്രായം ഏകീകരണം

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം ഏകീകരിച്ച ഉത്തരവ് പൊതുമേഖലാ, സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാല, സംസ്ഥാന സർക്കാരിനുകീഴിലുള്ള ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കി ഉത്തരവായി. സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം വാങ്ങുന്ന എല്ലാ എയിഡഡ് സ്കൂൾ, കോളേജ്, സാങ്കേതിക ആരോഗ്യ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും ഉത്തരവ് ബാധകമാണ്.പേ റിവിഷൻ, ഡി.എ റിവിഷൻ, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്,പ്രമോഷൻ ലീവ്, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങളെല്ലാം നീട്ടിക്കിട്ടിയ സർവ്വീസ് കാലയളവിൽ ലഭിക്കും. സ്വയം ഭരണ സ്ഥാപനങ്ങളിൽ അതാത് ഗവേണിംഗ് ബോഡികളുടെ തീരുമാനത്തിനു വിധേയമായിട്ടായിരിക്കും ഏകീകരണ ഉത്തരവ് നടപ്പിലാക്കുക. പെൻഷൻ പ്രായം അൻപത്തി അഞ്ചായിട്ടുള്ള ജീവനക്കാർക്കു മാത്രമാണ് സാമ്പത്തിക വർഷാവസാനം വരെ സർവ്വീസ് നീട്ടിക്കിട്ടുക. പെൻഷൻ പ്രായം ഏകീകരണം സംബന്ധിച്ച് അതാത്‌വകുപ്പുകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തുന്നതാണ്.

## ഹയർ സെക്കൻഡറി നിർദ്ദേശം ഭേദഗതി ചെയ്തു

2009-10 വർഷം ഹയർ സെക്കൻഡറി സ്കൂൾ മാറ്റവും പുനർപ്രവേശനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ സർക്കാർ ഭേദഗതി വരുത്തി. ഒന്നാം വർഷ പ്രവേശന നടപടികൾ പൂർത്തിയായെന്ന ഔദ്യോഗിക പ്രഖ്യാപനത്തിന് ശേഷം 15 ദിവസങ്ങൾക്കുള്ളിൽ മാത്രമേ ഒന്നാം വർഷത്തേക്കുള്ള സ്കൂൾ മാറ്റ അപേക്ഷകൾ അനുവദിക്കാവൂ. രണ്ടാം വർഷത്തേക്കുള്ള സ്കൂൾ മാറ്റ അപേക്ഷകൾ സ്കൂൾ തുറന്ന് 30 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണം. രണ്ടാം ഭാഷയിലും സബ്ജക്ട് കോമ്പിനേഷനിലും മാറ്റമില്ലാത്ത ഒന്ന്, രണ്ട് വർഷ സ്റ്റേറ്റ് സിലബസ് കുട്ടികളുടെ സ്കൂൾ മാറ്റം പരിഗണിച്ച് ഒഴിവുണ്ടെങ്കിൽ പ്രവേശനം നൽകാനുള്ള അധികാരം അതാത് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും.

## ബാലവേല തൊഴിലുടമയിൽ നിന്നും പിഴ ഈടാക്കാൻ മാർഗനിർദ്ദേശം

അപകടകരമായ തൊഴിലുകളിൽ ഏർപ്പെടുന്നതായി കണ്ടെത്തുന്ന ബാലതൊഴിലാളികളുടെ ഉടമയിൽ നിന്നും 20,000 രൂപ പിഴ ഈടാക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് മാർഗനിർദ്ദേശം പുറപ്പെടുവിച്ചു. പരിശോധനാ വേളയിൽ പ്രായം സംബന്ധിച്ച് സംശയം ഉണ്ടെങ്കിൽ ഫോം സിയിൽ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് നൽകണം. സാക്ഷിയായി തൊഴിലുടമയുടെ പ്രതിനിധിയുടെ ഒപ്പും വിലാസവും രേഖപ്പെടുത്തണം. ബാലതൊഴിലാളികളെ കണ്ടെത്തിയാലുടൻ തൊഴിലുടമക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകും. 48 മണിക്കൂറിനകം തുക അടക്കാത്ത തൊഴിലുടമക്കെതിരെ റവന്യൂ റിക്കവറി നടപടിയെടുക്കാനും നിർദ്ദേശമുണ്ട്.

## ഐ.ടി പാർക്കുകൾക്ക് മാർഗനിർദ്ദേശമായി

സംസ്ഥാനത്തെ സ്വകാര്യ ഐ.ടി പാർക്കുകൾക്കുള്ള മാർഗനിർദ്ദേശങ്ങളായി മന്ത്രിസഭ. ഇതനുസരിച്ച് ഐ.ടി പാർക്കിന് 50 സെന്റ് സ്ഥലവും 30,000 ചതുരശ്ര അടി ഐ.ടി കെട്ടിടവും വേണം. കെട്ടിടത്തിന്റെ 70 ശതമാനം ഐ.ടി വ്യവസായത്തിന് മാറ്റിവയ്ക്കണം. അനുമതി ലഭിച്ച് ആറുമാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും മൂന്ന് വർഷത്തിനകം പൂർത്തീകരിക്കുകയും ചെയ്യണം. ഓരോ 500 ചതുരശ്ര അടി കെട്ടിടത്തിനും ഒരു കാർപാർക്കിങ് സംവിധാനവും ചതുരശ്ര അടിക്ക് 10 വാട്ട് വൈദ്യുതിയും മാലിന്യ സംസ്ക്കരണ സംവിധാനവും വേണ്ടതുണ്ട്. വസ്തുവിന്റെ നിയമപരമായ ഉടമസ്ഥാവകാശം പ്രമോട്ടർക്കായിരിക്കും.

## കടാശ്വാസപദ്ധതി: തീയതി നീട്ടി

2008-ലെ കേന്ദ്രകാർഷിക കടാശ്വാസപദ്ധതിയുടെ കീഴിൽ ആനുകൂല്യം നിഷേധിക്കപ്പെട്ട കർഷകർക്ക് ജൂലൈ 31 വരെ പരാതി നൽകാം. പരാതിയുള്ളവർ അപേക്ഷ നൽകി ആനുകൂല്യത്തിനുള്ള അർഹത ഉറപ്പുവരുത്തണം. ആനുകൂല്യത്തിന് അർഹതയില്ലെന്ന് കണ്ടെത്തിയ അപേക്ഷകൾ തർക്ക പരിഹാര ഉദ്യോഗസ്ഥൻ പുനഃപരിശോധന നടത്തും. അപേക്ഷ നിരസിക്കുവാനുള്ള കാരണം അപേക്ഷകന് നൽകുകയും ചെയ്യും. ആനുകൂല്യത്തിനർഹതയുള്ളവരുടെ പട്ടിക സംഘം/ബാങ്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

## പട്ടികവർഗ കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി

പട്ടികവർഗ കുടുംബങ്ങളുടെ അന്തിമലിസ്റ്റ് പൂർത്തിയായിട്ടില്ലാത്തതിനാൽ ജാതി സർട്ടിഫിക്കറ്റിന്റെയോ, കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെ എസ്.എസ്.എൽ.സി ബുക്കിൽ ജാതി രേഖപ്പെടുത്തിയിട്ടുള്ളതിന്റെയോ അടിസ്ഥാനത്തിൽ പട്ടികവർഗ കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ റേഷനരി വിതരണം നടത്താൻ സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചു.

## ജില്ലാ സമിതി രൂപീകരിക്കും

ശാരീരികവും ബുദ്ധിപരവുമായ വൈകല്യമുള്ള (അന്ധർ, ബധിരർ, മാനസിക രോഗങ്ങൾ)വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിന് ജില്ലാ സമിതി രൂപീകരിക്കാൻ നിർദ്ദേശിച്ച് സർക്കാർ ഉത്തരവിറക്കി. ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) നിർദ്ദേശിക്കുന്ന ഒരു ഡോക്ടർ സയൻസ് വിഭാഗത്തിൽ പെട്ട ഒരു സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലും അധ്യാപകനും ഐ.ഇ.ഡി.സി റിസോഴ്സ് ടീച്ചർ (ജില്ലാ പഞ്ചായത്ത് /ഡയറ്റ് മുഖാന്തിരം) എന്നിവരാണ് സമിതി അംഗങ്ങൾ. സമിതിയുടെ നടപടികൾ ഏകീകരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട മേഖലാ (ഹയർ സെക്കണ്ടറി) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കായിരിക്കും.

## വോട്ടർപട്ടിക : പരാതി പരിഹാര സെൽ പ്രവർത്തനമാരംഭിച്ചു

ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കായി തയ്യാറാക്കിയിട്ടുള്ള വോട്ടർ പട്ടികയെ സംബന്ധിച്ച് ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയത്തിൽ പ്രത്യേക സെൽ പ്രവർത്തനമാരംഭിച്ചു. ജൂൺ 15 വരെ പരാതികൾ സ്വീകരിക്കും. പരാതികൾ നേരിട്ടോ, തപാൽ മുഖേനയോ, ഫാക്സ് മുഖേനയോ ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. പേര്, മേൽവിലാസം, നിയമസഭാ മണ്ഡലത്തിന്റെ പേര്, തിരിച്ചറിയൽ കാർഡ് നമ്പർ (പൂർണ്ണമായി), തിരിച്ചറിയൽ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം, താമസസ്ഥലം മാറിയിട്ടുണ്ടെങ്കിൽ ഇപ്പോഴത്തെ മേൽവിലാസം എന്നിവ പരാതിയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. തിരിച്ചറിയൽ കാർഡിന്റെ പകർപ്പുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം. പരാതി അയയ്ക്കേണ്ട വിലാസം : പരാതി പരിഹാര സെൽ, ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയം, നിയമസഭാ കോംപ്ലക്സ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം ഫാക്സ് നം: 0471-2307168, 2309334.

# പരസ്പരം

**വനപ്രദേശത്തുനിന്നും ബയോളജിക്കൽ മെറ്റീരിയലുകൾ ശേഖരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്തെല്ലാമാണ്?**

**ആർ രാജീവ്**, കരുനാഗപ്പള്ളി

വന്യമൃഗസംരക്ഷണകേന്ദ്രങ്ങൾ, ദേശീയോദ്യാനങ്ങൾ, മറ്റ് സംരക്ഷിത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശാസ്ത്രപരീക്ഷണങ്ങൾക്കുവേണ്ടി സ്പെസിമെനുകൾ ശേഖരിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുവാദം വാങ്ങണം. എന്നാൽ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് വനത്തിന്റെയും വന്യജീവികളുടെയും മെച്ചപ്പെടുത്തൽ ലക്ഷ്യമിട്ടുകൊണ്ടുള്ള പഠനങ്ങൾക്കുവേണ്ടിയാണെങ്കിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുവാദം മതിയാകും. സർക്കാരംഗീകാരമുള്ള സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്രസ്ഥാപനങ്ങൾ എന്നിവയുടെ ഗവേഷണാവശ്യങ്ങൾക്കുമാത്രമാണ് അനുവാദം നൽകുന്നത്. പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, കോ-ഇൻവെസ്റ്റിഗേറ്റർ, ഏറ്റവും ചുരുങ്ങിയ അസിസ്റ്റന്റുമാർ എന്നിവരെ മാത്രമേ വനത്തിനുള്ളിൽ ഗവേഷണാവശ്യത്തിനായി പ്രവേശിപ്പിക്കൂ.

**കേരള വനിതാക്കമ്മീഷൻ ഡി.എൻ.എ പരിശോധന നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുമോ?**

**കെ.ഷീബ**, കാട്ടാക്കട

പിതൃത്വവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിന് ഡി.എൻ.എ ടെസ്റ്റ് നടത്താൻ സാമ്പത്തിക പ്രയാസം കാരണം പലർക്കും കഴിയാറില്ല. വനിതാ കമ്മീഷൻ മുമ്പാകെ വരുന്ന കേസുകളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും, പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കും കമ്മീഷന്റെ സ്വന്തം ചെലവിൽ ഡി.എൻ.എ ടെസ്റ്റ് നടത്തിക്കൊടുക്കും. ഒരു ടെസ്റ്റിന് 20,000/- രൂപ നിരക്കിൽ തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയാണ് ടെസ്റ്റ് നടത്തുന്നത്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർ തഹസിൽദാരിൽ നിന്നും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ തഹസീൽദാർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം.

**ഗാർഹികപീഡന നിരോധന നിയമപ്രകാരം കേസ് നൽകുന്നതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്?**

**എസ്.ശാലിനി**, എറണാകുളം

ഗാർഹിക പീഡനനിയമപ്രകാരം സ്ത്രീകൾക്ക് മാത്രമേ പരാതി ഫയൽ ചെയ്യാൻ കഴിയൂ. ഗാർഹികപീഡനം നേരിട്ടാൽ പ്രായപൂർത്തിയായ പുരുഷനെതിരെയും കാരണക്കാരായ അയാളുടെ ബന്ധുക്കൾക്കെതിരെയും (ഉദാ: ഭർതൃമാതാവ്) പരാതി നൽകാം. പൊലീസ് ഓഫീസർ, പ്രൊട്ടക്ഷൻ ഓഫീസർ, ജുഡീഷ്യൽ മജിസ്ട്രേട്ട്, മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് എന്നിവർക്ക് ഇത് സംബന്ധിച്ച് പരാതി നൽകാം. പ്രൊട്ടക്ഷൻ ഓഫീസർക്ക് ടെലിഫോൺ മുഖാന്തിരമോ മുറ്റുള്ളവർക്ക് രേഖാമൂലമോ പരാതി നൽകണം.

ഗാർഹികപീഡനം നടക്കുമ്പോഴോ, നടന്നതിനുശേഷമോ, ഗാർഹികാതിക്രമങ്ങൾ നടക്കാനിടയുണ്ടെന്ന് സംശയിക്കുന്ന സാഹചര്യത്തിലോ പരാതി നൽകാവുന്നതാണ്. ഗാർഹികപീഡനം നടക്കുന്നുവെന്ന വിവരം ലഭിക്കുന്ന ആർക്കും ഇത് സംബന്ധിച്ച പരാതി നൽകാവുന്നതാണ്.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001* ***വിലാസത്തിൽ അയയ്ക്കുക.***

## കേരളത്തിലെ ലോക്സഭാംഗങ്ങൾ


**പി. കരുണാകരൻ**
കാസർഗോഡ്


**കെ. സുധാകരൻ**
കണ്ണൂർ


**മുല്ലപ്പള്ളി രാമചന്ദ്രൻ**
വടകര


**എം. ഐ. ഷാനവാസ്**
വയനാട്


**എം. കെ. രാഘവൻ**
കോഴിക്കോട്


**ഇ. ടി. മുഹമ്മദ് ബഷീർ**
പൊന്നാനി


**ഇ. അഹമ്മദ്**
മലപ്പുറം


**എം. ബി. രാജേഷ്**
പാലക്കാട്


**പി. കെ. ബിജു**
ആലത്തൂർ


**പി. ടി. തോമസ്**
ഇടുക്കി


**പി. സി. ചാക്കോ**
തൃശ്ശൂർ


**കെ. പി. ധനപാലൻ**
ചാലക്കുടി


**കെ.വി. തോമസ്**
എറണാകുളം


**ജോസ്. കെ. മാണി**
കോട്ടയം


**കെ. സി. വേണു ഗോപാൽ**
ആലപ്പുഴ


**കൊടിക്കുന്നിൽ സുരേഷ്**
മാവേലിക്കര


**ആന്റോ ആന്റണി**
പത്തനംതിട്ട


**എൻ. പീതാംബര കുറുപ്പ്**
കൊല്ലം


**എ. സമ്പത്ത്**
ആറ്റിങ്ങൽ


**ശശി തരൂർ**
തിരുവനന്ത പുരം

## പ്രധാനമന്ത്രിയും കേന്ദ്ര ക്യാബിനറ്റ് മന്ത്രിമാരും

| | |
|---|---|
| **പ്രധാനമന്ത്രി** | - മൻമോഹൻ സിങ്ങ് |
| **ആഭ്യന്തരം** | - പി.ചിദംബരം |
| **ധനകാര്യം** | - പ്രണബ് മുഖർജി |
| **വിദേശകാര്യം** | - എസ്. എം. കൃഷ്ണ |
| **കൃഷി** | - ശരദ് പവാർ |
| **റെയിൽവേ** | - മമതാ ബാനർജി |
| **പ്രതിരോധം** | - എ. കെ. ആന്റണി |
| **ഘനവ്യവസായം, പൊതുസംരംഭം** | - വിലാസ് റാവു ദേശ്മുഖ് |
| **ഉരുക്ക്** | - വീരഭദ്ര സിങ് |
| **തൊഴിൽ** | - മല്ലികാർജ്ജുന ഖാർഗെ |
| **സാമൂഹ്യനീതി** | - മുകുൾ വാസ്നിക് |
| **കായികം** | - എം. എസ്. ഗിൽ |
| **ടൂറിസം** | - കുമാരി ഷെൽജ |
| **ഭക്ഷ്യസംസ്കരണം** | - സുബോദ് കാന്ത് സഹായി |
| **ഷിപ്പിങ്** | - ജി. കെ. വാസൻ |
| **പാർലമെന്ററി കാര്യം** | - പവൻകുമാർ ബൻസൽ |
| **ആദിവാസിക്ഷേമം** | - കാന്തിലാൽ ഭൂരിയ |
| **രാസവളം** | - എം. കെ. അഴഗിരി |
| **ടെക്സ്റ്റയിൽസ്** | - ദയാനിധി മാരൻ |
| **ഐ ടി** | - എ. രാജ |
| **പാരമ്പര്യേതര ഊർജ്ജം** | - ഫാറൂഖ് അബ്ദുള്ള |
| **നിയമം** | - വീരപ്പ മൊയ്ലി |
| **വാണിജ്യം, വ്യവസായം** | - ആനന്ദ് ശർമ്മ |
| **വാർത്താവിതരണം** | - അംബികാ സോണി |
| **മാനവശേഷി വികസനം** | - കപിൽ സിബൽ |
| **പ്രവാസികാര്യം** | - വയലാർ രവി |
| **നഗരവികസനം** | - ജയ്പാൽ റെഡ്ഡി |
| **ഗ്രാമവികസനം** | - സി. പി. ജോഷി |
| **ഖനി** | - ബി. കെ. ഹൻഡിക് |
| **പെട്രോളിയം** | - മുരളി ദേവ്റ |
| **ഗതാഗതം, റോഡ്** | - കമൽനാഥ് |
| **ആരോഗ്യം, കുടുംബക്ഷേമം** | - ഗുലാം നബി ആസാദ് |
| **ഊർജ്ജം** | - സുശീൽ കുമാർ ഷിൻഡെ |

## എം.പി. ഭദ്രൻ സുപ്രീംകോടതി സെക്രട്ടറി ജനറൽ



സുപ്രീം കോടതിയുടെ പുതിയ സെക്രട്ടറി ജനറലായി മലയാളിയായ എം.പി. ഭദ്രൻ നിയമിതനായി. എറണാകുളം ചേരാനെല്ലൂർ സ്വദേശിയായ അദ്ദേഹം 1982-ൽ മുൻസിഫായാണ് ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ചത്. കാസർകോട്, തലശ്ശേരി, കോട്ടയം, തൃശ്ശൂർ തുടങ്ങി നിരവധി സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ച ഭദ്രൻ 2007 സെപ്റ്റംബറിലാണ് സുപ്രീംകോടതി രജിസ്ട്രാറായത്. ഇതാദ്യമായാണ് ഒരു മലയാളി സുപ്രീംകോടതി സെക്രട്ടറി ജനറലാവുന്നത്.

## നീലാ ഗംഗാധരൻ ചീഫ് സെക്രട്ടറി



അഡീഷണൽ ചീഫ് സെക്രട്ടറി നീലാ ഗംഗാധരനെ കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി നിയമിച്ചു. തമിഴ്നാട് തിരുച്ചിറപ്പള്ളി സ്വദേശിയായ നീലാ ഗംഗാധരൻ 1975 ഐ എ എസ് ബാച്ചിലെ ഉദ്യോഗസ്ഥയാണ്. കൊല്ലം കളക്ടറായിരിക്കെ പെരുമൺ ട്രെയിൻ ദുരന്തത്തിലെ രക്ഷാ പ്രവർത്തനം നേതൃത്വം കൊടുത്തതിന് സംസ്ഥാന സർക്കാരിന്റെ വിശിഷ്ട സേവാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട കളക്ടർ, ഫിഷറീസ് ഡയറക്ടർ, എക്സൈസ് കമ്മീഷണർ, കാർഷികോത്പാദന കമ്മീഷണർ, പൊതുവിദ്യാഭ്യാസം, കൃഷി വകുപ്പുകളിൽ സെക്രട്ടറി എന്നിങ്ങനെ നിരവധി സുപ്രധാന തസ്തികകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നീലാ ഗംഗാധരന് 2012 വരെ സർവീസുണ്ട്.

## ജേക്കബ് സുമ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ്



ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നേതാവ് ജേക്കബ് സുമ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായി സ്ഥാനമേറ്റു. 65.9 ശതമാനം വോട്ടുകൾ നേടിയാണ് സുമയുടെ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് അധികാരത്തിലെത്തുന്നത്. വർണവിവേചനത്തിനെതിരായ പോരാട്ടത്തിൽ നെൽസൺ മണ്ടേലയ്ക്കൊപ്പം 10 വർഷം ജയിൽ വാസം അനുഭവിച്ചയാളാണ് സുമ. വർണവിവേചാനന്തര ദക്ഷിണാഫ്രിക്കയിലെ നാലാമത്തെ പ്രസിഡന്റാണ് സുമ. മണ്ടേല പിന്തുടർന്ന വംശീയ അനുരഞ്ജനത്തിന്റെ പാതയിലൂടെയാവും താനും സഞ്ചരിക്കുകയെന്ന് സുമ പറഞ്ഞു.

## മാധവ് കുമാർ നേപ്പാൾ പ്രധാനമന്ത്രി



നേപ്പാളിലെ രാഷ്ട്രീയ അനിശ്ചിതത്വത്തിന് വിരാമമിട്ട് കൊണ്ട് മാധവ് കുമാർ നേപ്പാൾ പുതിയ പ്രധാനമന്ത്രിയായി അധികാരമേറ്റു.ആർക്കും ഭൂരിപക്ഷം ഇല്ലാതിരുന്ന 601 അംഗ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ളിയിൽ 350 എം പിമാരുടെ പിന്തുണ ഉറപ്പായതോടെയാണിത്.302 അംഗങ്ങളുടെ പിന്തുണയാണ് കേവല ഭൂരിപക്ഷത്തിനാവശ്യം. രാജിവച്ച പുഷ്പകമൽ ദഹൽ മന്ത്രിസഭയിൽ ഉപപ്രധാനമന്ത്രിയായിരുന്നു നേപ്പാൾ.15 വർഷമായി കമ്മ്യൂണിസ്റ്റ് പാർട്ടി ഒഫ് നേപ്പാൾ യുണൈറ്റഡ് മാർക്സിസ്റ്റ്, ലെനിനിസ്റ്റ് വിഭാഗത്തിന്റെ ചെയർമാനാണ് മാധവ് കുമാർ നേപ്പാൾ.

## മോഹൻലാൽ ഇനി ലെഫ്. കേണൽ



മലയാള ചലച്ചിത്രനടൻ മോഹൻലാലിന് ഓണററിയായി ലെഫ്റ്റനന്റ് കേണൽ പദവി നൽകി രാഷ്ട്രപതി ഉത്തരവായി. ടെറിടോറിയൽ ആർമിയിലാണ് അദ്ദേഹത്തിന് ലെഫ. കേണൽ പദവി നൽകുന്നത്. സിനിമാ രംഗത്തെ സ്തുത്യർഹമായ സേവനവും സൈന്യത്തോടുള്ള പ്രതിബദ്ധതയും കണക്കിലെടുത്താണ് ഇത് എന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. നേരത്തെ ക്രിക്കറ്റ് താരം കപിൽ ദേവിന് ഈ പദവി നൽകിയിരുന്നു. ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.